നമ്പർ.കെ.എസ്.എ.-വി.എ.യു./ഡി-709/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
കേരള വെറ്ററിനറി & ആനിമൽ സയൻസസ് സർവ്വകലാശാല
ഓഡിറ്റ് കാര്യാലയം,
പൂക്കോട് വയനാട്. 673576
ഫോൺ ; 04936 256971
Email : kvasuuty.ksad@kerala.gov.in
തീയ്യതി.31/12/2018.

ജോയിന്റ് ഡയറക്ടർ

ഫിനാൻസ് ഓഫീസർ
കേരള വെറ്ററിനറി & ആനിമൽ സയൻസസ് സർവ്വകലാശാല
പൂക്കോട്, വയനാട്.

സർ,

വിഷയം: - കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്- കേരള വെറ്ററിനറി & ആനിമൽ സയൻസസ് സർവ്വകലാശാല ഓഡിറ്റ്- 2014-15, 2015-16 വർഷങ്ങളിലെ സർവകലാശാലയുടെ സംയുക്ത ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് -സംബന്ധിച്ച്.

സൂചനഃ- താങ്കളുടെ തീയ്യതിയിലെ
നമ്പർ കത്ത്.

*******

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. കേരള വെറ്ററിനറി & ആനിമൽ സയൻസസ് സർവ്വകലാശാലയുടെ 2014-15, 2015-16 വർഷങ്ങളിലെ സംയുക്ത ഓഡിറ്റ് റിപ്പോർട്ട് ഇതൊന്നിച്ച് പുറപ്പെടുവിക്കുന്നു. പ്രസ്തുത റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഖണ്ഡിക തിരിച്ച് ക്രോഡീകരിച്ച പ്രഥമ മറുപടി സമർപ്പിക്കേണ്ടതാണ്. വ്യത്യസ്ത ഇടവേളകളിലുള്ള പ്രത്യേകം ഖണ്ഡികകൾക്കുള്ള മറുപടികൾ ഒഴിവാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

ഉള്ളടക്കം:- 2014-15, 2015-16 സംയുക്ത ഓഡിറ്റ് റിപ്പോർട്ട്

ജോയിന്റ് ഡയറക്ടർ

**പകർപ്പ്:-**
1) രജിസ്ട്രാർ, കേരള വെറ്ററിനറി & ആനിമൽ സയൻസസ് സർവ്വകലാശാല, പൂക്കോട്
2) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
3) പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി/മൃഗസംരക്ഷണം, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

നമ്പർ.കെ.എസ്.എ.-വി.എ.യു./ഡി-709/2018 തീയ്യതി.31/12/2018

# കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് സർവ്വകലാശാലയുടെ 2014-15, 2015-16 വർഷത്തെ സംയുക്ത ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 3(1),4(2),13-ാംവകുപ്പുകൾ, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് , ചട്ടം 18, 2010 ലെ കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് സർവ്വകലാശാല നിയമം 44(2) വകുപ്പ് എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നു.)**

| | | |
|---|---|---|
| 1 | ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും/ഉദ്യോഗപ്പേരും | ശ്രീ. സുരേന്ദ്രൻ.പി.ബി.,<br>ജോയിന്റ് ഡയറക്ടർ, കേരള വെറ്ററിനറി & ആനിമൽ സയൻസസ് സർവ്വകലാശാല ഓഡിറ്റ്. |
| 2 | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | 1) ശ്രീമതി. മിനി. പി. രാധാകൃഷ്ണൻ, ഓഡിറ്റ് ഓഫീസർ<br>2) ശ്രീ. ഷൈജു മാത്യു, അസി.ഓഡിറ്റ് ഓഫീസർ<br>3) ശ്രീ.വി.എൻ. മനോജ്കുമാർ, സീനി.ഗ്രേഡ് ഓഡിറ്റർ<br>4) ശ്രീ.പി.വി.സുബ്രമണ്യൻ, സീനി.ഗ്രേഡ് ഓഡിറ്റർ<br>5) ശ്രീ. ടി. രാമകൃഷ്ണൻ, സീനി.ഗ്രേഡ് ഓഡിറ്റർ<br>6) ശ്രീമതി.സൗമ്യ ജോൺ, ഓഡിറ്റർ |

**2) ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ**

| ക്രമ നം | ഉദ്യോഗപ്പേര് | ഉദ്യോഗസ്ഥന്റെ പേര് | കാലയളവ് |
|---|---|---|---|
| 1. | വൈസ് ചാൻസലർ | ഡോ. ബി.അശോക് ഐ.എ.എസ്. | 01/04/2014 മുതൽ 31/03/2016 വരെ |
| 2. | രജിസ്ട്രാർ | ഡോ. കെ.പി.ശ്രീകുമാർ | 01/04/2014 മുതൽ 22/09/2014 വരെ |
| | | ഡോ. ജോസഫ് മാത്യു | 23/09/2014 മുതൽ 31/03/2016 വരെ |
| 3. | ഫിനാൻസ് ഓഫീസർ | ഡോ. എച്ച്.സുബ്രമണ്യൻ | 01/04/2014 മുതൽ 09/01/2015 വരെ |
| | | ഡോ. കെ.എം.ശ്യാംമോഹൻ | 10/01/2015 മുതൽ 31/03/2016 വരെ |
| 4. | ഡയറക്ടർ ഓഫ് അക്കാദമിക്ക്സ് ആന്റ് റിസർച്ച് | ഡോ. എം.ആർ.ശശീന്ദ്രനാഥ് | 01/04/2014 മുതൽ 12/09/2014 എഫ്.എൻ |
| | | ഡോ. കെ.ദേവത | 12/09/2014 എ.എൻ മുതൽ |

| | | | |
|---|---|---|---|
| | | | 31/03/2016 വരെ |
| 5. | ഡയറക്ടർ ഓഫ് എന്റർപ്രണർഷിപ്പ് | ശ്രീ. എസ്.രാംകുമാർ | 01/04/2014 മുതൽ 04/09/2014 വരെ |
| | | ശ്രീ. ടി.പി.സേതുമാധവൻ | 05/09/2014 മുതൽ 31/03/2016 വരെ |
| 6. | ചീഫ് എഞ്ചിനീയർ | ശ്രീ. സണ്ണി. കെ. തോമസ് | 01/04/2014 മുതൽ 31/03/2016 വരെ |

## ആമുഖം

2010 ലെ കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് നിയമം (2011 ലെ 3 ാം ആക്ട്), ഗവ.ഓർഡിനൻസ് നം.44/2010 എന്നിവ പ്രകാരം വെറ്ററിനറി സർവ്വകലാശാല 14-06-2010 ൽ രൂപീകൃതമായി. മൃഗങ്ങളുടെ ഉത്പാദന വർദ്ധനവുമായി ബന്ധപ്പെട്ട സംരംഭങ്ങളുടെ ആവശ്യകതയാണ് വെറ്ററിനറി സർവ്വകലാശാലയുടെ രൂപീകരണത്തിലേക്ക് നയിച്ചിട്ടുള്ളത്. കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള മൂന്ന് കോളേജുകൾ ഉൾപ്പെടെയുള്ള ഈ മേഖലയിലുള്ള 20 സ്ഥാപനങ്ങൾ വെറ്ററിനറി യൂണിവേഴ്സിറ്റിയിലേക്ക് മാറ്റപ്പെട്ടിട്ടുണ്ട്. സർവ്വകലാശാലയ്ക്ക് കീഴിൽ മൂന്ന് വൈജ്ഞാനിക വിഭാഗങ്ങളിലായി പ്രധാനമായും പഠന ഗവേഷണങ്ങൾ നടക്കുന്നു.

1. വെറ്ററിനറി ആന്റ് ആനിമൽ സയൻസ്
2. ഡയറി സയൻസ്
3. പൗൾട്രി സയൻസ്

വെറ്ററിനറി യൂണിവേഴ്സിറ്റി നിയമം 2010, സെക്ഷൻ 44,45 എന്നിവ പ്രകാരവും 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമ പ്രകാരം നിക്ഷിപ്തമായ അധികാരങ്ങളും ഉപയോഗിച്ച് കേരള വെറ്ററിനറി & ആനിമൽ സയൻസസ് സർവ്വകലാശാലയുടെ 2014-15, 2015-16 എന്നീ വർഷങ്ങളിലെ വാർഷിക കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.

## 4. ഭരണസംവിധാനം

- ചാൻസലർ (ബഹു.കേരള ഗവർണർ)
  - പ്രൊ. ചാൻസലർ (ബഹു. കേരള മൃഗ സംരക്ഷണ വകുപ്പ് മന്ത്രി)
    - വൈസ് ചാൻസലർ

| **അധികാര സ്ഥാനങ്ങൾ** | | **ഉദ്യോഗസ്ഥർ** |
|---|---|---|

**അധികാര സ്ഥാനങ്ങൾ**

- മാനേജ്മെന്റ് കൗൺസിൽ
- ബോർഡ് ഓഫ് മാനേജ്മെന്റ്
- അക്കാദമിക് കൗൺസിൽ
  - ഫിനാൻസ് കൗൺസിൽ
  - റിസർച്ച് കൗൺസിൽ
  - എക്സ്റ്റൻഷൻ കൗൺസിൽ
- ബോർഡ് ഓഫ് സ്റ്റഡീസ്
- ഫാക്കൽറ്റി റിസർച്ച് കൗൺസിൽ
- പ്രോജക്ട് കോ-ഓഡിനേഷൻ കമ്മിറ്റി

**ഉദ്യോഗസ്ഥർ**

| രജിസ്ട്രാർ | ഡയറക്ടർ, അക്കാഡമിക് റിസർച്ച്. | ഡയറക്ടർ, എന്റർപ്രണർഷിപ്പ് | ഫിനാൻസ് ഓഫീസർ | ഡീൻ | ചീഫ് എഞ്ചിനീയർ |
|---|---|---|---|---|---|

## 5. സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ സ്റ്റേഷനുകൾ

| ക്രമ നം. | സ്റ്റേഷൻ കോഡ് | സ്ഥാപനം | സ്ഥലം |
|---|---|---|---|
| 1 | 101 | വൈസ് ചാൻസലറുടെ കാര്യാലയം | പൂക്കോട് |
| 2 | 102 | രജിസ്റ്റാറുടെ കാര്യാലയം | പൂക്കോട് |
| 3 | 103 | ഫിനാൻസ് ഓഫീസറുടെ കാര്യാലയം | പൂക്കോട് |
| 4 | 104 | ഡയറക്റ്റർ ഓഫ് അക്കാദമിക്ക് ആന്റ് റിസർച്ച് കാര്യാലയം | പൂക്കോട് |
| 5 | 105 | സംരഭകത്വ വിജ്ഞാനവ്യാപന ഡയറക്ടറേറ്റ് | പൂക്കോട് |
| 6 | 106 | ചീഫ് എഞ്ചിനിയറുടെ കാര്യാലയം | പൂക്കോട് |
| 7 | 108 | ഡയറക്ടറേറ്റ് ഓഫ് ക്ലിനിക്സ് | പൂക്കോട് |
| 8 | 109 | കൺട്രോളർ ഓഫ് എക്സാമിനേഷൻസ് | പൂക്കോട് |
| 9 | 110 | ഡയറക്ടറേറ്റ് ഓഫ് ഫാംസ് | മണ്ണുത്തി |
| 10 | 111 | കോളേജ് ഓഫ് വെറ്ററിനറി ആന്റ് ആനിമൽ സയൻസ് | മണ്ണുത്തി |
| 11 | 112 | ടീച്ചിംഗ് വെറ്ററിനറി ക്ലിനിക്കൽ കോംപ്ളക്സ് | പൂക്കോട് |
| 12 | 113 | ഇൻസ്ട്രക്ഷണൽ ഫാം | പൂക്കോട് |
| 13 | 114 | കോളേജ് ഓഫ് വെറ്ററിനറി ആന്റ് ആനിമൽ സയൻസ് | മണ്ണുത്തി |
| 14 | 115 | കോളേജ് ഓഫ് ഡയറി സയൻസ് ആന്റ് ടെക്നോളജി | മണ്ണുത്തി |
| 15 | 116 | യൂണിവേഴ്സിറ്റി പൗൾട്രി ആന്റ് ഡക്ക് ഫാം | മണ്ണുത്തി |
| 16 | 117 | സെന്റർ ഫോർ പിഗ് പ്രൊഡക്ഷൻ ആന്റ് റിസർച്ച് | മണ്ണുത്തി |
| 17 | 118 | ഗോട്ട് ആന്റ് ഷീപ്പ് ഫാം | മണ്ണുത്തി |
| 18 | 119 | യൂണിവേഴ്സിറ്റി ലൈവ് സ്റ്റോക്ക് ഫാം ആന്റ് ഫോഡ്ഡർ റിസർച്ച് ആന്റ് ഡെവലപ്പ് മെന്റ് സ്കീം | മണ്ണുത്തി |
| 19 | 120 | എ.ഐ.സി.ആർ.പി. ഓൺ പൗൾട്രി | മണ്ണുത്തി |
| 20 | 121 | സെന്റർ ഫോർ അഡ്വാൻസ് സ്റ്റഡീസ് ഇൻ പൗൾട്രി സയൻസ് | മണ്ണുത്തി |
| 21 | 122 | സെന്റർ ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ ആനിമൽ ബ്രീഡിംഗ് ആന്റ് ജനറ്റിക്സ് | മണ്ണുത്തി |
| 22 | 123 | മീറ്റ് പ്ലാന്റ് | മണ്ണുത്തി |
| 23 | 124 | യൂണിവേഴ്സിറ്റി ഡയറി പ്ലാന്റ് | മണ്ണുത്തി |

| | | | |
|---|---|---|---|
| 24 | 125 | ടീച്ചിംഗ് വെറ്ററിനറി ക്ലിനിക്കൽ കോംപ്ലക്സ് | മണ്ണുത്തി |
| 25 | 126 | വെറ്ററിനറി ഹോസ്പിറ്റൽ | കൊക്കാല |
| 26 | 127 | ബേസ് ഫാം | കോലാഹലമേട് |
| 27 | 128 | ലൈവ് സ്റ്റോക്ക് റിസർച്ച് സ്റ്റേഷൻ | തിരുവാഴാംകുന്ന് |
| 28 | 129 | ക്യാറ്റിൽ ബ്രീഡിംഗ് ഫാം | തുമ്പൂർമുഴി |
| 29 | 131 | സെന്റർ ഫോർ ലൈവ് സ്റ്റോക്ക് ഡവലപ്പ്മെന്റ് ആന്റ് പോളിസി റിസർച്ച് | തിരുവനന്തപുരം |
| 30 | 132 | സെന്റർ ഫോർ വൈൽഡ് ലൈഫ് സ്റ്റഡീസ് | പൂക്കോട് |
| 31 | 133 | കോളേജ് ഓഫ് ഏവിയൻ സയൻസസ് & മാനേജ്മെന്റ് | തിരുവാഴാംകുന്ന് |
| 32 | 134 | ഏവിയൻ റിസർച്ച് സ്റ്റേഷൻ | തിരുവാഴാംകുന്ന് |
| 33 | 135 | സെന്റർ ഫോർ വൺ ഹെൽത്ത് എഡ്യൂക്കേഷൻ അഡ്വക്കസി, റിസർച്ച് & ട്രയിനിംഗ് | പൂക്കോട് |

## 6. സർവ്വകലാശാലയ്ക്ക് ലഭിക്കുന്ന വിവിധ ഫണ്ട്/ഗ്രാന്റ് എന്നിവയുടെ ഉറവിടങ്ങൾ

1. ഗ്രാന്റ് ഇൻ എയ്ഡ്(നോൺ പ്ലാൻ)
2. ഗ്രാന്റ് ഇൻ എയ്ഡ്(പ്ലാൻ)
3. ഐ.സി.എ.ആർ. ഗ്രാന്റ്
4. ഇ.എഫ്.സി ( ഗവ: ഓഫ് ഇന്ത്യ സ്പെഷ്യൽ ഗ്രാന്റ്)
5. ആർ.ഐ.ഡി.എഫ് (നബാർഡ്)
6. ബി.എ.ആർ.കെ
7. ഡി.ആർ.ഡി.ഒ
8. മൃഗ സംരക്ഷണ വകുപ്പ്
9. കെ.എസ്.സി.എസ്.ടി.ഇ
10. എൻ.എസ്.എസ്
11. വിവിധ സ്റ്റേഷനുകളിൽ നിന്നുള്ള ആഭ്യന്തര വരുമാനം.
12. മറ്റ്  ഇ.എ.പി. ഗ്രാന്റുകൾ

## 7. ഓഡിറ്റ് മാനദണ്ഡം

i) 1994 ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം.
ii) 1996 ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ.
Iii) 2010 ലെ കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി  നിയമം.
iv) കേരള സർവ്വീസ് റൂൾസ്.
v) കേരള ഫിനാൻഷ്യൽ കോഡ്.
vi) സ്റ്റോർ പർച്ചേസ് മാന്വൽ.
vii) പി.ഡബ്ല്യു.ഡി. മാന്വൽ.
vii)  അതാത് സമയം സർക്കാർ പുറപ്പെടുവിക്കുന്ന  ഉത്തരവുകളും സർക്കുലറുകളും..

## 8. വാർഷിക കണക്കുകൾ

വെറ്ററിനറി സർവ്വകലാശാലയുടെ 2014-15, 2015-16 വർഷങ്ങളിലെ വാർഷിക കണക്കുകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമപ്രകാരം യഥാക്രമം 31-07-2014, 31-07-2015 എന്നീ തീയ്യതികൾക്കകം സമർപ്പിക്കേണ്ടിയിരുന്നു. എന്നാൽ ഓഡിറ്റിനായി സമർപ്പിച്ചത് 21.12.2018 ൽ മാത്രമാണ്. സർവ്വകലാശാലയുടെ 2016-17 , 2017-18 വർഷങ്ങളിലെ വാർഷിക കണക്കുകൾ നാളിതുവരെ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. കേരള വെറ്ററിനറി യൂണിവേഴ്സിറ്റി നിയമം 2010, വകുപ്പുകൾ 44(1), (2) പ്രകാരം ബഹു. വൈസ് ചാൻസലറുടെ നിർദ്ദേശാനുസരണം വാർഷിക കണക്കും ബാലൻസ് ഷീറ്റും ഫിനാൻസ് ഓഫീസർ തയ്യാറാക്കേണ്ടതും ആയത് ബഹു.വൈസ് ചാൻസലർ സർക്കാരിലേക്ക് സമർപ്പിക്കേണ്ടതുമാണ്. 2016-17 വർഷം മുതലുള്ള വാർഷിക കണക്കുകൾ സമർപ്പിക്കുന്നതിനോടൊപ്പം 21/03/2017 ലെ സർക്കാർ ഉത്തരവ് (കൈ)നമ്പർ.197/2017/ധന ഉത്തരവ് പ്രകാരം "AIMS" ൽ നിർബന്ധമായും ഇ – സബ്മിഷൻ നടത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 9. ബജറ്റ്

യൂണിവേഴ്സിറ്റിയ്ക്ക് 2014-15 വർഷം നോൺ പ്ലാൻ വരവ് **53.65** കോടി രൂപയും പ്ലാൻ വരവ് **102.15** കോടി രൂപയും ഉൾപ്പടെ ആകെ **155.80** കോടി രൂപയുടെ വരവും പ്ലാൻ ചെലവ് **87.68** കോടി രൂപയും നോൺപ്ലാൻ ചെലവ് **78.55** കോടി രൂപയും ഉൾപ്പടെ ആകെ **166.23** കോടി രൂപയുടെ ചെലവുമാണ് പുതുക്കിയ ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്നത്. എന്നാൽ വാർഷിക കണക്കുകൾ പ്രകാരം യഥാർത്ഥ വരവ് **1,19,33,11,296/-** രൂപയും ചെലവ് **1,53,05,44,846/-**രൂപയുമാണ്.

2015-16 വർഷത്തെ പുതുക്കിയ ബജറ്റ് പ്രകാരമാകട്ടെ , നോൺ പ്ലാൻ വരവ് 60.27 കോടി രൂപയും പ്ലാൻ വരവ് **110.41** കോടി രൂപയും ഉൾപ്പടെ ആകെ **170.68** കോടി രൂപയുടെ വരവും പ്ലാൻ ചെലവ് **88.51** കോടി രൂപയും നോൺപ്ലാൻ ചെലവ് **87.77** കോടി രൂപയും ഉൾപ്പടെ ആകെ **176.28** കോടി രൂപയുടെ ചെലവുമാണ് ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്നത്. എന്നാൽ വാർഷിക കണക്കുകൾ പ്രകാരം യഥാർത്ഥ വരവ് **1,60,74,54,660/-** രൂപയും ചെലവ് **1,51,77,45,295/-**രൂപയുമാണ്.

# ഭാഗം 1
# പൊതുഅവലോകനം

2010 ലെ കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് സർവ്വകലാശാല നിയമത്തിലെ 44(2) ാം വകുപ്പ് പ്രകാരം സർവ്വകലാശാലയുടെ വാർഷിക കണക്കുകൾ ഓഡിറ്റിനായി സർക്കാരിന് സമർപ്പിക്കേണ്ടതും, സർക്കാർ ചുമതലപ്പെടുത്തിയ ഓഡിറ്റർമാർ ഓഡിറ്റ് നിർവ്വഹിക്കേണ്ടതുമാണ്. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 3(1), 4(2) വകുപ്പുകൾ പ്രകാരം കേരളത്തിലെ എല്ലാ സർവ്വകലാശാലകളുടെയും ഓഡിറ്റ് ചുമതല ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് നൽകിയതിന്റെ അടിസ്ഥാനത്തിൽ കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് സർവ്വകലാശാലയുടെ 2014-15, 2015-16 എന്നീ വർഷങ്ങളിലെ വരവുചെലവുകണക്കുകൾ ഓഡിറ്റിന് വിധേയമാക്കി.

ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമപ്രകാരം 31-07-2014, 31-07-2015 എന്നീ തീയ്യതികൾക്കകം സമർപ്പിക്കേണ്ടിയിരുന്ന വെറ്ററിനറി സർവ്വകലാശാലയുടെ 2014-15, 2015-16 വർഷങ്ങളിലെ വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിച്ചത് 21.12.2018 ൽ മാത്രമാണ്. വാർഷികകണക്കുകൾ സമർപ്പിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് സർവ്വകലാശാല ധനകാര്യവിഭാഗത്തിന്റെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു.

വിവിധ സ്റ്റേഷനുകളുടെ ഓഡിറ്റ് കുറിപ്പുകളിൽ മറുപടി നൽകി പരിഹരിക്കാത്ത ഓഡിറ്റ് പരാമർശങ്ങൾ ഉൾക്കൊള്ളിച്ചാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

**റിപ്പോർട്ടിലെ പ്രസക്ത ഖണ്ഡികകൾ-ഒരു വിലയിരുത്തൽ**

വിവിധ സ്റ്റേഷനുകളിൽ നിന്നും ആഭ്യന്തര വരുമാനമിനത്തിൽ ലഭിക്കുന്ന തുകകൾ അതാത് സ്റ്റേഷനുകളുടെ വാർഷിക കണക്കിൽ ഉൾപ്പെടുത്താത്തത് സംബന്ധിച്ച് **ഖണ്ഡിക 2-1** ൽ പരാമർശിച്ചിരിക്കുന്നു.

ഫീസ് കളക്ഷനുമായി ബന്ധപ്പെട്ട് ഫീസിനത്തിൽ ലഭിച്ചതും സർവ്വകലാശാലയിലേക്ക് അടവാക്കിയതുമായ ആകെ തുക സംബന്ധിച്ച അപാകതകൾ **ഖണ്ഡിക 2-2** ൽ പ്രതിപാദിച്ചിരിക്കുന്നു.

കാർഷിക സർവ്വകലാശാലയിൽ നിന്നും കൈമാറ്റം ചെയ്യപ്പെട്ടു കിട്ടിയ 380 തസ്തികൾക്കുപുറമെ (തസ്തിക പുനർനിർണ്ണയിച്ചതനുസരിച്ച്) സർക്കാരിൽ നിന്നും അംഗീകാരം വാങ്ങാതെ ഉയർന്ന തസ്തികകൾ സൃഷ്ടിച്ചും നിലവിലുള്ള തസ്തികകളുടെ എണ്ണം വർദ്ധിപ്പിച്ചും സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ച തസ്തികകൾ ഗവൺമെന്റിന്റെ അനുമതി കൂടാതെ നിർത്തലാക്കിയും യൂണിവേഴ്സിറ്റി ആക്റ്റിനും സ്റ്റാറ്റ്യൂട്ടിനും വിരുദ്ധമായി നിയമനങ്ങൾ നടത്തുന്നു.(ഓഡിറ്റ് റിപ്പോർട്ട് **ഖണ്ഡിക 3-1** കാണുക)

ഓഡിറ്റ് കാലയളവിൽ മിച്ചം നിൽക്കുന്ന പദ്ധതിധനം 3,55,22,344/- രൂപ സർക്കാരിന് തിരിച്ചടയ്ക്കാതെ സർവ്വകലാശാല ഫിനാൻസ് ഓഫീസറുടെ പ്ലാൻ ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചുവരുന്നത് ഓഡിറ്റ് റിപ്പോർട്ട് **ഖണ്ഡിക 3-2** ലെ പ്രതിപാദ്യം.

ലൈവ് സ്റ്റോക്ക് റിസർച്ച് സ്റ്റേഷൻ, തിരുവിഴാംകുന്നിന്റെ 2014-15 വർഷത്തെ പദ്ധതിധന ചെലവ് രേഖകളിൽ അവ്യക്തത,സ്റ്റോക്കിൽ തിരിമറി, നടപടിക്രമങ്ങളിലെ പാളിച്ചകൾ എന്നിവ റിപ്പോർട്ട് **ഖണ്ഡിക 3-3** ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

മതിയായ കാരണങ്ങളില്ലാതെയും, അനുമതി കൂടാതെയും പദ്ധതിധനം 3,29,770/- രൂപ വകമാറ്റി

ചെലവഴിച്ചത് **ഖണ്ഡിക 3-5** ൽ അന്യത്ര പരാമർശിച്ചിട്ടുണ്ട്.

പ്രൊഡക്ടിവിറ്റി എൻഹാൻസ്മെന്റ് ഓഫ് സ്മാൾ ഹോൾഡേഴ്സ് ലൈവ് സ്റ്റോക്ക് പ്രൊഡക്ഷൻ സിസ്റ്റം , പത്ത് ലക്ഷം രൂപ ചെലവഴിച്ച പദ്ധതി പാതിവഴിയിൽ . (ഓഡിറ്റ് റിപ്പോർട്ട് **ഖണ്ഡിക 3-6** കാണുക)

കേരള വെറ്ററിനറി & അനിമൽ സയൻസസ് നിയമം 2010 ,ഷെഡ്യൂൾ (എ) പ്രകാരം സർവ്വകലാശാലയ്ക്ക് ബേസ് ഫാം കോലാഹലമേടിനുവേണ്ടി നിയമാനുസൃതമായി ലഭിക്കേണ്ടുന്ന 84 ഹെക്ടർ ഭൂമി പൂർണ്ണമായി ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത **ഖണ്ഡിക 3-7** ലെ പരാമർശം.

വാടക, അനുബന്ധചെലവുകൾ എന്നിവയിൽ ഭീമമായ ബാധ്യത വഹിച്ചുകൊണ്ട് സർവ്വകലാശാലയുടെ സി.ഡി.എസ്.ടി, തിരുവനന്തപുരം സ്റ്റേഷൻ, ക്യാമ്പ് ഹൗസ് എന്നിവ.( **ഖണ്ഡിക നം. 3-8, 3-11** ഇവ കാണുക)

ഇംപ്ലിമെന്റേഷൻ ഓഫ് ഇന്റഗ്രേറ്റഡ് യൂണിവേഴ്സിറ്റി മാനേജ്മെന്റ് സിസ്റ്റം (IUMS), ഹാച്ചറി വേസ്റ്റ് ഡിസ്പോസൽ പ്ലാന്റ് എന്നിവ പ്രവർത്തന സജ്ജമല്ല.(**ഖണ്ഡിക നം. 3-9, 3-10** ഇവ ശ്രദ്ധിക്കുക).

ഫിസിയോളജിക്കൽ മോണിട്ടറിംഗ് വിത്ത് വയർലെസ്സ് അക്സസ്സ് (1 യൂണിറ്റ്) വാങ്ങുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിലെ പാളിച്ചകൾ, മറ്റ് ന്യൂനതകൾ എന്നിവ റിപ്പോർട്ട് **ഖണ്ഡിക 3-13** ൽ വിശദമാക്കിയിട്ടുണ്ട്.

തുടർന്നുള്ള ഖണ്ഡികകളിൽ, സർവ്വകലാശാലയുടേതല്ലാത്ത ഭൂമിയിൽ കെട്ടിട നിർമ്മാണം, മരാമത്ത് പ്രവർത്തികൾക്കായി പദ്ധതി വർഷാവസാനം അനിയന്ത്രിതമായി ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പമെന്റ് വിംഗിന് തുക കൈമാറുക, മുൻകൂറുകൾ ക്രമീകരിക്കുന്നതിലെ അലംഭാവം, മീറ്റ് പ്ലാന്റ് സർട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട വിവരങ്ങൾ എന്നിവ അന്യത്ര പരാമർശിച്ചിരിക്കുന്നു.

**എൻ. പി. എസ്. അക്കൗണ്ട്**

01/04/2013 ന് ശേഷം ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാരെ പുതിയ പെൻഷൻ സ്കീമിൽ ഉൾപ്പെടുത്തണമെന്ന സർക്കാർ ഉത്തരവ് {G.O.(P)No.135/2014/Fin dated 08/04/2014} പ്രകാരം 1/4/2013 ന് ശേഷം ജോലിയിൽ പ്രവേശിച്ച സർവകലാശാലകളിലെ ജീവനക്കാരുടെ വിവരങ്ങൾ അപ് ലോഡ് ചെയ്യുന്നതിന് ( G. O. (P)No. 152/2014/Fin dated 29/04/2004 ) നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൻപ്രകാരം 14/3/2015 ലെ 38-ാമത് ബോർഡ് ഓഫ് മാനേജ്മെന്റ് മീറ്റിംഗിൽ, കേരളാ വെറ്ററിനറി & ആനിമൽ സയൻസസ് സർവകലാശാലയിൽ എൻ.പി.എസ് നടപ്പാക്കുന്നതിന് തീരുമാനമെടുക്കുകയും 1/4/2015 തീയ്യതിയിലെ രജിസ്ട്രാറുടെ ഉത്തരവ് നമ്പർ ജി.എ.-ഡി/1270/2015(1) പ്രകാരം, എൻ.പി.എസ്. നടപ്പിൽ വരുത്തുന്നതിനുള്ള അഡ്മിനിസ്ട്രേറ്റീവ് അംഗീകാരം നൽകുകയും ചെയ്തു. എന്നാൽ 1/4/2013 ന് ശേഷം പുതിയ നിയമനങ്ങൾ നടത്താത്തതിനാൽ സബ്സ്ക്രൈബേഴ്സിന്റെ വിവരങ്ങൾ അപ് ലോഡ് ചെയ്തിരുന്നില്ല.

നിലവിൽ സർവകലാശാലയിൽ 1/4/2013 ന് ശേഷം നിയമിതരായ 34 അസിസ്റ്റന്റ് പ്രൊഫസർമാരെ ന്യൂ പെൻഷൻ സ്കീമിൽ ഉൾപ്പെടുത്തുന്നതിനും , എംപ്ലോയീ കോഡ് ലഭിക്കുന്നതിനുമായി 19/10/2015 ന് കത്ത് അയയ്ക്കുകയും , ഡിസംബർ 2015 മുതൽ ശമ്പളത്തിൽ നിന്നും കുറവ് വരുത്തി അക്കൗണ്ട് നമ്പർ 67320631571 ലേക്ക് ഒടുക്ക് വരുത്താനും ആരംഭിച്ചിട്ടുണ്ട്.

**പെൻഷൻ ഫണ്ട്**

കേരളാ വെറ്ററിനറി & ആനിമൽ സയൻസസ് സർവകലാശാലാ നിയമം , 2014 (2011-ലെ 3-ാം ആക്ട്) സെക്ഷൻ 40 പ്രകാരം യൂണിവേഴ്സിറ്റി ജീവനക്കാർക്ക് പെൻഷൻ ആകുന്ന അവസരത്തിൽ, ആനുകൂല്യങ്ങൾ നല്കുന്നതിലേക്കായി ഒരു പ്രത്യേക പെൻഷൻ ഫണ്ട് രൂപീകരിക്കണം എന്ന് വ്യവസ്ഥ ചെയ്യുന്നു.

24/8/2013-ലെ 22-ാമത് ബോർഡ് ഓഫ് മാനേജ്മെന്റ് മീറ്റിംഗിൽ സർവകലാശാലയിൽ പെൻഷൻ ഫണ്ട് രൂപീകരിക്കുന്നതിന് അംഗീകാരം നൽകി. ഫിനാൻസ് ഓഫീസറുടെ 11/9/2013 ലെ കെ.വി.എ.എസ്.യു/എ.എഫ്.ഒ-1/6756/2012 ഉത്തരവ് പ്രകാരം 31/3/2013 വരെ സേവനത്തിൽ പ്രവേശിച്ചവർക്ക് സർവകലാശാലയുടെ പെൻഷൻ ഫണ്ടിൽ നിന്നും ആനുകൂല്യം ലഭിക്കാൻ അർഹതയുണ്ട്. 28/4/2014 ലെ 28-ാമത് ബോർഡ് ഓഫ് മാനേജ്മെന്റ് തീരുമാനപ്രകാരം മിനിമം 10 ലക്ഷം രൂപയോ 10 മുതൽ 20 ലക്ഷം വരെയോ ഈ ഇനത്തിലേക്ക് വരവ് വെക്കുന്നതിന് അനുമതി നൽകി. 04/2014 മുതൽ 20 ലക്ഷം രൂപ ഇതിനായി സ്പെഷ്യൽ അക്കൗണ്ടിൽ നിക്ഷേപിക്കുന്നുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ പെൻഷൻ ഫണ്ടായി അടവാക്കിയ 2,40,00,000/-രൂപ, ഫിക്സഡ് ആയി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കൽപ്പറ്റ ശാഖയിൽ നിക്ഷേപിച്ചിട്ടുണ്ട്.

FD No. 67296959878- 60,00,000/-
FD No. 67296960373- 90,00,000/-
FD No. 67296960544- 90,00,000/-

2015-16 ൽ താഴെ പറയും പ്രകാരം 2,51,59,830/- രൂപ ഫിക്സഡ് ഡെപ്പോസിറ്റ് ആയി നിക്ഷേപിച്ചിട്ടുണ്ട്.

FD No. 67339241355 - 50,00,000/-
FD No. 67339241424 - 50,00,000/-
FD No. 67339241093 - 50,00,000/-
FD No. 67339241526 - 50,00,000/-
FD No. 67339241593 - 51,59,830/-

**സി.പി.പി.ആർ. മണ്ണുത്തി**

12.05.1965 ൽ മൃഗ സംരക്ഷണ വകുപ്പിന് കീഴിൽ ആരംഭിച്ച പിഗ് ബ്രീഡിംഗ് യൂണിറ്റ് . 1972 ൽ കേരള കാർഷിക സർവകലാശാല ഏറ്റെടുത്ത് യൂണിവേഴ്സിറ്റി പിഗ് ബ്രീഡിംഗ് ഫാം എന്ന് പുനർ നാമകരണം ചെയ്തു. 2014-15 വർഷം ഫാമിൽ പ്രതിമാസം ശരാശരി 1600 പന്നികളെ പരിപാലിച്ച് പന്നി വിൽപ്പനയിലൂടെ 1,32,84,232/-രൂപയുടെ റവന്യൂ വരുമാനം ലഭിക്കുന്നു.

ഫാമിലെ വിപുലമായ സൗകര്യങ്ങൾ ഒട്ടേറെ പഠന ഗവേഷണങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നു. പ്രധാനപ്പെട്ട ചിലത് ചുവടെ ചേർക്കുന്നു.

1. ബി.വി.എസ്.സി., യു.ജി., പി.ജി. തലങ്ങളിലും മൃഗ പരിപാലന വകുപ്പിന്റെയും പ്രായോഗിക പരിശോധനാ കേന്ദ്രം

2. ഗുണമേന്മയേറിയ പന്നിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നു.

3. പന്നി വളർത്തലിൽ സാങ്കേതിക ഉപദേശവും പരിശീലനവും
4. വ്യത്യസ്ത ഇനം പന്നികളുടെ ജേം പ്ലാസം സംരക്ഷണ കേന്ദ്രം
5. പന്നി ഫാമിലെ മാലിന്യ സംസ്കരണം , സംയോജിത വളർത്തൽ സംവിധാനം
6. നിലവിൽ 13 ഗവേഷണ പദ്ധതികൾ ഫാമിൽ നടന്നു വരുന്നു.

വിപുലമായ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടായിട്ടും സാമ്പത്തിക സുസ്ഥിരത കൈവരിക്കാൻ കഴിയുന്നില്ല. തീറ്റ ചെലവ് കുറയ്ക്കുന്നതിനുള്ള ബദൽ മാർഗ്ഗങ്ങൾ അന്വേഷിക്കുന്നത് ഉചിതമാകും.

## ഭാഗം II

## വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വിവിധ സ്റ്റേഷനുകളിലെ തനതു വരുമാനങ്ങളുടെ കണക്കുകൾ -വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നില്ല.

സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ സ്റ്റേഷനുകളിൽ നിന്നും ആഭ്യന്തര വരുമാനമിനത്തിൽ ലഭിക്കുന്ന തുകകൾ അതാതു സ്റ്റേഷനുകളുടെ വാർഷിക കണക്കിൽ വരവായും ഫിനാൻസ് ഓഫീസർക്ക് കൈമാറുന്ന തുക ചെലവായും ഉൾപ്പെടുത്തുന്നില്ല.
ഇത് സംബന്ധിച്ച ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | സ്റ്റേഷന്റെ പേര് | സ്റ്റേഷൻ കോഡ് | മാസം/വർഷം | ആഭ്യന്തര വരുമാനം |
|---|---|---|---|---|
| 1 | ഇൻസ്ട്രക്ഷണൽ ലൈവ് സ്റ്റോക്ക് ഫാം, പൂക്കോട് | 113 | ഡിസംബർ 2015 | 3,00,491 |
| 2 | കോളേജ് ഓഫ് വെറ്ററിനറി & ആനിമൽ സയൻസസ് പൂക്കോട് | 111 | ജൂലൈ 2015 | 9,74,861.00 |

സ്റ്റേഷനുകളിലെ രസീതു ബുക്കുകൾ ഉപയോഗിച്ച് പിരിക്കപ്പെടുന്ന തനതു വരുമാനങ്ങൾ സ്റ്റേഷന്റെ ദൈനംദിന കളക്ഷൻ റിപ്പോർട്ട് രജിസ്റ്റർ, ക്യാഷ് ബുക്ക് എന്നിവയിൽ ഉൾപ്പെടുത്തുകയും തുടർന്ന് ചെലാൻ മുഖേന സർവ്വകലാശാല ഫിനാൻസ് ഓഫീസറുടെ 67150103392 ാം നമ്പർ അക്കൗണ്ടിലേക്ക് അടവുവരുത്തുന്ന രീതിയാണ് അനുവർത്തിച്ചുപോരുന്നത്. സ്റ്റേഷനുകളിൽ രശീതി ബുക്കുകൾ ഉപയോഗിച്ച് പിരിക്കപ്പെടുന്ന തുകകൾ സ്ഥാപനത്തിന്റെ ക്യാഷ്ബുക്കിൽ വരവായി ചേർക്കുന്നതുകൊണ്ടുതന്നെ വാർഷികകണക്കിൽ വരവാകേണ്ടതും, പിന്നീട് ഫിനാൻസ് ഓഫീസറുടെ അക്കൗണ്ടിലേക്ക് മാറ്റപ്പെടുമ്പോൾ ചെലവിലും ഉൾപ്പെടുത്തിവേണം വാർഷികകണക്കുകൾ തയ്യാറാക്കേണ്ടത്.

വിവിധ സ്റ്റേഷനുകളിലെ വരുമാനങ്ങളെല്ലാം തന്നെ ഫിനാൻസ് ഓഫീസറുടെ പേരിലുള്ള ഒരേ അക്കൗണ്ടിൽ നിക്ഷേപിക്കപ്പെടുമ്പോൾ, മേൽപ്പറഞ്ഞപ്രകാരം വാർഷികകണക്കുകൾ സ്റ്റേഷനുകളിൽ തയ്യാറാക്കാത്തതുമൂലം സർവ്വകലാശാല കണക്കും സ്റ്റേഷനുകളുടെ കണക്കും തമ്മിൽ പൊരുത്തപ്പെടുത്തുവാൻ കഴിയാതെവരുന്നു.

കൂടാതെ വിവിധ സ്റ്റേഷനുകളിൽ നിന്നും ആഭ്യന്തര വരുമാനമിനത്തിൽ ഫിനാൻസ് ഓഫീസറുടെ 67150103392 ാം അക്കൗണ്ടിലേക്ക് അടവുവരുത്തുന്ന ചെക്ക് / ഡി.ഡി. മുതലായവ പണമാകുന്നുണ്ടോ ഇല്ലയോ എന്ന് സ്റ്റേഷനുകൾക്ക് നിരീക്ഷിക്കാൻ കഴിയുന്നില്ല. കൂടാതെ ഇത്തരത്തിൽ പണമാക്കപ്പെടാത്ത ചെക്ക് / ഡി.ഡി. വരവുകൾ ഏത് സ്റ്റേഷനിൽ നിന്നും എന്ത് ആവശ്യത്തിന് വേണ്ടി അടവാക്കിയതാണെന്ന് ഫിനാൻസ് ഓഫീസിനും നിരീക്ഷിക്കാൻ സാധിക്കുന്നില്ല. ആയതിനാൽ ഓരോ സ്റ്റേഷനും ആഭ്യന്തര വരുമാനം / റിവോൾവിംഗ് ഫണ്ട് എന്നിവയ്ക്കായി പ്രത്യേകം അക്കൗണ്ട് ആരംഭിച്ച് അതിലൂടെ ഫിനാൻസ് ഓഫീസിലേക്ക് തുക കൈമാറുന്ന രീതി അവലംബിക്കേണ്ടതാണ്. മേൽ പറഞ്ഞ പ്രകാരം തുക കൈമാറുന്ന തീയ്യതി വരെ വിവിധ സ്റ്റേഷനുകളിൽ നിന്നും 67150103392 ാം അക്കൗണ്ടിലേക്കുള്ള ചെക്ക് / ഡി.ഡി. വരവുകൾ പരിശോധിച്ച് നാളിതുവരെയുള്ള പണമാക്കപ്പെടാത്ത ചെക്കുകൾ / ഡ്രാഫ്റ്റുകൾ തിട്ടപ്പെടുത്തി , ആയവ അതാത് സ്റ്റേഷനുകളിലെ അനുബന്ധ രേഖകളുമായി പരിശോധിച്ച് വരുമാന നഷ്ടം സംഭവിച്ചിട്ടുണ്ടോയെന്നത് പരിശോധനാ വിധേയമാക്കേണ്ടതാണ്.

## <u>2-2 ഫീസ് വരവ് -ഡിമാന്റിൽ വ്യക്തതയില്ല</u>

സർവകലാശാലയിലെ വിവിധ കോളേജുകളിലെ പ്രധാന ആഭ്യന്തര വരുമാനം വിവിധ ഫീസിനങ്ങളിലൂടെയുള്ള വരവാണ് . ഫീസ് കളക്ഷനുമായി ബന്ധപ്പെട്ട് ഫീസിനത്തിൽ ലഭിച്ചതും സർവ്വകലാശാലയിലേക്ക് അടവാക്കിയതുമായ ആകെ തുകയുടെ പത്രിക എവിടെയും തയ്യാറാക്കപ്പെടുന്നില്ല. മാത്രമല്ല ഓരോ വർഷവും നിലവിലുള്ള വിദ്യാർത്ഥികളുടെ അഡ്മിഷൻ ഫീസ്, ട്യൂഷൻ ഫീസ് വരവ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിവക്കുന്ന യാതൊരു രജിസ്റ്ററുകളും ലഭ്യമല്ല. ഏതൊക്കെ കോഴ്സുകൾ നടന്നിരുന്നുവെന്നോ എത്ര കുട്ടികൾ പഠിച്ചിരുന്നുവെന്നോ അറിയുവാൻ സാധിക്കുന്നില്ല. മേൽ സാഹചര്യത്തിൽ, പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികളിൽ മുഴുവൻ പേരുടേയും ഫീസുകൾ കോളേജിൽ ലഭ്യമായോ, ഫീസ് ഇളവ് ലഭിച്ച മുഴുവൻ വിദ്യാർത്ഥികളുടേയും ഫീസ് സർക്കാരിൽ നിന്നും കോളേജിന് ലഭിച്ചിരുന്നോ എന്ന വിവരങ്ങൾ ലഭ്യമല്ല. ഫീസ് ഇനത്തിൽ മുഴുവൻ തുകയും ഡിമാന്റ് ചെയ്തിട്ടുണ്ടോയെന്നും ഡിമാന്റ് ചെയ്ത തുക മുഴുവൻ സർവ്വകലാശാല ഫണ്ടിൽ ലഭ്യമായിട്ടുണ്ടോയെന്നും പരിശോധിക്കുവാൻ കോളേജിലോ സർവ്വകലാശാലയിലോ യാതൊരു രേഖയുമില്ലയെന്നത് ഗൗരവമായി പരിഗണിക്കേണ്ട കാര്യമാണ്. ഫീസ് വരവ്കണക്കുകൾ സുതാര്യമാക്കുന്നതിനായി താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കപ്പെടേണ്ടതാണ്.

1. ഓരോ വർഷത്തെയും വിവിധകോഴ്സുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾ, അവരുടെ ഫീസ് വിവരങ്ങൾ ,ഇ-ഗ്രാന്റ് ആനുകൂല്യം ലഭിക്കുന്നവരുടെ വിവരം, ലഭ്യമായ ഇ-ഗ്രാന്റിന്റെ വിവരം എന്നിവ ഉൾപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുക.
2. ആർ.ഡി. ആർ രജിസ്റ്റർ പ്രകാരമുള്ള ഫീസ് കളക്ഷൻ ദൈനംദിനവും പ്രതിമാസവും പരിശോധിച്ച് ഡീൻ സാക്ഷ്യപ്പെടുത്തുക.
3. തുക നേരിട്ട് ഫിനാൻസ് ഓഫീസറുടെ അക്കൗണ്ടിൽ അടക്കുന്നതിനുപകരം ഡീനിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചതിനുശേഷം നിശ്ചിത ഇടവേളകളിലോ മാസാന്ത്യമോ ഫിനാൻസ് ഓഫീസറുടെ

അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുക.

4. സർവ്വകലാശാല കണക്കുകൾ സെന്ററുകളിൽ സൂക്ഷിച്ചിരിക്കുന്ന പ്രതിമാസ പത്രികകളുമായി യഥാസമയം റിക്കൺസിലിയേഷൻ നടത്തിപ്പോരുക.

കേരള വെറ്ററിനറി യൂണിവേഴ്സിറ്റിയിൽ 2014-15 വർഷം അഡ്മിഷൻ നേടിയ കുട്ടികളിൽ നിന്നും ഈടാക്കേണ്ട ഫീസിനെക്കുറിച്ചും പ്രസ്തുത വർഷം ആകെ നടത്തിയ കോഴ്സുകളിൽ നിന്നും ശേഖരിക്കേണ്ട ഫീസിനെക്കുറിച്ചുമുള്ള ഡിമാന്റ് ലഭ്യമാക്കാൻ ഓഡിറ്റ് അന്വേഷണം 6/01-03-2016 പ്രകാരം ഡയറക്ടർ ഓഫ് അക്കാദമിക്ക് & റിസർച്ചിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ പ്രസ്തുത ഓഡിറ്റ് അന്വേഷണത്തിന് നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. ഇതിൽ നിന്നും യൂണിവേഴ്സിറ്റിക്ക് 2014-15 അധ്യയന വർഷത്തിൽ വിദ്യാർത്ഥികളിൽ നിന്നും ലഭിക്കേണ്ട ഫീസിന്റെ ഡിമാന്റിനെക്കുറിച്ച് ഡയറക്ടർ ഓഫ് അക്കാദമിക്ക് & റിസർച്ച് ഓഫീസിന് കൃത്യമായ ധാരണയില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അതുകൊണ്ട് തന്നെ 2014-15 വർഷം വിദ്യാർത്ഥികളിൽ നിന്നും ഈടാക്കേണ്ട ഫീസ് മുഴുവനും ഈടാക്കിയിട്ടുണ്ടോ എന്നറിയാൻ കഴിയില്ല. ഇത് ഡയറക്ടർ ഓഫ് അക്കാദമിക്ക് & റിസർച്ച് ന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

2014-15 വർഷം യൂണിവേഴ്സിറ്റിയിൽ അഡ്മിഷൻ നേടിയ വിദ്യാർത്ഥികളിൽ നിന്നും 70,74,548/- രൂപ മാത്രമാണ് ഡയറക്ടർ ഓഫ് അക്കാദമിക്ക് & റിസർച്ച് ഓഫീസ് രസീത് പ്രകാരം ശേഖരിച്ചിട്ടുള്ളത്. അഡ്മിഷൻ കണക്കുകളുമായി തട്ടിച്ച് നോക്കുമ്പോൾ ഇത് വളരെ കുറവായി ഓഡിറ്റ് വീക്ഷിക്കുന്നു. ഫീസ് പിരിവിലെ ഈ അപാകത ശ്രദ്ധയിൽപെട്ടതിനാൽ അഡ്മിഷനുശേഷം തുടർന്നുള്ള വർഷങ്ങളിലെ ഫീസ് പിരിവ്, അക്കൗണ്ടിംഗ് രീതികൾ എന്നിവ പരിശോധിക്കുന്നതിനായി മണ്ണുത്തി, പൂക്കോട് എന്നിവിടങ്ങളിലെ വെറ്ററിനറി കോളേജുകളിലും ഫീസ് പിരിവ് പരിശോധനാവിധേയമാക്കുകയുണ്ടായി.

ഇവിടെയും IUMS ഉപയോഗിച്ചാണ് കുട്ടികളിൽ നിന്ന് ഫീസ് ഈടാക്കുന്നത്. എന്നാൽ കളക്ഷൻ റിപ്പോർട്ട് വഴിയാണ് രശീതികൾ വരവ് രേഖപ്പെടുത്തുന്നത്. ഇതിൽ IUMS രശീതി വിശദാംശങ്ങൾ, ക്രമനമ്പർ എന്നിവ നൽകി കാണുന്നില്ല. ദിവസേനയുള്ള പിരിവുകളുടെ കളക്ഷൻ റിപ്പോർട്ട് തയ്യാറാക്കുന്നില്ല. അപ്രകാരമുള്ള ഒരു കളക്ഷൻ റിപ്പോർട്ടുവഴിയേ ദിവസത്തെ പിരിവിന് ആധികാരികത ലഭിക്കുകയുള്ളൂ.

മണ്ണുത്തി കോളേജ് ഓഫ് വെറ്ററിനറി & ആനിമൽ സയൻസസിൽ 2014-15,2015-16 വർഷങ്ങളിൽ നടത്തിവരുന്ന കോഴ്സുകൾ, ഓരോ കോഴ്സുകളിലും അഡ്മിഷൻ നൽകാവുന്ന വിദ്യാർത്ഥികളുടെ എണ്ണം ,നിലവിൽ ഓരോ കോഴ്സുകളിലും സെമസ്റ്റർ തിരിച്ച് പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം തുടങ്ങിയ പ്രാഥമിക വിവരങ്ങൾ പോലും ഓഡിറ്റ് സമയത്ത് ലഭ്യമാക്കിയിരുന്നില്ല. ഇക്കാരണം കൊണ്ട് തന്നെ മേൽ വർഷങ്ങളിൽ വിവിധ കോഴ്സുകളിൽ ഈടാക്കേണ്ടതായ ഫീസ് , ഈടാക്കിയ ഫീസ് എന്നിവ സംബന്ധിച്ച് കോളേജ് അധികൃതർക്ക് തന്നെ വ്യക്തതയില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇക്കാരണങ്ങളാൽ വിദ്യാർത്ഥികളിൽ നിന്നും ഈടാക്കേണ്ടതായ ഫീസ് മുഴുവനും ശേഖരിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് കൃത്യതയില്ല.

ഓരോ കോഴ്സുകളിലെ കുട്ടികളുടേയും ഫീസ് പിരിവ് വിവരം പട്ടികയിൽ ചിട്ടപ്പെടുത്തി കോളേജിലെ

വാർഷിക ഫീസ് പിരിവ് തിട്ടപ്പെടുത്തി മേധാവി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ഈ രേഖയുടെ അടിസ്ഥാനത്തിലായിരിക്കണം വാർഷികകണക്കിലെ ഫീസിനത്തിലുള്ള വരവ് കണക്കാക്കേണ്ടത്.

## 2-3. റിവോൾവിംഗ് ഫണ്ട് വരവ്

സ്റ്റേഷനുകളിൽ റിവോൾവിംഗ് ഫണ്ട് വരവ് സംബന്ധിച്ച ആർ. ഡി. ആർ എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും പ്രതിമാസ / വാർഷിക സംക്ഷിപ്തം എഴുതുന്നില്ല. ഇത് സംബന്ധിച്ച് പ്രത്യേകം ബാങ്ക് അക്കൗണ്ട് ഉണ്ടെങ്കിലും യൂണിവേഴ്സിറ്റിയിലേക്കുള്ള തിരിച്ചടവ് ഫിനാൻസ് ഓഫീസറുടെ 67150103392 ാം നമ്പർ അക്കൗണ്ടിലേക്ക് നേരിട്ട് ചലാൻ മുഖേനയാണ് അടയ്ക്കുന്നത് . പ്രസ്തുത വരവുകൾ സ്റ്റേഷന്റെ വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല. ആയതിനാൽ തന്നെ യൂണിവേഴ്സിറ്റിയുടെ വാർഷിക കണക്കുമായി ഒത്തുനോക്കി കൃത്യത പരിശോധിക്കാൻ സാധിക്കുന്നില്ല. കൂടാതെ റിവോൾവിംഗ് ഫണ്ട് സംബന്ധിച്ച തിരച്ചടവുകൾ സമയബന്ധിതമായി നടക്കുന്നില്ലാത്തതും ആയത് യൂണിവേഴ്സിറ്റി അധികൃതർ നിരീക്ഷിക്കപ്പെടാത്തതും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഉദാഹരണത്തിന്, ഇൻസ്ട്രക്ഷണൽ ലൈവ്സ്റ്റോക്ക് ഫാം കോംപ്ലക്സ്, പൂക്കോടിന് റിവോൾവിംഗ് ഫണ്ട് പ്രോജക്ടിന് നൽകിയ പ്രാരംഭ തുകയും തുടർന്നുള്ള ലാഭവിഹിതവും ഉൾപ്പെടെ 31/03/2015 ന് ഒന്നായി 13,29,559/-മാത്രമാണ് .ഫിനാൻസ് ഓഫീസറുടെ ആർ.ഐ.ഡി.എഫ് അക്കൗണ്ടിലേക്ക് തിരിച്ചടച്ച കാണുന്നത്. (Cheque No. 376819/31.3.2015)

## 2-4. ഐ.യു.എം.എസ് . പ്രകാരമുള്ള തുക മുഴുവൻ അടവ് വരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമല്ല.

ഫീ കളക്ഷൻ റിപ്പോർട്ടുകളും ഐ.യു.എം.എസ് രസീതുകളും പരിശോധിച്ചതി ൽ ഓരോ ദിവസം എത്ര ഫീ കളക്ഷൻ റിപ്പോർട്ടുകളുണ്ടെന്നോ ഓരോ ദിവസത്തെയും എല്ലാ ഐ.യു.എം.എസ് രസീതുപ്രകാരമുള്ള തുകകളും അടവ് വരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാകുന്നില്ല.ഓരോ ദിവസവും ഒന്നിലധികം ഫി കളക്ഷൻ റിപ്പോർട്ടുകളെടുത്ത് അവയിലെ തുകകൾ രസീതിൽ രേഖപ്പെടുത്തി ബാങ്കിൽ അടവുവരുത്തുകയാണ് ചെയ്തിട്ടുള്ളത്. ഉദാഹരണമായി 02-09-2014 ൽ മൂന്ന് ഫി കളക്ഷൻ റിപ്പോർട്ടുകളാണ് തയ്യാറാക്കിയിട്ടുള്ളത്. ഇതിൽ ഓരോ ഫി കളക്ഷൻ റിപ്പോർട്ടിന്റെയും തുക യഥാക്രമം 28,701 രൂപ, 2,73,805 രൂപ 5,75,812 രൂപ മാന്വലായി കൂട്ടി ആകെ തുക 8,78,318 രൂപ രസീത് ബുക്കിൽ (ബുക്ക് നം2378,രസീത് നംപർ22/03-09-2014) എഴുതിയിട്ടുണ്ട്. ഓരോ ദിവസത്തെയും ഐ.യു.എം.എസ് രസീതുകൾ പ്രകാരമുള്ള തുക അടവുവരുത്തിയിട്ടുണ്ടോ എന്ന് ഉറപ്പാക്കണമെങ്കിൽ ഒപ്പം ഐ.യു.എം.എസ് രസീതുകൾ നൽകിയതിന്റെ തുടക്ക ഒടുക്ക നംപറുകളും വേണം. വിദ്യാർത്ഥികളിൽനിന്ന് ഫീസ് പിരിക്കുന്നത് **ഐ.യു.എം.എസ്**(Integrated university management system) എന്ന സോഫ്റ്റ് വെയർ മുഖേന രസീതി നൽകിയാണ് .ഇവയുടെ ആരോഹണ ക്രമത്തിലുള്ള നംപർ നൽകിയല്ല ഫീ കളക്ഷൻ റിപ്പോർട്ട് തയ്യാറാക്കുന്നത്. ഒരു ദിവസം ഒരൊറ്റ ഫി കളക്ഷൻ റിപ്പോർട്ടേ പാടുള്ളൂ. പ്രസ്തുത ഫി കളക്ഷൻ റിപ്പോർട്ടിന്റെ ആകെ തുകയായിരിക്കണം രസീതിൽ ഉണ്ടായിരിക്കേണ്ടത്. എന്നാൽ ഇപ്രകാരമല്ലാത്ത സാഹചര്യത്തിൽ ഓരോ ദിവസത്തെയും എല്ലാ ഐ.യു.എം.എസ് രസീതുകളും അടവ് വരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാകുന്നില്ല.

## 2-5. കോളേജ് ഓഫ് വെറ്ററിനറി & ആനിമൽ സയൻസസ്, മണ്ണുത്തിയുടെ 2014-15, 15-16 ഫീസിന്റെ വരവ്

രസീത് പരിശോധനയുടെ ഭാഗമായി 'ക്യാഷ്, ക്യാഷ് സെക്ഷൻ ' എന്നീ ആവശ്യങ്ങൾക്കായി ഇഷ്യൂ ചെയ്ത രസീതുബുക്കുകളിലെ വരവുകൾ ആർ.ഡി.ആർ രജിസ്റ്ററുമായി ഒത്തുനോക്കി.എന്നാൽ IUMS രസീതുകൾ പ്രകാരമുള്ള തുകകൾ,മറ്റ് ഇനങ്ങളിലുള്ള വരവുകൾ എന്നിവ പരിശോധിക്കുകയുണ്ടായില്ല. ആർ.ഡി.ആർ രജിസ്റ്ററിലെ തുകകൾ കൂട്ടി നോക്കുകയോ ചെലാനുമായി ഒത്തു നോക്കുകയോ ചെയ്തിട്ടില്ല. വിദ്യാർത്ഥികളിൽ നിന്ന് ഫീസ് പിരിക്കുന്നതിനുപുറമെ കോളേജിലെ വിവിധ സെക്ഷനുകൾക്ക് രസീതുബുക്കുകൾ നൽകിയിട്ടുണ്ട്. ആയത് പരിശോധിച്ചിട്ടില്ല.

രജിസ്റ്ററുകളും രേഖകളും പരിശോധിച്ചതിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1. ദിവസം തിരിച്ചുള്ള IUMS രസീതുകളുടെ ഫീ കളക്ഷൻ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.
2. IUMS രസീതുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
3. ചെക്ക്/ഡി.ഡി. വരവുകളുടെ വിശദവിവരം ലഭ്യമാക്കിയിട്ടില്ല.

മേൽ സൂചിപ്പിച്ച പ്രാഥമിക വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം1/05-04-2016 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 2-6 വരവുകൾ അക്കൗണ്ട് ചെയ്യപ്പെടുന്നതിന് കാലതാമസം.

കേരള ഫിനാൻഷ്യൽ കോഡ് ഭാഗം - 1, ആർട്ടിക്കിൾ 7 (2) പ്രകാരം സർവകലാശാലയിൽ വിവിധ ഇനങ്ങളിൽ ലഭ്യമാകുന്ന വരവുകൾ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ ഒടുക്കു വരുത്തേണ്ടതാണ്. എന്നാൽ ആയത് അനുവർത്തിക്കുന്നതായി കാണുന്നില്ല. ഉദാഹരണത്തിന്, കോളേജ് ഓഫ് വെറ്ററിനറി & ആനിമൽ സയൻസസ്, പൂക്കോടിൽ വിദ്യാർത്ഥികളിൽ നിന്നും ഫീസിനത്തിൽ ലഭ്യമായ കളക്ഷൻ ഉൾപ്പെടെയുള്ള തുക വളരെയധികം വൈകിയാണ് ബാങ്ക് അക്കൗണ്ടിൽ അടവു വരുത്തുന്നത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| തീയ്യതി | രസീത് നമ്പർ | തുക | അടവാക്കിയ തീയ്യതി |
|---|---|---|---|
| 18.02.2016 | 3286/31 to 60 | 280912 | 04.03.2016<br><br>P.D.Account -99904<br>IR Account - 941100<br>RIDF – 1949<br>Total – 10,42,953 |
| 19.02.2016 | 3286/61 to 65 | 32065 | |
| 20.02.2016 | 3286/66 | 150 | |
| 22.02.2016 | 3286/67 to 68 | 28800 | |
| 23.02.2016 | 3286/69 to 74 | 21405 | |
| 24.02.2016 | 3286/75 | 150 | |
| 27.02.2016 | 3286/76 to 77 | 300 | |
| 01.03.2016 | 3286/78 to 80 | 2249 | |
| 02.03.2016 | 3286/81 to 83 | 450 | |
| 03.03.2016 | 3286/84 to 100<br>3287/1 to 94 | 672572 | |

| | | | |
|---|---|---|---|
| 03.03.2016 | 3287/95 to 100<br>3288/1 to 2 | 3900 | |
| **ആകെ** | | **10,42,953.00** | |

വരവുകൾ യഥാസമയം ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം - 3

## ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ.

### 3-1. സർക്കാർ അനുമതിയില്ലാത്ത തസ്തികകളിൽ സ്ഥിരം / താൽക്കാലിക നിയമനം നടത്തി ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നത് അംഗീകരിക്കുന്നില്ല.

**(i)** കേരള കൃഷി (അനിമൽ ഹസ്ബൻട്രി) വകുപ്പിന്റെ 5/12/12 തീയ്യതിയിലെ സ.ഉ.(സാ.ധാ) നമ്പർ. 2350/12/എ.ഡി ഉത്തരവ് പ്രകാരം കേരളാ വെറ്ററിനറി & ആനിമൽ സയൻസസ് സർവ്വകലാശാലയ്ക്ക് കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും കൈമാറ്റം ചെയ്തു കിട്ടിയ 486 അദ്ധ്യാപകേതര തസ്തികകൾ അനുവദിച്ചു നൽകി. വെറ്ററിനറി സർവ്വകലാശാലയിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് പ്രത്യേകമായി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതാണെന്നും ഈ ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. പ്രസ്തുത 486 തസ്തികകൾ സർവ്വകലാശാല ഹെഡ് ക്വാർട്ടറിലൊഴികെയുള്ള വിവിധ സ്റ്റേഷനുകളിൽ വിഭജിച്ചു നൽകി. എന്നാൽ മേൽ പറഞ്ഞ പ്രകാരം കൈമാറ്റം ചെയ്യപ്പെട്ട തസ്തികകളുടെ എണ്ണം 380 ആയി പുനർ നിർണ്ണയിച്ചുകൊണ്ടും ബാക്കി താൽക്കാലികമായി മരവിപ്പിച്ചു നിർത്തികൊണ്ടും 23/09/2013 ന് കെ.വി.എ.എസ്.യു/ജി.എ/ബി/1507/2014 (i) നമ്പർ പ്രകാരം സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചു. സർക്കാർ ഉത്തരവിൽ നിന്നും വ്യത്യസ്തമായി സർവകലാശാലയുടെ വിവിധ വകുപ്പുകളിൽ ചില ഉയർന്ന തസ്തികകൾ സൃഷ്ടിക്കുകയും മറ്റ് ചില തസ്തികകളുടെ എണ്ണം വർദ്ധിപ്പിക്കുകയും ചില തസ്തികകൾ കുറവു വരുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ ജി.ഒ.(ആർ.റ്റി) നം.2350/12/എ.ഡി.തീയതി 5.12.2012 ഉത്തരവ് പ്രകാരം സർക്കാർ പ്രത്യേകമായി സൃഷ്ടിച്ച പ്യൂൺ/ക്ലാസ്സ് IV തസ്തികകൾ,സർക്കാർ അനുമതിയില്ലാതെ സർവ്വകലാശാല നിർത്തലാക്കുകയും ചെയ്തു. സർവ്വകലാശാല നിയമം സെക്ഷൻ 6(xiv) പ്രകാരം സർക്കാരിന്റെ അനുമതിയില്ലാതെ അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാൻ പാടുള്ളതല്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | തസ്തിക | സർക്കാർ ഉത്തരവ് പ്രകാരം | സർവ്വകലാശാല ഉത്തരവ് പ്രകാരം |
|---|---|---|---|
| 1 | ജോയിന്റ് രജിസ്ട്രാർ / ജോയിന്റ് ഫിനാൻസ് ഓഫീസർ | ഇല്ല | 3 |
| 2 | ഡെപ്യൂട്ടി രജിസ്ട്രാർ | 1 | 5 |

| | | | |
|---|---|---|---|
| 3 | അസിസ്റ്റന്റ് രജിസ്ട്രാർ (ഹ.ഗ്രേ) | ഇല്ല | 5 |
| 4 | അസിസ്റ്റന്റ് രജിസ്ട്രാർ | 1 | 10 |
| 5 | സെക്ഷൻ ഓഫീസർ (ഹ.ഗ്രേ) | 22 | 15 |
| 6 | സെക്ഷൻ ഓഫീസർ | | 15 |
| 7 | അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ | 59 | 30 |
| 8 | സീനിയർ ഗ്രേഡ് അസിസ്റ്റന്റ് | | 30 |
| 9 | അസിസ്റ്റന്റ് | ഇല്ല | 20 |

തുടർന്ന് 20/3/17 ലെ KVASU/GA/B/430/2016 നമ്പർ പ്രകാരം ക്ലാസ്സ് IV ന്റെ എണ്ണം 54-ൽ നിന്നും 111 ആയി ഉയർത്തുകയും 29/12/2017-ലെ KVASU /GA/A2/5979/2017 നമ്പർ ഉത്തരവു പ്രകാരം അസിസ്റ്റന്റുമാരുടെ 25 തസ്തികകൾ സൃഷ്ടിച്ചും ആകെ അനദ്ധ്യാപക തസ്തികകൾ സർക്കാർ അനുമതിയില്ലാതെ 477 ആക്കി ഉയർത്തി.

**(ii)** സർക്കുലർ നം. ജി.എ/ബി/147/13 തീയ്യതി 25-09-2013 പ്രകാരം സർവ്വകലാശാല അതിന്റെ വിവിധ സ്റ്റേഷനുകളിലേക്ക് തസ്തികകൾ പുനഃക്രമീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ യൂണിവേഴ്സിറ്റിയുടെ രജിസ്ട്രി വിഭാഗത്തിന് തസ്തികകളൊന്നും തന്നെ അനുവദിച്ചിട്ടില്ല. രജിസ്ട്രി വിഭാഗത്തിൽ നിലവിൽ താഴെ പറയുന്ന തസ്തികകളാണ് ഉള്ളത്.

| ക്രമ നം. | തസ്തിക | ജീവനക്കാരുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 1 | ക്ലാസ്-4 | 3 | (താൽക്കാലികം) |
| 2 | ടൈപ്പിസ്റ്റ് | 3 | (സ്ഥിരം-2 താൽക്കാലികം-1) |
| 3 | എൽ.ഡി.വി ഡ്രൈവർ | 1 | (താൽക്കാലികം) |
| 4 | അസിസ്റ്റന്റ് | 6 | (സ്ഥിരം-2 താൽക്കാലികം-3, വേക്കന്റ് |
| 5 | സെക്ഷൻ ഓഫീസർ | 3 | |
| 6 | ലേബർ ഓഫീസർ | 1 | |
| 7 | അസിസ്റ്റന്റ് രജിസ്ട്രാർ | 3 | |
| 8 | ഡെപ്യൂട്ടി രജിസ്ട്രാർ | 1 | |
| 9 | രജിസ്ട്രാർ | 1 | |
| | **ആകെ** | **22** | |

യൂണിവേഴ്സിറ്റി വിഭജനം നടന്ന് വർഷങ്ങളായിട്ടും അംഗീകരിച്ച തസ്തികകളില്ലാതെ പ്രവർത്തിച്ച വരുന്നതും സർക്കാർ അനുമതിയില്ലാതെ തസ്തികകൾ സൃഷ്ടിച്ചതും ഗുരുതരമായ വീഴ്ചയാണ്. തസ്തികകൾ അനുവദിച്ച

കിട്ടുന്നതിനും സൃഷ്ടിക്കപ്പെട്ട തസ്തികകൾക്ക് മുൻകാല പ്രാബല്ല്യത്തോടെ സർക്കാർ അനുമതി ലഭ്യമാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.

**(iii)ഡയറിപ്ലാന്റ് മണ്ണുത്തി**

ജീവനക്കാരുടെ നിലവിലെ സ്ഥിതി

| ക്രമ നമ്പർ | തസ്തിക | അനുവദിക്കപ്പെട്ടത് | നിലവിലുള്ളത് |
|---|---|---|---|
| **1** | **ടെക്നീഷ്യൻ** | 3 | 2 |
| **2** | ഫാം സൂപ്പർ വൈസർ | 1 | 1 |
| **3** | അസിസ്റ്റന്റ് | 1 | 1(തിരുവനന്തപുരം) LLPR-ൽ വർക്കിംഗ് അറേഞ്ച്മെന്റിൽ |
| **4** | ടൈപ്പിസ്റ്റ് | 1 | 1 |
| **5** | ലാബ് അസിസ്റ്റന്റ് | 1 | 1 |
| **6** | ക്ലാസ് IV | 2 | 2 |
| **7** | ഓഫീസ് സൂപ്രണ്ട് | 0 | 1 |
| **8** | പ്രൊഫസർ | 1 | 1(സ്റ്റേഷൻ ഓഫീസർ, (തുമ്പൂർ മുഴി) |
| **9** | അസോസേിറ്റ് പ്രൊഫസർ | 2 | 0 |
| **10** | അസിസ്റ്റന്റ് | 3 | 1 |
| **11** | പ്രൊഫസർ & ഹെഡ് | 1 | 1 |

വർക്കിംഗ് അറേഞ്ച്മെന്റിൽ ഒരു അസിസ്റ്റന്റ് പോയതിന് പകരം മറ്റൊരു അസിസ്റ്റന്റിനെ നിയമിക്കുന്നതിനും ഒഴിവുള്ള തസ്തികകൾ നിയമാനുസൃതം നികത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. അനുമതിയില്ലാതെ ഓഫീസ് സൂപ്രണ്ട് തസ്തികയിൽ ഒരാളെ നിയമിച്ചത് ഓഡിറ്റ് അംഗീകരിക്കുന്നില്ല.

**(iv)പൗൾട്രി &ഡക്ക് ഫാം, മണ്ണുത്തി.**

സർവ്വകലാശാലയുടെ പൗൾട്രി &ഡക്ക് ഫാം, മണ്ണുത്തിയിൽ നൈറ്റ് വാച്ച്മാൻ, ചിക്കൻ സെക്സർ എന്നീ തസ്തികകൾ അനുവദിച്ചിട്ടില്ലെങ്കിലും, ഈ തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ താഴെ പറയുന്നവരെ നിയമിച്ചിട്ടുണ്ട്.

1. നൈറ്റ് വാച്ച്മാൻ- ശ്രീ.കെ.എസ്.തോമസ് (ദിവസവേതനം - 400 രൂപ)
2. ചിക്കൻ സെക്സർ- ശ്രീ.അർഷീൽ ഷെരീഫ് (ദിവസവേതനം- 350 രൂപ)

നിലവിലില്ലാത്ത തസ്തികകളിലേക്ക് ജീവനക്കാരെ നിയമിച്ചതും, ശമ്പളം നൽകിയതും ശരിയായ നടപടിയല്ല. മേൽ ജീവനക്കാരുടെ നിയമനം സംബന്ധിച്ച ഉത്തരവ് ഓഡിറ്റ് എൻക്വയറി മുഖേന

ആവശ്യപ്പെട്ടിരുന്നെവെങ്കിലും ലഭ്യമാക്കുകയുണ്ടായില്ല. മേൽപറഞ്ഞ ജീവനക്കാരെ നിയമിച്ചിരിക്കുന്നത് 59 ദിവസത്തേക്കാണെങ്കിലും അവരെ പിരിച്ചുവിട്ടതിനുശേഷം ആവശ്യമെങ്കിൽ പുനർ നിയമനം നല്കുന്നതായി കാണുന്നില്ല. പകരം വർഷം മുഴുവൻ തുടർച്ചയായി ജോലി ചെയ്ത് വേതനം കൈപ്പറ്റുന്നതായാണ് കാണുന്നത്. ഹാച്ചറിയുടെ രാത്രികാല പ്രവർത്തനത്തിന് അനുഭവസമ്പത്തുള്ള ജോലിക്കാരനും പാരന്റ് സ്റ്റോക്കിന്റെ വിൽപ്പനയുമായി ബന്ധപ്പെട്ട് ആൺ-പെൺ വേർതിരിവിനായി ചിക് സെക്സർ എന്നിവ സ്റ്റേഷന്റെ പ്രവർത്തനത്തിന് അനിവാര്യമാണെന്നാണ് മറുപടി നൽകിയിരിക്കുന്നത്. ആകയാൽ പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതിനും സർക്കാരിന്റെ അംഗീകാരം വാങ്ങുന്നതിനുമുള്ള ത്വരിത നടപടികൾ സ്വീകരിക്കുന്നതിന് സർവ്വകലാശാല അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

**അംഗീകാരമില്ലാത്ത തസ്തികകളിൽ കരാറടിസ്ഥാനത്തിൽ നിയമനം.**

അഡ്മിനിസ്ട്രേറ്റീവ് കൺസൾട്ടന്റ് നിയമനം

രജിസ്ട്രി വിഭാഗത്തിൽ 2015-16 വർഷം കരാറടിസ്ഥാനത്തിൽ നിയമിച്ച അസിസ്റ്റന്റുമാർക്കു പുറമെ അഡ്മിനിസ്ട്രേറ്റീവ് കൺസൾട്ടന്റ് എന്ന തസ്തികയിൽ ജോലി ചെയ്തുവരുന്നുണ്ട്. ആയതിൽ ഒരാൾ തിരുവനന്തപുരത്താണ് ജോലി ചെയ്യുന്നത്. ടിയാളുടെ ജോലി വിവരങ്ങൾ , ഹാജർ നില എന്നിവ ലഭ്യമല്ല. സർവ്വകലാശാലയുടെ അംഗീകരിച്ച തസ്തികയിൽ ഉൾപ്പെടാത്ത അഡ്മിനിസ്ട്രേറ്റീവ് കൺസൾട്ടന്റ് തസ്തികയിൽ 2015-16 വർഷം ആകെ 3,66,768/- രൂപ (1,86,768/- തിരുവനന്തപുരം, 1,80,000/- പൂക്കോട്) ചെലവഴിച്ചിട്ടുണ്ട്.

2016 ഒക്ടോബർ മുതൽ പി.എസ്.സി നിയമിച്ച സ്ഥിരം ജീവനക്കാർ ജോലിയിൽ പ്രവേശിച്ചിട്ടും നിലവിലും പ്രസ്തുത കരാർ ജീവനക്കാർ സർവ്വകലാശാലയിൽ ജോലി ചെയ്തു വരുന്നുണ്ട്. അനുവദിക്കപ്പെടാത്ത തസ്തികയിൽ അനധികൃതമായി ജീവനക്കാരെ നിയമിച്ച് ശമ്പളയിനത്തിൽ തുക ചെലവഴിക്കുന്നത് സംബന്ധിച്ച് വിശദീകരണം നല്കേണ്ടതാണ്.

**സീനിയർ ഓഫീസ് കൺസൾട്ടന്റ് നിയമനം**

**ഡയറക്ടർ ഓഫ് എന്റർപ്രണർഷിപ്പിന്റെ** കെ.വി.എ.എസ്.യു /ഡി.ഇ /464/14 നമ്പർ നടപടിക്രമം പ്രകാരം സെന്റർ ഫോർ ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് &പോളിസി റിസർച്ചിൽ നിന്നും ട്രെയിനിംഗ് റിസർച്ച് സെന്റർ , തിരുവനന്തപുരത്തേയ്ക്ക് സീനിയർ കൺസൾട്ടന്റ് ന്റെ ഒരു തസ്തിക മാറ്റി ഉത്തരവായിട്ടുണ്ട്. എന്നാൽ സർവ്വകലാശാലയുടെ അംഗീകരിക്കപ്പെട്ടിട്ടുള്ള തസ്തികകളിൽ ഇത്തരത്തിലുള്ള ഒരു തസ്തിക ഇല്ല. ആയതിനാൽ തന്നെ ഈ നിയമനവും തദനുസൃതമായ ചെലവുകളും ഓഡിറ്റ് അംഗീകരിക്കുന്നില്ല. 2013-14 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 24 പ്രകാരം ശ്രീ.ക്ലമൻസ്.എം ന്റെ അനധികൃത വേതനം തടസ്സപ്പെടുത്തിയിട്ടുണ്ട്. ഫിനാൻസ് ഓഫീസിന്റെ 9/11/2016-ലെ കത്ത് പ്രകാരം (നമ്പർ . കെ.വി.എ.എസ്.യു എ.ഫ്.ഡബ്ല്യു/എ.എഫ്.ഒ-111 A/7224/16) ഓഡിറ്റ് തടസ്സം സംബന്ധിച്ച വിവരം ബന്ധപ്പെട്ട ഉത്തരവാദിയായ ഉദ്യോഗസ്ഥനെ അറിയിച്ചിരുന്നതാണ്. കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്നവർക്ക് മേലുദ്യോഗസ്ഥൻ അനുവദിക്കുന്ന അറ്റൻഡൻസ് സർട്ടിഫിക്കറ്റ് ആവശ്യമാണ്. എന്നാൽ ടിയാൻ സ്വയം സാക്ഷ്യപ്പെടുത്തി നൽകുന്ന ഹാജർ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് വേതനം നൽകി വരുന്നത്. ഇദ്ദേഹത്തിന്റെ നിയമനം ഒരു വർഷത്തേക്ക് മാത്രമാണ്. സേവനം 4

പ്രാവശ്യം ദീർഘിപ്പിച്ചു നൽകിയതിന് ബോർഡ് ഓഫ് മാനേജ്മെന്റിന്റെ അനുമതിയും മറ്റും ലഭ്യമാക്കിയതായി കാണുന്നില്ല. ആയതിനാൽ തന്നെ ടിയാന്റെ സേവനം അവസാനിപ്പിക്കേണ്ടതും ചെലവഴിച്ച തുക തിരിച്ചു പിടിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം ചെലവഴിച്ച തുക ബന്ധപ്പെട്ട അധികാരികളുടെ വ്യക്തിപരമായ ബാദ്ധ്യതയായി തീരുന്നതാണ്. സർവകലാശാലാ അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

**<u>സർവകലാശാലയിലെ അസിസ്റ്റന്റ്, ക്ലാസ് ഫോർ നിയമനം സംബന്ധിച്ച്.</u>**

യൂണിവേഴ്സിറ്റി ആക്ട്, 2010 -ന്റെ സെക്ഷൻ (XIV) പേജ് 7) 2014-ലെ സ്റ്റാറ്റ്യൂട്ട് സെക്ഷൻ 189 (പേജ് 67) എന്നിവ പ്രകാരം അസിസ്റ്റന്റ്, ക്ലാസ് ഫോർ തസ്തികയിലേക്കുള്ള നിയമനം പി.എസ്.സി വഴിയാണ് നടത്തേണ്ടതെങ്കിലും യൂണിവേഴ്സിറ്റിയുടെ 03/03/2015-ലെ കെ.വി.എ.എസ്.യു/ജി.എ/ബി 2444/2013 (i) ഉത്തരവ് പ്രകാരവും, കെ.വി.എ.എസ്.യു/ജി.എ/ബി/2444/2013 (iii) ഉത്തരവ് പ്രകാരവും യഥാക്രമം 64 പേരെ ക്ലാസ് ഫോർ തസ്തികയിലേക്കും 71 പേരെ അസിസ്റ്റന്റ് തസ്തികയിലേക്ക് കോൺട്രാക്ട് അടിസ്ഥാനത്തിൽ എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി എന്ന സ്ഥാപനം വഴി പരീക്ഷ നടത്തി നിയമിച്ചിരിക്കുന്നു.

രജിസ്ട്രാറുടെ 10/07/2015-ലെ കെ.വി.എ.എസ്.യു /ജി.എ/ബി/2857/15 കത്ത് പ്രകാരം മേൽ തസ്തികയിലേക്ക് അപേക്ഷിക്കുന്ന സമയത്ത് സ്റ്റാറ്റ്യൂട്ട് നിലവിൽ വന്നിരുന്നില്ല എന്നും പി.എസ്.സി ഇതുവരെ സർവ്വകലാശാലകളിലേക്കുള്ള നിയമനത്തിന്റെ നിയമ നിർമ്മാണം നടത്തിയിട്ടില്ല എന്നും അറിയിച്ചു. എന്നാൽ യൂണിവേഴ്സിറ്റി ആക്ട് , 2010 സെക്ഷൻ 6 (xiv) പ്രകാരം സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി മാത്രമേ അനധ്യാപക നിയമനങ്ങൾ നടത്താവൂ. മാത്രമല്ല സ്റ്റാറ്റ്യൂട്ട് നിലവിൽ വന്ന ശേഷമാണ് ക്ലാസ് ഫോർ, അസിസ്റ്റന്റ് തസ്തികയിലേക്കുള്ള നിയമനങ്ങൾ നടത്തുന്നതിന് എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയുമായി കരാറിലേർപ്പെട്ടതും (12/08/2014) പരീക്ഷ നടത്തിയതും (16/11/14) പി.എസ്.സി യോട് നിയമന നടപടികൾ സ്വീകരിക്കുവാൻ അപേക്ഷിച്ചതായ രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ യൂണിവേഴ്സിറ്റിയുടെ ആക്ടിനും സ്റ്റാറ്റ്യൂട്ടിനും വിരുദ്ധമായി നിയമന നടപടികൾ നടത്തിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല.

2010-ലെ കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് സർവ്വകലാശാല നിയമത്തിലെ 6(XIV) വകുപ്പിലെ വ്യവസ്ഥ പ്രകാരം കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് സർവ്വകലാശാലയിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള അധികാരം സംബന്ധിച്ച് താഴെ പറയും പ്രകാരം വിവരിച്ചിരിക്കുന്നു.

“to create non teaching , skilled, administrative, ministerial and other posts for a period and prescribe

pay scale for such posts, with prior approval of government and to fix the method of appointment and to make appointment, thereto. ”

വെറ്ററിനറി സർവ്വകലാശാല രജിസ്ട്രാറുടെ 11/1/17 തീയ്യതിയിലെ കെ.വി.എ.എസ്.യു /ജി.എ/ബി/4720/2016 നമ്പർ കത്തിൽ 2010-ലെ കേരള വെറ്ററിനറി & ആനിമൽ സയൻസസ് സർവ്വകലാശാല നിയമം സെക്ഷൻ 26(2)(vii) പ്രകാരം ബോർഡ് ഓഫ് മാനേജ്മെന്റിന് Administrative, Ministerial മറ്റ് ആവശ്യമായ തസ്തികകൾ എന്നിവ സൃഷ്ടിക്കുന്നതിന് അധികാരം നൽകുന്നുണ്ടെന്നും സെക്ഷൻ 6(XIV) പ്രകാരം നിശ്ചിത കാലയളവിലേക്ക് സൃഷ്ടിക്കപ്പെടുന്ന തസ്തികകളുടെ ശമ്പളസ്കെയിൽ നിശ്ചയിക്കുന്നതിന് മാത്രമെ സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമുള്ളൂ എന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാരിൽ നിന്നും സാധൂകരണം ആവശ്യപ്പെട്ട സാഹചര്യത്തിൽ 8/1/2018-ലെ കേരള സംസ്ഥാന ധനകാര്യവകുപ്പിന്റെ പി.യു-ബി1/80/2017-ധന (E.500409) നമ്പർ കത്തിൽ 1/9/1997-ലെ സ.ഉ (പി) 745/97 ധന ഉത്തരവിന്റെ വെളിച്ചത്തിൽ സർവ്വകലാശാലകളിലെ തസ്തിക രൂപീകരണത്തിന് സർക്കാർ അംഗീകാരം വാങ്ങിയിരിക്കണമെന്ന് അറിയിച്ചു. കൂടാതെ നിലവിലെ 17/11/99-ലെ സ.ഉ.(പി) നം. 2278/99/ധന നമ്പർ ഉത്തരവിലൂടെ സർക്കാരിന്റെ എല്ലാവിധ നിയന്ത്രണ ഉത്തരവുകളും സർവ്വകലാശാലകൾക്കും ബാധകമാണെന്ന് അടിവരയിട്ടു പറയുന്നു. ആയതിനാൽ സർവ്വകലാശാലയുടെ വാദം അംഗീകരിക്കാതെ നിയമ പ്രകാരമുള്ള നടപടികൾ ഏറ്റെടുക്കുന്നതിന് സർക്കാർ മേൽ കത്തിൽ ആവശ്യപ്പെട്ടതനുസരിച്ച് ഈ ഓഫീസിലെ 2/2/2018- ലെ KSA-VAU /D-109/2018 നമ്പർ കത്ത് പ്രകാരം സർക്കാർ അംഗീകാരത്തിനു വിരുദ്ധമായി സർക്കാരിന്റെ അനുമതിയില്ലാതെ തസ്തികകൾ സൃഷ്ടിച്ചതും പുനഃസംഘാടനം ചെയ്തതും പുനഃപരിശോധിക്കുകയോ എത്രയും വേഗം സർക്കാർ അംഗീകാരം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയോ ചെയ്യണമെന്ന് അറിയിച്ചെങ്കിലും യാതൊരു നടപടികളും കൈക്കൊണ്ടതായി കാണുന്നില്ല. മേൽ സാഹചര്യത്തിൽ സർക്കാർ അംഗീകാരമില്ലാത്ത തസ്തികകളിലും കൂടുതലായി അനുവദിച്ചുവഴി ഉണ്ടാകുന്ന ധന നഷ്ടത്തിന് ബോർഡ് ഓഫ് മാനേജ്മെന്റ്, അധികാരപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർക്ക് കൂട്ടുത്തരവാദിത്തമുണ്ടായിരിക്കുന്നതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു.

### 3-2. <u>2014-15, 2015-16 പദ്ധതി വർഷങ്ങളിൽ മിച്ചം വന്ന പദ്ധതി ധനം</u> <u>3,55,22,344/-രൂപ സർക്കാരിലേയ്ക്ക് തിരിച്ചടക്കാൻ ബാക്കി</u>

വിവിധ സ്റ്റേഷനുകളിലേതുൾപ്പെടെ സർവ്വകലാശാലയുടെ 2014-15, 2015-16 വർഷങ്ങളിലെ ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കിയതിൽ 3,55,22,344/- രൂപ പദ്ധതിതുകയിനത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ളതായി കണ്ടെത്തി. വിവിധ പ്രോജക്ടുകൾ നടപ്പാക്കാനായി സർവ്വകലാശാലയ്ക്ക് ലഭിച്ച അലോട്ട്മെന്റുകൾ, വിവിധ സ്റ്റേഷനുകൾ നടത്തിയ പദ്ധതി ചെലവുകൾ , പദ്ധതി വർഷാവസാനം സ്റ്റേഷനുകൾ തിരിച്ചടച്ച പ്ലാൻ ഫണ്ട് എന്നിവ പരിശോധിച്ചതിൽ നിന്നാണ് മേൽ സൂചിപ്പിച്ച പ്രകാരം വൻ തുക സർക്കാരിലേക്ക് തിരിച്ചടയ്ക്കാൻ ശേഷിക്കുന്നുവെന്ന് കണ്ടെത്തിയിട്ടുള്ളത്. സർവ്വകലാശാലയുടെ പദ്ധതി

കാലയളവ് 2014-15 വർഷം 30.09.2015 വരെയും 2015-16 വർഷം 30.09.2016 വരെയും ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. 2014-15 വർഷം 77,96,011/- രൂപയും 2015-16 വർഷം 2,77,26,333/- രൂപയും ഉൾപ്പെടെയാണ് 3,55,22,344/- രൂപ ഇപ്രകാരം മിച്ചം വന്നിട്ടുള്ളത്.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**2014-15 ൽ തിരിച്ചടയ്ക്കാൻ ശേഷിക്കുന്ന പദ്ധതി ധനം.**

| തീയ്യതി | സ്റ്റേഷന്റെ പേര് | അക്കൗണ്ട് നമ്പർ | സ്റ്റേഷൻ തിരിച്ചടച്ച തുക | സർക്കാരിലേക്ക് തിരിച്ചടക്കാൻ ബാക്കി |
|---|---|---|---|---|
| 11-08-14 | Meat Plant | 67209581253 | 132216 | 0 |
| 25-08-14 | ULF Mannuthy | 67210093579 | 0 | 6707 |
| 07-10-14 | IR | | 0 | 562600 |
| 05-11-14 | Covas, Mannuthy | 67146473757 | 0 | 370854 |
| 06-01-15 | Dept.of Diary Science Mannuthy | 67214646171 | 0 | 121437 |
| 21-01-15 | | | 0 | 0 |
| 21-01-15 | CPPR | 67210650362 | 0 | 161476 |
| 28-01-15 | | Treasury | 0 | 100000 |
| 31-01-15 | Dept. Of Vet. Public Health Mannuthy | 67200639543 | 0 | 36000 |
| 19-03-15 | | | 0 | 243374 |
| 28-03-15 | Animal Nutrition | 67183011379 | 0 | 15441 |
| 30-03-15 | LRST | 67214197189 | 0 | 412023 |
| 25-09-15 | Dean, Mannuthy | | 0 | 3181000 |
| 29-09-15 | CLDPR | | 0 | 650000 |
| 30-09-15 | Wild Life | | 0 | 1935099 |
| | **ആകെ** | | **132216** | **7796011** |

**2015-16 ൽ തിരിച്ചടയ്ക്കാൻ ശേഷിക്കുന്ന പദ്ധതി ധനം.**

| തീയ്യതി | സ്റ്റേഷന്റെ പേര് | അക്കൗണ്ട് നമ്പർ | സ്റ്റേഷൻ തിരിച്ചടച്ച തുക | സർക്കാരിലേക്ക് തിരിച്ചടക്കാൻ ബാക്കി |
|---|---|---|---|---|
| 02-04-15 | | | | |
| 09-04-15 | ClDPR TVM (13-14 Refund) | 67243299834 | | 1,98,279 |
| 18-04-15 | Registry (13-14 Refund) | 67219471545 | | 2,76,591 |
| 24-04-15 | DE | 67210097325 | | 32,62,559 |
| 19-05-15 | | | | -- |

| | | | | |
|---|---|---|---|---|
| 20-06-15 | DAR | | | 12,00,000 |
| 07-07-15 | | | | -- |
| 30-07-15 | | | | -- |
| 07-08-15 | COVAS PKD | | 20,000 | -- |
| 26-08-15 | | | | -- |
| 27-08-15 | | | | -- |
| 19-09-15 | DE | | | 5,00,000 |
| 30-09-15 | DE PKD | | | 13,00,000 |
| 30-09-15 | DE | | | 15,78,112 |
| 30-09-15 | DEAN PKD | | | 2,59,225 |
| 30-09-15 | DEAN PKD | | | 2,78,12 |
| 01-10-15 | DEAN MTY | | | 12,26,046 |
| 15-10-15 | COVAS MTY | | | 14,35,875 |
| 16-10-15 | CLDPR | | | 30,247 |
| 26-10-15 | ILFC PKD | | | 11,743 |
| 29-10-15 | COVAS MTY | | | 50,00,000 |
| 31-10-16 | AICRP | 67213528034 | | 50,000 |
| 21-11-15 | | | | -- |
| 04-12-15 | | | | -- |
| 08-12-15 | DEAN MTY | | | 75,715 |
| 08-12-15 | DEAN MTY | | | 60,000 |
| 11-12-15 | DAR Monitoring | | | -- |
| 11-12-15 | DEAN MTY | | | 46,000 |
| 11-12-15 | DEAN MTY | | | 80,667 |
| 19-12-15 | DEAN MTY | | | 10,54,000 |
| 07-01-16 | | | | -- |
| 20-01-16 | | | | -- |
| 30-09-16 | CBFT | 67212426544 | | 8,113 |
| 03-11-16 | Wild Life | 67157159453 | | 24,42,960 |
| 21-11-16 | ULF MTY | 67210093579 | | 288 |
| 02-12-16 | ARST | 67313579030 | | 3,00,049 |
| 15-12-16 | COVAS MTY | 67146473757 | | 92,758 |
| 27-12-16 | CASAGB | 67212311113 | | 5,22,115 |
| 04-01-17 | DE | 67210097325 | | 34,65,862 |
| 31-01-17 | CASAGB | 67212311113 | | 22,377 |
| 31-01-17 | COVAS MTY | 67146473757 | | 28,12,246 |
| 15-05-18 | CASAGB | | | 60,740 |
| 14-07-17 | CASAGB | | | 17,564 |

| | | | | |
|---|---|---|---|---|
| 25-07-17 | COVAS MTY | | | **58,090** |
| | ആകെ | | **20,000** | **2,77,26,333** |

സർക്കാരിൽ നിന്നും ലഭിക്കുന്ന തുക, അതാത് പദ്ധതി വർഷം അവസാനിച്ച് ഒരു മാസത്തിനുള്ളിൽ സർക്കാരിന്റെ സഞ്ചിതനിധിയിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം വൈകി ഒടുക്കുന്ന കാലയളവിലേക്ക് 12% പലിശ കൂടി മുതൽക്കൂട്ടാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങളെല്ലാം മറികടന്നാണ് പദ്ധതിധനം സർവ്വകലാശാല ഫിനാൻസ് ഓഫീസറുടെ പ്ലാൻ ഫണ്ട് അക്കൗണ്ടിൽ യാതൊരു പ്രയോജനവുമില്ലാതെ സൂക്ഷിച്ചിട്ടുള്ളത്. സർക്കാരിന്റെ വിവിധ ക്ഷേമ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കേണ്ട തുക പ്രയോജനമില്ലാതെ സൂക്ഷിക്കുന്നത് ശരിയായ നടപടിയല്ല. ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തി ഓഡിറ്റ് എൻക്വയറി നൽകിയതിന് (നമ്പർ 1/9.4.2018) ഉചിതമായ മറുപടിയല്ല ലഭിച്ചിട്ടുള്ളത്. "സ്റ്റേഷനുകളിൽ നിന്നും അക്കൗണ്ട്സ് (വാർഷിക കണക്കുകൾ) വൈകി നൽകുന്നതും ദീർഘിപ്പിച്ച പദ്ധതി കാലയളവിലെ (1.4.2016 മുതൽ 30.9.2016 വരെ) കണക്കുകൾ റീക്കൺസീൽ ചെയ്യാത്തതും 2015-16 വർഷത്തെ വാർഷിക കണക്കുകൾ 28.2.2018 ൽ മാത്രം സമർപ്പിച്ചിട്ടുള്ളതിനാലുമാണ് ഇപ്രകാരം സംഭവിച്ചിട്ടുള്ളതെന്ന" മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല.

സ്റ്റേഷനുകൾ വാർഷിക കണക്കുകൾ വൈകി നൽകുന്നതും ദീർഘിപ്പിച്ച കാലയളവിലെ പദ്ധതി കണക്കുകൾ പൊരുത്തപ്പെടുത്താത്തതും ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പോരായ്മയായി ഓഡിറ്റ് വിലയിരുത്തുന്നു. പദ്ധതി വർഷം അവസാനിച്ച് നാളിതുവരെയും തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. മേൽ വിഷയത്തിന്മേൽ ഉചിതമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് സർവ്വകലാശാല ഭരണസമിതിയുടെ അടിയന്തര ശ്രദ്ധ പതിയേണ്ടതാണ്.

## 3-3. ലൈവ് സ്റ്റോക്ക് റിസർച്ച് സ്റ്റേഷൻ, തിരുവാഴാംകുന്ന് - വരവ് ചെലവ് രേഖകളിൽ 35,84,720/- രൂപയുടെ ക്രമക്കേട്

2014-15 വർഷത്തെ പ്ലാൻ ഫണ്ട് ചെലവ് സംബന്ധിച്ച രേഖകൾ , സ്റ്റോക്ക് രജിസ്റ്റർ, മറ്റ് രേഖകൾ / രജിസ്റ്ററുകൾ എന്നിവ ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നമ്പർ 2/14-15) നൽകിയെങ്കിലും ഓഡിറ്റ് വേളയിൽ ഹാജരാക്കിയില്ല. പ്രസ്തുത രേഖകളുമായി ബന്ധപ്പെട്ട കാര്യത്തിൽ ഡോ.എ.കണ്ണൻ. അസോസിയേറ്റ് പ്രൊഫസർ (സ്റ്റേഷൻ ഹെഡ്) സസ്പെൻഷനിലായ സാഹചര്യത്തിൽ ഡയരക്ടർ ഓഫ് അക്കാഡമിക് ആന്റ് റിസർച്ച്, ഫിനാൻസ് ഓഫീസ്, രജിസ്ട്രി എന്നീ ഓഫീസുകളിലെ ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന വസ്തുതകൾ ബോദ്ധ്യപ്പെട്ടു.

1. 6/7/2015 ന് ഡോ.മേരിക്കുട്ടി തോമസ് ; ലൈവ്സ്റ്റോക്ക് റിസർച്ച് സ്റ്റേഷൻ, തിരുവാഴാംകുന്നിന്റെ സ്റ്റേഷൻ ചാർജ്ജ് ഏറ്റെടുത്ത സാഹചര്യത്തിൽ 13/7/2015 ന് രേഖകൾ കൈമാറിക്കിട്ടിയതിൽ പല സുപ്രധാന രേഖകളും , പ്ലാൻ ഫണ്ട് ചെലവ് വൗച്ചറുകളും ലഭ്യമാക്കാതിരിക്കുകയും , സ്റ്റോക്കിലുള്ള പല സാധനങ്ങളും ഭൗതിക പരിശോധനയിൽ കാണാതിരിക്കുകയും , സ്റ്റോക്കിൽ രേഖപ്പെടുത്തിയ സാധനങ്ങൾക്ക് പകരം നിലവാരം കുറഞ്ഞ മറ്റു സാധനങ്ങൾ കണ്ടതായും ഉള്ള സാഹചര്യത്തിൽ വിശദമായ പരിശോധന നടത്തുന്നതിന് ശുപാർശ ചെയ്തു.

2. മേൽപ്പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ പ്രാഥമിക പരിശോധന നടത്തുന്നതിനായി ഡയറക്ടർ ഓഫ് ഫാംസ്, ഡോ.എച്ച്.സുബ്രഹ്മണ്യൻ എന്നിവരെ ചുമതലപ്പെടുത്തി. 27/7/2015 ന് സമർപ്പിച്ച പ്രിലിമിനറി റിപ്പോർട്ട് പ്രകാരം ധാരാളം പൊരുത്തക്കേടുകൾ ചെലവു രേഖകളിൽ കണ്ടെത്തുകയും യാത്രാപ്പടി ബിൽ എഴുതിയെടുത്തതിലും മരാമത്ത് പ്രവൃത്തികൾ നടത്തിയതിലും വാങ്ങലുകളിലും അഴിമതി നടന്നതായും കണ്ടെത്തി..

3. പ്രാഥമിക പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ഡോ.സിസിലമ്മ ജോർജ്ജ്, ഡീൻ, കോവാസ്, മണ്ണുത്തിയുടെ നേതൃത്വത്തിൽ 4 അംഗ എൻക്വയറി കമ്മിറ്റിയെ നിയോഗിച്ചു. പ്രസ്തുത എൻക്വയറി കമ്മിറ്റി ഡോ.എ.കണ്ണന്റെ സ്റ്റേഷൻ ഹെഡ്ഡായ കാലഘട്ടത്തിലെ (3/7/2014 മുതൽ 6/7/2015 വരെ) സ്റ്റേഷന്റെ വരവു ചെലവു രേഖകളും മറ്റും വിശദമായി പരിശോധിച്ച് 35,84,720/- രൂപയുടെ തിരിമറികൾ കണ്ടെത്തി. (പ്രോജക്റ്റ് സംബന്ധമായത് - 34,52,602/-, യാത്രാപ്പടി സംബന്ധമായത് - 1,32,118/- ).

പ്രോജക്റ്റ് സംബന്ധമായ ചെലവുകളുടെ വിശദവിവരം :

| | | |
|---|---|---|
| 1. | Strategies for improving the Fodder production of Kerala State | 550313.00 |
| 2. | Phenotypic characterisation of local cattle of Kerala | 124790.00 |
| 3. | Salvaging male calves | 193320.00 |
| 4. | Conservation and sustenance of indigenous goat production under the changing climatic scenario in Kerala | 170917.00 |
| 5. | Sustainable methods to limit gastro – intenstinal prasitism in goats in humid tropics of Kerala | 318880.00 |
| 6. | Enhancing productivity of cross bred cattle at LRS Thriruvazhamkunnu | 1640974.00 |
| 7. | Infrastructure Development | 453408.00 |
| | Total | 3452602.00 |

കൂടാതെ മരാമത്ത് പണികൾ സംബന്ധിച്ച് സർവകലാശാലയുടെ ഐ.ഡി.വിംഗിന്റെ മേൽനോട്ടത്തിലല്ലാതെയും നിർദ്ദേശപ്രകാരമല്ലാതെയും എസ്റ്റിമേറ്റുകൾ തയ്യാറാക്കി താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾ നടത്തി. ഇതിന് സർവകലാശാലയുടെ പുറത്തുള്ള എഞ്ചിനീയർമാരെയാണ് ക്രമവിരുദ്ധമായി നിയോഗിച്ചത്.

(i) വെർമി കമ്പോസ്റ്റ് ഷെഡ് - 522900.00

(ii) ലാബ് നവീകരണം - 453408.00

(iii) അപ്രോച്ച് റോഡ് നിർമ്മാണം, ബയോഗ്യാസ് യൂണിറ്റ്,
ചാണകക്കുഴി, ഫാം ഉപകരണങ്ങൾക്കുള്ള ഷെഡ്,
മേൽക്കൂര പണിയൽ, ഇന്റർലോക്ക് പാതകൾ. - 763353.00

ആകെ - **17,39,661.00**

വാങ്ങലുകൾ സംബന്ധിച്ച ധാരാളം അപാകതകൾ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്റ്റോക്കിലെടുത്തതും തുക നൽകിയതുമായ പല സാധനങ്ങളും യഥാർത്ഥത്തിൽ ഭൗതിക പരിശോധനയിൽ

കണ്ടെത്താനായില്ല. ഉദാഹരണത്തിന്, 27200/- രൂപയുടെ എൽ.ഇ.ഡി. ടെലിവിഷൻ, 11700/- രൂപയുടെ സേഫ്റ്റി ഷൂസ്, 19010/- രൂപയുടെ പ്രഷർ കുക്കർ, ഗ്യാസ് സ്റ്റൗ, മിക്സി, സോസ് പാൻ, പ്ലെയ്റ്റുകൾ എന്നിവ. ഇതു കൂടാതെ മറ്റു ചില വാങ്ങലുകളിൽ യഥാർത്ഥത്തിൽ വാങ്ങി സ്റ്റോക്കിലെടുത്ത സാധനങ്ങളല്ല ഭൗതിക പരിശോധനയിൽ കണ്ടെത്തിയത്. ഉദാഹരണത്തിന്,

| വാങ്ങിയത് / സ്റ്റോക്കിലെടുത്ത് | നിലവിലുള്ളത് |
|---|---|
| 1. സോണി ഹാൻഡികാം (മോഡൽ HDRPJ 410 – E 35) | സോണി ഹാൻഡികാം (മോഡൽ DCRHL 36) |
| 2. സാംസങ്ങ് ഗാലക്സി ഡ്യുയോസ് | GTI8262 |

കൂടാതെ താഴെ പറയുന്ന ഒറ്റ പർച്ചേസിന് (സ്പ്രിംഗ്ളർ ഇറിഗേഷൻ മെറ്റീരിയൽസ്) 2 വ്യത്യസ്ത ബില്ലുകൾ ഹാജരാക്കി പാസ്സാക്കിയെടുത്തു.

(i) ഇൻവോയ്സ് നമ്പർ. 20/4.6.2015/87000.00 (പ്ലാൻ ഫണ്ട്)

(ii) ഇൻവോയ്സ് നമ്പർ. 21/4.6.2015/87000.00 ( റിവോൾവിംഗ് ഫണ്ട്)

മേൽ സാഹചര്യത്തിൽ സൂചിപ്പിച്ചിരിക്കുന്ന നഷ്ടം, നടപടിക്രമങ്ങളിലെ പാളിച്ചകൾ, ഫണ്ട് തിരിമറി എന്നിവ യൂണിവേഴ്സിറ്റി അധികൃതരുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു. മേൽ വിഷയത്തിലുള്ള കോടതി വ്യവഹാരത്തിന്റെ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-4. ജലവിതരണ സംവിധാനം - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

എൽ.ആർഎസ്.തിരുവാഴാംകുന്നിലെ ജലവിതരണ സംവിധാനം ഏർപ്പെടുത്തുന്നതിന് ആർ.ഐ.ഡി.എഫ്-ൽ നിന്നും 59 ലക്ഷം രൂപ വകയിരുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

1. സ്റ്റേഷനിൽ ജലവിതരണ സംവിധാനം ഒരുക്കുക എന്ന ലക്ഷ്യത്തോടെയുള്ള പ്രസ്തുത പ്രവൃത്തി 3 മുഖ്യപ്രവൃത്തികളും 1 താൽക്കാലിക പ്രവൃത്തിയുമാക്കി വിഭജിച്ച് വ്യത്യസ്ത എസ്റ്റിമേറ്റുകൾ തയ്യാറാക്കി വ്യത്യസ്ത ടെണ്ടറുകൾ ക്ഷണിച്ച് വ്യത്യസ്ത സമയങ്ങളിൽ പ്രവൃത്തി ആരംഭിച്ചു. ആയതിനാൽ തന്നെ പ്രവൃത്തികളുടെ ഏകോപനം സാദ്ധ്യമല്ലാതെ വരികയും ഓഡിറ്റ് തീയ്യതിവരെ ഉദ്ദേശലക്ഷ്യത്തിനനുസരിച്ച് പൂർത്തീകരിച്ച് ജലവിതരണം ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ലാത്തതുമാണ്.

2. ക്യാമ്പസ്സിനുള്ളിലെ റോഡ് വർക്ക് ഫോർമേഷൻ, മരങ്ങൾ മുറിക്കൽ, വനം വകുപ്പിന്റെ അനുമതി തേടൽ തുടങ്ങിയ ജോലികൾ മുൻകൂട്ടി കാണാഞ്ഞതിനാൽ അനാവശ്യ കാലതാമസം നേരിടുകയും മുഖ്യ ജോലിയിൽ നിന്നും വ്യതിചലിച്ച് 32,000/- രൂപയുടെ ഒരു താൽക്കാലിക ജലവിതരണ സംവിധാനമൊരുക്കാൻ തീരുമാനിക്കുകയും ബി.ആർ.74/ 15-16/21-11-15 പ്രകാരം പാറ്റാനി എന്റർപ്രൈസസ് കൽപ്പറ്റയിൽ നിന്നും ക്വൊട്ടേഷനോ ടെണ്ടറോ ഇല്ലാതെ 1,09,250/- രൂപയുടെ 50mm X 6kg HDPE പൈപ്പുകൾ (950m) വാങ്ങുകയും 66,000/- രൂപയുടെ താൽക്കാലിക എസ്റ്റിമേറ്റ് പ്രകാരം ജോലി നൽകുകയും

ചെയ്തു.

**3.** (i) Supplying and laying water supply line within the campus- 10 lakhs -എഗ്രിമെന്റ് നം. 18/CE/14-15/27-2-15

(ii) Construction of well and de silting and deepening reservoir – 20 lakhs-എഗ്രിമെന്റ് നം. 2/CE/14-15/17-4-15.

(iii) Construction of pump house , construction of 2 Nos. G.L.Tank, laying water supply line within the campus- 29 lakhs. -എഗ്രിമെന്റ് നം.7/14-15/24-06-15

മേൽ മൂന്ന് പ്രവൃത്തികളും മൂന്ന് വ്യത്യസ്ത എസ്റ്റിമേറ്റുകൾ തയ്യാറാക്കി വ്യത്യസ്ത ടെണ്ടറുകൾ വിളിച്ച് കരാർ നൽകിയതാണ്. പ്രസ്തുത പ്രവൃത്തികൾ യഥാക്രമം 12% , 15% , 12.5% എന്നിങ്ങനെ എസ്റ്റിമേറ്റ് നിരക്കിനു മുകളിലുമാണ് നൽകിയത്. ഒന്നാമത്തെ പ്രവൃത്തി 2016 ആഗസ്റ്റ് മാസം വരെ നീണ്ടു പോകുകയും രണ്ടാമത്തെ പ്രവൃത്തിയും മൂന്നാമത്തെ പ്രവൃത്തിയും പൂർത്തീകരിക്കാതിരിക്കുകയും നാളിതുവരെ ഉദ്ദേശ്യ ലക്ഷ്യത്തിലെത്തിയിട്ടില്ലാത്തതുമാകുന്നു.

രണ്ടാമത്തെ പ്രവൃത്തി 45 ദിവസത്തെ പൂർത്തീകരണ കാലയളവ് കണക്കാക്കി 17/04/15 ന് കരാറിലേർപ്പെട്ട് 18/04/15-ന് കരാറുകാരന് സ്ഥലം കൈമാറി. എന്നാൽ സ്പെഷ്യൽ ഓഫീസർ, തിരുവാഴാംകുന്നിന്റെ കെ.വി.എ.എസ്.യു/പ്ലാനിംഗ്/2014-15 നമ്പർ റിപ്പോർട്ട് പ്രകാരം 06/05/15 വരെ യാതൊരു പ്രവൃത്തിയും ആരംഭിച്ചിട്ടില്ല എന്നും, കാലവർഷം തുടങ്ങിയാൽ പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാൻ ബുദ്ധിമുട്ടായിരിക്കും എന്ന് മുന്നറിയിപ്പ് നൽകിയതായും കാണുന്നു. 24/04/15 ന് കെ.വി.എ.എസ്.യു/ഐ.ഡി.ഡബ്ല്യൂ/ 1088/14 നമ്പർ കത്തു പ്രകാരം 29/04/15 നകം പ്രവൃത്തി നിർബന്ധമായും തുടങ്ങിയിരിക്കണമെന്ന് അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ-I, നോട് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർദ്ദേശിച്ചെങ്കിലും പ്രസ്തുത നിർദ്ദേശം പാലിക്കുകയോ തുടർ നടപടികൾ കൈക്കൊണ്ടതായോ കാണുന്നില്ല. തുടർന്ന് 10/06/15 ന് കരാറുകാരൻ കാലവർഷമായതിനാൽ പ്രവൃത്തി തുടങ്ങാൻ കഴിയില്ലായെന്നും 2016 മെയ് മാസം വരെ (ഒരു വർഷം കഴിഞ്ഞ്) പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ചു നൽകണമെന്നും അപേക്ഷ നൽകി. പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന് കാരണം, ചീഫ് എഞ്ചിനീയറുടെ നിർദ്ദേശം പാലിക്കാത്തതിനു കാരണം എന്നിവ വ്യക്തമല്ല. കൂടാതെ പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാതെ നിർത്തിവച്ച് 26/07/16 ന് ഫൈനൽ ബിൽ തുക നൽകിയതായി കാണുന്നു.

മേൽ പറഞ്ഞിരിക്കുന്ന ക്രമ നമ്പർ രണ്ട്, മൂന്ന് എന്നീ പ്രവൃത്തികളുടെ കാലതാമസം, പൂർത്തീകരിക്കാത്തതിന് കാരണം, ഇപ്പോഴത്തെ അവസ്ഥ എന്നിവ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

RIDF പോലുള്ള ഫണ്ടുകളുപയോഗിച്ച് വലിയ പദ്ധതികൾ ഏറ്റെടുത്തു നടപ്പാക്കുന്നതിൽ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ഗൗരമവമില്ലായ്മയും കാഴ്ചപ്പാടില്ലായ്മയും മേൽ പ്രവൃത്തികളിൽ പ്രതിഫലിക്കുന്നു. മേൽ പ്രവൃത്തി വിശകലനം ചെയ്യുന്നതിനും പ്രവൃത്തി പൂർത്തീകരിക്കുന്നതിനും അധിക ചെലവ് (താൽക്കാലിക പ്രവൃത്തി) വഹിക്കേണ്ടി വന്നതിനും ഉത്തരവാദിയായവർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടില്ല.സർവ്വകലാശാലയ്ക്ക് നഷ്ടം വരുത്തി വെച്ച ഈ പ്രവൃത്തി പൂർണ്ണമായും എഞ്ചിനീയറിംഗ് വിംഗിന്റെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. നിർമ്മാണ പ്രവൃത്തി പരിശോധിച്ച് ഉത്തരവാദിയായവർക്കെതിരെ നടപടികൾ

സ്വീകരിക്കുന്നതിന് മേൽ വിഷയം ഭരണ സമിതിയുടെയും ബഹു. വൈസ് ചാൻസലറുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-5. പദ്ധതി ധനം വകമാറ്റി ചെലവഴിച്ചു. 3,29,770/-രൂപ

16/05/2013-ലെ കെ.വി.എ.എസ്.യു/ഐ.ഡി.ഡബ്ല്യൂ/ജനറൽ/06/12 ഉത്തരവ് പ്രകാരം ഇ.എഫ്.സി ഫണ്ടിൽ നിന്നും 15,00,000/- രൂപ ലൈവ് സ്റ്റോക്ക് റിസർച്ച് സ്റ്റേഷൻ തിരുവാഴാംകുന്നിൽ ബോർവെൽ & വാട്ടർ സപ്ലൈ എന്ന പ്രവൃത്തിയ്ക്കായി വിനിയോഗിക്കുന്നതിന് അനുമതി നൽകി, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ-1 മണ്ണുത്തിയുടെ അക്കൗണ്ടിലേയ്ക്ക് മാറ്റിയിട്ടുണ്ട്. (അക്കൗണ്ട് നം. 67214808076) ചീഫ് എഞ്ചിനീയറുടെ പ്ലാൻ അക്കൗണ്ടിൽ നിന്നും ട്രാൻസ്ഫർ ചെയ്ത ടി തുക 17/05/2013-ൽ അക്കൗണ്ടിൽ ക്രഡിറ്റ് വന്നിട്ടുണ്ട്.

തുക ചെലവഴിച്ചതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വിവരണം | തുക | ചെക്ക് നം/തീയ്യതി |
|---|---|---|---|
| 1. | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന് നൽകിയത് | 1,90,408/- | 262054<br>22/7/14 |
| 2 | ഇലക്ട്രിക്കൽ വർക്കുകൾ ചെയ്തതിന് കോൺട്രാക്ടർക്ക് നൽകിയത്(റിക്കവറീസ് ഉൾപ്പടെ) | 1,03,700/- | 262098<br>01/01/2015 |
| 3 | ഇലക്ട്രിക്കൽ വർക്കുകൾക്ക് നൽകിയത് | 76,122/- | 262097<br>01/01/2015 |
| | **ആകെ** | **3,70,230/- രൂപ** | |

തുക അക്കൗണ്ടിൽ വന്ന് രണ്ട് വർഷം കഴിഞ്ഞതിനുശേഷമാണ് പ്രവൃത്തി നടന്നിട്ടുള്ളത്. പ്രവൃത്തിയുടെ പോരായ്മകൾ സംബന്ധിച്ച് **ഈ റിപ്പോർട്ട് ഖണ്ഡിക 3-4-ൽ** പ്രതിപാദിച്ചിട്ടുണ്ട്.

ടി പ്രവൃത്തിയ്ക്കായി അലോട്ട് ചെയ്ത തുകയിൽ ബാലൻസ് നിൽക്കുന്ന 11,29,770/- രൂപയിൽ 8,00,000/- രൂപ മാത്രമേ ചെക്ക് നം. 422494 / 31/03/2016 പ്രകാരം (സി.ബി.വി.നം.2/3/15-16) അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 67174220678 -നം. പ്ലാൻ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുള്ളൂ. 3,29,770/-രൂപ സെൽഫ് ചെക്ക് മുഖേന ഓഫീസിലെ മറ്റ് ചെലവുകൾക്കായി ഉപയോഗിച്ചിട്ടുണ്ട്. ബിൽ രജിസ്റ്ററിൽ ഈ ഓഫീസ് ചെലവുകളെല്ലാം 106-09-00014-7065 ഇ.എഫ്.സി.ഹെഡിൽ നിന്നും നടത്തുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം പദ്ധതി ധനം വകമാറ്റി ചെലവഴിച്ചത് ശരിയായ നടപടിക്രമമല്ല. കൂടാതെ ചെലവ് പൂർത്തീകരിച്ച് (1/2015-ന് ശേഷം) ഒരു വർഷത്തിന് ശേഷം മാത്രമാണ് ശേഷിച്ച തുക അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പ്ലാൻ അക്കൗണ്ടിലേയ്ക്ക് തിരിച്ചടച്ചിട്ടുള്ളത്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത 8 ലക്ഷം രൂപ ഫിനാൻസ് ഓഫീസറുടെ ഇ.എഫ്.സി അക്കൗണ്ടിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതും 3,29,770/- രൂപയുടെ ചെലവിന് ഫിനാൻസ് ഓഫീസിൽ നിന്നും ചെലവനുവാദം വാങ്ങേണ്ടതുമാണ്. മതിയായ

കാരണങ്ങളില്ലാതെ പദ്ധതിധനം യാതൊരു പ്രയോജനവുമില്ലാതെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ അക്കൗണ്ടിൽ സൂക്ഷിച്ചത് ഓഡിറ്റിൽ ഗൗരവമായി വീക്ഷിക്കുന്നു. ഈ വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-6. Productivity Enhancement of small holders live stock production system തുക ചെലവഴിച്ച് പദ്ധതി നടപ്പായില്ല . നഷ്ടം 10 ലക്ഷം രൂപ

വൈൽഡ് ലൈഫ് സ്റ്റഡീസ്

മേൽ പ്രോജക്ട് കോളേജ് ഓഫ് വെറ്ററിനറി & ആനിമൽ സയൻസസ്, മണ്ണുത്തിയിലെ എൽ.പി.എം ഡിപ്പാർട്ട്മെന്റിനായി നൽകിയതായിരുന്നു. ഇത് പിന്നീട് സെന്റർ ഫോർ വൈൽഡ് ലൈഫ് സ്റ്റഡീസ്, പൂക്കോടിനെ ഏൽപിച്ചു.

| | |
|---|---|
| മേൽ പ്രോജക്ടിനായി ലഭിച്ച തുകയുടെ വിവരം | |
| ചെക്ക് നം. 598529 - 9/9/16 | - 5,00,000/- |
| ചെക്ക് നം. 598535 – 29/9/16 | - 5,00,000/- |
| ആകെ വരവ് | - 10,00,000/- |
| ആകെ ചെലവ് | - 10,00,000/- |

**പ്രോജക്ടിന്റെ ലക്ഷ്യങ്ങൾ**

മുയൽ വളർത്തൽ, ഗ്രോബാഗ് പച്ചക്കറി യൂണിറ്റ്, മത്സ്യ കൃഷി, ബയോഗ്യാസ് യൂണിറ്റ് എന്നിവയുൾപ്പെട്ട 100 ചെറുകിട സംയോജിത ഉൽപ്പാദന യൂണിറ്റുകൾ സ്ഥാപിക്കുക എന്നതാണ് പ്രോജക്ട് ലക്ഷ്യം. ഇതിൽ 10 യൂണിറ്റുകൾ സ്ഥാപനത്തിലും 90 യൂണിറ്റുകൾ സ്ഥാപനത്തിനു പുറമെയുമാണ് സ്ഥാപിക്കേണ്ടത്. പ്രോജക്ടിലെ ഇൻപുട്ട്-ഔട്ട്പുട്ട് റേഷ്യോ പരിശോധിച്ച് ആയതിന്റെ സാമ്പത്തിക പ്രായോഗികത വിലയിരുത്താതെയാണ് പ്രോജക്ട് വിഭാവനം ചെയ്തിരിക്കുന്നത്.

**പദ്ധതി നടത്തിപ്പിലെ അപാകതകൾ**

**1.** വീടിരിക്കുന്ന സ്ഥലമല്ലാതെ സ്വന്തമായി വേറെ സ്ഥലമില്ലാത്ത, കല്പറ്റ നഗരസഭയിലുള്ള നാരങ്ങാക്കണ്ടി കോളനിയാണ് പ്രോജക്ട് നടത്തിപ്പിനായി തിരഞ്ഞെടുത്തത്. ചെറുകിട സംരംഭകർക്കും, കർഷകർക്കും മാതൃകയാക്കാനും പഠനത്തിനുമായി ഉപയോഗിക്കേണ്ടതായ പ്രസ്തുത പദ്ധതി, യാതൊരു അടിസ്ഥാന സൗകര്യങ്ങളുമില്ലാത്ത ഒരിടത്ത് നടപ്പിലാക്കാൻ ശ്രമിച്ചത് പദ്ധതി നടത്തിപ്പിന്റെ പ്രധാന പോരായ്മയായി ചൂണ്ടിക്കാണിക്കുന്നു. പദ്ധതി മേൽ കോളനിയിൽ നാളിതുവരെ നടപ്പാക്കാനായിട്ടുമില്ല.

**2.** മേൽ ആവശ്യത്തിനായി വാങ്ങിയ കൂടുകളും മറ്റും സർവ്വകലാശാല ആസ്ഥാനത്തുള്ള ഫാം പ്രദേശത്ത് സ്ഥിതി ചെയ്യുന്നു. ഈയിനത്തിൽ 4,16,000/-രൂപ ചെലവഴിച്ചിട്ടുണ്ട്.

**3.** ഈ പദ്ധതിയുടെ നിർവ്വഹണത്തിനായി 67 'ഐശ്വര്യ കോഴിക്കൂട്' യൂണിറ്റുകൾക്കായി 4,93,900/-

രൂപ ഇൻസ്ട്രക്ഷണൽ ലൈവ് സ്റ്റോക്ക് ഫാം കോംപ്ലക്സ്, പൂക്കോടിന് നൽകിയിട്ടുണ്ട്. കുട്ടകൾ നാളിതുവരെ വാങ്ങിയിട്ടില്ല.

**4.** പദ്ധതി നടപ്പാക്കാനുദ്ദേശിച്ചതിൽ വ്യത്യാസം വന്നിട്ടുണ്ടെങ്കിൽ പ്രോജക്ട് പുതുക്കി അംഗീകാരം വാങ്ങേണ്ടതായിരുന്നു. അത് ചെയ്തിട്ടില്ല.

**5.**പ്രോജക്ടിൽ പറഞ്ഞതിൻ പ്രകാരം 10 യൂണിറ്റുകൾ കോളേജ് ക്യാമ്പസിൽ ഓഡിറ്റ് തീയ്യതി വരെ നടപ്പാക്കിയിട്ടില്ല.

മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറി (നം.2/16-2-18) ക്ക് ലഭിച്ച മറുപടിയിൽ വളരെ പിന്നോക്കം നിൽക്കുന്ന നാരങ്ങാകണ്ടി കോളനി നിവാസികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുകയായിരുന്നു കോളനി തിരഞ്ഞെടുത്തതിലൂടെ ലക്ഷ്യമിട്ടതെന്നും ഈ പദ്ധതി നിലവിൽ പ്രസ്തുത കോളനിയിലെ ജനങ്ങളെ ഉൾപ്പെടുത്തി ഒരു സൊസൈറ്റി രൂപീകരിച്ച് സർവ്വകലാശാല ക്യാമ്പസിൽ നടപ്പാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുവെന്നും അതുവഴി തുടർച്ചയായ മേൽനോട്ടമുണ്ടാകുമെന്നതിനാൽ അവർക്ക് പ്രയോജനപ്പെടുമെന്നും അറിയിച്ചു.

2015-16 സാമ്പത്തിക വർഷം തുക മുഴുവൻ ചെലവഴിക്കുകയും നാളിതുവരെ നടപ്പാക്കാതിരിക്കുകയും ചെയ്ത ഈ പദ്ധതിക്കായി തെരെഞ്ഞെടുത്ത സ്ഥലം പോലും അനുയോജ്യമായിരുന്നില്ല. ആയതിനാൽ മേൽ പദ്ധതിക്കായി **<u>ചെലവഴിച്ച 10,00,000/- രൂപ താൽക്കാലികമായി തടസ്സത്തിൽ വയ്ക്കുന്നു.</u>** പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട മുഴുവൻ നടപടിക്രമങ്ങളും സർവ്വകലാശാല ഉന്നതാധികാര സമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## <u>3-7. ബേസ് ഫാം, കോലാഹലമേട്</u>
## <u>(a) കേരള വെറ്ററിനറി & ആനിമൽ സയൻസസ് ആക്ട് ഷെഡ്യൂൾ പ്രകാരമുള്ള ഭൂമി കൈമാറിയിട്ടില്ല.</u>

കെ.എൽ.ഡി ബോർഡിന്റെ കീഴിലുണ്ടായിരുന്ന കോലാഹലമേട് ബേസ് ഫാം കോംപ്ലക്സ് 84 ഹെക്ടർ സ്ഥലം ഡയറി സയൻസ് കോളേജ് തുടങ്ങുന്നതിനുവേണ്ടി കേരള കാർഷിക സർവ്വകലാശാലയ്ക്ക് കൈമാറുന്നതിന് 08/03/2000-ലെ ജി.ഒ.(എം.എസ്) 65/2000/ആർ.ഡി ഉത്തരവ് പ്രകാരം തീരുമാനിക്കുകയും തുടർന്ന് കാർഷിക സർവ്വകലാശാലയ്ക്കുണ്ടായ സാമ്പത്തിക പ്രതിസന്ധികൾ കാരണം ബേസ് ഫാം കോംപ്ലക്സ് വീണ്ടും കെ.എൽ.ഡി ബോർഡിന് തിരികെ നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. (ജി.ഒ(എം.എസ്)165/05.എ.ഡി.തീയ്യതി.16/11/2005,ജി.ഒ(എം.എസ്)13/2006/എ.ഡി.തീയ്യതി 25/02/2006 എന്നീ ഗവ. ഉത്തരവുകൾ പ്രകാരം)

എന്നാൽ 03/08/2009-ലെ ജി.ഒ(എം.എസ്) 138/2009/എ.ഡി.ഉത്തരവ് പ്രകാരം 84 ഹെക്ടർ സ്ഥലം കാർഷിക സർവ്വകലാശാല കെ.എൽ.ഡി ബോർഡിന് നൽകുവാനും, ഒരു വർഷത്തിനകം കോളേജ് തുടങ്ങുന്നതിന് വേണ്ടി ആവശ്യമായ സ്ഥലം കെ.എൽ.ഡി ബോർഡ് സർവ്വകലാശാലയ്ക്ക് അനുവദിച്ച് നൽകുവാനും, സർവ്വകലാശാല കോളേജ് തുടങ്ങാത്ത പക്ഷം സ്ഥലം തിരികെ കെ.എൽ.ഡി ബോർഡിന് നൽകുവാനും അവിടെ കെ.എൽ.ഡി ബോർഡ് ഒരു ഡയറി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങണമെന്നും

നിർദ്ദേശിച്ചു.

കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി ആക്ട് 2010 ന്റെ അനുബന്ധ ഷെഡ്യൂൾ പ്രകാരം കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ കിഴിലുണ്ടായിരുന്ന 20 സ്ഥാപനങ്ങൾ വെറ്ററിനറി യൂണിവേഴ്സിറ്റിയ്ക്ക് കൈമാറുകയും വെറ്ററിനറി സർവ്വകലാശാല നിലവിൽ വരുകയും ചെയ്തു. ഇതോടൊപ്പം 84 ഹെക്ടറുള്ള ബേസ് ഫാം കോലാഹലമേട്ടും വെറ്ററിനറി സർവ്വകലാശാലയ്ക്ക് കൈമാറി. 26/03/2014-ൽ ഇടുക്കി ജില്ലയിലെ കോലാഹലമേടിൽ കെ.എൽ.ഡി ബോർഡ് ആധുനിക ഡയറിഫാം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. കൃഷി മൃഗസംരക്ഷണ അച്ചടി വകുപ്പ് മന്ത്രിയുടെ ചേംബറിൽ ചേരുകയും 14.89 ഏക്കർ സ്ഥലം മാത്രം വെറ്ററിനറി സർവ്വകലാശാലയ്ക്ക് നൽകുവാൻ ധാരണയായി. 14.89 ഏക്കർ സ്ഥലവും അതിലെ സ്ഥാവര ജംഗമ വസ്തുക്കളുമൊഴികെ ബേസ് ഫാമിലെ ബാക്കി സ്ഥലം കെ.എൽ.ഡി ബോർഡിന്റെ കൈവശമാക്കി സംരക്ഷിക്കുവാനും യോഗം തീരുമാനിച്ചു. പ്രസ്തുത 14.89 ഏക്കർ ഭൂമിയിൽ അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി 44.89 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മാണം ആരംഭിച്ച്, പൂർത്തിയാക്കിയിട്ടില്ലാത്ത ഡയറി സയൻസ് കോളേജ് കെട്ടിടം സ്ഥിതി ചെയ്യുന്നു. 28/03/2017-ലെ വെറ്ററിനറി സർവ്വകലാശാലയുടെ 51-ാം മത് ബോർഡ് ഓഫ് മാനേജ്മെന്റിന്റെ തീരുമാനത്തിൽ ഡയറി സയൻസ് കോളേജ് തുടങ്ങുവാൻ തീരുമാനിച്ചു. എന്നാൽ ഡയറി സയൻസ് കോളേജ് തുടങ്ങുന്നതിന് തന്നെ 14 ഹെക്ടർ സ്ഥലം ആവശ്യമാണ്. കൂടാതെ സ്ഥാപനത്തിന്റെ വികസനം ലഭ്യമാക്കി വിജ്ഞാപന വ്യാപന വിപണന കേന്ദ്രം, ശാസ്ത്രീയമായി പശു പരിപാലനവുമായി ബന്ധപ്പെട്ട ട്രയിനിംഗ് സെന്റർ, പശു ജനുസ്സുകളെ സംരക്ഷിച്ച് പരിപാലിക്കുന്നതിനും പഠന വിധേയമാക്കുന്നതിനും വേണ്ടിയുള്ള ഹെറിറ്റേജ് ഫാം എന്നിവ ഈ പദ്ധതികൾക്കും പ്രദേശത്തിന്റെ സമഗ്ര വികസനത്തിനും നിലവിൽ പ്രവർത്തിച്ചു വരുന്ന കന്നുകാലി ഫാമും അതിനോടനനുബന്ധിച്ചുള്ള 65 ഏക്കർ സ്ഥലവും അത്യാവശ്യമാണ്. 26/03/2014-ൽ കൃഷിമന്ത്രിയുടെ ചേമ്പറിൽ വച്ചെടുത്ത തീരുമാന പ്രകാരം ആകെ 14.89 ഏക്കർ സ്ഥലം മാത്രമാണ് വെറ്ററിനറി യൂണിവേഴ്സിറ്റിയ്ക്ക് കൈമാറുവാൻ ധാരണയായിട്ടുള്ളത്. **ഇത് കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റി ആക്ട് 2010-ന് വിരുദ്ധമായിട്ടുള്ളതാണ്.** മേൽ സാഹചര്യത്തിൽ കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി നിയമം, 2010 പ്രകാരം വെറ്ററിനറി സർവ്വകലാശാലയ്ക്ക് കൈമാറിയിട്ടുള്ള 84 ഹെക്ടർ ഭൂമി, ഫാമിന്റെ സുഗമമായ പ്രവർത്തനങ്ങൾക്കായി പൂർണ്ണമായും ലഭിക്കുന്നതിനുള്ള സത്വര നടപടി സർവ്വകലാശാല ഭരണതലത്തിൽ സ്വീകരിക്കേണ്ടതും പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ഈ വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

**(b) ഡയറി കോളേജ് കെട്ടിട നിർമ്മാണം പാതിവഴിയിൽ**

ഇടുക്കി ജില്ലയിൽ ഒരു ഡയറി സയൻസ് കോളേജ് തുടങ്ങുന്നതിന് G.L.(MS) 289/97/AD, തീയ്യതി 3/11/1997 പ്രകാരം സർക്കാർ അനുമതി ലഭിക്കുകയും , മുകളിൽ സൂചിപ്പിച്ച 14.89 ഏക്കർ ഭൂമിയിൽ കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി 44.89 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മാണം ആരംഭിക്കുകയും ചെയ്തു. പാതി വഴിയിൽ ഉപേക്ഷിച്ച ഡയറി സയൻസ് കോളേജിനു വേണ്ടിയുള്ള കെട്ടിടം സ്ഥിതി ചെയ്യുന്നു. 28/04/2018 ന് ലഭ്യമാക്കിയ മറുപടി പ്രകാരം , നിർമ്മാണമാരംഭിച്ച് പാതിവഴിയിലായ പ്രസ്തുത കെട്ടിടത്തിൽ

മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട ഒരു അന്തർദേശിയ പരിശീലന കേന്ദ്രം ആരംഭിക്കുന്നതിനായി 1 കോടി രൂപ ഐ.ഡി.വിംഗിന് കൈമാറിയെന്നും 60% ത്തോളം പണി പൂർത്തീകരിച്ചുവെന്നും അറിയിച്ചു. കൂടാതെ ഡയറി സയൻസ് കോളേജ് , ഹോസ്റ്റൽ, ഡയറി പ്ലാന്റ് എന്നിവ ആരംഭിക്കുന്നതിനായി 2018-19 വർഷത്തിൽ സംസ്ഥാന പദ്ധതിയിനത്തിൽ 6 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും അറിയിച്ചു.

കെട്ടിടത്തിന്റെ പ്രവൃത്തി എത്രയും പെട്ടെന്ന് പൂർത്തിയാക്കാനുള്ള അടിയന്തര നടപടികൾ ത്വരിതപ്പെടുത്തുവാനും ഡയറി കോളേജ് എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനും സത്വര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 3-8. സി.ഡി.എസ്.ടി തിരുവനന്തപുരം- വാടക ചെലവ് സർവ്വകലാശാലയ്ക്ക് ബാധ്യത

01/09/2015-ന് പ്രവർത്തനമാരംഭിച്ച സി.ഡി.എസ്.റ്റി തിരുവനന്തപുരം, നിലവിൽ കരകുളം, ആറാം കല്ലിൽ കെൽട്രോൺ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. 14/09/2015-ന് കെൽട്രോണുമായി ഉണ്ടാക്കിയ കരാർ പ്രകാരം ഒരു സ്ക്വയർ ഫീറ്റിന് 25 രൂപ പ്രതിമാസ വാടക തോതിൽ സ്ഥാപനം ഉപയോഗിക്കുന്ന 7600 സ്വകയർ ഫീറ്റിന് 1,90,000/-രൂപ വാടകയിനത്തിൽ മാത്രം കെൽട്രോണിന് നൽകുന്നുണ്ട്. സേവന നികുതി, വൈദ്യുതി ബില്ല് എന്നിവ ഇതിനു പുറമെ അടവാക്കിവരുന്നു.

01/09/2015 മുതൽ 31/08/2016 വരെ വാടക, സർവ്വീസ് ടാക്സ് എന്നീ ഇനങ്ങളിൽ കെൽട്രോണിന് നൽകിയ തുക താഴെ പറയും പ്രകാരമാണ്.

വാടക അടവാക്കിയത് (01/09/2015 to 31/08/16)= 1,90,000x12 = 22,80,000/-

സേവന നികുതി 01/09/2015 to 30/11/15@14% നിരക്കിൽ = 79,800/-

(1,90,000x14/100x3)

1/12/2015 മുതൽ 31/08/16 വരെ

14.5% നിരക്കിൽ = 2,47,950/-

(1,90,000x14.5/100x9)

ആകെ = 26,07,750/-

============

31/08/2016-ന് ശേഷം വർഷംതോറും 10% വാർഷിക വർദ്ധനവ് അംഗീകരിച്ചു കൊണ്ട് രണ്ട് വർഷത്തേക്ക് കൂടി കരാർ പുതുക്കി നിലവിൽ സ്ഥാപനം പ്രവർത്തിച്ചുവരുന്നു. ഡയറി സയൻസ് ആന്റ് ടെക്നോളജിയിൽ ബി.ടെക് കോഴ്സിൽ മൂന്നു ബാച്ചുകളിലായി 68 വിദ്യാർത്ഥികളാണ് നിലവിൽ പഠിച്ചുവരുന്നത്. പഠനാവശ്യങ്ങൾക്ക് തന്നെ അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തമാണെന്നിരിക്കെ പാഠ്യേതര വിഷയങ്ങൾക്ക് സ്ഥലം ഒട്ടുംതന്നെ ലഭ്യമല്ലാത്ത അവസ്ഥയുണ്ട്. സമീപസ്ഥ സ്ഥലങ്ങളിൽ അതാതു സമയങ്ങളിൽ ലഭ്യമായ സൗകര്യം ഉപയോഗിച്ചാണ് പാഠ്യേതര ആവശ്യങ്ങൾ നിർവഹിക്കപ്പെടുന്നത്. ഐ.സി.എ.ആർ 2016 പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ഇപ്രകാരമുള്ള ഒരു കോളേജിന് അംഗീകാരം ലഭിക്കുവാൻ 14 ഹെക്ടർ സ്ഥലം സ്വന്തമായ കെട്ടിട നിർമ്മാണത്തിന് ആവശ്യമാണ്. അതോടൊപ്പം കുറഞ്ഞത്

16 ഹെക്ടർ സ്ഥലം കളിസ്ഥലമായും മറ്റ അനുബന്ധ സൗകര്യങ്ങൾക്കമായി അത്യാവശ്യമാണ്. സ്ഥലം ലഭ്യമാക്കുന്നതു സംബന്ധിച്ച് യാതൊരു നടപടിയും ഉണ്ടായിട്ടില്ലെന്ന് ഓഡിറ്റ് വേളയിൽ അറിയാൻ കഴിഞ്ഞു. അടിയന്തിരമായി കെട്ടിട സ്ഥല സൗകര്യങ്ങൾ ലഭ്യമാക്കാത്ത പക്ഷം ഭാവിയിൽ സ്ഥാപനത്തിന്റെ നിലനിൽപ്പുതന്നെ അവതാളത്തിലാകുന്നതാണ്. വാടക അനുബന്ധ ചെലവ് ഇനത്തിൽ ഭീമമായി ബാധ്യത വഹിച്ചുകൊണ്ടാണ് നിലവിൽ സ്ഥാപനത്തിന്റെ പ്രവർത്തനം മുന്നോട്ടു നീങ്ങുന്നത്.

## 3-9. ഐ.യു.എം.എസ്. പ്രവർത്തനസജ്ജമല്ല.

19/2/2012 തീയ്യതിയിലെ 7-ാമത് ബോർഡ് ഓഫ് മാനേജ്മെന്റ് യോഗതീരുമാനപ്രകാരം സർവകലാശാലയിൽ ഐ.യു.എം.എസ് നടപ്പാക്കുന്നതിനായി കെൽട്രോണിനെ സെലക്ട് ചെയ്തു. കെൽട്രോൺ ടെക്നിക്കൽ ടീമായി എക്സ്പീഡിയൻ - ഇ - സൊല്യൂഷൻസ് ലിമിറ്റഡിനെ തെരെഞ്ഞെടുത്ത മാനദണ്ഡം എന്താണെന്ന് വ്യക്തമല്ല. ഇംപ്ലിമെന്റേഷൻ ടീം ലീഡർ ആയി ഡോ.പി.സുധീർ ബാബു, അസോസിയേറ്റ് പ്രൊഫസറെ രജിസ്ട്രാറുടെ 13/2/2013 തീയ്യതിയിലെ ജി.എ./എ/402/2013 പ്രകാരം നിയമിച്ചു.

ഐ.യു.എം.എസ് നടപ്പാക്കുന്നതിന് കെൽട്രോണിന്റെ പുതുക്കിയ കമേഴ്സ്യൽ പ്രൊപ്പോസൽ പ്രകാരം ഫേസ് I ന്റെ പ്രൊക്യൂർമെന്റ് ഓഫ് സോഫ്റ്റ് വെയറിന് 1,99,82,559/- രൂപയും ഡിപ്ലോയ്മെന്റിനായി 31,46,080/- രൂപയും നിശ്ചയിക്കുകയും ജി.ഒ.(ആർ.ടി) നമ്പർ 391/2013/എ.ഡി തീയ്യതി 8/3/2013 പ്രകാരം ഭരണാനുമതി ലഭിക്കുകയും ചെയ്തു. 25/3/2013 ന് മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ് ഒപ്പിടുകയും 26/3/2013 ന് വർക്ക് ഓർഡർ നൽകുകയും ചെയ്തു. ജോലി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഒന്നാം ഘട്ടത്തിന് താഴെ പറയുന്ന രീതിയിൽ തുക നല്കി.

| ക്രമ നമ്പർ | ചെക്ക് നം/ ഡി.ഡി.നം/തീയ്യതി | സോഫ്റ്റ് വെയർ | ശതമാനം | ഡിപ്ലോയ്മെന്റ് | ശതമാനം |
|---|---|---|---|---|---|
| 1 | 29953/7.5.2013 | 79,93,024 | 40 | | |
| 2 | 29953/7.5.2013 | | | 6,29,216 | 20 |
| 3 | 889012/12.7.2013 | 69,93,896 | 35 | | |
| 4 | 775597/12.12.2013 | | | 12,58,432 | 40 |
| 5 | 775597/12.12.2013 | 19,98,256 | 10 | | |
| 6 | 775597/12.12.2013 | | | 3,14,608 | 10 |
| 7 | 540363/8.4.2014 | 15,98,604 | 8 | | |
| 8 | 540363/8.4.2014 | | | 3,14,608 | 10 |
| 9 | 540363/8.4.2014 | | | 94,382 | 3 |
| 10 | 122686/7.11.2014 | 7,77,181 | | | |
| 11 | 606722/20.1.2015 | 6,21,598 | 7 | 5,34,834 | 17 |

| | | | | | |
|---|---|---|---|---|---|
| | **ആകെ** | **1,99,82,559** | | **31,46,080** | |

ഐ.യു.എം.എസിന്റെ രണ്ടാം ഘട്ടത്തിന് 88,00,000/- രൂപയും വീഡിയോ കോൺഫറൻസിംഗിനും വെർച്വൽ ക്ലാസ്സ് സിസ്റ്റത്തിനും കൂടി 77,33,492/- രൂപയും കരാറിലേർപ്പെട്ടു.

ഇംപ്ലിമെന്റേഷൻ ഓഫ് ഇന്റഗ്രേറ്റഡ് യൂണിവേഴ്സിറ്റി മാനേജ്മെന്റ് സിസ്റ്റം (ഐ.യു.എം.എസ്) **ഫേസ് II**-നുവേണ്ടി ആകെ 87,78,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് കോസ്റ്റ് 88,00,000/- നിശ്ചയിച്ച പ്രസ്തുത പ്രവർത്തിയ്ക്കുവേണ്ടി കെൽട്രോണുമായി 2014-മാർച്ച് 31ന് കരാർ ഉടമ്പടി വച്ചിരുന്നു. ആയത് പ്രകാരം താഴെ കാണിച്ച വിധമാണ് തുക ചെലവഴിക്കേണ്ടിയിരുന്നത്

| | |
|---|---|
| എസ്.ആർ.എസ് സമർപ്പിച്ചാൽ പ്രോജക്ട് കോസ്റ്റിന്റെ | -30% |
| സിസ്റ്റം ഇൻസ്റ്റലേഷനു ശേഷം | - 50% |
| യു.എ.റ്റി പൂർത്തീകരിച്ചതിനുശേഷം | - 15% |
| മുഴുവൻ പ്രവർത്തിയും പൂർത്തികരിച്ചതിനുശേഷം | - 5% |

ചെലവിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ചെക്ക് നം. 221370 തീയ്യതി 20/02/2015 | - 26,33,400/- |
| ചെക്ക് നം. 221448 തീയ്യതി 21/07/15 | - 43,89,000/- |
| ചെക്ക് നം. 910499 തീയ്യതി 11/12/15 | - 13,16,700/- |
| ചെക്ക് നം. 910499 തീയ്യതി 11/12/15 | - 4,38,900/- |
| ആകെ | ----------- |
| | 87,78,000/- |

എന്നാൽ ഐ.യു.എം.എസ് നാളിതുവരെയും പ്രവർത്തന സജ്ജമായിട്ടില്ല എന്നാണ് വ്യക്തമാകുന്നത്. 14/12/2015 ന് പ്രൊഫസർ & ഹെഡ്, യു.എൽ.എഫ് & എഫ്.ആർ.ഡി.എസ് -ന്റെ പരാതി പ്രകാരം ഡി.എ.കുടിശ്ശിക, ഇരട്ടവേതനം, ശമ്പള വർദ്ധനവ്, പി.എഫ്.ലോൺ, ഓണം അഡ്വാൻസ് റിക്കവറി, ജി.പി.എ.ഐ.എസ്....തുടങ്ങിയ വിവരങ്ങൾ ഐ.യു.എം.എസ്- ൽ ചെയ്യുന്നതിന് കഴിയുന്നില്ല എന്ന് മനസ്സിലാക്കാൻ സാധിക്കും. കോളേജ് ഓഫ് ഡയറി സയൻസസ് & ടെക്നോളജി സ്പെഷൽ ഓഫീസറുടെ 16/02/16-ലെ Acdl/40/2015 നമ്പർ കത്തിലും ഐ.യു.എം.എസ് പ്രവർത്തന രഹിതമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട് .

മേൽ ചെലവിനു പുറമെ കസ്റ്റമൈസേഷൻ ചാർജജ്ജിനത്തിൽ 51,15,392/- രൂപ, ഡാറ്റാ എൻട്രിക്കായി 7,09,008/- രൂപ, ഹാൻഡ് ഹോൾഡിംഗിന് 8,98,880/- രൂപ എന്നിവ കൂടി ചെലവഴിച്ചതിന് ഭരണാനുമതിയും വിശദീകരണവും ലഭ്യമാക്കേണ്ടതാണ്. 17/7/20104 ലെ വൈസ് ചാൻസലർ അദ്ധ്യക്ഷനായ മീറ്റിംഗിൽ ഒന്നാം

ഘട്ടം 31/7/2014 ന് മുമ്പായി തീർക്കണമെന്ന് നിർദ്ദേശിച്ചെങ്കിലും നടപ്പായില്ല.

ഐ.യു.എം.എസ് പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതും നിലവിലെ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-10. Hatchery Waste Disposal Plant പ്രവർത്തന സജ്ജമല്ല

**സെന്റർ ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ പൗൾട്രി സയൻസി**ലെ അസി. പ്രൊഫസർ ഡോ.എസ്. ഹരികൃഷ്ണൻ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്ററായി കോഴി ഫാമുകളിലെ അവശിഷ്ടം സൗരോർജ്ജത്താൽ പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ ഉപയോഗിച്ച് ജൈവവളമാക്കി സംസ്കരിച്ചെടുക്കുന്നതിനുള്ള ഒരു പ്രോജക്ട് വിഭാവനം ചെയ്തിരുന്നു. 15 ലക്ഷം രൂപ 2015-16 -ലെ പദ്ധതി വിഹിതത്തിൽ നിന്നും വകയിരുത്തിയ ഈ പദ്ധതിക്കായി (ഭരണാനുമതി നം. കെ.വി.എ.എസ്.യു/ ഡി.എ.ആർ / ആർ.4/ 13046/2014 തീയ്യതി 27/11/2015 ) താഴെ പറയുന്ന തുക ചെലവഴിച്ചിട്ടുണ്ട്.

| ആവശ്യം | തുക |
|---|---|
| രാസവസ്തുക്കൾ | 80,769 |
| യന്ത്രസാമഗ്രികൾ | 5,00,000 |
| സോളാർ യൂണിറ്റ് | 6,00,000 |
| റീഏജന്റ് ലഭ്യമാക്കുന്നതിനായി കാർഷിക സർവ്വകലാശാലയ്ക്ക് നൽകിയത് | 2,00,000 |
| മറ്റ് ചെലവുകൾ | 29,321 |
| **ആകെ** | **14,10,090** |

കോഴി ഫാമുകളിൽ നിന്നുള്ള അവശിഷ്ടങ്ങളെ ജൈവവളമാക്കി സംസ്കരിക്കുന്നതിന് കേരള കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്ത ചെലവ് കുറഞ്ഞ സാങ്കേതിക വിദ്യ ഉപയോഗിച്ചാണ് ഈ പ്രോജക്ടിന്റെ നടത്തിപ്പ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതിനായി കാർഷിക സർവ്വകലാശാലയുമായി 15/12/2016-ൽ ധാരണാപത്രം ചമച്ചിട്ടുണ്ട്. മേൽ പറഞ്ഞ സംവിധാനം വികസിപ്പിച്ചെടുക്കുന്നതിൽ കാർഷിക സർവ്വകലാശാലയുടെ പങ്കാളി ആയിരുന്ന M/s. En Gen Dealers and Consultants, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നും സോളാർ യൂണിറ്റ് ഉൾപ്പെടെയുള്ള യന്ത്രസാമഗ്രികൾ വാങ്ങി വെറ്ററിനറി സർവ്വകലാശാലയുടെ മണ്ണുത്തി കാമ്പസിൽ സ്ഥാപിച്ചിട്ടുണ്ടെങ്കിലും പ്രവർത്തന സജ്ജമായിട്ടില്ല. മേൽ പറഞ്ഞ സംസ്കരണത്തിന് ആവശ്യമായ Reagent കാർഷിക സർവ്വകലാശാലയിൽ നിന്നും ലഭ്യമാകാത്തതാണ് കാരണം എന്ന് പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ വ്യക്തമാക്കുകയുണ്ടായി. {Reagent ലഭിക്കുന്നതിനായി കാർഷിക സർവ്വകലാശാലക്ക് 2,00,000/-രൂപ വൗച്ചർ നം.55/9-16 (ചെക്ക് നം. 961065 തീയ്യതി 14/02/2017) പ്രകാരം നൽകിയിട്ടുണ്ട്} . പ്രോജക്ടിന്റെ പ്രവർത്തനം തുടങ്ങുന്നതിലുള്ള കാലതാമസം, സ്ഥാപിച്ച യന്ത്രസാമഗ്രികൾ

ഉപയോഗം തുടങ്ങുന്നതിന് മുമ്പേതന്നെ കാലഹരണപ്പെടുന്നതിന് ഇടയാക്കിയേക്കാം. കൂടാതെ ഈ പദ്ധതിക്കായി വാങ്ങിയിരിക്കുന്ന 80,769/- രൂപയുടെ രാസവസ്തുക്കൾ നശിച്ചുപോവുന്നതിനുള്ള സാധ്യതയും ഉണ്ട്. ആയതിനാൽ കാർഷിക സർവ്വകലാശാലയിൽ നിന്നും ലഭ്യമാക്കേണ്ട reagent ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തി, പതിനാല് ലക്ഷത്തിലധികം രൂപ ചെലവഴിച്ച ഈ പ്രോജക്ട് ഫലപ്രാപ്തിയിലെത്തിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് സർവ്വകലാശാലാ അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-11. ക്യാമ്പ് ഹൗസ് പ്രവർത്തനം- ലക്ഷങ്ങൾ പാഴാക്കുന്നു.

26/11/2012 തീയ്യതിയിലെ സർവ്വകലാശാലയുടെ ബോർഡ് ഓഫ് മാനേജ്മെന്റ് യോഗത്തിൽ തീരുമാനം നമ്പർ 2.3 പ്രകാരം യൂണിവേഴ്സിറ്റിയിൽ സ്റ്റാഫ് ക്വാർട്ടേഴ്സ് പണി പൂർത്തീകരിക്കുന്നതുവരെ സ്റ്റാഫിന് താമസാവശ്യത്തിനായി ഒരു ക്യാമ്പ് ഹൗസ് സർവകലാശാല ആസ്ഥാനത്തിനടുത്ത് വാടകയ്ക്കെടുക്കുന്നതിനായി തീരുമാനിച്ചു. അഡ്വാൻസ് വാടക നല്കരുതെന്നും വാടക യോഗ്യനായ എഞ്ചിനീയർ നിശ്ചയിക്കുമെന്നും പറഞ്ഞിരുന്നു. ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരം ഏപ്രിൽ 2013 മുതൽ ഒക്ടോബർ 2013 വരെ പ്രതിമാസം 30000/- രൂപ തോതിൽ ശ്രീ.കെ.ഇബ്രാഹിം , കണ്ടിലേരി വീട്, കണ്ടിലേരി നഗർ, കൽപറ്റ എന്നിവരിൽ നിന്നും ഒരു വീട് വാടകയ്ക്ക് എടുത്തിരുന്നു. ഇതിന്റെ വാടക നിശ്ചയിച്ചതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല. 27/07/13 തീയ്യതിയിലെ അസിസ്റ്റന്റ് എഞ്ചിനീയർ-1,ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് വിഭാഗം, പൂക്കോടിന്റെ Expression of Interest (EOI) നോട്ടീസിന് മറുപടിയായി ശ്രീ. മാണി. സി.ജെ, ചാത്തൻ ചിറയിൽ വീട്, പുൽപ്പള്ളി എന്നയാൾ തന്റെ കൽപ്പറ്റ നഗരസഭയിലുള്ള XIV/310,WARD.XVIII എന്ന വീട് സർവ്വകലാശാലയ്ക്ക് ഗസ്റ്റ് ഹൗസായി

പ്രവർത്തിക്കുന്നതിന് പ്രതിമാസം 14500/-രൂപ നിരക്കിൽ നൽകുന്നതിന് തയ്യാറായി. 01/11/13 ൽ എഗ്രിമെന്റിൽ ഏർപ്പെട്ടു. ക്യാമ്പ് ഹൗസ് പുതിയ ബിൽഡിംഗിലേക്ക് ഷിഫ്റ്റ് ചെയ്യുന്നയിനത്തിൽ ചെക്ക്. നം. 496016/15-11-13 പ്രകാരം 50000/- രൂപ ചീഫ് എഞ്ചിനീയർ, ഐ.ഡി വിംഗ് പൂക്കോടിന് നൽകിയതായി കാണുന്നു. പ്രസ്തുത തുക അപര്യാപ്തമാണെന്നും മറ്റ് അനാമത്ത് പണികൾക്കും

വാങ്ങലുകൾക്കുമായി 1 ലക്ഷം രൂപ കൂടി ആവശ്യമാണെന്ന് 4/11/2013 ലെ അസിസ്റ്റന്റ് എഞ്ചിനീയർ-1 ന്റെ നോട്ടിൽ കാണുന്നു. 1/11/14 മുതൽ 10% (രണ്ടു വർഷത്തേക്ക്) വർദ്ധനവിൽ പ്രതിമാസം 15588/- രൂപയും 01/11/16 മുതൽ 17147/- രൂപയുമാണ് വാടകയിനത്തിൽ നൽകിവരുന്നത്.

ഓഡിറ്റ് കാലയളവിലെ പ്രസ്തുത ഗസ്റ്റ് ഹൗസിന്റെ പ്രതിമാസ ചെലവ് പരിശോധിച്ചതിൽ ഡിസംബർ 2015 -ലെ ചെലവ് ഉദാഹരണമായി ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | ചെലവ് |
|---|---|---|
| 1 | ബിൽഡിംഗ് വാടക | 15588 |
| 2 | കുക്ക്/കെയർ ടേക്കറുടെ വേതനം | 17000 |

| | | |
|---|---|---|
| 3 | സ്വീപ്പർ വേതനം | 3000 |
| 4 | സെക്യൂരിറ്റി ജീവനക്കാർ വേതനം | 12400 |
| 5 | ലാന്റ് ഫോൺ ബിൽ | 1711 |
| 6 | ഇലക്ട്രിസിറ്റി ബിൽ | 1123 |
| 7 | ദിനപത്രങ്ങൾ | 1110 |
| 8 | മെയിന്റനൻസ് /റിപ്പയർ | ഇല്ല |
| | **ആകെ** | **51932** |

നിലവിൽ സർവ്വകലാശാല ക്യാമ്പസ്സിൽ വിശിഷ്ടാതിഥികൾക്ക് താമസത്തിനായി ഒരു ഗസ്റ്റ് ഹൗസ് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഉദ്യോഗസ്ഥർക്ക് താമസത്തിനായി Type II ക്വാർട്ടേഴ്സും നിർമ്മാണം പൂർത്തിയായി താമസത്തിന് നൽകിവരുന്നുണ്ട്. 26/11/2012 -ലെ ബോർഡ് ഓഫ് മാനേജ്മെന്റ് തീരുമാനപ്രകാരം ക്യാമ്പസ്സിൽ ഒരു ഗസ്റ്റ് ഹൗസും ജീവനക്കാർക്ക് ക്വാർട്ടേഴ്സുകളും ലഭ്യമാക്കിയ സാഹചര്യത്തിൽ, പ്രതിമാസം ഇത്രയും ഭീമമായ തുക ഗസ്റ്റ് ഹൗസ് വാടകയിനത്തിൽ ചെലവഴിക്കുന്നത് അംഗീകരിക്കാനാവില്ല. പ്രസ്തുത ഗസ്റ്റ് ഹൗസിൽ താമസിക്കുന്നവരുടെ വിവരങ്ങൾ അടങ്ങിയ ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കുകയോ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ലഭ്യമായ വിവരങ്ങൾ അനുസരിച്ച് ചുരുങ്ങിയ ദിവസങ്ങളിൽ മാത്രമാണ് പ്രസ്തുത ഗസ്റ്റ് ഹൗസ് താമസത്തിനായി പ്രയോജനപ്പെടുത്തുന്നത്.

മേൽ സാഹചര്യത്തിൽ സർവ്വകലാശാലയ്ക്ക് വൻ സാമ്പത്തിക ബാദ്ധ്യത വരുന്ന കൽപ്പറ്റയിലുള്ള ഗസ്റ്റ് ഹൗസ് തുടരണമോ അതോ ആകസ്മികമായി വരുന്ന സന്ദർശകർക്ക് താമസത്തിനായി പകരം സംവിധാനങ്ങൾ ഏർപ്പെടുത്തണമോ എന്ന കാര്യം പരിശോധിക്കേണ്ടതാണ്. ഈ വിഷയത്തിൽ ബോർഡ് ഓഫ് മാനേജ്മെന്റിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-12. ആർകിടെക്ട് കൺസൾട്ടന്റിന്റെ ചുമതലയിലെ വീഴ്ച -നിർമ്മാണം തടസ്സപ്പെട്ടു.

സർവ്വകലാശാല കാമ്പസ്സിലെ വിവിധ നിർമ്മാണ പ്രവൃത്തികളുടെ ആർക്കിടെക്ട് കൺസൾട്ടന്റ് ആയി "ക്ലിം ആർട്ട് (പ്രൈ) ലിമിറ്റഡ്, ബാംഗ്ലൂർ" എന്ന സ്ഥാപനത്തെ നിയമിക്കുകയുണ്ടായി. (ഫയൽ കെ.വി.എ.എസ്.യു/ ഐ.ഡി ഡബ്ല്യൂ /ജനറൽ /14/2012.)

സ്ഥാപനവുമായി ഏർപ്പെട്ടിട്ടുള്ള മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ് പ്രകാരം സർവ്വകലാശാലാ ഭൂമിയിലെ നിർമ്മാണങ്ങൾക്ക് വേണ്ട എല്ലാവിധ അനുമതികളും ലഭ്യമാക്കേണ്ടത് (മിനിസ്ട്രി ഓഫ് എൻവയേൺമെന്റ് & ഫോറസ്റ്റ് വകുപ്പിൽ നിന്നുൾപ്പെടെ) ഇവരുടെ ഉത്തരവാദിത്വമാണ്. ഖണ്ഡിക 2.1-ൽ ഇത് വളരെ വ്യക്തമായി പറയുന്നുണ്ട്.

എന്നാൽ 2015-ൽ കാമ്പസിലെ അക്കാദമിക് ബ്ലോക്കുകളുടെ നിർമ്മാണം കോടതി വിധിയെത്തുടർന്ന്

വനം വകുപ്പ് തടഞ്ഞത് ; നിക്ഷിപ്ത വനഭൂമി ആയ കാമ്പസിൽ ആദിവാസി ക്ഷേമേതര പ്രവൃത്തികൾക്ക് മിനിസ്ട്രി ഓഫ് എൻവയേൺമെന്റ് & ഫോറസ്റ്റിൽ നിന്ന് അനുമതി വാങ്ങിയില്ല എന്ന കാരണത്താലാണ്. ഈ അനുമതി വാങ്ങേണ്ടത് ആർക്കിടെക്ട് കൺസൾട്ടന്റിന്റെ ചുമതലയായിരുന്നിട്ടും ആർക്കിടെക്ടിനെതിരെ ഇതുവരെ യാതൊരു നിയമ നടപടിയും സ്വീകരിച്ചിട്ടില്ല.

അക്കാദമിക് ബ്ലോക്ക് നിർമ്മാണം തടസ്സപ്പെടുത്തിയതുമൂലം സർവ്വകലാശാലയ്ക്ക് വന്നിട്ടുള്ള നഷ്ടം ആർക്കിടെക്ട് കൺസൾട്ടന്റിൽ നിന്ന് കരാർ വ്യവസ്ഥ പ്രകാരം ഈടാക്കേണ്ടതാണ്.

തുടർന്ന് ശേഷിക്കുന്ന സേവന പ്രതിഫലം സ്ഥാപനത്തിന് നൽകുന്നതുമായി ബന്ധപ്പെട്ട് സർവ്വകലാശാല സ്റ്റാന്റിംഗ് കൗൺസലിന്റെ നിയമോപദേശത്തിന്മേൽ ഓഡിറ്റിനോട് അഭിപ്രായം ആവശ്യപ്പെടുകയും ആയതിന്മേൽ ബഹു. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ , ഓഡിറ്റ് വകുപ്പിന്റെ നിയമോപദേശം അറിയിക്കുകയും ചെയ്തു. കരാർ വ്യവസ്ഥ 2.1.2 പ്രകാരം നിർമ്മാണം തടസ്സപ്പെട്ടതിന് ഉത്തരവാദിത്തം ആർക്കിടെക്ട് കൺസൾട്ടന്റ് ആയ "ക്ലിം ആർട്ട് (പ്രൈ) ലിമിറ്റഡ്, ബാംഗ്ലൂർ" , ന് ആണെന്നും ആകയാൽ സേവന പ്രതിഫലം അനുവദിക്കുന്നത് ക്രമപ്രകാരമല്ല എന്നും അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ അക്കാഡമിക്ക് ബ്ലോക്ക് നിർമ്മാണവുമായി ബന്ധപ്പെട്ട് സർവ്വകലാശാലയ്ക്കുണ്ടായ നഷ്ടം തിട്ടപ്പെടുത്തി ആർക്കിടെക്ട് കൺസൾട്ടന്റിൽ നിന്നും ഈടാക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-13 . ഫിസിയോളജിക്കൽ മോണിട്ടറിംഗ് വിത്ത് വയർലെസ്സ് റിമോട്ട് ആക്സസ് വാങ്ങൽ നടപടിക്രമങ്ങളിലെ പാളിച്ചകൾ:-

**കോവാസ് മണ്ണുത്തി.**

2014-15 വർഷം സെന്റർ ഫോർ അനിമൽ അഡാപ്റ്റേഷൻ ടു എൻവയൺമെന്റ് & ക്ലൈമറ്റ് ചേഞ്ച് സ്റ്റഡീസ് എന്ന ഡിപ്പാർട്ട്മെന്റ് നടപ്പാക്കിയ പദ്ധതി ചെലവുകൾ പരിശോധിച്ചതിൽ, “ഫിസിയോളജിക്കൽ മോണിട്ടറിംഗ് വിത്ത് വയർലെസ്സ് റിമോട്ട് ആക്സസ് (1 യൂണിറ്റ്)” വാങ്ങുന്നതുമായി ബന്ധപ്പെട്ട് ധാരാളം ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ടി ഉപകരണം വാങ്ങുന്നതിനായി താഴെപ്പറയും പ്രകാരം 45,35,194/- രൂപ ചെലവഴിച്ചിട്ടുണ്ട്.

| വൗച്ചർ നം. | തുക | ഫണ്ട് വിവരം | ചെക്ക് നം. /തീയ്യതി |
|---|---|---|---|
| 1. സി.ബി.വി നം. 4/10-14-15 | 41,00,000/- | ഇ.എഫ്.സി ഗ്രാന്റ് | (ആർ.റ്റി.ജി എസ് പെയ്മെന്റ് 19/10/2014) |
| 2 സി.ബി.വി നം. 1/6-15-16 | 4,35,194/- | സംസ്ഥാന പദ്ധതി വിഹിതം | ചെക്ക് നം. 488268 23/06/15 |
| **ആകെ** | **45,35,194/-** | | |

41,00,000/- രൂപ എക്യുപ്മെന്റിന്റെ വിലയിനത്തിൽ "മനു ക്രിയേഷൻസ്, സുഭാഷ് നഗർ, തൃശ്ശൂർ " എന്ന സ്ഥാപനത്തിനും 4,35,194/- രൂപ ക്ലിയറൻസ്, ഇൻസ്റ്റലേഷൻ ചാർജ്ജ്, ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് എന്നിവയ്ക്കായി "ജി.സ്പെക്ട്രം, കൊച്ചിൻ" എന്ന സ്ഥാപനത്തിനും നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ

ചേർക്കുന്നു.

**1. കോളേജ് ഓഫീസ് പൂക്കോടിന്റെ ഹെഡ്ഡ് ഓഫ് അക്കൗണ്ടിൽ നിന്നും തുക ചെലവഴിച്ചു.**

1/10/2014-ലെ ഫിനാൻസ് ഓഫീസറുടെ കെ.വി.എ.എസ്.യു/ എഫ്.ഡബ്യൂ/എ.എഫ്.ഒ 111 /1024/2012-ാം നമ്പർ ഓഫീസ് നടപടിക്രമങ്ങൾ പ്രകാരം ടി തുക 114-89-0014-7105 എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കാനാണ് നിർദ്ദേശിച്ചിരുന്നത്. എന്നാൽ തുക ചെലവഴിച്ചിട്ടുള്ളത് 111-89-0014-7054 ഇക്യൂപ്മെന്റ്സ് എന്ന ശീർഷകത്തിൽ നിന്നുമാണ്. 2015-16 വർഷത്തെ സർവ്വകലാശാലയുടെ ബജറ്റ് എസ്റ്റിമേറ്റിൽ, 2014-15 വർഷത്തെ റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം 111-89-0014-7054 ശീർഷകത്തിൽ തുക വകയിരുത്തിയിട്ടില്ല. അടിയന്തരമായ സാഹചര്യങ്ങളിലൊഴികെ, ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും ചെലവഴിക്കാൻ പാടുള്ളതല്ല. കൂടാതെ 111 നമ്പറിൽ തുടങ്ങുന്ന ഹെഡ്ഡ് ഓഫ് അക്കൗണ്ടുകളെല്ലാം കോളേജ് ഓഫീസ് പൂക്കോടിന്റെ അക്കൗണ്ടുകളാണ്. കോളേജ് ഓഫീസ് മണ്ണുത്തിയുടെ ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും (114 തുടങ്ങുന്ന ഹെഡ്ഡുകൾ) തുക ചെലവഴിക്കാൻ നിർദ്ദേശം

നൽകിയിട്ടും മേൽപ്പറഞ്ഞ പ്രകാരം ബജറ്റിൽ മതിയായ തുക വകയിരുത്തിയിട്ടില്ലാഞ്ഞിട്ടും പ്രസ്തുത സ്റ്റേഷന്റേതല്ലാത്ത ഹെഡ്ഡിൽ നിന്നും തുക ചെലവഴിച്ചത് സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്.

**2.ടെണ്ടർ നോട്ടീസ് ഫയലിനൊപ്പം ലഭ്യമാക്കിയില്ല:-**

പ്രസ്തുത വാങ്ങലുമായി ബന്ധപ്പെട്ട് ടെണ്ടർ ക്ഷണിച്ചുകൊണ്ടുള്ള നോട്ടീസ് (04/02/2014-ലെ കെ.വി.എ.എസ്.യു/ എം.ഇ.സെൽ/2/2013-14-ാം നമ്പർ ) ഫയലിനൊപ്പം ഹാജരാക്കിയില്ല.
എക്യൂപ്മെന്റ് പർച്ചേസുമായി ബന്ധപ്പെട്ട സ്പെസിഫിക്കേഷൻ, ടെണ്ടർ സമർപ്പിക്കേണ്ട സമയം,മറ്റ് വിവരങ്ങൾ എന്നിവ പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

**3. ഡെലിവറി, ഇൻസ്റ്റലേഷൻ ചാർജ്ജിനത്തിൽ, 4,35,194/- രൂപയുടെ അധിക ചെലവ്:-**

22/04/2014-ലെ റ്റി.സി.ആർ /എം.സി/0232/2-ാം നമ്പർ കത്ത് പ്രകാരം മന ക്രിയേഷൻസ്, സുഭാഷ് നഗർ, തൃശ്ശൂർ എന്ന സ്ഥാപനം ഫൈനൽ ഓഫർ നൽകിയിട്ടുണ്ട്. ഇത് പ്രകാരം ഇക്യൂപ്മെന്റിന്റെ അക്സസ്സ് വാല്യൂ ആയ 40,40,000/- രൂപയ്ക്ക് മേൽ 5.4% കസ്റ്റംസ് ഡ്യൂട്ടി ചുമത്തി ആകെ 42,58,160/- രൂപ നൽകേണ്ടിവരുമെന്നും ഇതിൽ നിന്നും ഫൈനൽ ഓഫറായി 1,58,160/- രൂപ കുറവ് ചെയ്ത് 41,00,000/-രൂപയ്ക്ക് (ഡെലിവറി ചാർജ്ജ് ഉൾപ്പടെയുള്ള എല്ലാ ചാർജ്ജുകളും) ഇക്യൂപ്മെന്റ് എത്തിച്ച് ഇൻസ്റ്റാൾ ചെയ്തുതരാമെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഇതിനായി ഡ്യൂട്ടി എക്സംപ്ഷൻ സർട്ടിഫിക്കറ്റുകൾ യൂണിവേഴ്സിറ്റി ലഭ്യമാക്കിത്തരണമെന്ന നിബന്ധന കൂടി കത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, 24/07/2014-ലെ സ്ഥാപനത്തിന്റെ പ്രൊഫോർമ ഇൻവോയ്സിലും 25/07/14-ൽ കാഡെക്സ് നൽകിയ COVAS/MTY/CADECCS/EFC/2/14-ാം നമ്പർ പർച്ചേസ് ഓർഡറിലും 41,00,000/- രൂപയ്ക്ക് ഇക്യൂപ്മെന്റ് എത്തിച്ച് ഇൻസ്റ്റാൾ ചെയ്തുതരുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ ഈ ധാരണകൾക്ക് വിരുദ്ധമായിട്ടാണ് പിന്നീട് 4,35,194/- രൂപ അധികമായി സ്റ്റേറ്റ്

പ്ലാൻഫണ്ടിൽ നിന്നും ചെലവഴിച്ച് ജി.സ്പെക്ട്രം, കൊച്ചിൻ എന്ന സ്ഥാപനത്തിന് ക്ലിയറൻസ്, ട്രാൻസ്പോർട്ടേഷൻ, ഇൻസ്റ്റലേഷൻ, എന്നിവയ്ക്കായി നൽകിയത്. ഡിപ്പാർട്ട്മെന്റ് ഓഫ് സയന്റിഫിക് & ഇൻഡസ്ട്രിയൽ റിസർച്ച് യൂണിവേഴ്സിറ്റിയിൽ രജിസ്റ്റർ ചെയ്തതായുള്ള ഡ്യൂട്ടി എക്സംപ്ഷൻ സർട്ടിഫിക്കറ്റുകൾ യൂണിവേഴ്സിറ്റി നൽകിയിരുന്നുവോ എന്ന് ഫയലിൽ വ്യക്തമാക്കിയിട്ടില്ല.

19/10/2014-ൽ മനു ക്രിയേഷൻസ് ആവശ്യപ്പെട്ട തുക 41,00,000/- രൂപ നൽകിയിട്ടും എക്യൂപ്മെന്റ് എത്തിച്ചിട്ടില്ല. 4/2015-ൽ മാത്രമാണ് ഇൻസ്റ്റാൾ ചെയ്യുന്നത്. ഫ്രീ ഓഫ് കോസ്റ്റിൽ എക്യൂപ്മെന്റ് സ്ഥാപിക്കാതിരുന്നിട്ടും പെർഫോർമൻസ് ഗ്യാരണ്ടി ആയി നിക്ഷേപിച്ചിട്ടുള്ള തുകയിൽനിന്നും നഷ്ടം ഈടാക്കുവാനുള്ള തുടർ നടപടി സ്വീകരിച്ചിട്ടില്ല.

ക്ലിയറൻസ് ചാർജ്ജ് നൽകുന്നതിനായി ജിസ്പെക്ട്രം, കൊച്ചിൻ എന്ന സ്ഥാപനം നൽകിയ വൗച്ചറിനനുബന്ധമായി ചേർത്തിട്ടുള്ള കസ്റ്റംസ് രേഖകളിൽ 3,50,200/-രൂപയാണ് ഡ്യൂട്ടിചാർജ്ജ് രേഖപ്പെടുത്തിയിട്ടുള്ളത്. ഡ്യൂട്ടിചാർജ്ജ് രേഖപ്പെടുത്തുന്നതിനായി കസ്റ്റംസ് ഓഫീസിൽ നൽകിയ സ്ഥാപനത്തിന്റെ (മനുക്രിയേഷൻസ്) സീൽ പതിക്കാത്ത ഇൻവോയ്സിൽ ഡിസ്കൗണ്ട് ഉൾപ്പെടെയുള്ള സാധനത്തിന്റെ വിലയായി കാണിച്ചിരിക്കുന്ന 68,00,000/- രൂപയിന്മേലാണ് ഡ്യൂട്ടിചാർജ്ജ് ചെയ്തിട്ടുള്ളത്. ഒരേ സ്ഥാപനത്തിന്റെ തന്നെ ഒരേ തീയ്യതിയിലെ രണ്ട് ഇൻവോയ്സുകളാണ് ഫയലിൽ കാണുന്നത്. ഇതിൽ നിന്നും ഈ വാങ്ങലുകൾ സുതാര്യമല്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

45,35,194/- രൂപ ചെലവഴിച്ച് വാങ്ങിയ ഇക്യൂപ്മെന്റിന്റെ ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് എടുത്തിട്ടില്ല. ഇക്യൂപ്മെന്റ് വാങ്ങിയ സ്ഥാപനവുമായി എഗ്രിമെന്റും വെച്ചിട്ടില്ല. പർച്ചേസ് ഓർഡർ, ഫൈനൽ ഓഫർ നൽകി കൊണ്ടുള്ള സ്ഥാപനത്തിന്റെ കത്ത്, പ്രൊഫോർമ ഇൻവോയ്സ് എന്നിവ പ്രകാരം 41,00,000/- രൂപയ്ക്ക് ഇക്യൂപ്മെന്റ് എത്തിച്ച് ഇൻസ്റ്റാൾ ചെയ്യാമെന്ന് വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ 4,35,194/- രൂപ അധികം ചെലവഴിച്ചത് (ട്രാൻസ്പോർട്ടേഷൻ, ക്ലിയറൻസ്, ഇൻസ്റ്റലേഷൻ എന്നിവയ്ക്ക്) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി തുക, നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കുവാനുള്ള തുടർ നടപടി സ്വീകരിക്കേണ്ടതാണ്. മറ്റ് നടപടിക്രമങ്ങളിലുണ്ടായ അപാകതകൾ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിന് ഭരണ സമിതിയുടെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു.

### 3-14. Renovation of Diary Plant At Mannuthy - 18,20,661/- രൂപ അധികം നിക്ഷേപിച്ചു.

സർവ്വകലാശാല ക്യാമ്പസ്സിലെ 14 വർക്കുകൾ ഏറ്റെടുത്ത് നടത്തുന്നതിനായി "സെൻട്രൽ പബ്ലിക് വർക്സ് ഡിപ്പാർട്ട്മെന്റിനെ" നിർവഹണ ഏജൻസിയായി തെരെഞ്ഞെടുത്തിട്ടുണ്ട് ഇതുമായി ബന്ധപ്പെട്ട "Arrangement and Execution of Civil works in various campuses of kerala veterinary and animal sciences university under EFC and other funds through central public works Department" എന്ന ഫയൽ പരിശോധിച്ചതിൽ 29/01/2013-ലെ വർക്ക് കമ്മിറ്റിയുടെ നടപടിക്രമങ്ങൾ പ്രകാരം ഡയറി പ്ലാന്റ് കെട്ടിടത്തിന്റെ പുന:നിർമ്മാണത്തിനായി ആകെ അനുവദിച്ചിട്ടുള്ളത് 55,81,600/- രൂപയാണ്. ഈ തുകയുടെ 5.6% അതായത് 3,12,600/- രൂപ ഡിപ്പാർട്ട്മെന്റൽ ചാർജ്ജസ് ഉൾപ്പടെ 58,94,200/- രൂപയും

എസ്റ്റിമേറ്റ് തയ്യാറാക്കി സി.പി.ഡബ്ല്യൂ.ഡി നൽകിയിട്ടുണ്ട്. 58,94,200/- രൂപയിൽ 30,00,000/- രൂപ സി.പി.ഡബ്ല്യൂ.ഡിയിൽ ഈ വർക്കിനായി നിക്ഷേപിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി ഉൾപ്പെടെയുള്ള 7 വർക്കുകൾക്കുള്ള ഡിമാന്റ് നോട്ട് അനുസരിച്ച് സി.പി.ബ്ല്യൂ.ഡിയ്ക്ക് (24.12.2014-ലെ നം.51(5)/TRCD/2014/2289 മുതൽ 2295 വരെയുള്ള ഡിമാന്റ് നോട്ടുകൾ അനുസരിച്ച്) 6,81,19,000/-രൂപ താഴെപ്പറയും പ്രകാരം എസ്.ബി.ഐ അക്കൗണ്ട് നം. 1601153280000-ലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

16/01/2015-ൽ 6,72,25,000

30/01/2015-ൽ 8,94,000

ആകെ 6,81,19,000/-

ഡയറിപ്ലാന്റ് ബിൽഡിംഗിന്റെ പുനഃനിർമ്മാണത്തിന് ഡിമാന്റ് നോട്ട് നം. 51(5) TRCD/2014/2293 തീയ്യതി 24/12/2014 പ്രകാരം ആകെയുള്ള ചെലവ് 40,73,539/- രൂപയാണെന്നും വർക്ക് കംപ്ലീറ്റ് ചെയ്തിട്ടുണ്ടെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൻ പ്രകാരം ബാലൻസ് നൽകാനുള്ളത് (40,73,539-30,00,000) 10,73,539/- രൂപയാണ്. എന്നാൽ ഡിമാന്റ് നോട്ടീസിൽ എസ്റ്റിമേറ്റ് തുകയായ 58,94,200/- രൂപയിൽ നിന്നും നിക്ഷേപിച്ചിട്ടുള്ള 30,00,000/- കഴിച്ച് 28,94,200/- രൂപ നൽകണമെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞപ്രകാരം 18,20,661/- രൂപ ഈ വർക്കിനായി അധികമായി സി.പി.ഡബ്ല്യൂ.ഡിയിൽ നിക്ഷേപിച്ചിട്ടുണ്ട്. ടി തുക തുടർന്ന് മറ്റേതെങ്കിലും വർക്കിനായി ക്രമീകരിച്ചിട്ടു-ണ്ടെങ്കിൽ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15/02.03.18) മറുപടി നൽകിയിട്ടില്ല. സി.പി.ഡബ്ല്യൂ.ഡിയുമായി കത്തിടപാടുകൾ നടത്തി അധികം നിക്ഷേപിച്ച 18,20,661/- രൂപ ക്രമീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

കൂടാതെ വിവിധ വർക്കുകൾ (സിവിൽ/ഇലക്ട്രിക്കൽ) സി.പി.ഡബ്ല്യൂ.ഡി പോലുള്ള ഏജൻസികൾ മുഖേന നടത്തുമ്പോൾ ഓരോ വർക്കിന്റെയും എസ്റ്റിമേറ്റ് തുക (ഡിപ്പാർട്ട്മെന്റൽ ചാർജസ് ഉൾപ്പടെ), നിക്ഷേപിച്ച തുകകളുടെ വിശദാംശങ്ങൾ, ആകെ ചെലവ്, പൂർത്തീകരിച്ചതിന്റെ വിവരം, ലഭ്യമായ ഫണ്ടിന്റെ വിവരം, എന്നിവ ഉൾപ്പെടുന്ന ഒരു രജിസ്റ്റർ പ്രത്യേകം തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 3-15. മീറ്റ് പ്ലാന്റിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ - വ്യക്തമായ പഠനങ്ങൾ നടന്നതായി കാണുന്നില്ല.

മീറ്റ് പ്ലാന്റിന് ഐ.എസ്.ഒ 2000: 2005 FSMS സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി 2015-16 വർഷത്തിൽ 29,99,955/-രൂപ ചെലവഴിച്ചിട്ടുണ്ട് (അടിസ്ഥാന സൗകര്യ വികസനം, ഉപകരണങ്ങൾ വാങ്ങൽഎന്നിവക്കായി). ഇതുൾപ്പെടെ ഈ ആവശ്യത്തിനായി 2015-16 വരെ ആകെ 76,99,130/-രൂപ അടിസ്ഥാന സൗകര്യ വികസനത്തിനായി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് വ്യക്തമായ ഒരു പദ്ധതി വിഭാവനം ചെയ്തതായി കാണുന്നില്ല. ആയതിനാൽ തന്നെ വരുത്തേണ്ട മാറ്റങ്ങൾ, സൃഷ്ടിക്കപ്പെടേണ്ട അടിസ്ഥാന സൗകര്യങ്ങൾ എന്നിവ എന്തൊക്കെയാണെന്നോ അതിനുള്ള സാമ്പത്തികാവലോകനമോ കണക്കാക്കിയതായി കാണുന്നില്ല.

ഇത് സംബന്ധിച്ച് ഐ.എസ്.ഒ അധികാരികൾ നൽകിയിരിക്കുന്ന ബൃഹത്തായ 35 നിർദ്ദേശങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട്. ഇവയ്ക്ക് വരുന്ന ആകെ ചെലവ് കണക്കാക്കിയതായി കാണുന്നില്ല. മാത്രമല്ല നിർദ്ദേശം നം. 16,32 എന്നിവയിൽ യഥാക്രമം ആവശ്യത്തിന് സാങ്കേതിക യോഗ്യതയുള്ളവർ, ക്ലീനിംഗ് സ്റ്റാഫ് എന്നിവരെ നിയമിക്കണമെന്ന് പറയുന്നു. കൂടാതെ, നിർദ്ദേശം നം.29-ൽ എല്ലാ ജീവനക്കാർക്കും സ്ഥിരമായ പരിശീലനം നൽകണമെന്നും നിഷ്കർഷിക്കുന്നു. ഇത്തരത്തിൽ **ആവർത്തിച്ച് വരുന്ന ചെലവ്** ഇനത്തിൽ വരുന്ന ഭീമമായ ചെലവിനെ തരണം ചെയ്യുന്നതിന് ഉതകുന്ന വിധത്തിൽ, ഉൽപ്പാദനം എത്രമാത്രം വർദ്ധിപ്പിക്കാമെന്നോ, നിലവിലെ മൽസരാധിഷ്ഠിത മാർക്കറ്റിൽ വിപണിയിൽ കൂടുതൽ സാന്നിധ്യം എങ്ങിനെ ഉറപ്പാക്കാം എന്നതിനെ സംബന്ധിച്ചോ യാതൊരു പഠനവും നടന്നതായി കാണുന്നില്ല. ഇത്തരത്തിൽ വിശദമായ പഠനങ്ങൾ നടത്താതെ, ഭീമമായ തുക മുതൽ മുടക്കുന്നത് പ്ലാന്റിന്റെ നിലവിലുള്ള സാമ്പത്തിക സ്വയം പര്യാപ്തതക്ക് അനുഗുണമായിരിക്കില്ല. ഇക്കാര്യത്തിലേക്ക് അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-16. സർവ്വകലാശാലയുടേതല്ലാത്ത ഭൂമിയിൽ കെട്ടിടനിർമ്മാണം

കേരള സ്റ്റേറ്റ് പൗൾട്രി ഡവലപ്മെന്റ് കോർപ്പറേഷന്റെ കുടപ്പനകുന്ന്, തിരുവനന്തപുരത്തുള്ള സ്ഥലത്ത് വെറ്ററിനറി സർവ്വകലാശാല, സമ്മേളന ഹാൾ, ഗവേഷണ പരിശീലന കേന്ദ്രം എന്നിവ സ്ഥാപിക്കുന്നതിനായി കെ.വി.എ.എസ്‌യു/ ഐ.ഡി.ഡബ്ല്യു /414/2013 പ്രകാരം 92,95,000/- രൂപ കരാറുകാരായ ബി.എസ്.എൻ.എല്ലിനു നൽകിയതായി കാണുന്നു. ഉടമസ്ഥാവകാശമില്ലാത്ത ഭൂമിയിൽ കെട്ടിടനിർമ്മാണത്തിന് തുക ചെലവഴിച്ചതിന് സർക്കാർ തീരുമാനം എടുത്തത് സംബന്ധിച്ച് വ്യക്തമാക്കാൻ ഓഡിറ്റ് കുറിപ്പിൽ ആവശ്യപ്പെട്ടതനുസരിച്ച് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത സ്ഥലത്ത് കെട്ടിടം പണിതിട്ടില്ല എന്നും KSIDC യുടെ സ്ഥലം പാട്ടത്തിനെടുക്കുകയും അവിടെ കെട്ടിടം പണി പൂർത്തീകരിക്കുകയും ചെയ്തതായി അറിയിച്ചു. സർവകലാശാല ഫണ്ടുപയോഗിച്ച് നിർമ്മിച്ച കെട്ടിടം സർവകലാശാലയുടെ ആസ്തിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ഭരണതലത്തിൽ സ്വീകരിക്കേണ്ടതാണ്.

## 3-17. വ്യത്യസ്ത നിരക്കിൽ പാൽ വില്പന - 6,58,261/- രൂപയുടെ സാമ്പത്തിക നഷ്ടം

**ബേസ് ഫാം കോലാഹലമേട്**

ഫാമിലെ കന്നുകാലികളെ സംബന്ധിച്ച സ്ഥിതി വിവരകണക്കുകൾ, പാൽ വില്പന രജിസ്റ്റർ, ബന്ധപ്പെട്ട പണം ഒടുക്ക് രേഖകൾ എന്നിവ പരിശോധിച്ചതിൽ, വ്യത്യസ്ത നിരക്കിൽ പാൽ വില്പന നടത്തുന്നതായി കാണ്ടെത്തി. ഫാമിൽ നിന്ന് ലഭിക്കുന്ന പാൽ, 7 കിലോമീറ്റർ അകലത്തിൽ സ്ഥിതിചെയ്യുന്ന കുരിശുമല ആശ്രമത്തിനും; 1/2 ലിറ്റർ, 1 ലിറ്റർ എന്നീ പാൽ കൂപ്പണുകൾ മുഖേന വ്യക്തികൾക്കും വിൽക്കപ്പെടുന്നു.

കൂപ്പൺ മുഖേന വിൽക്കുമ്പോൾ കിലോഗ്രാമിന് 36/- രൂപ നിരക്കിലും (10/2015 മുതൽ 39/- രൂപ നിരക്കിൽ ), ആശ്രമത്തിന് നൽകുമ്പോൾ കിലോഗ്രാമിന് 31/- രൂപ നിരക്കിലുമാണ് വില്ക്കപ്പെടുന്നത്. മേൽപ്പറഞ്ഞ പ്രകാരം ലിറ്ററിന് 8/-രൂപ കുറവിൽ ആശ്രമത്തിന് പാൽ നൽകിയതു വഴി സ്ഥാപനത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

(എ) 2015-16 വർഷം മാത്രം 6,58,261/- രൂപ വിറ്റുവരവ് ഇനത്തിൽ നഷ്ടം

| മാസം | ആശ്രമത്തിന് നൽകിയ പാലിന്റെ അളവ് (കി.ഗ്രാമിൽ) | കൂപ്പൺ റേറ്റിൽ (36/- kg) വിറ്റിരുന്നെങ്കിൽ ലഭിക്കുമായിരുന്ന തുക | കി.ഗ്രാമിന് 31/- രൂപ നിരക്കിൽ ലഭിച്ച വരുമാനം | വരുമാനത്തിലുണ്ടായ വ്യത്യാസം |
|---|---|---|---|---|
| ഏപ്രിൽ | 10238.5 കി.ഗ്രാം | 3,68,586 | 3,17,394 | 51,192 |
| മെയ് | 10807 കി.ഗ്രാം | 3,89,052 | 3,35,017 | 54,035 |
| ജൂൺ | 9205.5 കി.ഗ്രാം | 3,31,290 | 2,85,278 | 46,012 |
| ജൂലൈ | 8389.5 കി.ഗ്രാം | 3,02,022 | 2,60,075 | 41,947 |
| ആഗസ്റ്റ് | 8079 കി.ഗ്രാം | 2,90,844 | 2,50,449 | 40,395 |
| സെപ്റ്റംബർ | 8056 കി.ഗ്രാം | 2,90,016 | 2,49,736 | 40,280 |
| ഒക്ടോബർ* | 8612.5 കി.ഗ്രാം | 3,35,887.5 | 2,66,987.5 | 68,900 |
| നവംബർ | 8373.5 കി.ഗ്രാം | 3,26,566.5 | 2,59,578.5 | 66,988 |
| ഡിസംബർ | 8377 കി.ഗ്രാം | 3,26,703 | 2,59,687 | 67,016 |
| ജനവരി | 7815.5 കി.ഗ്രാം | 3,04,804.5 | 2,42,280.5 | 62,524 |
| ഫെബ്രുവരി | 7604 കി.ഗ്രാം | 2,96,556 | 2,35,724 | 60,832 |
| മാർച്ച് | 7267.5 കി.ഗ്രാം | 2,83,432.5 | 2,25,292.5 | 58,140 |
| | | | ആകെ | **6,58,261/-** |

*[10/2015 മുതൽ പാൽ കൂപ്പൺ മുഖേനയുള്ള വില്പന വില കിലോയ്ക്ക് 36/- രൂപയിൽ നിന്നും 39/- രൂപയായി വർദ്ധിപ്പിച്ചു]

കൂടാതെ, കുരിശുമല ആശ്രമത്തിലേക്ക് ബേസ് ഫാമിൽ നിന്നും പാൽ എത്തിക്കുന്നതിന് ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിലും സ്ഥാപനത്തിന് നഷ്ടമുണ്ടാക്കുന്നുണ്ട്. 7 കിലോമീറ്റർ അകലത്തിൽ സ്ഥിതിചെയ്യുന്ന ആശ്രമത്തിലേയ്ക്കാണ് പാൽ എത്തിക്കേണ്ടതായിട്ടുള്ളത്.

(ബി) ആനുപാതിക വില വർദ്ധന- നടത്തുന്നില്ല

10/2015 മുതൽ പാൽ വില്പന കിലോഗ്രാമിന് 36/- രൂപയിൽ നിന്നും 39/- രൂപയായി വർദ്ധിപ്പിച്ചു. കൂപ്പൺ മുഖേന വില്ക്കുന്ന പാലിന്റെ വിലയിൽ ഇപ്രകാരം വർദ്ധനവ് വരുത്തിയിട്ടുണ്ടെങ്കിലും ആശ്രമത്തിന് നൽകുന്ന പാലിന്റെ വില കി.ഗ്രാമിന് 31/- രൂപ എന്ന പഴയ നിരക്കിൽ ആനുപാതികമായ വില വർദ്ധനവ് പോലും നടത്താതെ തുടരുകയാണ്.

(സി) വിപണന സാധ്യതകൾ കണ്ടെത്തുന്നതിൽ വീഴ്ച

ശരാശരി കണക്കെടുക്കുമ്പോൾ, ഒരു മാസം ഫാമിൽ നിന്നും 8300 ലിറ്ററോളം പാലുല്പാദനം

നടക്കുന്നുണ്ട്. പാലിന്റെ മറ്റ് വിപണന സാധ്യതകൾ കണ്ടെത്തി കമ്പോള നിരക്കിൽ പാൽ വിൽക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. മിൽമ പോലുള്ള സംരംഭങ്ങളുമായി ഇതുമായി ബന്ധപ്പെട്ട് കത്തിടപാടുകൾ നടത്തിയിട്ടില്ല. ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് വഹിച്ച് കൊണ്ട് മാർക്കറ്റ് റേറ്റിൽ പാൽ വില്പന നടത്തിയിരിന്നുവെങ്കിൽ കൂടിയും ഇത്രയും ഭീമമായ നഷ്ടം സ്ഥാപനത്തിന് ഉണ്ടാകുന്നില്ല. യൂണിവേഴ്സിറ്റി അഡ്മിനിസ്ട്രേറ്റിവ് തലത്തിൽ ഈ വിഷയം ഒരിക്കൽപ്പോലും ചർച്ചചെയ്യപ്പെട്ടിട്ടില്ല. സർക്കാർ ഗ്രാന്റുകൾ, പ്ലാൻ ഫണ്ട്, റിവോൾവിംഗ് ഫണ്ട് എന്നിവ ഉപയോഗിച്ച് പാൽ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

2016 ജനുവരി മുതൽ റിവോൾവിംഗ് ഫണ്ട് പ്രോജക്ടായ "ഹെറിറ്റേജ് മിൽക്ക് സിപ്പ്" എന്ന സംരംഭം ആരംഭിച്ചിട്ടുണ്ടെങ്കിലും കൂടുതൽ അളവ് പാലും ഇപ്പോഴും കുരിശുമല ആശ്രമത്തിന് നൽകിവരുന്നു. (2014-15 മറുപടിയിന്മേലുള്ള പ്രാദേശിക പരിശോധനാ റിപ്പോർട്ട് കാണുക).

കമ്പോള വിലയിൽ തന്നെ ആശ്രമത്തിന് പാൽ നൽകി, വരുമാന നഷ്ടം ഉണ്ടാകാതിരിക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം പാൽവില്പനയ്ക്കായി മറ്റ് വിപണന സാധ്യതകൾ കണ്ടെത്തേണ്ടതാണ്. പ്ലാൻ ഫണ്ട്, റിവോൾവിംഗ് ഫണ്ട് എന്നിവ മുഖേന മൂല്യവർദ്ധിത ഉല്പന്നങ്ങൾ പാലിൽ നിന്നും ഉണ്ടാക്കുന്നതിനുള്ള സംരംഭങ്ങൾ, ഡയറി സംവിധാനങ്ങൾ എന്നിവ ആവിഷ്കരിക്കേണ്ടതാണ്.

## <u>3-18. വാഹന വാടക- ഓഫീസിൽ ഹാജരായ ദിവസങ്ങളിൽ വാഹന വാടക ഇനത്തിൽ 85,584/- രൂപ കൈപ്പറ്റി</u>

**വെറ്ററിനറി എപ്പിഡമോളജി & പ്രിവന്റീവ് മെഡിസിൻ**

ശ്രീമതി. ട്രീസാമോൾ, പ്രൊഫസർ & ഹെഡ്, വെറ്ററിനറി എപ്പിഡമോളജി & പ്രിവന്റീവ് മെഡിസിൻ ഹാജർ പുസ്തക പ്രകാരം ഓഫീസിൽ ഹാജരായ ദിവസങ്ങളിൽ തന്നെ വിവിധ പ്രോജക്ടുകളുടെ ആവശ്യാർത്ഥം യാത്ര ചെയ്തതായി കാണിച്ച് 85,584/-രൂപ വാഹന വാടകയായി കൈപ്പറ്റിയിട്ടുണ്ട്. യാത്രയുടെ ഉദ്ദേശ്യം എന്തെന്ന് രേഖകളിൽ നിന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ്എൻക്വയറി (നം.30/24-1-18) ക്ക് ലഭിച്ച

മറുപടിയിൽ വിവിധ പ്രോജക്ടുകളിൽ സാമ്പിളുകൾ ശേഖരിക്കുന്നതിനും രോഗ നിർണ്ണയത്തിന് സ്ക്രീനിംഗ് നടത്തുന്നതിനും മറ്റുമാണ് യാത്രകൾ നടത്തിയതെന്നും, ശേഖരിച്ച സാമ്പിളുകൾ തിരിച്ച് ഓഫീസിൽ വയ്ക്കുന്നതിനാൽ ഹാജർ പുസ്തകത്തിലും ഒപ്പുവയ്ക്കാറുണ്ടെന്നും അറിയിച്ചു. ഹാജർ പുസ്തകത്തിൽ ഒപ്പു വയ്ക്കുന്നതുമായി ബന്ധപ്പെട്ട വിശദീകരണം തൃപ്തികരമല്ല. കാരണം പൂക്കോട്, തിരുവനന്തപുരം, തിരുവാഴാംകുന്ന് തുടങ്ങിയ ദൂര സ്ഥലങ്ങളിൽ യാത്ര ചെയ്യുമ്പോഴും തിരിച്ചെത്തി ഹാജർ പുസ്തകത്തിൽ ഒപ്പു വെച്ചു എന്നത് വിശ്വാസ യോഗ്യമല്ല. മേൽ ദിവസങ്ങളിൽ ഞായർ , തിരുവോണം തുടങ്ങിയ അവധി ദിവസങ്ങളും ഉൾപ്പെടുന്നു. ആയതിനാൽ ഹാജർ പുസ്തകത്തിൽ ഒപ്പിട്ട് ഓഫീസിൽ ഉണ്ടായിരിക്കുകയും അതേ ദിവസം തന്നെ യാത്രചെയ്തതായി കാണിച്ച് വാഹന വാടക റീ ഇമ്പേഴ്സ് ചെയ്യുകയും ചെയ്തതിനാൽ മേൽ തുകയായ **85,584/- രൂപ ഓഡിറ്റ് നിരാകരിക്കുന്നു.**

## 3-19. സർവ്വകലാശാല വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച അപാകതകൾ

(i)രജിസ്ട്രി വിഭാഗം

സർവ്വകലാശാലയിലെ വാഹനങ്ങളുടെ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ 7/15-16/20.02.17) മറുപടിയായി സർവ്വകലാശാലയിലെ വിവിധ സ്റ്റേഷനുകളിൽ അനുവദിച്ചിട്ടുള്ള 49 എണ്ണം വിവിധയിനം വാഹനങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. വിവിധ സ്റ്റേഷനുകളിലെ വാഹനങ്ങളുടെ ആവശ്യകതാ നിർണ്ണയം നടത്തുകയോ ഓരോ സ്റ്റേഷനിലും ആവശ്യത്തിൽ കൂടുതൽ വാഹനങ്ങൾ അനുവദിച്ചിട്ടുണ്ടോ എന്നും പ്രസ്തുത മറുപടിയിൽ നിന്നും വ്യക്തമല്ല. വിവിധ സ്റ്റേഷനുകളിലേക്ക് അനുവദിച്ച വാഹനങ്ങളുടെ മൈലേജ് ടെസ്റ്റ്, ലോഗ് ബുക്ക് സൂക്ഷിപ്പ് ഉപയോഗം തുടങ്ങിയ കാര്യങ്ങളിൽ മേൽനോട്ടമോ പരിശോധനങ്ങളോ സർവ്വകലാശാലയുടെ ഭാഗത്തുനിന്നുണ്ടാകുന്നില്ല. ആയതിനാൽ തന്നെ പ്രസ്തുത വാഹനങ്ങളുടെ അമിത ഉപയോഗം, അമിത വ്യയം എന്നിവ നിരീക്ഷിക്കപ്പെടുന്നില്ല. കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്, സെക്ഷൻ XVIII പ്രകാരം സർവ്വകലാശാലയുടെ എല്ലാ സ്ഥാവര - ജംഗമ വസ്തുക്കളുടേയും കസ്റ്റോഡിയൻ രജിസ്ട്രാർ ആയിരിക്കെ , എല്ലാ വാഹനങ്ങളുടേയും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും പ്രസ്തുത വാഹനങ്ങളുടെ ഉപയോഗം, സംരക്ഷണം, രേഖകളുടെ സൂക്ഷിപ്പ് തുടങ്ങിയ കാര്യങ്ങളിൽ മേൽനോട്ടം ചെയ്യേണ്ടതുമാണ്. കൂടാതെ സർവ്വകലാശാലയ്ക്ക് അനുവദിച്ച വാഹനങ്ങൾക്ക് പുറമെ, വിവിധ സ്റ്റേഷനുകൾ വിവിധ ആവശ്യങ്ങൾക്കായി വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിക്കുന്നതും തുക ചെലവഴിക്കുന്നതും നിരീക്ഷണവിധേയമാക്കേണ്ടതും ആയത് നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**(i)ധനകാര്യ വിഭാഗം**

ഫിനാൻസ് ഓഫീസിൽ ഉപയോഗിക്കുന്ന വാഹനത്തിന്റെ ലോഗ് ബുക്ക് സൂക്ഷിക്കുന്നുണ്ട്. എന്നാൽ പെട്രോൾ /ഡീസൽ ഓയിൽ ഓർഡർ ബുക്ക്, റിപ്പയർ രജിസ്റ്റർ, വാഹനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല. നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന വാഹനത്തിന്റെ KL01-BA-6967 ലോഗ് ബുക്ക് പരിശോധനയിൽ താഴെ കാണിച്ച അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1. വാഹനത്തിന്റെ ഇന്ധനക്ഷമത പരിശോധിച്ച് ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ആറുമാസ ഇടവേളകളിൽ വാഹനത്തിന്റെ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തി ഇന്ധന ക്ഷമത സംബന്ധിച്ച് ലോഗബുക്കിൽ രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ്.
2. വാഹനത്തിൽ ഇന്ധനം ഫുൾ കപ്പാസിറ്റി നിറയ്ക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
3. വാഹനത്തിന്റെ ലോഗ്ബുക്കിൽ യാത്രചെയ്യുന്ന ഉദ്യോഗസ്ഥന്റെ പേരും തസ്തികയും, യാത്രയുടെ ഉദ്ദേശ്യം, യാത്ര ചെയ്യുന്ന ഉദ്യോഗസ്ഥന്റെ ഒപ്പ് എന്നിവ കൃത്യമായി രേഖപ്പെടുത്തുന്നില്ല. വാഹനങ്ങളുടെ ശരിയായ ഉപയോഗം, സംരക്ഷണം, വാഹനങ്ങളുടെ ഉപയോഗത്തിന്റെ നിയന്ത്രണം എന്നിവ കസ്റ്റോഡിയൻ ഓഫീസറുടെ ഉത്തരവാദിത്തമാണ്.

**(iii)വൈസ് ചാൻസലറുടെ ഓഫീസ്**

വാഹനങ്ങളുടെ ഉപയോഗവുമായി ബന്ധപ്പെട്ട് വൈസ് ചാൻസലറുടെ ഓഫീസിൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച് ലോഗ് ബുക്ക് കൂടാതെ പെട്രോൾ/ഡീസൽ ഓയിൽ ഓർഡർ ബുക്ക്, റിപ്പയർ രജിസ്റ്റർ ,സ്റ്റോക്ക് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.

2. 01/04/2014 മുതൽ 17/07/14 വരെ ഉപയോഗിച്ച് കൊണ്ടിരുന്ന KL 01 BA 6967 (Corola Altis) പിന്നീട് 19/11/14 വരെ ഉപയോഗിച്ച Xylo D4 KL 12-J-5338 നം. കാർ, നിലവിൽ ഉപയോഗിച്ച് കൊണ്ടിരിക്കുന്ന XUV 500 KL 6523 നം. കാർ എന്നിവയുടെ ഇന്ധന ക്ഷമത പരിശോധിച്ച് ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. പരിശോധന നടത്തി ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

3. ഇന്ധനം ഫുൾ ടാങ്കിൽ നിറയ്ക്കുന്നില്ല.

2014-15 വർഷം ഉപയോഗിച്ച വാഹനങ്ങളുടെ ലോഗ് ബുക്ക് പരിശോധനയിൽ , വാഹനത്തിൽ ഇന്ധനം നിറയ്ക്കുന്നത് വിവിധ നിരക്കിലാണ്.

| ക്രമ നം. | തീയ്യതി | ഇന്ധനം (രൂപ നിരക്കിൽ) |
|---|---|---|
| 1 | 21/02/15 | 1600 |
| 2 | 23/02/15 | 500 |
| 3 | 26/02/15 | 1000 |
| 4 | 26/02/15 | 500 |
| 5 | 27/02/15 | 1000 |
| 6 | 27/02/15 | 1000 |

വാഹനങ്ങളുടെ ഇന്ധന ക്ഷമത ടെസ്റ്റ് നടത്തി, ഇന്ധന ക്ഷമതയ്ക്ക് അനുസൃതമായി വാഹനത്തിന്റെ ഇന്ധന ടാങ്കിൽ പൂർണമായും (ഫുൾ കപ്പാസിറ്റി) ഇന്ധനം നിറയ്ക്കേണ്ടതാണ്.

4. വാഹനത്തിന്റെ ലോഗ് ബുക്കിൽ യാത്ര ചെയ്ത ഉദ്യോഗസ്ഥന്റെ പേരും തസ്തികയും, യാത്രയുടെ ലക്ഷ്യം, ഉദ്യോഗസ്ഥന്റെ ഒപ്പ് എന്നിവ രേഖപ്പെടുത്തുന്നില്ല. വാഹനങ്ങളുടെ ശരിയായ ഉപയോഗം , സംരക്ഷണം, ഉപയോഗത്തിന്റെ നിയന്ത്രണം എന്നിവ കസ്റ്റോഡിയൻ ഓഫീസറുടെ ഉത്തരവാദിത്തമാണ്.

5. ഇന്ധനം നിറച്ചത് - ലോഗ് ബുക്കിൽ രേഖപ്പെടുത്തൽ നടത്തിയിട്ടില്ല.

വൗച്ചർ നം. 15/ തീയ്യതി 16/06/2014 തുക 2511 മേൽ വൗച്ചർ പ്രകാരം KL- 12-H-3126 നം. വാഹനത്തിന് 2511 രൂപയുടെ ഇന്ധനം നിറച്ച വകയിൽ തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത വാഹനത്തിന്റെ ലോഗ് ബുക്കിൽ ഇത് സംബന്ധിച്ച രേഖപ്പെടുത്തൽ നടത്തിയിട്ടില്ല.

**(iv)ഇൻസ്ട്രക്ഷണൽ ലൈവ് സ്റ്റോക്ക് ഫാം, പൂക്കോട്**

കെ.എൽ-12 സി 1378-ട്രാക്ടറിന് വിവിധ അറ്റകുറ്റപ്പണികൾ നടത്തി ആയത് ലോഗ്ബുക്ക് വോള്യം XVII-

ന്റെ പേജുകൾ യഥാക്രമം34,14 എന്നിവയിൽ രേഖപ്പെടുത്തിയത് സാക്ഷ്യപ്പെടുത്തിയിരിക്കുന്നത് ഫാം സൂപ്പർവൈസർ ഗ്രേഡ്-2 ആണ് .വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ സർവ്വകലാശാലയുടെ മെക്കാനിക്കൽ എഞ്ചിനീയറാണ് സാക്ഷ്യപ്പെടുത്തേണ്ടത് എന്ന് ഇൻസ്ട്രക്ഷണൽ ലൈവ് സ്റ്റോക്ക് ഫാമിന്റെ 2014-15 വർഷത്തെ ഓഡിറ്റ് കുറിപ്പിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2015-16 കാലയളവിലും പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ലായെന്നുള്ള വിവരം ശ്രദ്ധയിൽപ്പെടുത്തുന്നു.

**(v)സെന്റർ ഫോർ ഡയറി സയൻസ് ആന്റ് ടെക്നോളജി**

KL-12-H-3120,KL-12-G-6350 എന്നീ നമ്പർ വാഹനങ്ങളുടെ 1-ാം വോള്യം ലോഗ് ബുക്കുകൾ ഓഡിറ്റിന് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറി (നം. 1/14-15, 11-4-17) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

**(vi) AICRP ഓൺ പൗൾട്രി ഫോർ എഗ്ഗ്സ് , മണ്ണുത്തി.**

ഓൾ ഇന്ത്യ കോ-ഓർഡിനേറ്റഡ് റിസർച്ച് പ്രോജക്ട് ഓൺ പൗൾട്രിയുടെ കെ.ഇ.എച്ച് 1820 നമ്പർ മഹേന്ദ്ര ജീപ്പിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ വാഹനം 22/5/2017-ന് ശേഷം ഉപയോഗിച്ചിട്ടില്ല. വാഹനം പരിശോധിക്കുന്നതിനും മൂല്യം നിർണ്ണയിക്കുന്നതിനുമായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള കാർഷിക സർവ്വകലാശാല, വെള്ളായണിക്കരയോട് സി.ബി.വി നം. 20/2/16 തീയ്യതി 9/2/16 പ്രകാരം 1100 രൂപ ഫീസ് നൽകി രേഖാമൂലം ആവശ്യപ്പെട്ടതിൻ പ്രകാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകിയ നം. എം. എസ്.ഡി/ 414/2014 16/01/2016 തീയ്യതിയിലെ റിപ്പോർട്ടിൽ ജീപ്പിന്റെ അവസ്ഥ വളരെ പരിതാപകരമാണെന്നും, ആയത് പ്രവർത്തന ക്ഷമമാക്കുവാൻ വലിയ തുക ചെലവുവരുമെന്നതിനാൽ വാഹനം ലേലം ചെയ്യുന്നതാണ് ഉചിതമെന്നറിയിക്കുകയും വാഹനത്തിന് 55,000/- രൂപ മൂല്യനിർണ്ണയം നടത്തുകയും ചെയ്തിട്ടുണ്ട്.

എന്നാൽ, പ്രസ്തുത റിപ്പോർട്ട് ലഭിച്ച് രണ്ടു വർഷമായിട്ടും സ്റ്റേഷൻ പുതിയ വാഹനം വാങ്ങാൻ തുക ആവശ്യപ്പെട്ടതല്ലാതെ നാളിതുവരെയും വാഹനം ലേലം ചെയ്യുന്നതിനുള്ള നടപടികളൊന്നും സ്വീകരിച്ചിട്ടില്ലായെന്ന് വ്യക്തമായി. വാഹനം നിലവിൽ സ്റ്റേഷന്റെ പോർച്ചിൽ ഉപയോഗ ശൂന്യമായ നിലയിലാണ്. പൊതുമുതൽ നശിച്ചുപോകാതെ വാഹനം ലേലം ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 3-20. കാഷ്വൽ തൊഴിലാളികൾ ഫാമിതര ജോലികൾ ചെയ്യുന്നത് അംഗീകരിക്കുന്നില്ല.

ഫാം ഓഫീസിലെ രേഖകൾ പരിശോധിച്ചതിൻ പ്രകാരം ഫാമിലെ ദൈനംദിന ജോലികൾക്കായി നിയമിച്ച കാഷ്വൽ തൊഴിലാളികൾ മുപ്പത്തിമൂന്ന് (33) പേർ സർവ്വകലാശാലയുടെയും കോളേജിന്റെയും വിവിധ ഓഫീസുകളിലും വകുപ്പുകളിലുമാണ് ജോലിചെയ്ത് വരുന്നത്. ഇവർക്ക് 2015-16 കാലയളവിൽ ഓഗസ്റ്റ് മാസം വരെ ശമ്പളയിനത്തിൽ തുക നൽകിയത് ഐ.എൽ.എഫ്.സി.യിൽ നിന്നുമാണ്. കൂടാതെ

സർവ്വകലാശാലയുടെ സെയിൽസ് കൗണ്ടറിൽ രണ്ട് കാഷ്വൽ തൊഴിലാളികളെ നിയമിച്ചിട്ടുണ്ട്. ദിവസേനയുള്ള കളക്ഷൻ പരിശോധിക്കുമ്പോൾ ചില ദിവസങ്ങളിൽ വരവില്ല. അല്ലെങ്കിൽ നൂറ് രൂപയ്ക്ക് താഴെ എന്നിങ്ങനെയാണ് കാണുന്നത്. ദിവസേനയുള്ള വരവ് ഇത്രയും കുറവായ സാഹചര്യത്തിൽ രണ്ട് തൊഴിലാളികളെ സെയിൽസ് കൗണ്ടറിൽ നിയമിക്കുന്നത് ശരിയല്ല. കൂടാതെ ഫാം ജോലികൾക്കായി നിയമിച്ച കാഷ്വൽ തൊഴിലാളികളെ ഫാമിതര ജോലികൾക്ക് ഉപയോഗിക്കുന്നതും ശരിയായ നടപടിയല്ല. ഇതിനെക്കുറിച്ച് 2014-15 വർഷത്തെ ഓഡിറ്റ് കുറിപ്പ് ഖണ്ഡിക 25-ൽ പരാമർശിച്ചിട്ടുണ്ട്. ഫാമിലെ കാഷ്വൽ തൊഴിലാളികൾക്ക് ഓഗസ്റ്റ് വരെ ഐ.എൽ.എഫ്.സി യിൽ നിന്ന് ശമ്പളം നൽകിയ വകയിൽ ഫാമിനുണ്ടായ അധിക ചെലവ് ചുവടെ ചേർക്കുന്നു.

| **മാസം** | **ആകെ മനുഷ്യദിനം** | **നൽകിയ തുക ( 340+80%)** |
|---|---|---|
| മാർച്ച് | 904 | 553248 |
| ഏപ്രിൽ | 883 | 540396 |
| മെയ് | 931 | 569772 |
| ജൂൺ | 821 | 502452 |
| ജൂലൈ | 932 | 570384 |
| ഓഗസ്റ്റ് | 990 | 605880 |
| **ആകെ** | **5461** | **3342132** |

ഫാമിലെ ദൈനംദിന പ്രവർത്തികൾ ചെയ്യുന്നതിനായി തെരെഞ്ഞെടുത്ത് നിയമനം നൽകിയ തൊഴിലാളികളെ ഫാമിതര ജോലികൾക്കായി നിയമിക്കുന്നത് ശരിയല്ല. ഇത് സംബന്ധിച്ച് 2014-15 വർഷത്തെ ഓഡിറ്റ് കുറിപ്പിൽ പരാമർശം ഉണ്ടായിട്ടുകൂടി ആയത് പരിഗണിക്കാതെ ആഗസ്റ്റ് മാസം വരെ ഫാമിന്റെ ഫണ്ടിൽ നിന്ന് ശമ്പളം അനുവദിച്ചത് ശരിയായ നടപടിയല്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 3-21. ക്വാർട്ടേഴ്സ് അനുവദിയ്ക്കലും വീട്ടുവാടക തിരിച്ചുപിടിക്കലും

(a) സർവ്വകലാശാലയുടെ ക്വാർട്ടേഴ്സ് ജീവനക്കാർക്ക് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ക്വാർട്ടേഴ്സ് അലോട്ട്മെന്റ് മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിനായി 07/12/2013-ന് യൂണിവേഴ്സിറ്റിയിലെ എല്ലാ സംഘടനകളുടേയും ഒരു യോഗം വിളിക്കുകയും നിർദ്ദേശങ്ങൾ ആവശ്യപ്പെടുകയും തദനുസരണം 10-03-2014 ന് ഒരു കരട് നിർദ്ദേശപ്പട്ടിക തയ്യാറാക്കുകയും 14-03-2014-ന്റെ ബോർഡ് ഓഫ് മാനേജ്മെന്റ് യോഗത്തിൽ തീരുമാനത്തിനായി സമർപ്പിക്കുകയും ചെയ്തു. 14-03-2014 ന് ബഹു. വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ ചേർന്ന 27-ാംമത് ബോർഡ് ഓഫ് മാനേജ്മെന്റ് യോഗത്തിൽ OA-I എന്ന പ്രൊപ്പോസൽ നമ്പരായി ക്വാർട്ടേഴ്സ് അലോട്ട്മെന്റ് മാനദണ്ഡങ്ങൾ അംഗീകരിക്കുകയും മേൽ പ്രകാരം അംഗീകരിച്ച ചട്ടങ്ങളിലെ റൂൾ VII റിക്കവറി ഓഫ് റെന്റ് ക്രമ നമ്പർ 2 പ്രകാരം 21240-37040 എന്ന ശമ്പള സ്കെയിലിനും അതിനു മുകളിലുള്ളവരിൽ നിന്നും അടിസ്ഥാന ശമ്പളത്തിന്റെ 2% ഹൗസ് റെന്റ് റിക്കവറി നടത്തണമെന്ന് പറയുന്നുണ്ടെങ്കിലും പല സന്ദർഭങ്ങളിലും ഈടാക്കുന്നതായി കാണുന്നില്ല. ഇതുമായി ബന്ധപ്പെട്ട് എഴുതി സൂക്ഷിക്കുന്ന രജിസ്റ്റർ

അപൂർണ്ണവും ഉത്തരവാദിത്തപ്പെട്ട അധികാരികളുടെ പരിശോധന നടത്താത്തതുമാണ്. കൂടാതെ Rule VI(15) പ്രകാരം ക്വാർട്ടേഴ്സ് അനുവദിക്കപ്പെട്ടിട്ടുള്ള സർവ്വകലാശാല ജീവനക്കാർക്ക് വീട്ടു വാടക ബത്തയ്ക്ക് അർഹതയുണ്ടായിരിക്കില്ല എന്നിരിക്കെ വീട്ടുവാടക ബത്ത അനുവദിച്ചുവരുന്നതായി കാണുന്നു. ചട്ടം XII സ്പെഷ്യൽ കണ്ടീഷൻസ് (1) പ്രകാരം ഷെയേർഡ് ഒക്യൂപേഷൻ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ അനുമതി പ്രകാരം നൽകാവുന്നതാണെങ്കിലും ആയത് ഒരാളുടെ പേരിൽ അനുവദിക്കേണ്ടതും ആ ഉദ്യോഗസ്ഥനിൽ നിന്നും വാടക വാങ്ങേണ്ടതുമാണ്. എന്നാൽ വിവിധ സർക്കുലറുകളിലൂടെ "ജോയിന്റ് ഒക്യുപേഷന" ക്വാർട്ടേഴ്സ് നൽകുകയും താമസിക്കുന്നവരിൽ നിന്നും പ്രതിമാസം 150/-രൂപ തോതിൽ ഈടാക്കാൻ ഉത്തരവായതായും കാണുന്നു. (ഉദാഃ- രജിസ്ട്രാറുടെ നടപടി ക്രമ നമ്പർ കെ.വി.എ.എസ്.യു /ഐ.ഡി.ബ്ല്യൂ /408/13 തീയ്യതി 28/10/2014 ). കൂടാതെ ടി ഉദ്യോഗസ്ഥർ വീട്ടു വാടകബത്ത കൈപ്പറ്റുന്നതായും കാണുന്നു. ഇത് ക്വാർട്ടേഴ്സ് അലോട്ട്മെന്റ് മാനദണ്ഡങ്ങൾക്ക് വിരുദ്ധവും അംഗീകരിക്കാൻ കഴിയാത്തതുമാണ്. ഉദാഹരണത്തിന് ബി.ആർ.നമ്പർ 66/15-16 തുക 59,509/-രൂപ ശ്രീ. കെ.രാജേന്ദ്രൻ ജെ.എഫ്.ഒയുടെ 2015 മെയ് മാസത്തെ ശമ്പളത്തോടൊപ്പം 150/-രൂപ ജോയിന്റ് ഒക്യുപ്പേഷൻ ഇനത്തിൽ റിക്കവറി നടത്തിയതായും 530/- രൂപ വീട്ടുവാടക ബത്ത നൽകിയതായും കാണുന്നു. അദ്ദേഹത്തിന്റെ അടിസ്ഥാന ശമ്പളം 41,640/- രൂപയാണ്. ഇത് പ്രകാരം 2% നിരക്കിൽ പ്രതിമാസം 833/-രൂപ റിക്കവറി നടത്തേണ്ടതും വീട്ടു വാടക ബത്ത നൽകാൻ പാടില്ലാത്തതും ആകുന്നു. ഈ ഒരു ഉദാഹരണത്തിൽ മാത്രം സർവ്വകലാശാലയ്ക്ക് 1213/- രൂപയുടെ പ്രതിമാസ ധനനഷ്ടമാണുള്ളത്. ഇപ്രകാരമുള്ള ധനനഷ്ടം അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

**(b) വീട്ടുവാടക, വെള്ളക്കരം - ജീവനക്കാരിൽ നിന്നും കുറഞ്ഞ നിരക്കിൽ ഈടാക്കുന്നു.**

ക്വാട്ടേഴ്സ് സൗകര്യം അനുവദിക്കപ്പെട്ട ലൈവ് സ്റ്റോക്ക് ഫോം & ഫോഡർ റിസർച്ച് സ്റ്റേഷനിലെ താഴെ പറയുന്ന ജീവനക്കാരുടെ 4/14 മുതൽ 3/2015 വരെയുള്ള കാലയളവിലെ ശമ്പള ബില്ലിൽ നിന്നും വീട്ടു വാടക, വെള്ളക്കരം എന്നിവ കുറഞ്ഞ നിരക്കിൽ ഈടാക്കിയതായി കാണുന്നു.

| **ക്രമ നം** | **പേര്** | **മാസം** | **ഈടാക്കേണ്ട തുക(പ്രതിമാസം 973/- തോതിൽ)** | **ഈടാക്കിയ തുക (പ്രതിമാസം 486/- തോതിൽ)** | **കൂടുതൽ അനുവദിച്ച തുക** |
|---|---|---|---|---|---|
| 1. | ശ്രീമതി.എൻ.ഗീത അസി.പ്രൊഫസർ | 4/14 മുതൽ 12/14 വരെ (9 മാസം) | 8757 | 4374 | 4383 (487x9) |
| 2. | ശ്രീ.ധർമ്മജൻ കെ.എസ് ഫാം അസിസ്റ്റന്റ് | 12/14 മുതൽ 3/15 വരെ (4 മാസം) | 3892 | 1944 | 1948 |
| 3. | ശ്രീ. ജോർജ്ജുകുട്ടി. ഫാം അസിസ്റ്റന്റ് | 7/14 മുതൽ 3/15 വരെ (9 മാസം) | വെള്ളക്കരം (25/pm) 225 | ഇല്ല | 225 |
| | | | | | **6556** |

വീട്ടു വാടക, വെള്ളക്കരം എന്നിവ കുറഞ്ഞ നിരക്കിൽ ഈടാക്കി ശമ്പളബില്ലിൽ കൂടുതലായി അനുവദിച്ച തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി യൂണിവേഴ്സിറ്റി ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

## 3-22. വാർഷിക കണക്ക് സംബന്ധിച്ച്

കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് 32(1) പ്രകാരം യൂണിവേഴ്സിറ്റിയുടെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് വിഭാഗങ്ങളുടെ ചുമതല ഫിനാൻസ് ഓഫീസറിൽ നിക്ഷിപ്തമാണ്. 32(4) പ്രകാരം യൂണിവേഴ്സിറ്റിയുടെ എല്ലാ സ്റ്റേഷനുകളുടെയും വരവ് ചെലവ് സംബന്ധിച്ച പരിശോധനയുടെ ആധികാരികത ഉറപ്പു വരുത്തേണ്ടത് ധനകാര്യ വിഭാഗമാണ്. എന്നാൽ ധനകാര്യ വിഭാഗത്തിന്റെ വരവ്-ചെലവുകൾ മാത്രമാണ് ഫിനാൻസ് ഓഫീസർ പരിശോധിച്ചുവരുന്നത്. കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ 36 സ്റ്റേഷനുകളും (101 മുതൽ 138 വരെ) ഒറ്റപ്പെട്ട സ്ഥാപനങ്ങളായി പ്രവർത്തിക്കുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു. വിവിധ സ്റ്റേഷനുകളിലെ വരവ് ചെലവുകളുടെ ഏകോപനമില്ലായ്മ, സൂപ്പർവിഷന്റെ അഭാവം എന്നിവ വാർഷിക കണക്കുകൾ യഥാസമയം തയ്യാറാക്കുന്നതിനെ പ്രതികൂലമായി ബാധിക്കുന്നു. ആയതിനാൽ സ്റ്റാറ്റ്യൂട്ടിൽ നിഷ്കർഷിക്കും പ്രകാരം യൂണിവേഴ്സിറ്റിയുടെ എല്ലാ സ്റ്റേഷനുകളിലേയും വരവ് ചെലവ് ഏകോപനവും സൂപ്പർവിഷനും ധനകാര്യ വിഭാഗത്തിന്റെ നിയന്ത്രണത്തിലാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. തന്മൂലം 2014-15 വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം മുൻബാക്കി 47,20,48,259/- രൂപയാണ്. എന്നാൽ 2013-14 വർഷത്തെ ഓഡിറ്റ് ചെയ്ത കണക്കുകൾ പ്രകാരം മുൻബാക്കി 51,32,59,993/-രൂപയാണ്. 4,12,11,734/- രൂപയുടെ വ്യത്യാസമാണ് മുൻബാക്കിയിൽ വന്നിട്ടുള്ളത്. 2015-16 വർഷത്തിലും ഇതനുസരിച്ച് മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവയിൽ 22,90,88,404/- രൂപ യുടെ വ്യത്യാസം വന്നിട്ടുണ്ട്. വ്യത്യാസം ക്രമീകരിക്കേണ്ടതാണ്.

**(i) കോളേജ് ഓഫ് വെറ്ററിനറി ആന്റ് ആനിമൽ സയൻസസ്, മണ്ണുത്തി**

"ഇൻസ്പെയർ ഫെലോഷിപ്പ്" പോലെ കേന്ദ്രഗവൺമെന്റിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പ്രത്യേകം അക്കൗണ്ട് ചെയ്യപ്പെടാതെ പ്ലാൻ അക്കൗണ്ടിലൂടെ മാത്രം ട്രാൻസാക്ഷൻ നടത്തുന്നതായി കാണുന്നു. ഇതിനായി പ്രത്യേകം രജിസ്റ്ററും തയ്യാറാക്കി സൂക്ഷിക്കുന്നില്ല. സെൻട്രൽ ഗവൺമെന്റിൽ നിന്നും ലഭിക്കുന്ന ഫണ്ടുകൾ, അവയുടെ വരവ് -ചെലവ് കണക്കുകൾ , നീക്കി ബാക്കി എന്നിവ പ്രത്യേകം തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

**പ്ലാൻ ഫണ്ട് പലിശ- തനതു വരുമാനത്തിൽ മുതൽ കൂട്ടുന്നു:-**

2014-15 വർഷത്തെ പ്ലാൻ ഫണ്ട് അക്കൗണ്ട് പരിശോധിച്ചതിൽ, പലിശ ഇനത്തിൽ തൻവർഷം 17,73,134/- രൂപ ലഭിച്ചതായി കാണുന്നു. ഈ തുക സർവ്വകലാശാലയുടെ ഇന്റേണൽ റവന്യൂ അക്കൗണ്ടിലേയ്ക്കാണ് തിരിച്ചടച്ചിട്ടുള്ളത്. (അക്കൗണ്ട് നം. 67150103392). വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| മിസ്സലേനിയസ് ബിൽ നം. | വൗച്ചർ നം. | തുക | ചെക്ക് നം./ തീയ്യതി |
|---|---|---|---|
| 1. MB No. 107/15-16 | സി.ബി.വി.നം 4/10-15 | 7,38,622/- | 485235 14/10/2015 |
| 2.MB No. 60/15-16 | ലഭ്യമല്ല | 10,34,512/- | 485232 |

| | | | |
|---|---|---|---|
| | | | 5/8/2015 |
| **ആകെ** | | **17,73,134/-** | |

പ്ലാൻ ഫണ്ട് പലിശ വരവ് യഥാർത്ഥത്തിൽ, ഫിനാൻസ് ഓഫീസറുടെ പ്ലാൻ അക്കൗണ്ടിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതിന് പകരം ഇന്റേണൽ റവന്യൂ അക്കൗണ്ടിലേയ്ക്ക് മാറ്റിയത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. മേൽ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നം. 11/29-12-2017) മറുപടി ലഭിച്ചിട്ടില്ല. അതാത് അക്കൗണ്ടുകളിലെ പലിശ വരവ് അതേ ഹെഡ്ഡ് ഓഫ് അക്കൗണ്ടിൽ തന്നെ തിരിച്ച് അടവാക്കേണ്ടതാണ്.

**(ii) ഡയറക്ടറേറ്റ് ഓഫ് എന്റർപ്രണർഷിപ്പ്**

ഡയറക്ടർ എന്റർ പ്രണർഷിപ്പ് ഓഫീസിലെ 2014-15 ,2015-16 അക്കൗണ്ടുകൾ സംബന്ധിച്ച് മുന്നിരിപ്പ് , വരവ് ചെലവ് നീക്കിയിരിപ്പ് എന്നിവ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. സൂക്ഷിച്ചിരിക്കുന്ന രജിസ്റ്ററുകളും അപൂർണമാണ്. പദ്ധതി , പദ്ധതിയേതര കണക്കുകൾ , ട്രെയിനിംഗ് എന്നീ ഇനങ്ങൾക്ക് എപ്രകാരം തുക അനുവദിച്ചെന്നോ എത്ര തുക ബാക്കിയുണ്ടെന്നോ രജിസ്റ്ററുകൾ പ്രകാരം വ്യക്തമാക്കിയിട്ടില്ല. 2015-16 വർഷത്തെ പ്രസ്തുത സ്റ്റേഷന്റെ (105) നോൺ പ്ലാൻ വരവ് ചെലവ് - ബാലൻസ് പ്ലാൻ വരവ്- ചെലവ് -ബാലൻസ് എന്നിവ സംബന്ധിച്ച കണക്കുകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 3-23. ഉത്തരവുകളിൽ വൈസ് ചാൻസലർ ഒപ്പ് വെയ്ക്കുന്നില്ല.

2014-15, 2015-16 വർഷത്തെ രേഖകൾ പരിശോധിച്ചതിൽ വൈസ് ചാൻസലർ പുറപ്പടുവിക്കേണ്ട അദ്ദേഹത്തിന്റെ ശമ്പള ബില്ലൊഴികെയുള്ള , എല്ലാ ഉത്തരവുകളിലും അദ്ദേഹത്തിനു പകരമായി പി.എസ് ടു വൈസ് ചാൻസലർ, അഡ്മിനിസ്ട്രേറ്റീവ് കൺസൽട്ടന്റ് തുടങ്ങിയവരാണ് ഒപ്പ് വച്ചിരിക്കുന്നത്. ഇതിന്റെ വൈസ് ചാൻസലർ ഒപ്പിട്ട കരടോ , നോട്ട് ഫയലോ ലഭ്യമല്ല. ഡ്രാഫ്റ്റ് ഫയൽ / ഉത്തരവിൽ വൈസ് ചാൻസലർ ഒപ്പിട്ടതിനുശേഷം ആയതിന്റെ ഒറിജിനലിൽ "Approved for issue”- ൽ മാത്രം പി.എസിനോ അഡ്മിനിസ്ട്രേറ്റീവ് കൺസൾട്ടന്റിനോ ഒപ്പു വയ്ക്കുവാൻ അധികാരമുള്ളൂ. കരടിലോ, നോട്ട് ഫയലിലോ , ഒറിജിനലിലോ വൈസ് ചാൻസലറുടെ ഒപ്പ് /അംഗീകാരം /അനുവാദം ഇല്ലാത്ത ഉത്തരവുകൾ അസാധുവാണ്. ഇത്തരത്തിലുള്ള ചെലവുകളും സാധൂകരിക്കാവുന്നതല്ല. ആയതിനാൽ മേൽ അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 3-24. റിവോൾവിംഗ് ഫണ്ട് -“ഹെറിറ്റേജ് മിൽക്ക് സിപ്പ്" എന്ന സംരംഭം- സംബന്ധിച്ച്

കേരള വെറ്ററിനറി & ആനിമൽ സയൻസസ് സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിച്ചു വരുന്ന ബേസ് ഫാം, കോലാഹലമേട് എന്ന സ്റ്റേഷനിൽ റിവോൾവിംഗ് ഫണ്ടിൽ 1,15,000/-രൂപ കോർപ്പസ് തുക വകയിരുത്തി പ്രവർത്തനം ആരംഭിച്ചിരിക്കുന്ന സംരംഭമാണ് "ഹെറിറ്റേജ് മിൽക്ക് സിപ്പ്". സ്റ്റേഷനിൽ ഉൽപ്പാദിപ്പിക്കുന്ന ആകെ പാലിന്റെ ഒരു ഭാഗം ഈ സംരംഭത്തിനായി ഉപയോഗിക്കുന്നു. ഫാം റവന്യൂ വർദ്ധിപ്പിക്കുക, ആരോഗ്യകരമായ മൂല്യ വർദ്ധിത പാൽ ഉൽപന്നങ്ങൾ വിപണിയിലെത്തി- ക്കുക എന്നീ

ലക്ഷ്യങ്ങളോടുകൂടി 2016 ജനുവരി മുതലാണ് പ്രവർത്തനം ആരംഭിച്ചിരിക്കുന്നത്. പ്രതിദിനം 500 സിപ്പ് അപ്പ് ഉണ്ടാക്കി വിപണനം നടത്തുകയും ഇതിൽ നിന്നും മാസം 5000/- രൂപയിലധികം ലാഭം ഉണ്ടാക്കാമെന്നമാണ് പ്രതീക്ഷിക്കുന്നത്.

## 3-25. ചെലവ് രേഖകൾ ലഭ്യമല്ല

2014-15, 2015-16 വർഷത്തെ പ്ലാൻ/നോൺ പ്ലാൻ ചെലവുകളുമായി ബന്ധപ്പെട്ട് പരിശോധന നടത്തിയതിൽ താഴെ പറയുന്ന ചെലവുകൾക്കാധാരമായ രേഖകൾ/വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

**(i)തുമ്പൂർമൂഴി ക്യാറ്റിൽ ബ്രീഡിംഗ് ഫാം**

തുമ്പൂർമൂഴി ക്യാറ്റിൽ ബ്രീഡിംഗ് ഫാമിന്റെ പ്ലാൻ, നോൺ-പ്ലാൻ ഇനത്തിൽ താഴെ പറയും പ്രകാരം തുകകൾ ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | സി.ബി.വി നം. /തീയ്യതി | തുക | റിമാർക്സ് |
|---|---|---|---|
| 1 | 36/5-15<br>27/5/15 | 41,000 | നോൺ- പ്ലാൻ ചെലവ് |
| 2 | 73/5-16<br>29/9/16 | 20,021 | Strategies for improving the fodder production of kerala<br>എന്ന പ്രോജക്ടിനുവേണ്ടി വിനിയോഗിച്ച തുക |
| 3 | 73/6-15 | **2,99,612** | കൺസർവേഷൻ ഓഫ് ലോക്കൽ ക്യാറ്റിൽ ഓഫ് കേരള എന്ന പദ്ധതിയുടെ വേജസ് ഇനത്തിൽ ചെലവഴിച്ച തുക |
| | **ആകെ** | **3,60,633** | |

**(ii) കോളേജ് ഓഫ് വെറ്ററിനറി ആന്റ് ആനിമൽ സയൻസസ്, പൂക്കോട്**

2014-15 വർഷം താഴെ പറയുന്ന നോൺ പ്ലാൻ വൗച്ചറുകളും അനുബന്ധ രേഖകളും ഓഡിറ്റിന് ലഭ്യമാക്കിയില്ല.

| ക്രമ നം. | സി.ബ.വി.നം | തുക | ഇനം |
|---|---|---|---|
| 1 | 32/4/14-15 | 3,300 | വേതനം |
| 2 | 107/5/14-15 | 5.620 | യാത്രാപ്പടി |
| 3 | 123 to 126/6/14-15 | 9,500 | " |
| 4 | 1 to 4/7/14-15 | 6,500 | " |
| 5 | 41 to 46/7/14-15 | 73,800 | " |
| 6 | 4 to 13/5/14-15 | 15,000 | " |
| | **ആകെ** | **1,13,720/-** | |

**(iii)കോളേജ് ഓഫ് വെറ്ററിനറി ആന്റ് ആനിമൽ സയൻസസ്, മണ്ണുത്തി**

2014-15, 2015-16 വർഷത്തിൽ നോൺ പ്ലാൻ ഇനത്തിൽ നടത്തിയ താഴെ പറയുന്ന ചെലവുകൾക്കാധാരമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| ക്രമ നം | സി.ബി.വി.നം./ തീയ്യതി | തുക | ചെലവിന്റെ വിശദ വിവരം |
|---|---|---|---|
| 1 | 120/4/14-15<br>7/4/15 | 24,936 | 15 കാഷ്വൽ തൊഴിലാളികൾക്ക് 2014 ഏപ്രിൽ മാസത്തെ വേതനം നൽകിയത്, തുക കൈപ്പറ്റിയതിന്റെ വിവരം. |
| 2 | 119/4/14-15<br>17/4/15 | 8,558 | ശ്രീ.വി.സി. മത്തായി, സ്ഥിരംതൊഴിലാളി (റിട്ട) ടെർമിനൽ സറണ്ടർ നൽകിയത്.- തുക കൈപ്പറ്റിയ വിവരം |
| 3 | 153/4/14-15<br>22/4/14 | 96,320 | ഡബ്യൂ.പി.എഫ് -ൽ നിന്നും താൽക്കാലിക അഡ്വാൻസ് നൽകിയത് (ശ്രീമതി .രേണുക പി.ആർ, ശ്രീ.പി.ആർ കൃഷ്ണൻകുട്ടി എന്നിവർക്ക്) തുക കൈപ്പറ്റിയ വിവരം |
| 5 | 181/4/14-15<br>25/4/15 | 16,498 | ശ്രീ.പി.ബി അനിൽ കുമാറിന്റെ ഡി.എ. കുടിശ്ശിക നൽകിയത് - ഡ്യൂ ഡ്രോൺ പത്രിക |
| 6 | 162/8/14-15<br>8/8/14 | 7,079 | മൂന്ന് (റിട്ട) സ്ഥിരം തൊഴിലാളികൾക്ക് ജനുവരി 2014 മുതൽ മാർച്ച് 2014 വരെയുള്ള ഡി.എ. കുടിശ്ശിക നൽകിയത്. തുക കൈപ്പറ്റിയതിന്റെ വിവരം |
| 7 | 157/10/14-15<br>15/10/14 | 2,040 | ഡോ. മിനി.എം.ന് ലെക്ച്ചർ നോട്ട് തയ്യാറാക്കുന്നതിന് ടൈപ്പിംഗ് ചാർജ് നൽകിയത് |
| 8 | 32/3/14-15<br>11/3/15 | 68,478 | മരണപ്പെട്ട സ്ഥിരം തൊഴിലാളി ശ്രീ.ജനാർദ്ധനന്റെ വിധവ ഗിരിജക്ക് പേ റിവിഷൻ കുടിശ്ശിക നൽകിയത്. തുക കൈപ്പറ്റിയ വിവരം |
| 9 | 173/01/14-15<br>19/1/15 | 5,000 | ഡോ. ജോസഫിന് 'റൺ കേരള റൺ ' പ്രോഗ്രാമിന് നൽകിയ തുക .ചെലവു രേഖകൾ / അഡ്വാൻസ് ക്രമീകരിച്ചതിന്റെ രേഖകൾ |
| 10 | 39/9/14-15<br>5/9/14 | 6,000 | ശ്രീമതി. പ്രീത.വി.ആർ, പ്രിയ.വി.എം, റോസ്ലി സി.പി, എന്നീ കാഷ്വൽ ലേബർമാർക്ക് ഫെസ്റ്റിവെൽ അലവൻസ് നൽകിയത് . തുക കൈപ്പറ്റിയതിന്റെ വിവരം |
| 11 | 38/9/14-15<br>5/9/14 | 13.200 | ആറ് റിട്ട. സ്ഥിരം തൊഴിലാളികൾക്ക് ഫെസ്റ്റിവൽ അലവൻസ് നൽകിയത്. തുക കൈപ്പറ്റിയ വിവരം |
| 12 | 10/4/15-16<br>9/4/15 | 82,620 | 28 കാഷ്വൽ തൊഴിലാളികളുടെ മാർച്ച് 2015-ലെ വേതനം നൽകിയത് കൈപ്പറ്റ് വിവരം |
| 13 | 14/4/15-16<br>10/4/15 | 18,400 | രണ്ട് റഫറൻസ് അസിസ്റ്റന്റ് മാർക്ക് (ദിവസവേതനം -ലൈബ്രറിയിൽ) വേതനം നൽകിയ തുക (ശ്രീമതി. മഞ്ജു പി., സിജോ ജോൺ ) കൈപ്പറ്റ് വിവരം |
| 14 | 28/5/15-16<br>13/5/15 | 26,461 | എലിസബത്ത് വിക്ടോറിയ (9828 രൂപ) എം.എസ്. പുഷ്പകുമാർ (16663) രൂപ എന്നീ വിരമിച്ച സ്ഥിരം തൊഴിലാളികൾക്ക് ടെർമിനൽ സറണ്ടർ നൽകിയ തുക. കൈപ്പറ്റ് വിവരം |

| | | | |
|---|---|---|---|
| 15 | 29/5/15-16<br>13/5/15 | 8,866 | ശ്രീ.സെയ്തലവി.പി സ്ഥിരം തൊഴിലാളി(റിട്ട) ടെർമിനൽ സറണ്ടർ നൽകിയ തുക. കൈപ്പറ്റ് വിവരം |
| 16 | 30/5/15-16<br>13/5/15 | 26,953 | അഞ്ച് വിരമിച്ച സ്ഥിരം തൊഴിലാളികൾക്ക് ഡി.എ കുടിശ്ശിക നൽകിയത്.കൈപ്പറ്റ് വിവരം |
| 17 | 10/7/15-16<br>4/7/15 | 74,900/-ൽ 17,500/- രൂപ | ശ്രീമതി. രുഗ്മണി.ടി.പി., ഹേമമാലിനി .എം.പി., എന്നിവർക്ക് സ്വീപ്പർ ജോലി ചെയ്തതിന് വേതനം നൽകിയത്. കൈപ്പറ്റ് വിവരം |
| 18 | 140/10/15-16<br>5/10/15 | 18,667 | 16 സ്ഥിരം തൊഴിലാളികൾക്ക് വർദ്ധിപ്പിച്ച ഡി.എ കുടിശ്ശിക പണമായി നൽകിയത്. ഇത് സംബന്ധിച്ച് തയ്യാറാക്കിയ ഡ്യൂ ഡ്രോൺ പത്രിക |
| 19 | 154/10/15-16<br>15/10/15 | 1,506 | ശ്രീ. പി.എൻ വാസുദേവൻ, സ്ഥിരം ,തൊഴിലാളി (റിട്ട)ക്ക് 2015 ആഗസ്റ്റ് മാസത്തെ ഇരട്ട വേതനം കുടിശ്ശിക നൽകിയത്. ഡബ്ബിൾ ഡ്യൂട്ടി ചെയ്തതിന്റെ യും തുക കൈപ്പറ്റിയതിന്റെയും വിവരം |
| 20 | 107/10/15-16<br>8/10/15 | 28,621 | വിരമിച്ച 7 സ്ഥിരം തൊഴിലാളികൾക്ക് വർദ്ധിപ്പിച്ച ഡി.എ കുടിശ്ശിക നൽകിയത് (1/1/15 മുതൽ 31/8/15 വരെയുള്ളത്) തുക കൈപ്പറ്റിയ വിവരം |
| 21 | 243/11/15-16<br>25/11/15 | 47,250 | കേരള ഫീഡ്സ് തൃശ്ശൂരിന് ആനിമൽ റീപ്രോഡക്ഷൻ വകുപ്പിലേക്ക് കാലിത്തീറ്റ വാങ്ങിയതിന് നൽകിയ തുക കൈപ്പറ്റിയതിന്റെ വിവരം, സ്റ്റോക്ക്, ഇഷ്യൂ വിവരം |
| 22 | 157/11/15-16<br>16/11/15 | 1,02,565 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ.എസ്.ഇ.ബി, മണ്ണുത്തിക്ക് പമ്പ് ഹൗസ്, സ്ട്രീറ്റ് ലൈറ്റ് , എന്നിവയുടെ 2015 ഒക്ടോബർ മാസത്തെ വൈദ്യുതി ചാർജ് ഇനത്തിൽ നൽകിയ തുക |
| 23 | 158/11/15-16<br>16/11/15 | 2,78,071 | 22 ഇൻവോയിസുകളുടെ 2015 ഒക്ടോബർ മാസത്തെ വൈദ്യുതി ചാർജ് നൽകിയ തുക അടവാക്കിയതിന്റെ വിവരം, വൈദ്യുതി ബില്ലുകൾ |
| 24 | 56/7/15-16<br>14/7/15 | 3,823 | ശ്രീ.കെ.കെ.മാത്യൂ, ഫാം സൂപ്പർ വൈസർ ഗ്രേഡ്-2 ന്, പൂക്കോട് നിന്നും മണ്ണുത്തിയിലേക്കുള്ള ട്രാൻസ്ഫർ ടി.എ |
| 25 | 55/7/15-16<br>14/7/15 | 3,255 | ശ്രീ.പി.കെ. മജീദ് ഫാം സൂപ്പർ വൈസർക്ക്, പൂക്കോട് നിന്നും മണ്ണുത്തിയിലേക്കുള്ള ട്രാൻസ്ഫർ ടി.എ |
| 26 | 54/7/15-16<br>14/7/15 | 2,077 | ശ്രീ.സജി ആന്റണി, ബസ് അറ്റണ്ടന്റിന് പൂക്കോട് നിന്നും മണ്ണുത്തിയിലേക്കുള്ള ട്രാൻസ്ഫർ ടി.എ |
| 27 | 53/7/15-16<br>14/7/15 | 2,265 | ശ്രീമതി.ഉഷാകുമാരി എൻ.ജി, ഫാം അസിസ്റ്റന്റ് (വെറ്ററിനറി) ന് , പൂക്കോട് നിന്നും മണ്ണുത്തിയിലേക്കുള്ള ട്രാൻസ്ഫർ ടി.എ |
| 28 | 52/7/15-16<br>14/7/15 | 5,707 | ശ്രീ.പി.എസ്. കബീർ, ഫാം സൂപ്പർ വൈസർക്ക്, പൂക്കോട് നിന്നും മണ്ണുത്തിയിലേക്കുള്ള ട്രാൻസ്ഫർ ടി.എ. |
| | **ആകെ** | **9,22,726** | |

കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം-2 പ്രകാരം, അപേക്ഷ പ്രകാരം ലഭ്യമായ ട്രാൻസ്ഫറിന് ട്രാൻസ്ഫർ ടി.എ

അനുവദനീയമല്ല. കൂടാതെ പൂർവ്വ സ്റ്റേഷനിൽ കുറഞ്ഞത് ഒരു വർഷമെങ്കിലും (ലീവ് കാലയളവ് ഒഴികെ), ജോലി ചെയ്തിട്ടുള്ളവർക്ക് മാത്രമേ ട്രാൻസ്ഫർ ടി.എ ക്ക് അർഹതയുള്ളൂ. അപ്രകാരമല്ലാത്ത ട്രാൻസ്ഫറുകൾക്ക് ടൂർ ടി.എ യാണ് അനുവദനീയമായിട്ടുള്ളത്. വിവരം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 5/11-01-2018) മറുപടി ലഭ്യമാക്കിയിട്ടില്ല. തൻമൂലം അർഹതപ്പെട്ടവർക്കാണ് ട്രാൻസ്ഫർ ടി.എ അനുവദിച്ചിട്ടുള്ളതെന്ന കാര്യം പരിശോധിക്കുവാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. ട്രാൻസ്ഫർ ടി.എ. സംബന്ധിച്ച മുഴുവൻ വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

രേഖകൾ ലഭ്യമാക്കുന്നതുവരെ ചെലവഴിച്ച <u>**9,22,726/-**</u> <u>**രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.**</u>

**പ്ലാൻ ഫണ്ട്**

Centre for small laboratory & animal production (CSLAP) ന് ലഭ്യമായ 10,00,000/-രൂപ യിൽ, ചെക്ക് നം. 729568/30-09-2016 പ്രകാരം 5,33,919/-രൂപ (FVC No. 13/15-16 / തീയ്യതി പ്രകാരം 4,46,600/-രൂപയും FVC No. 14/15-16 /തീയ്യതി 30/9/16 പ്രകാരം 87,319/-രൂപയും ) വിനിയോഗിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. <u>**ചെലവു തുക 5,33,919 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.**</u>

**(iv)ഡയറക്ടർ ഓഫ് അക്കാദമിക്സ് ആന്റ് റിസർച്ച്**

"ഇ. ജേർണൽ" വരിക്കാരാവുന്നതിനുവേണ്ടി ധനസഹായമായി കോളേജ് ഓഫ് ഓഫ് വെറ്ററിനറി & ആനിമൽ സയൻസസ്, പൂക്കോട് ഡീനിന് വൗച്ചർ നം.5/23-3-16 പ്രകാരം ആകെ. 9,00,000/- രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ആയതിന്റെ വിനിയോഗം സംബന്ധിച്ച് രേഖകൾ ഹാജരാക്കുവാനായി 25/4/2017-ലെ ഓഡിറ്റ് എൻക്വയറി (നമ്പർ 8) പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും രേഖകൾ, ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ <u>9,00,000/- രൂപയുടെ</u> വിനിയോഗ രേഖകൾ ഹാജരാക്കേണ്ടതാണ്. <u>ചെലവു തുക 9,00,000/-രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.</u>

**മോണിറ്ററിംഗ് ആന്റ് ഇവാല്വേഷൻ സെൽ ,മണ്ണുത്തി -ചെലവ് വൗച്ചറുകൾ ഹാജരാക്കിയിട്ടില്ല.**

വൗച്ചർ നം.13 തീയ്യതി 17-2-15 തുക 14 ലക്ഷം
വൗച്ചർ നം.ലഭ്യമല്ല തീയ്യതി 9/1/15 തുക 6 ലക്ഷം
വൗച്ചർ നം.3/23-1-16 തുക <u>തുക 5 ലക്ഷം</u>
ആകെ 25 ലക്ഷം

ഡയറക്ടർ ഓഫ് അക്കാഡമിക്സ് ആന്റ് റിസർച്ചിന്റെ 25/2/15-തീയ്യതിയിലെ കെ.വി.എ.എസ്.യു/ഡി.എ.ആർ/ആർ4/2628/13 നമ്പർ ഓഫീസ് നടപടിക്രമങ്ങൾ പ്രകാരം, മോണിറ്ററിംഗ് ആന്റ് ഇവാല്വേഷൻ എന്ന പ്രോജക്ടിനുവേണ്ടി പ്രസ്തുത സെല്ലിന്റെ കൺവീനറായ ഡോ.കെ.സി.രാഘവൻ, പ്രൊഫസർക്ക് മേൽ വൗച്ചർ പ്രകാരം 14 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ മേൽ നടപടിക്രമങ്ങളിൽ 6 ലക്ഷം രൂപ 9/1/2015-ന് മുൻകൂറായി നല്കിയതായും വ്യക്തമാക്കിയിട്ടുണ്ട്. ഇതുകൂടാതെ 2015-16 വർഷത്തിൽ 5 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം 2014-15, 2015-16 വർഷങ്ങളിലായി ആകെ. 25 ലക്ഷം രൂപ മോണിറ്ററിംഗ് & ഇവാല്വേഷൻ സെൽ കൺവീനറുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഈ

സാഹചര്യത്തിൽ 25 ലക്ഷം രൂപയുടെ ചെലവ് വൗച്ചറുകൾ ഹാജരാക്കാനായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ **25 ലക്ഷം രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.**

**(v)സെന്റർ ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ ആനിമൽ ജനറ്റിക്സ് ആന്റ് ബ്രീഡിംഗ്**

Animal Biotech Laboratory, Modernisation of vechur cattle conservation centre, Development of cloning & transgenic Research facilities conservation centre, എന്നീ പ്രോജക്ടുകൾക്കായി വിനിയോഗിച്ച ചെലവുകൾക്കാധാരമായ രേഖകൾ പരിശോധനക്കായി ലഭ്യമാക്കിയില്ല.

| ക്രമ നം | സി. ബി.വി.നം./ തീയ്യതി | തുക | ചെലവിന്റെ വിവരം | റിമാർക്സ് |
|---|---|---|---|---|
| 1 | 13/09-14 3/9/14 | 1,12,930 | എഴ് കാഷ്വൽ തൊഴിലാളികളുടെ ആഗസ്റ്റ് 2014-ലെ വേതനം | തുക കൈപ്പറ്റിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് |
| 2 | 4/10-14 1/10/14 | 1,16,014 | എഴ് കാഷ്വൽ തൊഴിലാളികളുടെ സെപ്തംബർ 2014-ലെ വേതനം | തുക കൈപ്പറ്റിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് |
| 3 | 3/11-14 4/11/14 | 1,14,832 | എഴ് കാഷ്വൽ തൊഴിലാളികളുടെ ഒക്ടോബർ 2014-ലെ വേതനം | തുക കൈപ്പറ്റിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് |
| 4 | 4/12-14 3/12/14 | 1,20,127 | എഴ് കാഷ്വൽ തൊഴിലാളികളുടെ നവംബർ 2014-ലെ വേതനം | തുക കൈപ്പറ്റിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് |
| 5 | 1/02-15 2/2/15 | 1,13,659 | എഴ് കാഷ്വൽ തൊഴിലാളികളുടെ ആഗസ്റ്റ് ജനവരി 2015-ലെ വേതനം | തുക കൈപ്പറ്റിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് |
| 6 | 2/1-15 1/01/15 | 1,27,184 | എഴ് കാഷ്വൽ തൊഴിലാളികളുടെ ഡിസംബർ 2015-ലെ വേതനം | തുക കൈപ്പറ്റിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് |
| 7 | 55/08-14 5/8/14 | 12,352 | ശ്രീമതി. വത്സലകുമാരി .ടി.എ (കാഷ്വൽ ലേബർ)യുടെ 11/10/2014 മുതൽ 31/10/14 വരെയുള്ള സ്പെഷ്യൽ ഡിസ് | തുക കൈപ്പറ്റിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് |

| | | | | |
|---|---|---|---|---|
| | | | എബിലിറ്റി ലീവ് ശമ്പളം | |
| 8 | 34/12-14 18/12/14 | 4,117 | ശ്രീ. രഞ്ജിത്ത് എം.എൽ., (കാഷ്വൽ ലേബർ)ന്റെ 04/08/2014 മുതൽ 10/08/14 വരെയുള്ള സ്പെഷ്യൽ ഡിസ് എബിലിറ്റി ലീവ് ശമ്പളം | തുക കൈപ്പറ്റിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് |
| | **ആകെ** | **7,21,215** | | |

2015-16 വർഷത്തിൽ നോൺ പ്ലാൻ ഇനത്തിൽ ചെലവഴിച്ച താഴെ പറയുന്ന ചെലവുകൾ സംബന്ധിച്ച രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | സി.ബി.വി. നം / തീയ്യതി | തുക | റിമാർക്സ് |
|---|---|---|---|
| 1 | സി.ബി.വി നം. 4/09-15 തീയ്യതി 3/9/15 | 30,600/-രൂപ | കാഷ്വൽ തൊഴിലാളികളുടെ 21/8/15 മുതൽ 31/8/15 വരെയുള്ള വേതനം. തുക നൽകിയതിന്റെ വിവരം |
| 2 | ബി.ആർ. നം. 73/15-16 തീയ്യതി 1/7/15 | 25,000/-രൂപ | അശ്വതി ടി.ബി (15,000/-രൂപ) രാജേഷ് കുമാർ (10,000/-രൂപ) എന്നീ കോൺട്രാക്ട് ജീവനക്കാർക്ക് 2015 ജൂൺ മാസത്തെ ശമ്പളം. തുക നൽകിയതിന്റെ വിവരം |
| 3 | ബി.ആർ നം. 74/15-16 തീയ്യതി 1/7/15 | 15,000/-രൂപ | രാഹുൽ എസ്. കരാർ ജീവനക്കാരന്റെ 2015 ജൂൺ മാസത്തെ ശമ്പളം. തുക നൽകിയതിന്റെ വിവരം |
| | ആകെ | 70600/-രൂപ | |

ചെലവു തുക 791815/-രൂപ (7,21,215+70,600) ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

ആകെ ചെലവഴിച്ച **61,22,813/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.**

## 3-26. ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് വിംഗിന് വിവിധ പ്രവൃത്തികൾക്കായി നൽകിയ തുകകൾ-പൂർത്തീകരണ റിപ്പോർട്ട്, ധന വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമല്ല.

സർവകലാശാലയുടെ വിവിധ സ്റ്റേഷനുകളിൽ നിന്നും സ്റ്റേഷൻ ഹെഡ് മുഖാന്തിരം വിവിധ മരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നതിനായി തുകകൾ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് വിംഗ് അസിസ്റ്റന്റ് എഞ്ചിനീയർക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ , പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ എന്നിവ ഫയലുകളിൽ ലഭ്യമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

## (i).ടീച്ചിംഗ് വെറ്ററിനറി ക്ലിനിക്കൽ കോംപ്ലക്സ്, പൂക്കോട്

ടീച്ചിംഗ് വെറ്ററിനറി ക്ലിനിക്കൽ കോംപ്ലക്സ്, പൂക്കോടിൽ നിന്ന് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് വിംഗ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് വിവിധ പ്രവൃത്തികൾക്കായി തുക കൈമാറിയിട്ടുണ്ട് വിശദ വിവരം ചുവടെ ചേർക്കുന്നു.

| | ബിൽ നം | പ്രവൃത്തി | തുക |
|---|---|---|---|
| 1. | S-142/15-16 | ഐ.പി യൂണിറ്റിന്റെ അറ്റകുറ്റ പ്രവൃത്തികൾക്കും പെയിന്റിംഗിനും വേണ്ടി | 1,15,000/- |
| 2 | S-168/15-16 | സെപ്പറേറ്റ് നെറ്റ് വർക്കിംഗ് | 1,65,000/- |
| | | **ആകെ** | **2,80,000** |

## (ii).ക്യാറ്റിൽ ബ്രീഡിംഗ് ഫാം ,തുമ്പൂർമൂഴി

2015-16 വർഷത്തിൽ വിവിധ പ്രോജക്ടുകളിലായി താഴെ പറയും പ്രകാരം തുകകൾ, ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് വിംഗിന് നൽകിയിട്ടുണ്ട്.

| ക്രമ നം. | സി.ബി.വി നം. /തീയ്യതി | തുക | റിമാർക്സ് |
|---|---|---|---|
| 1 | 69/15-16 29/9/16 | 3,50,000/-രൂപ | Improving Nutritional base through total mixed ration (TMR) പദ്ധതിയുടെ ഭാഗമായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ-II, ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് വിംഗ്,മണ്ണുത്തിക്ക് TMR വാഗൺ ഷെഡ് നിർമ്മാണ പ്രവൃത്തിക്കായി നൽകിയത്. |
| 2 | 46/15-16 27/5/16 | 4,00,000/-രൂപ | Strategies for Improving the fodder production of kerala പ്രോജക്ടിന്റെ ഭാഗമായി Solar power fencing installation പ്രവൃത്തിക്കായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ-II,ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് വിംഗ്,മണ്ണുത്തിക്ക് നൽകിയ തുക. |
| 3 | 58/15-16 18/7/16 | 10,00,000/-രൂപ | യൂണിവേഴ്സിറ്റി ഇൻഫർമേഷൻ ആന്റ് സെയിൽസ് സെന്റർ പദ്ധതിയുടെ ഭാഗമായി എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് വിംഗ്, പൂക്കോടിന് നൽകിയ തുക |
| 4 | 45/15-16 27/5/16 | 3,25,000/-രൂപ | ഫീഡ് സ്റ്റോർ/ലാബ് ബിൽഡിംഗിന് സ്റ്റീൽ റൂഫ് ചെയ്യുന്നതിന് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് വിംഗിന് നൽകിയ തുക. |
| | **ആകെ** | **20,75,000/- രൂപ** | |

മേൽ പ്രവൃത്തികൾക്കായി ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകിയതിന്റെ വിവരം,പ്രവൃത്തികൾക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റ് എന്നിവയൊന്നും തന്നെ ഫയലിൽ ലഭ്യമല്ല.

**(iii).യൂണിവേഴ്സിറ്റി ലൈവ്സ്റ്റോക്ക് ഫാം & ഫോഡർ റിസർച്ച് ഡെവലപ്മെന്റ് സ്റ്റേഷൻ, മണ്ണുത്തി**

"Strategies for improving the Fodder Production of Kerala State Project" എന്ന പ്രോജക്ടിന്റെ ഭാഗമായി 2015-16 വർഷത്തിൽ താഴെ പറയും പ്രകാരം തുകകൾ, ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് വിംഗിന് നൽകിയിട്ടുണ്ട്.

| ക്രമ നം. | സി.ബി.വി നം. /തീയ്യതി | തുക | റിമാർക്സ് |
|---|---|---|---|
| 1. | 10/03/2015-16 18/3/16 | 75,000/-രൂപ | 'False ceiling the farm office room and pathway connected between dung pit for trolly movement' പ്രവൃത്തിയ്ക്കായി നൽകിയ തുക |
| 2. | 11/9/2015-16 129/9/16 | 74,659/- രൂപ | |
| 3 | 4/7/15-16 8/7/15 | 8,10,000/-രൂപ | Masonry ചെക്ക് ഡാം വികസിപ്പിക്കുന്ന പ്രവൃത്തിക്ക് നൽകിയ തുക |
| 4 | 15/7/15-16 8/7/15 | 8,25,000/-രൂപ | ബഫല്ലോ ഫാം നവീകരണ പ്രവൃത്തിക്ക് നൽകിയ തുക |
| | ആകെ | 17,84,659/-രൂപ | |

## (iv). സെന്റർ ഫോർ പിഗ് പ്രൊഡക്ഷൻ & റിസർച്ച്

സി.ബി.വി നം. 11/9-16 പ്രകാരം **3,20,000/- രൂപ** (28.09.2016-ലെ ചെക്ക് നം. 668488 പ്രകാരം) വെഹിക്കിൾ ഷെഡ് നിർമ്മാണത്തിനായി അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ , ഐ.ഡി.വിംഗിന് നൽകിയിട്ടുണ്ട്. മേൽ പ്രവൃത്തിയ്ക്കായി നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഐ.ഡി.വിംഗിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തിയുടെ നിലവിലെ അവസ്ഥ, കംപ്ലീഷൻ റിപ്പോർട്ട് ഇവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.3/13.03.18) പണി പൂർത്തീകരിച്ചതായി മറുപടി നൽകിയിട്ടുണ്ട്. ടി വർക്കിനായി നൽകിയ തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടോയെന്ന് ഫണ്ട് വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ വിലയിരുത്തുവാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## (v).വെറ്ററിനറി ഹോസ്പിറ്റൽ കൊക്കാല. തൃശ്ശൂർ

Developing a protocol for evaluation and management of veterinary trauma patients and establishment of veterinary trauma patients care centre എന്ന പ്രോജക്റ്റിൽ ഉൾപ്പെടുത്തി സി.ബി.വി.നം. 23/15-16 തീയ്യതി 28/09/2016 (ചെക്ക് നം. 628434/തീയ്യതി 28/9/16 ) പ്രകാരം **2,70,000 രൂപ** അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ -2 ഐ.ഡി.വിംഗ് മണ്ണുത്തിക്ക് 'Replacement of roofing sheets of the casting shed and providing rain gutter to roof of surgery OP' പ്രവൃത്തിക്കായി 2015-16 വർഷത്തിൽ നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രം, ധന വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

**പ്ലാൻ ഫണ്ട്**

Strengthening of four Hospitals- എന്ന പ്രോജക്ടിലെ ചെലവുമായി ബന്ധപ്പെട്ട് സി.ബി.വി.നം 36-11/16 - (ചെക്ക് നമ്പർ - 628407) പ്രകാരം ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾക്കായി ഐ.ഡി.വിംഗ് മണ്ണുത്തിക്ക് **25,000/- രൂപ** നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചത് സംബന്ധിച്ച വിവരങ്ങൾ ഫയലിലില്ല.

## (vi). ഏവിയൻ റിസർച്ച് സ്റ്റേഷൻ- 2015-16

ബി.ആർ.നമ്പർ. 179/15-16 തീയ്യതി 30/9/2016 പ്രകാരം **27,00,000/- രൂപ** "എക്സ്പെരിമെന്റൽ ചിക്കൻ ഷെഡ് " നിർമ്മാണത്തിനായി അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഐ.ഡി. വിംഗ് , പൂക്കോടിന് നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരണം, ഫണ്ട് വിനിയോഗം എന്നീ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

## (vii). കോളേജ് ഓഫ് വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് , പൂക്കോട്.

(1) 2014-15, 15-16 വർഷങ്ങളിൽ വിവിധ നിർമ്മാണ പ്രവൃത്തികൾക്കായി ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് വിംഗിന് തുക നൽകിയെങ്കിലും ഓഡിറ്റ് തീയ്യതി വരെയും ജോലി പൂർത്തീകരണ, ഫണ്ട് വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയതായി കാണുന്നില്ല. വിശദ വിവങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നം. | തീയ്യതി | തുക | സ്റ്റേഷൻ / ഡിപാർട്ട്മെന്റ് | പ്രവൃത്തി |
|---|---|---|---|---|
| സി.ബി.വി നം. 1 / 8 14-15 | 3/8/15 | 2,20,000 | കോളേജ് ഓഫ് വെറ്ററിനറി ആന്റ് ആനിമൽ സയൻസസ്, പൂക്കോട് | ഇല്ല്യൂമിനേഷൻ ജോലികൾ അനാട്ടമി മ്യൂസിയം |
| സി.ബി.വി നം. 34/15-16 | 30/3/16 | 1,10,000 | ലൈവ് സ്റ്റോക്ക് പ്രൊഡക്ഷൻ ടെക്നോളജി. | പാർട്ടീഷൻ, വാഷ് ഏരിയ നിർമ്മാണം |
| സി.ബി.വി നം. 4/15-16 | 4/3/16 | 10,000 | മൈക്രോ ബയോളജി | റിപ്പയർ ജോലികൾ |
| സി.ബി.വി നം. 16 / 9 15-16 | 30/9/16 | 1,06,085 | ആനിമൽ ജനറ്റിക്സ് | പ്രൊസസിംഗ് ഹാൾ, അനുബന്ധ ജോലികൾ |
| സി.ബി.വി നം. 9 / 9 15-16 | 28/9/16 | 80,000 | സർജറി & റേഡിയോളജി | സിവിൽ& ഇലക്ട്രിക്കൽ ജോലികൾ |
| സി.ബി.വി നം. 20 / 9 15-16 | 29/9/16 | 1,44,000 | പാരാസൈറ്റോളജി വകുപ്പ് | റിസേർച്ച് ലാബോറട്ടറി നവീകരണം പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയെങ്കിലും ബാക്കി വന്ന 15,702 രൂപയുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. |
| സി.ബി.വി നം. 9 / 9 15-16 | 29/9/16 | 1,24,586 | പാരാസൈറ്റോളജി വകുപ്പ് | ലാബോറട്ടറി ഫാബ്രിക്കേഷൻ പ്രവൃത്തിക്ക് നൽകിയ തുക പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ടെങ്കി |

| | | | | |
|---|---|---|---|---|
| | | | | ല്യം 27,964/-രൂപയുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. |
| സി.ബി.വി നം. 62 / 9 15-16 | 30/9/16 | 1,15,000 | ഫിസിയോളജി വകുപ്പ് | റിസർച്ച് ലാബ് രൂപീകരണം . പൂർത്തീകരണ സാക്ഷ്യപത്ര പ്രകാരം ചെലവഴിക്കാനവശേഷിച്ച 49248/- രൂപയുടെ വിനിയോഗ/തിരിച്ചടവ് വിവരം ലഭ്യമാക്കിയിട്ടില്ല. |
| ആകെ | | 9,09,671.00 | | |

**(viii)സെന്റർ ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ ആനിമൽ ജനറ്റിക്സ് ആന്റ് ബ്രീഡിംഗ്**

| സി.ബി.വി.നം. | തീയ്യതി | തുക | ചെലവിന്റെ വിവരം | പ്രവൃത്തി |
|---|---|---|---|---|
| 12/08-14 | 5/8/14 | 67,713 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ -II . ഐ.ഡി.വിംഗിന് നൽകിയ തുക | ഇലക്ട്രിക്കൽ മെയിന്റനൻസ് പ്രവൃത്തിപൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ് |
| 1/6-15 | 1/6/15 | 32,00,000 | ബയോടെക് ലാബോറട്ടറി നിർമ്മാണത്തിനായി നൽകിയ തുക | തുക വിനിയോഗം / പൂർത്തീകരണം വിവരം ലഭ്യമാക്കേണ്ടതാണ് |

**(2) വിവിധ നിർമ്മാണ പ്രവൃത്തികൾക്കായി പദ്ധതി പൂർത്തീകരണത്തിന്റെ അവസാന ഘട്ടത്തിൽ കൈമാറിയ 1,02,46,152/- രൂപയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമല്ല.**

കോളേജ് ഓഫ് വെറ്ററിനറി & ആനിമൽ സയൻസസ്, പൂക്കോടിന്റെ പ്ലാൻ ഫണ്ട് അക്കൗണ്ടിൽ നിന്നും 2015-16 വർഷത്തെ പദ്ധതി പൂർത്തീകരണത്തിന്റെ അവസാന ഘട്ടത്തിൽ 1,02,46,152/- രൂപ വിവിധ പ്രവൃത്തികൾ നടത്തുന്നതിനായി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പ്ലാൻ അക്കൗണ്ടിലേയ്ക്ക് മാറ്റിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബി.ആർ നം. | സി. ബി.വി നം. | തുക | പ്രവത്തിയുടെ വിവരം | ചെക്ക് നം./ തീയ്യതി |
|---|---|---|---|---|---|
| 1 | 93/15-16 | 4/9-16 | 20,00,000 | കോളേജ് ബിൽഡിംഗ് റിപ്പയർ | 199074 29/9/16 |
| 2 | 94/15-16 | 5/9-16 | 40,00,000 | ഗേൾസ് ഹോസ്റ്റൽ നിർമ്മാണം | 199074 29/9/16 |
| 3 | 90/15-16 | 1/9-16 | 40,00,000 | ഫാർമേഴ്സ് ട്രെയിനിംഗ് സെന്റർ | 199073 |

| | | | | | |
|---|---|---|---|---|---|
| | | | | നിർമ്മാണ ആവശ്യത്തിനായി പ്രി ഫ്രാബ്രിക്കേറ്റഡ് യൂണിറ്റുകൾ സ്ഥാപിക്കൽ | 9/9/16 |
| 4 | 34/15-16 | 17/3-16 | 2,46,152 | സിവിൽ, റിപ്പയർ വർക്കുകൾ ചെയ്യുന്നതിന് (മുൻ വർഷത്തെ ശേഷിച്ച 26,152/- രൂപ ഉൾപ്പടെ) | 30/3/16 |
| | **ആകെ** | | **1,02,46,152/-** | | |

**(viii).കോളേജ് ഓഫ് ഡയറി സയൻസ് ആന്റ് ടെക്നോളജി, മണ്ണുത്തി.**

"Strengthening of Infrastructure for the proposed Dr. Varghese Kurian Institute of Diary Food Technology" എന്ന പദ്ധതിയിൽ, ഡയറി സയൻസ് കോളേജിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി സി.ബി.വി.നം. 1/2-15-16 പ്രകാരം **50,00,000/- രൂപ** ചീഫ് എഞ്ചിനീയർ, ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് വിംഗിന് നൽകിയിട്ടുണ്ട്. (ചെക്ക് നം 557804/ 05.02.2016 ). വിശദമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലല്ല തുക കൈമാറിയിട്ടുള്ളത്. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ പൂർത്തീകരണ സർട്ടിഫിക്കറ്റോ, ഫണ്ട് വിനിയോഗസാക്ഷ്യപത്രമോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

**(ix).ഇൻസ്ട്രക്ഷണൽ ലൈവ്സ്റ്റോക്ക് ഫാം കോംപ്ലക്സ്, പൂക്കോട്**

"സ്ട്രങ്ങ്തനിംഗ് ഓഫ് ഇൻസ്ട്രക്ഷണൽ ലൈവ് സ്റ്റോക്ക് ഫാം കോംപ്ലക്സ്" എന്ന പ്രോജക്ട് പ്രകാരം 1,20,000/- രൂപ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ആയതിന്റെ ചെലവ് രേഖകൾ ഹാജരാക്കുവാനായി 16.5.15 ന് എൻക്വയറി നം. 2/15-16 നൽകിയതിന് മറുപടിയായി ആകെ 1,00,578/-രൂപയുടെ ചെലവ് രേഖകൾ മാത്രമേ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടുള്ളൂ. ബാക്കി **19422/-** രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

**(x).കോളേജ് ഓഫ് വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് ,മണ്ണുത്തി.**

(1)കോളേജ് ഓഫ് വെറ്ററിനറി ആന്റ് ആനിമൽ സയൻസ് , മണ്ണുത്തിയുടെ പ്ലാൻ ഫണ്ട് അക്കൗണ്ടിൽ നിന്നും നിർമ്മാണ പ്രവൃത്തികൾക്കായി വൻതോതിൽ തുകകൾ ചെലവഴിക്കപ്പെടുന്നു.പദ്ധതി കാലയളവ് അവസാനിച്ച് ഏതാണ്ട് പദ്ധതികളുടെ പൂർത്തീകരണ ഘട്ടമാകുമ്പോൾ മാത്രമാണ് തുകകൾ നിർമ്മാണ പ്രവൃത്തികൾക്കായി ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് വിംഗ്, എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ പ്ലാൻ അക്കൗണ്ടിലേയ്ക്ക് മാറ്റപ്പെടുന്നത്. കൂടാതെ പൂർത്തീകരണ/ഫണ്ട് വിനിയോഗ സാക്ഷ്യപത്രങ്ങളും ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | വൗച്ചർ നം. | തുക | ചെക്ക് നം/ തീയ്യതി |
|---|---|---|---|
| 1 | സി.ബി.വി നം. 22/9-15 (സർക്യൂട്ട് ക്യാമറ ഇൻ ക്ലാസ്സ് റൂം & എക്സാമിനേഷൻ ഹാൾ) | 1,03,437/- | 221797 30/9/2015 |
| 2 | സി.ബി.വി നം. 16/6-15 | 15,00,000/- | 221770 /6/2015 |
| 3 | സി.ബി.വി നം. 15/6-15 ജി.ഐ.ഷീറ്റ് റൂഫിംഗ് ഇൻ വെഹിക്കിൾ പാർക്കിംഗ് ഏരിയ | 6,94,285/- | |
| 4 | 12/9-15 ടൊയ് ലറ്റ് നവീകരണം, വെഹിക്കിൾ ഷെഡ്, നിർമ്മാണം, ക്ലിനിക്കൽ കോംപ്ലക്സിന് സമീപമുള്ള റോഡ് നിർമ്മാണം എന്നീ പ്രവൃത്തികൾക്ക് | 8,00,000 | 22790 25/9/2015 |
| 5 | വെറ്ററിനറി കോളേജ് ലൈബ്രറിയ്ക്ക് ജി.ഐ.ഷീറ്റ് റൂഫീംഗിന് 6,00,000/- രൂപ | | |
| | ആകെ **36,97,722.00** | | |

**(2)പ്ലാൻ 2015-16 പ്രവൃത്തികൾ**

| | | | |
|---|---|---|---|
| 1 | 6/6/16-17 9/6/16 പദ്ധതി -Strengthening of Department of Physical education college of veterinary & Animal sciences , Mannuthy 2015-16 | 6,10,000 | 'Cleaning of Drinage of stadium' college of veterinary & Animal sciences, Mannuthy' പ്രവൃത്തിക്കായി നൽകിയ തുക |
| 2 | 28/9/16-17 26/9/16 പദ്ധതി- Providing Drinking water facilities at College of veterinary & Animal sciences, Mannuthy. 2015-16 | 35,00,000 | ചീഫ് എഞ്ചിനീയർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് വിംഗ്, പൂക്കോട് ആട് ഫാമിന് സമീപമുള്ള തുക നവീകരിക്കുന്ന പ്രവൃത്തിക്കായി നൽകിയ തുക |
| 3 | 27/9/16-17 26/9/17 പദ്ധതി - Strengthening of 22 Departments at College of Veterinary & Animal Sciences , | 3,00,000 | ചീഫ് എഞ്ചിനീയർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് വിംഗ്, പൂക്കോടിന് കോളേജ് ഓഫ് വെറ്ററിനറി ആന്റ് ആനിമൽ സയൻസസ്, മണ്ണുത്തിയിൽ ക്ലോസ്ഡ് സർക്യൂട്ട് ക്യാമറയും അനുബന്ധ യൂനിറ്റുകളും സ്ഥാപിക്കുന്നതിന് നൽകിയ തുക |

| | | | |
|---|---|---|---|
| | Mannuthy -2015-16 | | |
| 4 | 26/09/16-17<br>26/9/17<br>പദ്ധതി - Strengthening of 22 Departments at College of Veterinary & Animal Sciences , Mannuthy -2015-16 | 20,00,000 | ചീഫ് എഞ്ചിനീയർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് വിംഗ്, പൂക്കോടിന് വിവിധ വകുപ്പുകളുടെ ഓഫീസിൽ ഫ്ലോർ ടൈൽ ഇടുന്ന പ്രവൃത്തിക്കും മറ്റ് നവീകരണ പ്രവൃത്തികൾക്കും നൽകിയ തുക |
| 5 | 20/9/16-17<br>22/9/17<br>പദ്ധതി - "Strengthening of Department of Physical education" 2015-16 | 2,00,000 | പുതിയ ബാസ്കറ്റ് ബോൾ കോർട്ടിൽ മൂന്ന് ഭാഗത്തും ഇന്റർ ലോക്കിംഗ് പവർ ലോക്ക് പ്രവൃത്തിക്ക് നൽകിയ തുക |
| 6 | 16/8/16-17<br>26/8/17<br>പദ്ധതി -Proving Dringking water facilities at college of veterinary & Animal sciences , Mannuthy 2015-16 | 5,00,000 | ഏതു പ്രവൃത്തിക്കാണ് തുക നൽകിയതെന്ന് വ്യക്തമാക്കിയിട്ടില്ല. |
| 7 | ചെക്ക് നം. 693998<br>തീയ്യതി 23/09/16<br>School of Animal Nutrition & feed technology (SANFT) ക്ക് 2015-16 വർഷത്തിൽ അനുവദിച്ച തുകയിൽ നിന്നും അനുവദിച്ചത് | 8,25,000 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ കെ.എസ്.ഇ.ബി. , മണ്ണുത്തിക്ക് ഫീഡ് മില്ലിന്റെ 900 മീറ്റർ 11 കെ.വി ലൈൻ ട്രാൻസ്ഫോമറിന്റെ കപ്പാസിറ്റി 100 കെ.വി.എ യിൽ നിന്നും 250 കെ.വി.എ ആയി ഉയർത്തുന്നതിന് നൽകിയ തുക. |
| 8 | ചെക്ക് നം. 504852<br>തീയ്യതി 30/09/16<br>Central for small laboratory & animal production (CSLAP) ക്ക് 2015-16 വർഷം അനുവദിച്ച തുകയിൽ നിന്നും നൽകിയത്. | 45,000 | 250 കെ.വി.എ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനായി നൽകിയ തുക |
| 9<br><br>10 | ചെക്ക് നം. 504823<br>തീയ്യതി 30/03/16<br>ചെക്ക് നം. 504850<br>തീയ്യതി 30/09/16 | 3,10,000<br><br>5,40,000 | SAGB യിലെ നവീകരണ പ്രവത്തിക്ക് നൽകിയ തുക |

| | | | |
|---|---|---|---|
| | പ്രോജക്റ്റ്- Rewamping works of SABS for improving output 2015-16 Animal Nutrition Department | | |
| 11<br><br>12 | ചെക്ക് നം. 504866<br>തീയ്യതി 30/09/16<br>ചെക്ക് നം. 729581<br>തീയ്യതി 30/09/16<br>വകുപ്പ്:- Animal nutrition department 2015-16 project- Establishment of pet food manufacturing under kerala veterinary and Animal sciences university | 25,00,000<br><br>3,23,925 | ചീഫ് എഞ്ചിനീയർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് വിംഗ്, പൂക്കോടിന് , 200 കെ.വി ഡീസൽ ജനറേറ്റർ ടെണ്ടർ മുഖേന വാങ്ങുന്നതിന് നൽകിയ തുക |
| 13 | സി.ബി.വി നം. 5/2/16<br>തീയ്യതി 29/2/16<br>വകുപ്പ് - അക്കാഡമിക് സെൽ-1<br>പ്രോജക്റ്റ് - Strengthening of academic cell of the college | 2,75,000 | മെയിൻ എക്സാമിനേഷൻ ഹാളിൽ ഗ്ലാസ് പാനൽ, ജനലുകൾ എന്നിവ സ്ഥാപിക്കുന്നതിനായി നൽകിയ തുക |
| | ആകെ | 1,18,37,925 | |

**നോൺ പ്ലാൻ ഫണ്ട്**

2014-15, 2015-16 വർഷത്തിൽ നോൺ പ്ലാൻ ഫണ്ടിൽ നിന്നും താഴെ പറയും പ്രകാരം തുകകൾ വിവിധ പ്രവൃത്തികൾക്കായി സർവ്വകലാശാലയിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ-2, ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് വിംഗ്, മണ്ണൂത്തിക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം നാളിതുവരെയും ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | സി.ബി.വി. നം./തീയ്യതി | തുക | റിമാർക്സ് |
|---|---|---|---|
| 1 | 192/3/14-15<br>30/3/15 | 6,00,000 | പി.ജി.ലേഡിസ് ഹോസ്റ്റൽ മെസ് വർക്കേഴ്സ് ബിൽഡിംഗിന്റെ അറ്റകുറ്റ പ്രവൃത്തികൾക്കായി നൽകിയ തുക |
| 2 | 193/3/14-15<br>30/3/15 | 3,00,000 | പി.ജി.മെൻസ് ഹോസ്റ്റൽ കിച്ചണിന്റെ അടിയന്തിര നവീകരണ പ്രവൃത്തികൾക്ക് നൽകിയ തുക |
| 3 | 3/6/15-16<br>1/6/15 | 14,000 | കോളേജ് ഓഫ് വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് , മണ്ണൂത്തിയിലെ 'T'ടൈപ്പ് ഫ്ലാറ്റിന്റെ |

| | | | |
|---|---|---|---|
| | | | അറ്റകുറ്റപണിക്ക് നൽകിയ തുക |
| 4 | 299/7/15-16<br>29/7/15 | 1,25,000 | കോളേജ് ഓഫ് വെറ്ററിനറി ആന്റ് ആനിമൽ സയൻസസ്, മണ്ണുത്തിയിൽ നിലവിലുള്ള കിണറുകളുടെ വൃത്തിയാക്കൽ പ്രവൃത്തിക്ക് നൽകിയ തുക. |
| 5 | 116/10/15-16<br>9/10/16 | 60,358 | സ്ട്രീറ്റ് ലൈറ്റ് അറ്റകുറ്റ പണിക്കായി നൽകിയ തുക |
| 6 | 117/10/15-16<br>9/10/16 | 87,440 | യു.ജി ലേഡിസ് ഹോസ്റ്റലിലെ ടാങ്കിലെ ജലചോർച്ച തടയുന്ന പ്രവൃത്തിക്കായി നൽകിയ തുക |
| 7 | 178/11/15-16<br>16/11/15 | 11,000 | ക്വാർട്ടേഴ്സ് എം.ഒ.ഇ. 14-ന്റെ ടോയിലറ്റിന്റെ അറ്റകുറ്റപ്പണിക്കായി നൽകിയ തുക |
| 8 | 252/12/15-16<br>15/12/15 | 25,000 | ക്യാമ്പസിലെ ജല വിതരണ സംവിധാനത്തിന്റെ അറ്റകുറ്റ പണികൾക്കായി നൽകിയ തുക |
| 9 | 286/12/15-16<br>22/12/15 | 14,000 | സി2 ക്വാർട്ടേഴ്സിന്റെ അറ്റകുറ്റപണികൾക്കായി നൽകിയ തുക |
| 10 | 224/2/15-16<br>27/02/16 | 25,000 | കോളേജ് കെട്ടിടത്തിന് സമീപമുള്ള സെപ്റ്റിക് ടാങ്ക് അറ്റകുറ്റപണിക്കായി നൽകിയ തുക |
| 11 | 192/3/15-16<br>18/3/16 | 25,000 | ജലവിതരണ സംവിധാനത്തിന്റെ അറ്റകുറ്റപണികൾക്കായി നൽകിയ തുക |
| 12 | 170/3/15-16<br>15/3/16 | 25,000 | ഫാം ഗേറ്റിന് സമീപം സെക്യൂരിറ്റി ക്യാമ്പിന്റെ വൈദ്യുത കണക്ഷന് നൽകിയ തുക |
| | ആകെ | 13,11,798 | |

### (xi).സെന്റർ ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ പൗൾട്രി സയൻസ്

തിരുവാഴാംകുന്ന് ലൈവ് സ്റ്റോക്ക് റിസർച്ച് സെന്ററിൽ 'Centre for Meat Type Duck Production' കെട്ടിടം നിർമ്മിക്കുന്നതിനായി **രൂപ 1,82,50,000/-** വൗച്ചർ നം.4/6-14 പ്രകാരം (ചെക്ക് നം. 4734 തീയ്യതി 23/06/2014) യൂണിവേഴ്സിറ്റി, ചീഫ് എഞ്ചിനീയർക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ "Sustainable poultry production for self-help groups' എന്ന പ്രോജക്ടിനുവേണ്ടി മണ്ണുത്തി Poultry Farm -ൽ brooder facility കെട്ടിടം നിർമ്മിക്കുന്നതിനായി **10,00,000/-** രൂപ ചീഫ് എഞ്ചിനീയർക്ക് കൈമാറിയിട്ടുണ്ട്. (വൗച്ചർ നം. 7/9-15, ചെക്ക് നം. 473490/29-9-2015 ) ഈ പ്രവർത്തികളുടെ ഓരോന്നിന്റെയും എസ്റ്റിമേറ്റ് തുക, നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ച ഘട്ടം, പൂർത്തീകരിച്ച പ്രവൃത്തികളുടെ മൂല്യം എന്നിവ ലഭിക്കുകയുണ്ടായില്ല.

പ്രവർത്തിയുടെ നിലവിലുള്ള അവസ്ഥ സംബന്ധിച്ച വിവരം ലഭ്യമാക്കേണ്ടതാണ്.

**മേൽ പറഞ്ഞിരിക്കുന്നതിനു പുറമെ ആനിമൽ ഹസ്ബൻഡറി എക്സ്റ്റെൻഷൻ ഡിപ്പാർട്ട്മെന്റ് -ന്റെ മൾട്ടി മീഡിയ എക്സ്റ്റൻഷൻ യൂണിറ്റ് നിർമ്മാണത്തിന് നിർവഹണ ഉദ്യോഗസ്ഥൻ മുഖേനയല്ലാതെ ഫിനാൻസ് ഓഫീസർ നേരിട്ട് എഞ്ചിനീയറിംഗ് വിഭാഗത്തിന് <u>28,00,000/- രൂപ</u> കൈമാറിയിട്ടുണ്ട്. ആയതിന്റെ ഫണ്ട് വിനിയോഗ/ ജോലി പൂർത്തീകരണ വിവരങ്ങളും ലഭ്യമല്ല.**

**മേൽ ഖണ്ഡികയിൽ പരാമർശിച്ച പ്രകാരം വിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തി പൂർത്തീകരണ റിപ്പോർട്ട് എന്നിവയുടെ അഭാവത്തിൽ ചെലവഴിച്ച <u>6,57,95,062/-</u> രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രസ്തുത ഫയലുകൾ, ബിൽ എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.**

## <u>3-27. പദ്ധതി കാലയളവ് അവസാനിച്ച് പദ്ധതികളുടെ പൂർത്തീകരണ ഘട്ടമാകുമ്പോൾ തുകകൾ എഞ്ചിനീയറിംഗ് വിഭാഗത്തിന് കൈമാറുന്നു.</u>

**(1) പ്ലാൻ ഫണ്ട്** അക്കൗണ്ടിൽ നിന്നും നിർമ്മാണ പ്രവൃത്തികൾക്കായി വൻതോതിൽ തുകകൾ ചെലവഴിക്കപ്പെടുന്നു. പദ്ധതി കാലയളവ് അവസാനിച്ച് ഏതാണ്ട് പദ്ധതികളുടെ പൂർത്തീകരണ ഘട്ടമാകുമ്പോൾ മാത്രമാണ് തുകകൾ നിർമ്മാണ പ്രവൃത്തികൾക്കായി ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് വിംഗ്, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പ്ലാൻ അക്കൗണ്ടിലേയ്ക്ക് മാറ്റപ്പെടുന്നത്. ഇപ്രകാരം പദ്ധതിയുടെ അവസാനഘട്ടത്തിൽ തുകകൾ കൈമാറുമ്പോൾ, തുക കൈമാറുന്ന സ്ഥാപനത്തിനെ സംബന്ധിച്ചിടത്തോളം 100% പദ്ധതി ചെലവ് രേഖപ്പെടുത്തുന്നതൊഴികെ, കോടികണക്കിന് രൂപ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് വിംഗ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പ്ലാൻ അക്കൗണ്ടിൽ മുടങ്ങിക്കിടക്കുന്ന നിക്ഷേപമായി മാറുകയാണ് ചെയ്യുന്നത്. കൂടാതെ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് വിംഗ് തയ്യാറാക്കി നൽകുന്ന വിശദമായ എസ്റ്റിമേറ്റിന്റെയോ / പ്ലാനിന്റെയോ അടിസ്ഥാനത്തിലല്ലാതെയും സ്ഥാപനത്തിന്റെ ബഡ്ജറ്റിൽ മതിയായ തുകകൾ വകയിരുത്താതെയുമാണ് നിർമ്മാണ പ്രവൃത്തികൾക്ക് തുകകൾ ട്രാൻസ്ഫർ ചെയ്യുന്നത് (കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 173(c)) . ഉദാഹരണം താഴെ ചേർക്കുന്നു.

| സ്ഥാപനം | വൗച്ചർ നമ്പർ/പ്രവൃത്തി | തുക | ചെക്ക് നം./തീയ്യതി |
|---|---|---|---|
| കോളേജ് ഓഫ് വെറ്ററിനറി ആന്റ് ആനിമൽ സയൻസ് , മണ്ണുത്തി | 12/9-15<br>ടൊയ് ലറ്റ് നവീകരണം, വെഹിക്കിൾ ഷെഡ്, നിർമ്മാണം, ക്ലിനിക്കൽ കോംപ്ലക്സിന് സമീപമുള്ള റോഡ് നിർമ്മാണം എന്നീ പ്രവൃത്തികൾക്ക് | 8,00,000 | <u>22790</u><br>25/9/2015 |

പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ (കംപ്ലീഷൻ റിപ്പോർട്ട്, ധന വിനിയോഗ സാക്ഷ്യപത്രം ) വാങ്ങി സൂക്ഷിക്കുന്നില്ല. പ്രവൃത്തിയുടെ നിലവിലെ അവസ്ഥ ,നിർമ്മാണം ഏതു ഘട്ടം വരെയായി എന്നിങ്ങനെയുള്ള കാര്യങ്ങൾ തുടർന്ന് വീക്ഷിക്കപ്പെടുന്നില്ല. റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലല്ലാതെ ഒരേ പ്രവൃത്തികൾക്കായി തുക അധികമായി അനുവദിച്ച പോരുന്നതും

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. (എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ അപേക്ഷ പ്രകാരം). ഓരോ നിർമ്മാണ പ്രവൃത്തികൾക്കും പ്രത്യേകമായി ബജറ്റിൽ തുക വകയിരുത്തേണ്ടതും, പദ്ധതിയുടെ ആദ്യ സമയത്ത് തന്നെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ വിശദമായ എസ്റ്റിമേറ്റ് / പ്ലാൻ ഇവയുടെ അടിസ്ഥാനത്തിൽ തുകകൾ കൈമാറേണ്ടതും കംപ്ലീഷൻ റിപ്പോർട്ട്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ വാങ്ങി സൂക്ഷിക്കേണ്ടതും ശേഷിക്കുന്ന പ്ലാൻ ഫണ്ട് യഥാസമയം തിരിച്ചടവ് നടത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**(2) മുൻ വർഷങ്ങളിൽ ട്രാൻസ്ഫർ ചെയ്തതിൽ ശേഷിക്കുന്ന തുകകൾ അതാത് വർഷത്തെ ചെലവിൽ അക്കൗണ്ട് ചെയ്യപ്പെടുന്നില്ല.**

പദ്ധതിയുടെ അവസാന ഘട്ടത്തിൽ, നിർമ്മാണ പ്രവൃത്തികൾക്കായി കൈമാറിയിട്ടുള്ള തുകകളിൽ, വിനിയോഗ സാക്ഷ്യപത്ര പ്രകാരം മിച്ചം നിൽക്കുന്നവ തൻവർഷത്തെ ചെലവിൽ അക്കൗണ്ട് ചെയ്യപ്പെടുന്നില്ല. ഉദാഹരണമായി 2014-15 വർഷം കൈമാറിയിട്ടുള്ളതും വിനിയോഗ സാക്ഷ്യപത്രമനുസരിച്ച് ശേഷിക്കുന്നതുമായ തുക ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് വിംഗിൽ നിന്നും തിരിച്ചടയ്ക്കുന്നത് തുടർവർഷങ്ങളിലാണ്. യഥാർത്ഥത്തിൽ 2014-15 വർഷത്തെ ചെലവിൽ ഈ തുക ഉൾപ്പെടുന്നില്ല. തന്മൂലം പദ്ധതി ചെലവിന്റെ കണക്കിൽ വലിയ വ്യത്യാസം ഉണ്ടാകുന്നു.

## 3-28. യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് വിഭാഗത്തെ അവഗണിച്ച് പ്രവൃത്തികൾ നടപ്പാക്കുന്നു.

**(1)ഇൻസ്ട്രക്ഷണൽ ലൈവ്സ്റ്റോക്ക് ഫാം കോംപ്ലക്സ്, പൂക്കോട്**

ഫാമിൽ നടത്തുന്ന മരാമത്ത് പ്രവർത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കാതെയും ആവശ്യമായ ക്വട്ടേഷൻ /ടെൻഡറുകൾ ക്ഷണിക്കാതെയും പെറ്റി വർക്കുകൾ എന്ന രീതിയിൽ കണക്കാക്കി, സ്ഥിരമായി ഒരാളെ തന്നെ പ്രവൃത്തിക്കായി ഏൽപ്പിക്കുന്നതായും കാണുന്നു. ഫാം സൂപ്പർ വൈസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നത്. യൂണിവേഴ്സിറ്റിയ്ക്ക് എഞ്ചിനീയറിംഗ് വിഭാഗം ഉണ്ടായിരിക്കെ, സാങ്കേതിക പരിജ്ഞാനമില്ലാത്ത ഫാം സൂപ്പർവൈസർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ തുക ചെലവഴിക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്. എസ്റ്റിമേറ്റ് തയ്യാറാക്കാതെയും പ്രവൃത്തിയുടെ മൂല്യനിർണയം നടത്താതെയും മരാമത്ത് പ്രവൃത്തികൾക്കായി ചെലവഴിച്ച തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| | വൗച്ചർ നം. | തുക | പ്രവൃത്തി | ചെയ്ത കരാറുകാരൻ | അപാകത |
|---|---|---|---|---|---|
| 1 | 73/21.5.15 | 36652 | ട്രസ് വർക്കും റൂഫിംഗും | ശ്രീമതി. സജിനി | എസ്റ്റിമേറ്റ്, ക്വട്ടേഷൻ , മൂല്യനിർണ്ണയം ഇല്ല |
| 2 | 74/21.5.15 | 52733 | ഇന്റർലോക്ക് പ്രവൃത്തി | ” | ” |
| 3 | 75/21.5.15 | 50323 | ട്രസ് വർക്കും റൂഫിംഗും | ” | ” |
| 4 | 76/21.5.15 | 26215 | കൗ ഷെഡിന് ട്രസ് വർക്കും റൂഫിംഗും | ” | ” |
| 5 | 77/21.5.15 | 333322 | ഫോഡർ പ്ലോട്ടിനു ചുറ്റും ഫെൻസിംഗ് പ്രവൃത്തി | സജി. പി.കല്പറ്റ | ” |

| | | | | | |
|---|---|---|---|---|---|
| 6 | 4/20.8.15 | 71640 | ജെ.സി.ബി പ്രവൃത്തി | മാർബെസിൽ എർത്ത് മൂവേഴ്സ് | |

(2). <u>പാതോളജി വകുപ്പ്</u>

സി.ബി.വി നം. 140/4/14-15/ തീയ്യതി 9/4/2015 പ്രകാരം 67,900/-രൂപ 2014-15 വർഷത്തിൽ ശ്രീ.എം.ആർ വർഗ്ഗീസ് , കോൺട്രാക്ടർക്ക് നൽകിയിട്ടുണ്ട്.

പ്രവൃത്തിക്കായി സാങ്കേതിക അനുമതി നേടിയതിന്റെയും, കോൺട്രാക്ടറെ തിരഞ്ഞെടുത്തതിന്റെയും ക്വട്ടേഷൻ വിളിച്ചതിന്റെയും വിവരം ഫയലിൽ ഇല്ല. കോൺട്രാക്ടർ തയ്യാറാക്കിയ പട്ടിക പ്രകാരം പ്രവൃത്തികൾ അംഗീകരിച്ച് പ്രൊഫസർ & ഹെഡ് തന്നെ പ്രവൃത്തി ചെയ്തതായി സാക്ഷ്യപ്പെടുത്തി തുക നൽകുകയാണ് ചെയ്തിട്ടുള്ളത്.

<u>(3) ആനിമൽ ന്യൂട്രീഷ്യൻ വകുപ്പ്</u>

ആനിമൽ ന്യൂട്രീഷ്യൻ വകുപ്പിൽ 2015-16 വർഷത്തിൽ ക്വട്ടേഷൻ മുഖേന കോൺട്രാക്ടറെ തിരഞ്ഞെടുത്ത് താഴെ പറയുന്ന പ്രവൃത്തികൾ ചെയ്തിട്ടുണ്ട്.

| ക്രമ നം. | ചെക്ക് നം/തീയ്യതി | തുക | റിമാർക്സ് |
|---|---|---|---|
| 1 | 504830/1.07.16 | 89,100 | ഉണ്ണി ഫാബ്രിക്കേഷൻസ്, പാലക്കാടിന് മിനി ഫീഡ് മിൽ പ്ലാന്റിൽ നവീകരണ പ്രവൃത്തികൾക്ക് നൽകിയ തുക |
| 2 | 504818/18-3-16 | 29,750 | ശ്രീ.പി.എസ്.ബഷീർ (തൃശ്ശൂർ) ന് Iron fencing work ന് നൽകിയ തുക |
| | **ആകെ** | **1,18,850/-** | |

പ്രവൃത്തികൾക്ക് കോൺട്രാക്ടർ സമർപ്പിച്ച ബിൽ പ്രകാരം തുക അനുവദിച്ച് നൽകുകയാണ് ചെയ്തിട്ടുള്ളത്. ക്വട്ടേഷൻ വിളിച്ചാണ് കോൺട്രാക്ടറെ തിരഞ്ഞെടുത്തതെങ്കിലും, ചെയ്യേണ്ട പ്രവൃത്തികൾ സംബന്ധിച്ച കൃത്യമായ ധാരണകൂടാതെയാണ് ക്വട്ടേഷൻ വിളിച്ചിട്ടുള്ളത്. പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ എന്ന വിവരം ഫയലിൽ ലഭ്യമല്ല.

മരാമത്ത് പ്രവൃത്തികൾ ചെയ്യുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെ 'ഷെഡ്യൂൾ ഓഫ് റേറ്റ്' പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും മൂല്യ നിർണ്ണയത്തിനും സർവ്വകലാശാലയിൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് വിംഗിന്റെ സേവനം ലഭ്യമായിരിക്കെ കോൺട്രാക്ടർ സമർപ്പിച്ച പട്ടിക പ്രകാരം തുക അനുവദിച്ച നൽകിയതും പ്രവൃത്തി മൂല്യനിർണ്ണയം നടത്താതിരുന്നതും ശരിയല്ല.

## <u>3-29 . മരുന്ന് കമ്പനിയ്ക്ക് ഇൻവോയ്സിൽ അധികരിച്ച് തുക നൽകി</u>

കോളേജ് ഓഫ് വെറ്ററിനറി & ആനിമൽ സയൻസസ്, പൂക്കോടിന്റെ കീഴിലുള്ള **ഡിപ്പാർട്ട്മെന്റ് ഓഫ് ഫാർമക്കോളജി & ടോക്സിക്കോളജി**-യുടെ 2015-16 വർഷത്തെ പ്ലാൻ പ്രോജക്ടുകൾ പരിശോധിച്ചതിൽ, മരുന്ന്

കമ്പനികളിൽ നിന്നും പ്രോജക്ടുകളുടെ നടത്തിപ്പിനായി വിവിധ ദിവസങ്ങളിൽ വാങ്ങിയ മരുന്നുകൾ, കെമിക്കൽസ്, മറ്റ് കൺസ്യൂമബിൾസ് എന്നിവക്ക് തുക നൽകിയിട്ടുണ്ട്. എന്നാൽ മരുന്ന് കമ്പനികൾക്ക് കൈമാറിയ ആകെ തുക വിശദമാക്കുന്ന ഇൻവോയിസുകൾ വൗച്ചറിൽ ഉൾപ്പെടുത്തിയിട്ടില്ല.

വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സി.ബി.വി നം. | ഇൻവോയിസ് നം./ തീയ്യതി | മരുന്ന് കമ്പനിയുടെ പേര് | നൽകിയ തുക | ഹാജരാക്കിയ ഇൻവോയിസ് പ്രകാരം നൽകേണ്ട തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 1 | 5/3/15-16 | 2134<br>12/3/16 | M/s.സതേൺ യൂണിയൻ ഫാർമ പ്രൈവറ്റ് ലിമിറ്റഡ് | 3,170 | 2,890 | 280 |
| | (സ്ട്രെങ്ങ്തനിംഗ് ഓഫ് ഡിപ്പാർട്ട്മെന്റ്സ് എന്ന പ്രോജക്റ്റിനുവേണ്ടി) | | | | | |
| 2 | 10/9/15-16 | KAP/1163/1617<br>29/9/16 | M/s.കൃഷ്ണ ഏജൻസീസ് | 1,33,125 | 34,516 | 63,551 |
| 3 | 10/9/15-16 | KAP/1171/1617<br>29/9/16 | M/s.കൃഷ്ണ ഏജൻസീസ് | | 35,058 | |
| | (ഡിറ്റർമിനേഷൻ ഓഫ് ആന്റിബയോട്ടിക് റെസിഡ്യൂസ് ഇൻ ചിക്കൻ മീറ്റ് ബൈ മൾട്ടി റെസിഡ്യൂ LCMSMS മെതേഡ് എന്ന പ്രോജക്റ്റിനുവേണ്ടി) | | | | | |
| | **അധികം നൽകിയ തുക** | | | | | **63,831/-** |

മേൽ സാഹചര്യത്തിൽ മരുന്ന് കമ്പനിയ്ക്ക് ഇൻവോയ്സിൽ അധികരിച്ചു നൽകിയ 63,831/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. അധിക ചെലവിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തുക തിരികെ ഈടാക്കേണ്ടതാണ്.

## 3-30. തെരുവു വിളക്കുകൾ പ്രവർത്തനരഹിതം - മിനിമം മീറ്റർ വാടകയിനത്തിൽ സർവ്വകലാശാലയ്ക്ക് ധനനഷ്ടം-

മണ്ണുത്തി വെറ്ററിനറികോളേജിൽ കാമ്പസിനകത്ത് സ്ട്രീറ്റ് ലൈറ്റുകൾക്ക് 59,666 ,10405, 21502 എന്നീ കൺസ്യൂമർ നമ്പറുകളിലായി പ്രതിമാസം പതിനായിരത്തോളം രൂപ മിനിമം മീറ്റർ വാടകയിനത്തിൽ കെ.എസ്.ഇ.ബി ക്ക് അടച്ചുവരുന്നുണ്ട്. ഇത് സംബന്ധിച്ച് വിശദാംശങ്ങൾ ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/29.12.17) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിംഗ് -1, ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് വിംഗ് , മണ്ണുത്തി നൽകിയ മറുപടി പരിശോധിച്ചതിൽ താഴെ പറയുന്ന വിവരങ്ങൾ വെളിവായി.

| | |
|---|---|
| നിലവിലുള്ള തെരുവു വിളക്കുകളുടെ എണ്ണം | -78 |
| പ്രവർത്തനക്ഷമമായവയുടെ എണ്ണം | - 14 |
| പൂർണ്ണമായും പ്രവർത്തനരഹിതമായവയുടെ എണ്ണം | -64 |

**<u>സ്ട്രീറ്റ് ലൈറ്റുകളുടെ തരം</u>**

40 വാട്സ് - 18 എണ്ണം
35 വാട്സ് - 2 എണ്ണം
72 വാട്സ് - 36 എണ്ണം
250 വാട്സ് - 2 എണ്ണം
14 വാട്സ് - 6 എണ്ണം
45 വാട്സ് - 14 എണ്ണം
ആകെ- 78 എണ്ണം

തെരുവുവിളക്കുകൾ സംബന്ധിച്ച രജിസ്റ്റർ പരിശോധനക്ക് ലഭ്യമല്ലാത്തതിനാൽ ഏതിനം വിളക്കുകളാണ് സ്ഥാപിച്ചിട്ടുള്ളത് എന്ന് വ്യക്തമല്ല. കൂടാതെ, കാമ്പസിനകത്തെ ഹൈമാസ്റ്റ് ലൈറ്റിന്റെ വിവരവും ലഭ്യമല്ല.

80% തെരുവു വിളക്കുകളും പ്രവർത്തനരഹിതമാണെങ്കിലും മിനിമം വാടകയിനത്തിൽ കെ.എസ്.ഇ.ബിക്ക് മുടങ്ങാതെ പതിനായിരത്തോളം രൂപ പ്രതിമാസം അടവാക്കി വരുന്നു.

ഉദാഹരണം:- 2015 ഡിസംബർ മാസം വൈദ്യുതിബിൽ അടച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

കൺസ്യൂമർ നം. 59 - 1714 രൂപ
കൺസ്യൂമർ നം. 666 -3018 രൂപ
കൺസ്യൂമർ നം. 10405- 2409 രൂപ
കൺസ്യൂമർ നം. 21502 - 2396 രൂപ
ആകെ- 9,537 /- രൂപ

വർഷങ്ങളായി പ്രവർത്തന ക്ഷമമല്ലാതെ കിടന്ന തെരുവുവിളക്ക് സംവിധാനവും ഇവയെ ബന്ധിപ്പിക്കുന്ന യു.ജി. കേബിളും പലയിടങ്ങളിലും മുറിഞ്ഞ് പരിപൂർണ്ണമായി വിഛേദിക്കപ്പെട്ട നിലയിലാണ്. ഇവ പൂർണ്ണമായും വിഛേദിച്ചാൽ പുതിയ കണക്ഷൻ എടുക്കുവാനും മറ്റ് നടപടികൾക്കുമായി വലിയ തുക ചെലവാകുമെന്നതിനാൽ നിലവിലുള്ള തെരുവുവിളക്കുകൾ പൂർണ്ണമായും കാര്യക്ഷമമായി പുനഃസ്ഥാപിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയാണ് അഭികാമ്യമെന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്.

മണ്ണുത്തി കാമ്പസിൽ തെരുവുവിളക്കുകൾ പ്രവർത്തന സജ്ജമാക്കുന്നത് അനിവാര്യമായതിനാൽ ആവശ്യമായ നടപടികൾ ത്വരിതപ്പെടുത്തേണ്ടതും തെരുവിളക്ക് സംബന്ധിച്ച മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തിയ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതുമാണ്.

## <u>3-31. റിസർച്ച് ആവശ്യത്തിന് തുക ചെലവാക്കി - അപാകതകൾ</u>

**ഡിപ്പാർട്ട്മെന്റ് ഓഫ് എക്സ്റ്റൻഷൻ** റിസർച്ച് ഗ്രാന്റിനത്തിൽ 75,000/- രൂപ 2015-16 വർഷത്തിൽ വകയിരുത്തി ചെലവഴിച്ചു. 2015-16 വർഷത്തെ ബജറ്റ് പ്രകാരം 114-89-0003-6183 എന്ന ഹെഡ്ഡിന്റെ "providing Scholarship, Assistantship and other allowances to under graduate and post graduate students" നാണ് തുക വകയിരുത്തിയിരിക്കുന്നത്. എന്നാൽ ടി തുകയിൽ നിന്നും 50,000/- രൂപ ഡോ.നിജ ജോർജ്ജിന്റെ പി.എച്ച്.ഡിയുടെ റിസർച്ച് സംബന്ധമായ ആവശ്യങ്ങൾക്കായി വിനിയോഗിച്ചതായി കാണുന്നു. ബജറ്റ് പ്രകാരം under graduate നും post graduate students നും വകയിരുത്തിയ തുക

ഇത്തരത്തിൽ ചെലവഴിച്ചതിന് വിശദീകരണവും പി.എച്ച്.ഡി റിസർച്ചിന് സർവ്വകലാശാല സംസ്ഥാന സർക്കാരിന്റെ ഫണ്ട് വിനിയോഗിക്കുന്നതിനുള്ള അനുമതിയും ലഭ്യമാക്കേണ്ടതാണ്.

## 3-32. ഫാമിൽ നിന്നും വിതരണം ചെയ്ത കോഴിമുട്ടകൾ - സെയിൽസ് കൗണ്ടറിൽ സ്റ്റോക്കിലെടുത്തതിലും വില്പന നടത്തിയതിലും - അപാകതകൾ

### (i).ഐ.എൽ.എഫ്.സി, പൂക്കോട്

2014-15 കാലയളവിൽ പൗൾട്രി ഫാമിൽ ഉല്പാദിപ്പിച്ച 1,81,353 വെളുത്ത കോഴിമുട്ടകളിൽ 46,619 എണ്ണം ഫാം ഓഫീസ് നേരിട്ട് വിൽപ്പന നടത്തുകയും 1,34,734 എണ്ണം സെയിൽസ് കൗണ്ടറിലേക്ക് വിതരണം ചെയ്തതായും ഫാം ഓഫീസിലെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം രേഖ പ്പെടുത്തിയിരിക്കുന്നു. എന്നാൽ സെയിൽസ് കൗണ്ടറിലെ സ്റ്റോക്ക് പരിശോധിച്ചതിൽ ഈ കാലയളവിൽ 1,25,613 കോഴി മുട്ടകളുടെ സ്റ്റോക്ക് മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. സെയിൽസ് കൗണ്ടറിലേക്ക് വിതരണം ചെയ്ത കോഴിമുട്ടകളിൽ 9,121 എണ്ണം സ്റ്റോക്കിലെടുക്കാത്തത് സംബന്ധിച്ച 4/14-15 നമ്പർ 15-06-2015 തീയ്യതി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും കോഴിമുട്ടകൾ ഫാമിൽ കൊണ്ടുവരുമ്പോൾ പൊട്ടിപോയതാകാമെന്നും സെയിൽസ് കൗണ്ടറിൽ നിന്നും എലികളും, കുരങ്ങന്മാരും എടുത്തു പോയതാകാമെന്നുള്ള അവ്യക്തവും ഉത്തരവാദിത്തരഹിതവുമായ മറുപടിയാണ് നൽകിയത്. സെയിൽസ് കൗണ്ടറിലെ സ്റ്റോക്ക് രജിസ്റ്റർ കാലികമായി രേഖപ്പെടുത്തുന്നതിലും പരിശോധിക്കുന്നതിലും ഉത്തരവാദികളായ ഉദ്യോഗസ്ഥർക്ക് വീഴ്ചകൾ സംഭവിച്ചിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം കുറവു വന്നിട്ടുള്ള 9,121 കോഴിമുട്ടകളുടെ വിൽപ്പനയിനത്തിൽ ലഭിക്കേണ്ട 27,363/-രൂപ ഇൻസ്ട്രക്ഷണൽ ലൈവ് സ്റ്റോക്ക് ഫാമിന് നഷ്ടമായിട്ടുണ്ട്. ഈ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

**സെയിൽസ് കൗണ്ടറിലെ സ്റ്റോക്ക് രജിസ്റ്റർ, ഡെയിലി കളക്ഷൻ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.**

1. സ്റ്റോക്ക് രജിസ്റ്ററിൽ 26-3-2015 വരെയുള്ള എൻട്രികൾ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ.

2. സ്റ്റോക്ക് രജിസ്റ്റർ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിക്കുകയോ ഒപ്പു വയ്ക്കുകയോ ചെയ്തിട്ടില്ല.

3. സ്റ്റോക്ക് രജിസ്റ്ററിലെ വെട്ടിത്തിരുത്തലുകൾ പേജ് (2,3,22) ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ചതായി കാണുന്നില്ല.

4. സെയിൽസ് കൗണ്ടറിൽ നിന്നുള്ള ഡെയിലി കളക്ഷൻ അടവാക്കുന്ന റസീപ്റ്റുകൾ ഹെഡ് ഓഫ് ഇൻസ്റ്റിറ്റ്യൂഷനോ , ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരോ സാക്ഷ്യപ്പെടുത്തുന്നില്ല.

5. 25-03-2015-ന സെയിൽസ് കൗണ്ടറിൽ 1947.50 രൂപ കളക്ഷൻ വന്നിട്ടുണ്ടെങ്കിലും 1747.50 രൂപ മാത്രമാണ് വരവു വെച്ചിരിക്കുന്നത്.

6. 1-4-2015-ന് 911 കോഴിമുട്ടകൾ കേടു വന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഈ കാലയളവിലെ രജിസ്റ്ററിൽ ചേർക്കുകയോ, കോഴിമുട്ട അധികമായി കേടു വന്നതിന്റെ കാരണങ്ങൾ ബോധ്യപ്പെടുത്തുകയോ, ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിക്കുകയോ ചെയ്തിട്ടില്ല.

**സെയിൽസ് കൗണ്ടറിലേയ്ക്ക് അനുവദിച്ച കോഴിമുട്ടകൾ സ്റ്റോക്കിലെടുക്കാത്തത് സംബന്ധിച്ച്**

2015-16 വർഷം ഇൻസ്ട്രക്ഷണൽ ലൈവ് സ്റ്റോക്ക് ഫാമിൽ ഉല്പാദിപ്പിച്ച കോഴിമുട്ടകൾ 2015, ഏപ്രിൽ, മെയ് മാസങ്ങളിൽ സെയിൽസ് കൗണ്ടർ മുഖേനയാണ് വില്പന നടത്തിയിട്ടുള്ളത്. പിന്നീട് സെയിൽസ് കൗണ്ടറിൽ കൂടിയുള്ള കോഴിമുട്ട വിതരണം നിർത്തിവയ്ക്കുകയും ഫാമിൽ നിന്ന് നേരിട്ട് വില്പന നടത്തുകയുമാണ് ചെയ്തു വന്നിരുന്നത്.

2015 ഏപ്രിൽ, മെയ് മാസങ്ങളിൽ ഫാമിൽ നിന്ന് സെയിൽസ് കൗണ്ടറിലേയ്ക്ക് അനുവദിച്ച കോഴിമുട്ടകളിൽ ഏതാനും എണ്ണം കോഴിമുട്ടകൾ സെയിൽസ് കൗണ്ടറിലെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| തീയ്യതി | ഫാം സ്റ്റോക്ക് രജിസ്റ്റർ പ്രകാരം കോഴി മുട്ടകളുടെ എണ്ണം | | സെയിൽസ് കൗണ്ടർ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം | | സ്റ്റോക്കിൽ വരവ് വരാത്ത കോഴിമുട്ടകളുടെ എണ്ണം | |
|---|---|---|---|---|---|---|
| | കോഴിമുട്ട വൈറ്റ് | കോഴിമുട്ട ബ്രൗൺ | കോഴിമുട്ട വൈറ്റ് | കോഴിമുട്ട ബ്രൗൺ | കോഴിമുട്ട വൈറ്റ് | കോഴിമുട്ട ബ്രൗൺ |
| 9/4/15 | -- | 83 | -- | -- | -- | 83 |
| 19/4/15 | -- | -- | -- | 10 | -- | -10 |
| 27/4/15 | 345 | 115 | -- | -- | 345 | 115 |
| 28/4/15 | -- | -- | -- | 35 | -- | -35 |
| 30/4/15 | -- | -- | -- | 28 | -- | -28 |
| 8/5/15 | 45 | 55 | -- | 28 | 45 | 27 |
| 9/5/15 | 70 | -- | -- | 24 | 70 | -24 |
| 11/5/15 | 320 | 100 | 320 | 80 | -- | 20 |
| 13/5/5 | -- | -- | -- | 5 | -- | -5 |
| | | | | ആകെ | 460 | 143 |

19-4-15, 28-4-15,30-4-15,9-5-15,13-5-15 എന്നീ തീയ്യതികളിൽ ഫാമിൽ നിന്ന് കോഴിമുട്ടകൾ വിതരണം ചെയ്തിട്ടില്ല. എന്നാൽ സെയിൽസ് കൗണ്ടറിലെ സ്റ്റോക്ക് രജിസ്റ്ററിൽ കോഴിമുട്ടകൾ വരവ് വന്നിട്ടുണ്ട് കൂടാതെ മറ്റ് ദിവസങ്ങളിൽ വിതരണം ചെയ്തവ സ്റ്റോക്കിൽ എടുത്തിട്ടുമല്ല. ആയതിനാൽ സ്റ്റോക്കിൽ വരാത്ത 460 വൈറ്റ് കോഴിമുട്ടകളുടെയു് 143 ബ്രൗൺ കോഴിമുട്ടകളുടെയും വില ഒടുക്കേണ്ടതും, സ്റ്റോക്ക് രജിസ്റ്ററുകളിലെ പൊരുത്തക്കേടുകൾ സംബന്ധിച്ച് വിശദീകരണം നല്കേണ്ടതാണ്.

**(ii)പൗൾട്രി & ഡക്ക് ഫാം, മണ്ണുത്തി.**

കൂടാതെ, സപ്ലൈ ഓർഡറുകൾ നൽകുന്നതിനു മുൻപ് ഓരോ വകുപ്പദ്ധ്യക്ഷൻമാരും മറ്റു വകുപ്പുകളിൽ മിച്ചമായി കിടക്കുന്ന സാധനങ്ങൾ ഉണ്ടെങ്കിൽ ആയത് ഉപയോഗപ്പെടുത്തണം. അതിനായി ഓരോ വകുപ്പദ്ധ്യക്ഷൻമാരും തങ്ങളുടെ കൈവശമുള്ള മിച്ച സ്റ്റോറിന്റെ ലിസ്റ്റ് മറ്റ് വകുപ്പുകളിലേക്ക് യഥാസമയം അറിയിക്കുവാൻ സംവിധാനമുണ്ടാക്കണം.

ഈ ആവശ്യത്തിനായി ഒരു പർച്ചേസിംഗ് കമ്മറ്റിയെ വകുപ്പാദ്ധ്യക്ഷൻ നിയമിക്കേണ്ടതും കമ്മറ്റിയുടെ ശുപാർശ പ്രകാരം വാങ്ങലുകൾ നടത്തേണ്ടതുമാണ്. ഖണ്ഡിക 7.4-ൽ നിഷ്കർഷിച്ച പ്രകാരം നിശ്ചിത

മാതൃകയിൽ കമ്മിറ്റി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടുണ്ടാകണം. ക്വട്ടേഷൻ/ടെണ്ടർ നോട്ടീസുകൾ സർക്കാർ വെബ്സൈറ്റിലും, പത്രങ്ങളിലും പരസ്യം ചെയ്യേണ്ടതുമാണ്.

ക്വട്ടേഷനുകൾ സമർപ്പിയ്ക്കുമ്പോൾ കുറഞ്ഞത് മൂന്ന് ക്വട്ടേഷനുകളെങ്കിലും സമർപ്പിയ്ക്കണം എന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാൽ (ഖണ്ഡിക 7.31) മേൽ വർഷങ്ങളിൽ നടത്തിയിട്ടുള്ള 90% വാങ്ങലുകളിലും മൂന്ന് ക്വട്ടേഷനുകൾ മാത്രമാണുള്ളത്. ക്വട്ടേഷൻ നോട്ടീസുകൾ സർക്കാർ വെബ്സൈറ്റിലും പത്രങ്ങളിലും പ്രസിദ്ധീകരിക്കണം എന്ന നിബന്ധന നിലനിൽക്കുമ്പോൾ യൂണിവേഴ്സിറ്റി വെബ്സൈറ്റിൽ പോലും പരസ്യം ചെയ്യുന്നുണ്ടോ എന്നത് സംശയാസ്പദമാണ്. തയ്യാറാക്കിയിട്ടുള്ള ക്വട്ടേഷൻ നോട്ടീസുകളിലൊന്നിലും പ്രസ്തുത വിവരം രേഖപ്പെടുത്തുന്നില്ല. പർച്ചേസിംഗ് കമ്മിറ്റി നിലവിലുണ്ടെങ്കിലും വാങ്ങലുകൾക്കൊന്നിലും കമ്മിറ്റിയുടെ സാക്ഷ്യപത്രം ലഭ്യമാക്കുന്നില്ല.

## 3-43. ഒരു ഡിപ്പാർട്ട്മെന്റിന്റെ അംഗീകരിച്ച ടെണ്ടർ പ്രകാരം മറ്റ് വകുപ്പുകൾ വാങ്ങലുകൾ നടത്തുന്നു.

**(i)കോളേജ് ഓഫ് വെറ്ററിനറി & ആനിമൽ സയൻസസ്, പൂക്കോട്**

സർജറി & റേഡിയോളജി ഡിപ്പാർട്ട്മെന്റ് , റ്റീച്ചിംഗ് വെറ്ററിനറി ക്ലിനിക്കൽ കോംപ്ലക്സ്, പൂക്കോടിന്റെ 2/3/16 തീയതിയിലെ നം. കെ.വി.എ.എസ്.യു/പി.കെ.റ്റി/റ്റി.വി.സി.സി 39/2016 ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ synthetic absorbable sutures വാങ്ങി . സി.ബി.വി.നം.9/3-15-16/31-3-16 പ്രകാരം 45,346/- രൂപ ചെലവഴിച്ചു. പ്രസ്തുത ക്വൊട്ടേഷൻ സംബന്ധിച്ച യാതൊരു രേഖയും ഫയലിൽ ലഭ്യമല്ല. അതുപോലെതന്നെ മണ്ണുത്തിയിലെ ഡിപ്പാർട്ട്മെന്റ് ഓഫ് സർജറി ആന്റ് റേഡിയോളജിയുടെ എസ്.യു.ആർ.ജി/എസ്.പി.പി-2015-16/3(എ)28-6-16 നമ്പർ ക്വൊട്ടേഷന്റെ അടിസ്ഥാനത്തിലും ഈ യൂണിറ്റിൽനിന്നും സി.ബി.വി നം.5/9-15-16/22-9-16 പ്രകാരം 99,000/-രൂപയുടെ വാങ്ങലുകൾ നടത്തിയതായി കാണുന്നു.

ഇതു കൂടാതെ സി.ബി.വി.നം. ഡി.വി.എസ്.ആർ /എസ്.റ്റി.ആർ/9/15-16/ തീയതി /31-3-16 പ്രകാരം "Establishment of Oxygen and Medical air supply pipe lines to large animal theatre” എന്ന പ്രവൃത്തി, കേരളാ മെഡിക്കൽ സർവീസ് കോർപ്പറേഷന്റെ റണ്ണിംഗ് കോൺട്രാക്റ്റിന്റെ അടിസ്ഥാനത്തിലാണ് നൽകിയിരിക്കുന്നത്. KMSC യുമായുള്ള പ്രസ്തുത റണ്ണിംഗ് കോൺട്രാക്റ്റ്, കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് സർവ്വകലാശാലക്ക് ബാധകമുള്ളതാക്കിട്ടുള്ള ഉത്തരവുകളുണ്ടെങ്കിൽ ആയത് ഹാജരാക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഡിപ്പാർട്ട്മെന്റ് KMSC യുമായി നേരിട്ട് യാതൊരു വിധ കരാറുകളിലും ഏർപ്പെട്ടതായി കാണുന്നില്ല.

**(ii)കൺട്രോളർ ഓഫ് എക്സാമിനേഷൻസ്**

BR നമ്പർ 24/15-16/2.12.15/ പ്രകാരം 93000 രൂപയ്ക്ക് M/s.ഫോട്ടോൺ എനർജി സിസ്റ്റംസ്, തൃശ്ശൂരിൽ നിന്നും യൂണിലൈൻ 3 KVA/96V ഓൺലൈൻ യു.പി.എസ്. -1 ,60AH/12V ബാറ്ററി 8 എണ്ണം എന്നിവ ക്വട്ടേഷൻ വിളിക്കാതെ വാങ്ങി. എൻക്വയറി നമ്പർ. 1/15-16/6.12.18 -ന്റെ മറുപടിയിൽ 11/3/15

തീയ്യതിയിലെ മണ്ണുത്തിയിലെ കോളേജ് ഓഫ് വെറ്ററിനറി ആന്റ് ആനിമൽ സയൻസസ്, ഡിപ്പാർട്ട്മെന്റ് ഓഫ് പാരാസൈറ്റോളജിയുടെ ക്വൊട്ടേഷൻ പ്രകാരമാണ് പ്രസ്തുത വാങ്ങൽ നടത്തിയതെന്ന് അറിയിച്ചു.

വ്യക്തമായ ടെണ്ടർ/ക്വൊട്ടേഷൻ നടപടിക്രമങ്ങൾ പാലിച്ച് കരാർ ഉടമ്പടി ചമയ്ക്കാത്തപക്ഷം പ്രസ്തുത വാങ്ങലുകൾക്ക് നിയമപരമായ നിലനില്പുണ്ടാകുന്നതല്ല എന്നതിനാൽ മറ്റൊരു ഡിപ്പാർട്ടുമെന്റോ നിർവഹണ ഉദ്യോഗസ്ഥനോ ക്ഷണിച്ച ക്വൊട്ടേഷന്റെ/ടെണ്ടറിന്റ അടിസ്ഥാനത്തിൽ ,പ്രസ്തുത നിരക്കിൽ തന്നെയാണെങ്കിലും , വാങ്ങലുകൾ നടത്താൻ പാടുള്ളതല്ല .

## 3-44. റേറ്റ് കോൺട്രാക്ട് / റണ്ണിംഗ് കോണ്ട്രാക്ട്

**M/s. കൃഷ്ണ ഏജൻസീസ് , കോഴിക്കോട്**

M/s. കൃഷ്ണ ഏജൻസീസ്, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും വ്യത്യസ്ത സമയങ്ങളിൽ ടെണ്ടറോ ക്വൊട്ടേഷനോ ഇല്ലാതെ ലൈവ്സ്റ്റോക്ക് പ്രൊഡക്ഷൻ ടെക്നോളജി യൂണിറ്റ്, മൈക്രോ ബയോളജി, ബയോകെമിസ്ട്രി ഡിപ്പാർട്ട്മെന്റ് , ഡിപ്പാർട്ട്മെന്റ് ഓഫ് ഫാർമക്കോളജി & ടോക്സിക്കോളജി എന്നിവയിൽ കെമിക്കൽസ് വാങ്ങി. ഉദാഃ- സി.ബി.വി നം.36/2015-16/31-3-16/58417, സി.ബി.വിനം.28/15-16/15-3-16/38364, സി.ബി.വി നം.9/15-16/18-9-15/43737. ഇക്കാര്യത്തിൽ 9-1-2018-ന് നൽകിയ 8/14-15 നമ്പർ എൻക്വയറിക്കുള്ള മറുപടിയിൽ പദാർത്ഥങ്ങളുടെ നിർമ്മാതാക്കളുമായാണ് അല്ലാതെ വിതരണക്കാരുമായല്ല റേറ്റ് കോൺട്രാക്ടിൽ ഏർപ്പെട്ടിരുന്നതെന്നും M/s. കൃഷ്ണ ഏജൻസീസ്, കോഴിക്കോട് എന്ന സ്ഥാപനം; നൈസ് കെമിക്കൽസ് പ്രൈവറ്റ് ലിമിറ്റഡ്, സിസ്കോ റിസർച്ച് ലാബോറട്ടറീസ്, മെർക്ക് ആന്റ് ടാർസൻസ് എന്നിവയുടെ അംഗീകൃത വിതരണക്കാരാണെന്നും അറിയിച്ചു. പ്രസ്തുത സ്ഥാപനങ്ങളുമായി സർവ്വകലാശാലയ്ക്ക് നിയമപരമായ കോൺട്രാക്ച്യുവൽ ബാദ്ധ്യതകൾ ഇല്ലാത്തതിനാൽ ഈ വാദം ഓഡിറ്റ് അംഗീകരിക്കുന്നില്ല. വിവിധ നിർമ്മാതാക്കൾ നിർമ്മിക്കുന്ന രാസപദാർത്ഥങ്ങൾ, ഗ്ലാസ്സ് വെയറുകൾ, പ്ലാസ്റ്റിക് വെയറുകൾ എന്നിവ വിതരണം ചെയ്യുന്നതിന് സർവകലാശാല അംഗീകൃത വിതരണക്കാരുമായാണ് റണ്ണിംഗ് കോൺട്രാക്ടിൽ ഏർപ്പെടുന്നത്. സർവ്വകലാശാലയുമായി എഗ്രിമെന്റിലേർപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും, ഏർപ്പെട്ട നിരക്കിലും അംഗീകരിച്ച ഡിസ്കൗണ്ട് ഉറപ്പുവരുത്തിക്കൊണ്ടും മാത്രമേ പ്രസ്തുത സാധനങ്ങൾ വാങ്ങാൻ കഴിയുകയുള്ളൂ. മേൽ വാങ്ങലുകൾക്ക് ആസ്പദമായി M/s. കൃഷ്ണ ഏജൻസീസ്, കോഴിക്കോട് എന്ന സ്ഥാപനവുമായി യൂണിവേഴ്സിറ്റിയുടെ റണ്ണിംഗ് കോൺട്രാക്ട് ഉണ്ടെങ്കിൽ ഹാജരാക്കേണ്ടതാണ്.

നിലവിൽ സർവ്വകലാശാലയിലെ വിവിധ തരം വാങ്ങലുകൾക്ക് "റണ്ണിംഗ് കോൺട്രാക്ടാണ്" അനുവർത്തിക്കേണ്ടത് . വിവിധ വകുപ്പുകളിലെ / സ്റ്റേഷനുകളിലെ വാങ്ങലുകൾക്ക് പ്രത്യേകം കരാറുകൾ ഏർപ്പെടുത്താതെ കേന്ദ്രീകൃതമായി "റണ്ണിംഗ് കോൺട്രാക്ട് സമ്പ്രദായം" ഏർപ്പെടുത്തേണ്ടതാണ്.

**M/s. എ.ബി. അസോസിയേറ്റ്സ്**

ബി.ആർ നം. 73/16-17, സി.ബി.വി നം. 12/9/16-17 തുക 29,978/-

മേൽ വൗച്ചർ പ്രകാരം കോളേജ് ഓഫ് വെറ്ററിനറി & ആനിമൽ സയൻസസ് , മണ്ണുത്തിയുടെ കീഴിൽ

പ്രവർത്തിക്കുന്ന സർജറി & റേഡിയോളജി ഡിപ്പാർട്ട്മെന്റിന്റെ 2015-16 സാമ്പത്തിക വർഷത്തിലെ 'ക്ലിനിക്കൽ ഇവാല്യുവേഷൻ ഓഫ് ഇൻഹലേഷൻ അനസ്തീഷ്യ ഇൻ സ്മോൾ റൂമിനെന്റ്സ്' എന്ന പ്രോജക്ടിന്റെ ആവശ്യത്തിലേക്കായി 29,978/-രൂപക്ക് "M/s. എ.ബി. അസോസിയേറ്റ്സ് " എന്ന സ്ഥാപനത്തിൽ നിന്നും ഡിസ്കൗണ്ട് ഇല്ലാതെ കൺസ്യൂമബിൾസ് വാങ്ങിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനത്തിന്റെ 22/9/16-ലെ 0083 ഇൻവോയിസ് പ്രകാരം വാങ്ങിയ ഒരു കൺസ്യൂമബിൾസിനും ഡിസ്കൗണ്ട് ലഭിച്ചിട്ടില്ല. സ്ഥാപനം

നൽകിയിരിക്കുന്ന റേറ്റ് കോൺട്രാക്ട് എഗ്രിമെന്റ് പ്രകാരമുള്ള കൺസ്യൂമബിൾസ് /കെമിക്കൽസ് / പ്ലാസ്റ്റിക്/ഗ്ലാസ് വെയേഴ്സ് / ലാബ് വെയേഴ്സ് എന്നിവയ്ക്ക് 5% ഡിസ്കൗണ്ട് പറഞ്ഞിട്ടുണ്ട്. (ഗോൾഡ് വിൻ മെഡ് കെയർ (ലിമിറ്റഡ്), എം.എസ് സർജിക്കൽസ്, രുദ്രാക്ഷ് ഫാർമ്സ്& സർജിക്കോ, ദി രാമരാജു സർജിക്കൽസ് എന്നിവയുടെ ഉൽപ്പന്നങ്ങൾക്കാണ് ഡിസ്ക്കൗണ്ട്) . റേറ്റ് കോൺട്രാക്ടിൽ പരാമർശിക്കാത്ത ഉൽപ്പന്നങ്ങൾ സ്ഥാപനങ്ങളിൽ നിന്നും വാങ്ങിക്കാതെ ക്വട്ടേഷനിലൂടെയോ ടെണ്ടറിലൂടെയോ വാങ്ങിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-45. യാത്രാബത്തകൾക്ക് പ്രതിമാസ /ത്രൈമാസ പരിധി ബാധകമാക്കുന്നില്ല.

ഉദ്യോഗസ്ഥരുടെ യാത്രാബത്തയ്ക്ക് പ്രതിമാസ / ത്രൈമാസ പരിധി ബാധകമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു. ഓഡിറ്റ് കാലയളവിൽ ജി.ഒ.(പി)നം. 74/2012/ഫിൻ.തീയ്യതി 28/01/2012 ഉത്തരവ് പ്രകാരമുള്ള പരിധിയാണ് ബാധകം. എന്നാൽ താഴെ പറയുന്ന സ്റ്റേഷനുകളിൽ പ്രസ്തുത പരിധി പാലിക്കപ്പെടുന്നില്ല.

**(i)ക്യാറ്റിൽ ബ്രീഡിംഗ് ഫാം, തുമ്പൂർമുഴി**

| ക്രമ നം. | മാസം | വൗച്ചർ നം. /തിയ്യതി | തുക | സീലിംഗ് പ്രകാരം | അധികം നൽകിയത് |
|---|---|---|---|---|---|
| **പേര് :- ശ്രീ.പി.വി. ജയേഷ്, ക്ലാസ്സ് IV** | | | | | |
| 1 | ജനവരി 2015 | 19/4/15-16/13-4-15 | 1,350 | 2940 | 2310 |
| 2 | ഫെബ്രുവരി 2015 | 20/4/15-16/13-4-15 | 1,950 | | |
| 3 | മാർച്ച് 2015 | 21/4/15-16/13-4-15 | 1,950 | | |
| 4 | ജൂലൈ 2015 | 33/12/15-16/11-12-15 | 1,950 | 2940 | 2310 |
| 5 | ആഗസ്റ്റ് 2015 | 34/12/15-16/11-12-15 | 1,050 | | |
| 6 | സെപ്തംബർ 2015 | 35/12/15-16/11-12-15 | 2.250 | | |
| 7 | ഒക്ടോബർ 2015 | 36/12/15-16/11-12-15 | 1950 | 2940 | 3,360 |
| 8 | ഡിസംബർ 2015 | 38/2/15-16/18-2-16 | 2400 | | |
| 9 | ജനവരി 2016 | 39/2/15-16/18-2-16 | 1950 | | |
| | **ആകെ** | | **16,800** | **8820** | **7,980** |

(ii)ഡയറക്ടർ ഓഫ് എന്റർപ്രണർഷിപ്പ്  2015-16

| ക്രമ നമ്പർ | വൗച്ചർ നമ്പർ | മാസം | തുക | മാസപരിധി ഗ്രേഡ് 1 | അധികമായി അനുവദിച്ചത് |
|---|---|---|---|---|---|
| I.ശ്രീ.ടി.പി.സേതുമാധവൻ, സംരഭകത്വ വിജ്ഞാപനവ്യാപന കേന്ദ്രം  ഡയറക്ടർ | | | | | |
| 1 | 10/7-12-15 | ജൂൺ 2015 | 3702 | 3500 | 202 |
| 2 | 11/7-12-15 | ജൂലൈ 2015 | 5748 | 3500 | 2248 |
| 3 | 12/7-12-15 | ആഗസ്റ്റ് 2015 | 3827 | 3500 | 327 |
| 4 | 13/7-12-15 | സെപ്റ്റംബർ 2015 | 4824 | 3500 | 1324 |
| 5 | 18/18-12-15 | നവംബർ 2015 | 5245* | 3500 | 1745 |
| | *ആകെ തുക 71995/-രൂപ ഫ്ലൈറ്റ് ടിക്കറ്റ് ഉൾപ്പടെ | | | | |
| 6 | 25/24-2-16 | ഡിസംബർ 2015 | | 3500 | 147 |
| | | | | | **5993.00** |

| ക്രമ നമ്പർ | മാസം | വൗച്ചർ നം/തീയ്യതി | തുക | പ്രതിമാസ പാദവാർഷിക സീലിംഗ് II(b) | അധികം നൽകിയ തുക |
|---|---|---|---|---|---|
| II. താൽക്കാലിക  ഡ്രൈവർമാർ | | | | | |
| 1 | 9/14 | CBV.15-7/15/7.7.15 | 2190 | 1820 | 370 |
| 2 | 10/14 | CBV.16-7/15/7.7.15 | 2400 | 5460 | 370 |
| 3 | 11/14 | CBV.17-7/15/7.7.15 | 1930 | | |
| 4 | 12/14 | CBV.18-7/15/7.7.15 | 1500 | | |
| | | ആകെ | 8020 | 7280 | **740** |

## (iii) സെന്റർ ഫോർ ആനിമൽ ജനറ്റിക്സ് & ബ്രീഡിംഗ്, മണ്ണുത്തി.

ഡോ. ബിന്ദ്യ എലിസബത്ത് , അസിസ്റ്റന്റ് പ്രൊഫസർ

| വൗച്ചർ നം./തീയ്യതി | യാത്ര നടത്തിയ മാസം | നൽകിയ തുക | സീലിംഗ് പ്രകാരം തുക | അധികം നൽകിയത് |
|---|---|---|---|---|
| സി.ബി.വി നം. 1/6-15-16/23-6-16 | ഫെബ്രുവരി 2016 | 2,973 | 2,100 | 873 |
| സി.ബി.വി നം. 2/6-15-16/23-6-16 | മാർച്ച് 2016 | 4163 | 2100 | 2063 |
| സി.ബി.വി നം. 3/6-15-16/23-6-16 | ഏപ്രിൽ 2016 | 4093 | 2100 | 1993 |
| സി.ബി.വി നം. 4/6-15-16/23-6-16 | ഏപ്രിൽ + മെയ് 2016 | 3428 | 2100 | 1328 |
| **ആകെ** | | | | **6257** |

ഓഡിറ്റ് കുറിപ്പുകൾക്ക് നൽകിയ മറുപടി അംഗീകരിക്കത്തക്കതല്ല. ജി.ഒ. പി. നമ്പർ. 74/2012/ഫിൻ. തീയ്യതി 28/1/2012 പ്രകാരമുള്ള സീലിംഗ് ആണ് നഷ്ടം തിട്ടപ്പെടുത്തുവാൻ സ്വീകരിച്ചിട്ടുള്ളത്.

### (iv)ലൈവ് സ്റ്റോക്ക് റിസർച്ച് സ്റ്റേഷൻ, തിരുവാഴാംകുന്ന്

| 1.ശ്രീ.നൗഷാദ് ടി.പി എൽ.ഡി.വി അടിസ്ഥാന ശമ്പളം -19240/- | | | | |
|---|---|---|---|---|
| ക്രമ നം | യാത്രാബത്ത ബിൽ നം. തുക | കൈപ്പറ്റിയ തുക (അധികാര പരിധിയ്ക്കകത്തെ യാത്രകൾക്ക്) | അനുവദനീയമായത് | അധികം കൈപ്പറ്റിയത് |
| 1 | CBV 59/7-14 Rs. 4492/- (3/14) | 2400 | 980/month | 3660 |
| 2 | CBV 60/7-14 Rs. 1800/- (4/14) | 1800 | 2940/month | |
| 3 | CBV 61/7-14 Rs. 5475/- (5/14) | 2400 | | |
| 4 | CBV 62/7-14 Rs. 5962/- (6/14) | 2400 | 2940 | 4360 |
| 5. | CBV 62/10-14 Rs. 6425/- (7/14) | 2500 | | |
| 6. | CBV 63/10-14 Rs. 5875/- (8/14) | 2400 | | |
| 7. | CBV 64/7-14 Rs. 6893/- (9/14) | 2200 | 2940 | 3860 |
| 8. | CBV 23/2-15 Rs. 6519/- (10/14) | 2400 | | |
| 9. | CBV 24/2/15 Rs. 7054/- (4/14) | 2200 | | |
| 10. | CBV 25/02-15 Rs. 7609/- (12/14) | 2200 | 2940 | 3560 |
| 11. | CBV 61/03-15Rs. 6830/- (1/15) | 2100 | | |
| 12 | CBV 62/03-15 Rs. 6677/- (2/15) | 2200 | | |
| | | | | **15440** |

| 2. ശ്രീ. സുന്ദരൻ എൻ.എൽ.ഡി.വി അടിസ്ഥാന ശമ്പളം 19240 | | | | |
|---|---|---|---|---|
| 1 | CBV 62/10-14 Rs. 6425/- (7/14) | 1300 | 2940 | 1280 |
| 2 | CBV 63/10-14 Rs. 5875/- (8/14) | 1200 | | |
| 3 | CBV 64/10-14 Rs. 6893/- (9/14) | 1700 | | |
| 4 | CBV 23/2-15 Rs. 6519/- (10/14) | 2300 | 2940 | 3660 |
| 5 | CBV 24/2/15 Rs. 7054/- (11/14) | 2200 | | |
| 6 | CBV 25/02-15 Rs. 7609/- | 2100 | | |

| | | | | |
|---|---|---|---|---|
| | (12/14) | | | |
| 7 | CBV 61/03-15Rs. 6830/- (1/15) | 1900 | 980 / month | 2240 |
| 8 | CBV 69/03-15 Rs. 6677/- (2/15) | 2300 | | |
| 9 | CBV 62/03-15 Rs. 6677/- (2/15 | | | **7160** |

**(v)ഡയറക്ടർ ഓഫ് അക്കാദമിക് റിസർച്ച്**

| ക്രമ നമ്പർ | വൗച്ചർ നം., ചെക്ക് നം.& തീയ്യതി | മാസം | നൽകിയ തുക | പ്രതിമാസ/ത്രൈമാസ സീലിംഗിനേക്കാൾ കൂടുതൽ നൽകിയ തുക |
|---|---|---|---|---|
| ശ്രീ. ഇക്ബാൽ സി.പി. ക്ലാസ് IV | | | | |
| 1. | BR No.23/14-15<br>CBV No.23/4-14<br>Cheque-726508<br>25/4/14 | ജനുവരി 14 | 1875 | 1137 |
| 2. | BR No.24/14-15<br>CBV No.24/4-14<br>Cheque-726508<br>25/4/14 | ഫെബ്രുവരി 14 | 1125 | |
| 3. | BR No.29/14-15<br>CBV No.5/5-14<br>Cheque-726509<br>6/4/14 | മാർച്ച് 14 | 1287 | |
| 4. | CBV No.34/11-14<br>Cheque-278085<br>25/11/14 | ജൂലൈ 14 | 1364 | 839 |
| 5. | CBV No.35/11-14<br>Cheque-278085<br>25/11/14 | ഓഗസ്റ്റ് 14 | 1350 | |
| 6. | CBV No.37/11-14<br>Cheque-278085<br>25/11/14 | സെപ്റ്റംബർ 14 | 1275 | |
| 7. | CBV No.36/11-14<br>Cheque-278085<br>25/11/14 | ഒക്ടോബർ 14 | 1875 | 403 |
| 8. | CBV No.27/1-15<br>Cheque-278103 | നവംബർ 14 | 914 | |

| | | | | |
|---|---|---|---|---|
| | 21/1/15 | | | |
| 9. | CBV No.28/1-15<br>Cheque-278103<br>21/1/15 | ഡിസംബർ 14 | 764 | |
| 10. | CBV No.22/3-15<br>Cheque-278121<br>12/3/15 | ജനുവരി 15 | 764 | 914 |
| 11. | CBV No.23/3-15<br>Cheque-278121<br>12/3/15 | ഫെബ്രുവരി 15 | 1875 | |
| 12. | CBV No.15/4-15<br>Cheque-278130<br>9/4/15 | മാർച്ച് 15 | 1425 | |
| 13. | CBV No.12/11-15<br>Cheque-278187<br>20/11/15 | ജൂലൈ 15 | 1125 | 525 |
| 14. | CBV No.13/11-15<br>Cheque-278187<br>20/11/15 | ഓഗസ്റ്റ് 15 | 675 | |
| 15. | CBV No.14/11-15<br>Cheque-278187<br>20/11/15 | സെപ്റ്റംബർ 15 | 1875 | |
| 16. | CBV No.15/11-15<br>Cheque-278187<br>20/11/15 | ഒക്ടോബർ 15 | 1200 | 225 |
| 17. | CBV No.21/1-16<br>Cheque-605884<br>19/1/16 | നവംബർ 15 | 675 | |
| 18. | CBV No.22/1-16<br>Cheque-605884<br>19/1/16 | ഡിസംബർ 15 | 1500 | |
| | ആകെ | | | **4043** |

പ്രതിമാസ/ത്രൈമാസ പരിധിയിൽ അധികരിച്ച് അനുവദിച്ച **47,613/-** രൂപ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-46. യാത്രാപ്പടി- ദിവസവേതനക്കാരന് മുൻകൂറായി നൽകി.

1. സി.ബി.വി നമ്പർ. 3/4-15-16/2-4-16/ 20,000/-
2. സി.ബി.വി നമ്പർ. 10/2-14-15/24-2-15/ 35,000/-

**ആകെ. 55,000/-**

ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ശ്രീ. സുരേഷ്കുമാർ ജെ, ടീച്ചിംഗ് അസിസ്റ്റന്റിന് , സൂചന(1) , (2) പ്രകാരവും ശ്രീ.സന്ദീപ് .ബി., ടീച്ചിംഗ് അസിസ്റ്റന്റിന് ഓൾ അഖിലേന്ത്യാ സ്റ്റഡി ടൂറിനുമായി യാത്രാപ്പടി മുൻകൂർ അനുവദിച്ചു. ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് യാത്രാപ്പടി മുൻകൂറായി നൽകാൻ പാടില്ലാത്തതാണ്. ടൂർ ആവശ്യത്തിനോ അതുപോലുള്ള മറ്റ് ആവശ്യങ്ങൾക്കോ മുൻകൂർ ആവശ്യമായി വരുന്ന വേളയിൽ ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റിന്റെ സ്ഥിരം ജോലിക്കാരുടെയോ ഡിപ്പാർട്ട്മെന്റ് തലവന്റെയോ പേരിൽ മുൻകൂർ നൽകാവുന്നതാണ്. യാത്രാപ്പടി ഇനത്തിൽ നൽകിയ മുൻകൂർ തുക, നാളിതുവരെ ഫൈനൽ ബിൽ സമർപ്പിച്ച് ക്രമീകരിച്ചിട്ടില്ലാത്തതിനാൽ മുൻകൂർ തുക പൂർണ്ണമായും 18% വാർഷിക പലിശ കണക്കാക്കി തിരികെ ഈടാക്കുവാനുള്ള നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. (ജി.ഒ.(പി).നം. 197/13/ഫിൻ. തീയ്യതി 30/4/2013 )

## 3-47.യാത്രാപ്പടി മുൻകൂർ ക്രമീകരണം ക്രമപ്രകാരമല്ല.

**കോളേജ് ഓഫ് ഡയറി സയൻസ് & ടെക്നോളജി, മണ്ണുത്തി**

1. സി.ബി.വി നം. 81, 89/9-15-16 /30.9.16 എന്നിവയിൽ യാത്രാപ്പടിയിനത്തിൽ 18,069/- രൂപ വീതം (ആകെ 36,138/-) യഥാക്രമം ഡോ.ദിവ്യ എം.പി., ശ്രീ.സുരേഷ് കുമാർ.ജെ (ദിവസ വേതനം) എന്നിവർക്ക് മുൻകൂർ ക്രമീകരിച്ച വകയിൽ നൽകി. മുൻകൂർ 20,000/-രൂപ വീതം നൽകി. മേൽ ഉദ്യോഗസ്ഥർ മുൻകൂർ ക്രമീകരിച്ച് 38,069/- (20,000+18,069) പ്രകാരമുള്ള ബില്ലുകൾ സമർപ്പിച്ചു. ഓഡിറ്റിന് ഹാജരാക്കിയ യാത്രാപ്പടി ബില്ലുകളിൽ യാത്രാചെലവ്, ദിനബത്ത, മൈലേജ് അലവൻസ് എന്നിവ കണക്കാക്കിയിട്ടുള്ളത് ക്രമപ്രകാരമല്ല. ട്രെയിൻ യാത്രക്ക് മൈലേജ് അലവൻസ് അനുവദിച്ച് നൽകിയത് ശരിയല്ല. യഥാർത്ഥത്തിൽ അർഹതയുള്ള ക്ലാസ്സ് യാത്രക്കാണ് തുക കണക്കാക്കേണ്ടത്. താമസത്തിന് യോഗ്യമായതിലും കൂടുതലാണ് ദിനബത്ത കണക്കാക്കിയത്. അപാകതകൾ പരിശോധിച്ച് അധികം നൽകിയ തുക കണക്കാക്കി തിരിച്ചു പിടിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ദിവസ വേതനക്കാർക്ക് II (b) പ്രകാരമുള്ള കാറ്റഗറിയിൽ ഉൾപ്പെടുത്തി യാത്രാചെലവ് കണക്കാക്കേണ്ടതാണ്.

2. Head:- 115-79-0002-6200 അഡ്വാൻസ് സെറ്റിൽമെന്റ്: ഡോ.ദിവ്യ. എം.പി

മേൽ ടൂറുമായി ബന്ധപ്പെട്ട് ഹോട്ടൽ ARPIT PALACE, ന്യൂഡൽഹി എന്ന ഹോട്ടലിൽ 7/4/16 മുതൽ 9/4/16 വരെ താമസിച്ചു. ചെലവ് പത്രിക പ്രകാരം 10 റൂമുകൾക്ക് 57,250/-രൂപയാണ് ചെലവഴിച്ചത്. എന്നാൽ ഹോട്ടൽ ബിൽ പ്രകാരം അഡ്വാൻസ് ഇനത്തിലായി 20,000/-രൂപ മാത്രമേ അർപ്പിത് പാലസ്, ന്യൂഡൽഹി കൈപ്പറ്റിയതായി കാണുന്നുള്ളൂ. ബാക്കി തുകയായ 37,250/- രൂപ ഹോട്ടൽ രസീത് പ്രകാരം നൽകാൻ ശേഷിക്കുന്നതായി കാണുന്നു. രസീത് ലഭ്യമാക്കാത്ത പക്ഷം 37,250/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും 18% പലിശ കണക്കാക്കി തിരികെ ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-48. സർക്കാർ വാഹനത്തിലെ യാത്ര – സീലിംഗിൽ അധികരിച്ച് തുക നൽകി.

ജീവനക്കാർക്ക് യാത്രാബത്ത അനുവദിക്കുന്നത് സംബന്ധിച്ച് ജി.ഒ.(പി)നം. 74/2012/ഫിൻ.തീയ്യതി 28/01/2012 ഉത്തരവ് പ്രകാരം 01/07/2011 മുതൽ താഴെ പറയും പ്രകാരമാണ് ഒരു ജില്ലയുടെ ഭാഗികമായ ഭാഗത്തേയ്ക്ക് മാത്രം യാത്ര നടത്തുന്ന വിവിധ ഗ്രേഡിലുള്ള ഉദ്യോഗസ്ഥർക്ക് പരമാവധി തുക

അനുവദിക്കാനാവുക.

| | പ്രതിമാസ പരിധി | (പാദവാർഷിക പരിധി) |
|---|---|---|
| ഗ്രേഡ്-1 വിഭാഗം | 1,610 രൂപ | 4,830/- രൂപ |
| (അടിസ്ഥാന ശമ്പളം 25280/- രൂപയ്ക്ക് മുകളിൽ) | | |
| ഗ്രേഡ്-2(എ) വിഭാഗം | 1,260 രൂപ | 3,800/- രൂപ |
| (അടിസ്ഥാന ശമ്പളം 21240/- രൂപയ്ക്ക് മുകളിൽ) | | |
| ഗ്രേഡ്-2(ബി) വിഭാഗം | 980 രൂപ | 2,940/- രൂപ |
| (അടിസ്ഥാന ശമ്പളം 13,900/- രൂപയ്ക്ക് മുകളിൽ) | | |

അതോടൊപ്പം സർക്കാർ വാഹനത്തിൽ യാത്ര നടത്തുന്ന ജീവനക്കാർക്ക് ,വാഹന ഡ്രൈവർക്ക് ഒഴികെ, മേൽ പരിധിയുടെ 50% ത്തിൽ അധികം തുക ലഭിക്കുവാൻ അർഹതയില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്.

**(i)ടി.വി.സി.സി മണ്ണുത്തി**

2014-15 , 2015-16 വർഷങ്ങളിൽ വെറ്ററിനറി ആമ്പുലേറ്ററി ക്ലിനിക്സ്, ചെറുംകുഴി , മലമുക്ക് ഭാഗത്തേക്ക് ദിവസേന വകുപ്പിന്റെ കീഴിലെ KL 08 P -5220 നം. ആമ്പുലൻസിൽ യാത്ര നടത്തിയ താഴെ പറയുന്ന ജീവനക്കാർക്ക് അനുവദനീയമായ പരിധിയിലും അധികരിച്ച് യാത്രാബത്ത അനുവദിച്ചിട്ടുണ്ട്

**(I) ശ്രീ.വി.വി.ജയൻ ., ക്ലാസ് IV., അടിസ്ഥാന ശമ്പളം- 15,380/-രൂപ**

| ക്രമ നമ്പർ | യാത്ര ചെയ്ത മാസം | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക 1,470(പാദവർഷ പരിധിയുടെ 50%) | റിമാർക്സ് |
|---|---|---|---|---|
| 1 | മാർച്ച്-2014 | 2,100 രൂപ | അനുവദിച്ചത്-5,400 രൂപ<br>അധിക തുക-3,930 രൂപ | സി.ബി.വി.നം.21/4/14-15<br>21/4/14 |
| 2 | ഏപ്രിൽ- 2014 | 1,600 രൂപ | | സി.ബി.വി.നം.22/5/14-15<br>23/5/14 |
| 3 | മെയ്- 2014 | 1,700 രൂപ | | സി.ബി.വി.നം.21/6/14-15<br>19/6/14 |
| 4 | ജൂൺ - 2014 | 1,700 രൂപ | അനുവദിച്ചത് - 3800 രൂപ<br>അധിക തുക- 2330 രൂപ | സി.ബി.വി.നം.26/7/14-15<br>16/7/14 |
| 5 | ജൂലൈ- 2014 | 400 രൂപ | | സി.ബി.വി.നം.20/8/14-15<br>12/8/14 |
| 6 | ഓഗസ്റ്റ്- 2014 | 1,700 രൂപ | | സി.ബി.വി.നം.20/9/14-15<br>17/9/14 |
| 7 | സെപ്റ്റംബർ- 2014 | 900 രൂപ | അനുവദിച്ചത്- 5,100 രൂപ<br>അധിക തുക- 3,630 രൂപ | സി.ബി.വി.നം.17/10/14-15<br>9/10/14 |
| 8 | ഒക്ടോബർ - 2014 | 2100 രൂപ | | സി.ബി.വി.നം.21/11/14-15<br>17/11/14 |
| 9 | നവംബർ- 2014 | 2100 രൂപ | | സി.ബി.വി.നം.18/12/14-15 |

| | | | | |
|---|---|---|---|---|
| | | | | 9/12/14 |
| 10 | ഡിസംബർ- 2014 | 2300 രൂപ | അനുവദിച്ചത് -5,380 രൂപ<br>അധിക തുക – 3,910 രൂപ | സി.ബി.വി.നം.16/1/14-15<br>12/1/15 |
| 11 | ജനുവരി- 2015 | 2100 രൂപ | | സി.ബി.വി.നം.16/2/14-15<br>11/2/15 |
| 12 | ഫെബ്രുവരി- 2015 | 980 രൂപ | | സി.ബി.വി.നം.23/3/14-15<br>24/3/15 |
| 13 | മാർച്ച് - 2015 | 490 രൂപ | അനുവദിച്ചത് -2,450 രൂപ<br>അധിക തുക – 980 രൂപ | സി.ബി.വി.നം.24/5/15-16<br>20/5/15 |
| 14 | ഏപ്രിൽ- 2015 | 980 രൂപ | | സി.ബി.വി.നം.27/6/15-16<br>24/6/15 |
| 15 | മെയ്- 2015 | 980 രൂപ | | സി.ബി.വി.നം.28/6/15-16<br>24/6/15 |
| 16 | ജൂൺ- 2015 | 980 രൂപ | അനുവദിച്ചത് -2,940 രൂപ<br>അധിക തുക – 1,470 രൂപ | സി.ബി.വി.നം.39/8/15-16<br>25/8/15 |
| 17 | ജൂലൈ- 2015 | 980 രൂപ | | സി.ബി.വി.നം.40/8/15-16<br>25/8/15 |
| 18 | ആഗസ്റ്റ്- 2015 | 980 രൂപ | | സി.ബി.വി.നം.16/12/15-16<br>2/12/15 |
| 19 | സെപ്റ്റംബർ- 2015 | 980 രൂപ | അനുവദിച്ചത് -2,940 രൂപ<br>അധിക തുക – 1,470 രൂപ | സി.ബി.വി.നം.16/12/15-16<br>2/12/15 |
| 20 | ഒക്ടോബർ- 2015 | 980 രൂപ | | സി.ബി.വി.നം.16/12/15-16<br>2/12/15 |
| 21 | നവംബർ- 2015 | 980 രൂപ | | സി.ബി.വി.നം.25/1/15-16<br>19/1/16 |
| | ആകെ അനുവദിച്ച അധികം തുക | | 17,720 രൂപ | |

**(2) ശ്രീ. പി.ബി. അനിൽകുമാർ, ബസ് അറ്റണ്ടന്റ്, അടിസ്ഥാന ശമ്പളം -19,740 രൂപ**

| ക്രമ നമ്പർ | യാത്ര ചെയ്ത മാസം | അനുവദിച്ച തുക | സി.ബി.വി നം/ തീയ്യതി | അനുവദിക്കാവുന്ന തുക 1,470 (പാദവർഷപരിധിയുടെ 50%) |
|---|---|---|---|---|
| 1 | ഒക്ടോബർ - 2014 | 980 | സി.ബി.വി നം.33/7/15-16<br>23/7/15 | അനുവദിച്ചത് -2,940 രൂപ<br>അധിക തുക -1,470 രൂപ |
| 2 | നവംബർ- 2014 | 980 | സി.ബി.വി നം.33/7/15-16<br>23/7/15 | |
| 3 | ഡിസംബർ- 2014 | 980 | സി.ബി.വി നം.33/7/15-16<br>23/7/15 | |

| | | | | |
|---|---|---|---|---|
| 4 | ജനുവരി- 2015 | 980 | സി.ബി.വി നം.33/7/15-16 23/7/15 | അനുവദിച്ചത് -2,940 രൂപ അധിക തുക -1,470 രൂപ |
| 5 | ഫെബ്രുവരി- 2015 | 980 | സി.ബി.വി നം.33/7/15-16 23/7/15 | |
| 6 | മാർച്ച് - 2015 | 980 | സി.ബി.വി നം.33/7/15-16 23/7/15 | |
| 7 | ഏപ്രിൽ- 2015 | 980 | സി.ബി.വി നം.33/7/15-16 23/7/15 | അനുവദിച്ചത് -2,940 രൂപ അധിക തുക -1,470 രൂപ |
| 8 | മെയ്- 2015 | 980 | സി.ബി.വി നം.33/7/15-16 23/7/15 | |
| 9 | ജൂൺ- 2015 | 980 | സി.ബി.വി നം.33/7/15-16 23/7/15 | |
| 10 | ജൂലൈ- 2015 | 980 | സി.ബി.വി നം.33/7/15-16 23/7/15 | അനുവദിച്ചത് -2,460 രൂപ അധിക തുക -990 രൂപ |
| 11 | ആഗസ്റ്റ്- 2015 | 980 | സി.ബി.വി നം.33/7/15-16 23/7/15 | |
| 12 | സെപ്റ്റംബർ- 2015 | 980 | സി.ബി.വി നം.33/7/15-16 23/7/15 | |
| 13 | ഒക്ടോബർ- 2015 | 980 | സി.ബി.വി നം.33/7/15-16 23/7/15 | അനുവദിച്ചത് -2,940 രൂപ അധിക തുക -1,470 രൂപ |
| 14 | നവംബർ- 2015 | 980 | സി.ബി.വി നം.33/7/15-16 23/7/15 | |
| 15 | ഡിസംബർ-2015 | 980 | സി.ബി.വി നം.33/7/15-16 23/7/15 | |
| | ആകെ അനുവദിച്ച അധികം തുക | | | 6,870 രൂപ |

**(3) ശ്രീ. ശങ്കര നാരായണൻ നായർ , ഡ്രൈവർ, അടിസ്ഥാന ശമ്പളം- 22,920/- രൂപ**

| ക്രമ നമ്പർ | യാത്ര ചെയ്ത മാസം | അനുവദിച്ച തുക | സി.ബി.വി നം/ തീയ്യതി | അനുവദിക്കാവുന്ന തുക 3800/-(പാദവർഷപരിധിയുടെ 50%) |
|---|---|---|---|---|
| 1 | മാർച്ച്-2014 | 1,600 രൂപ | സി.ബി.വി.നം.21/4/14-15 21/4/15 | അനുവദിച്ച തുക - 5,000 രൂപ അധിക തുക - 1,200 രൂപ |
| 2 | ഏപ്രിൽ- 2014 | 1,300 രൂപ | സി.ബി.വി.നം.22/5/14-15 23/5/14 | |
| 3 | മെയ്- 2014 | 2,100 രൂപ | സി.ബി.വി.നം.21/6/14-15 19/6/14 | |
| 4 | ജൂൺ - 2014 | 1,100 രൂപ | സി.ബി.വി.നം.26/7/14-15 16/7/14 | അനുവദിച്ച തുക -4,870 രൂപ അധിക തുക - 1,070 രൂപ |
| 5 | ജൂലൈ- 2014 | 1,670 രൂപ | സി.ബി.വി.നം.20/8/14-15 | |

| | | | | |
|---|---|---|---|---|
| | | | 12/8/14 | |
| 6 | ഓഗസ്റ്റ്- 2014 | 2,100 രൂപ | സി.ബി.വി.നം.20/9/14-15<br>17/9/14 | |
| 7 | സെപ്റ്റംബർ- 2014 | 1,600 രൂപ | സി.ബി.വി.നം.17/10/14-15<br>9/10/14 | അനുവദിച്ച തുക -5,600 രൂപ<br>അധിക തുക - 1,800 രൂപ |
| 8 | ഒക്ടോബർ - 2014 | 2,100 രൂപ | സി.ബി.വി.നം.21/11/14-15<br>17/11/14 | |
| 9 | നവംബർ- 2014 | 1,900 രൂപ | സി.ബി.വി.നം.18/12/14-15<br>9/12/14 | |
| 10 | ഡിസംബർ- 2014 | 2,000 രൂപ | സി.ബി.വി.നം.16/1/14-15<br>12/1/15 | അനുവദിച്ച തുക 5,060 രൂപ<br>അധിക തുക - 1,260 രൂപ |
| 11 | ജനുവരി- 2015 | 1,800 രൂപ | സി.ബി.വി.നം.16/2/14-15<br>11/2/15 | |
| 12 | ഫെബ്രുവരി- 2015 | 1,260 രൂപ | സി.ബി.വി.നം.23/3/14-15<br>24/3/15 | |
| | ആകെ അനുവദിച്ച അധികം തുക | | | 5,330 രൂപ |

**(4). ഡോ. അഞ്ജു ഏലിയാസ്ബെൻ, അസിസ്റ്റന്റ് പ്രൊഫസർ , അടിസ്ഥാന ശമ്പളം -21,600/- രൂപ**

| ക്രമ നമ്പർ | യാത്ര ചെയ്ത മാസം | അനുവദിച്ച തുക | സി.ബി.വി നം/ തീയ്യതി | റിമാർക്സ് |
|---|---|---|---|---|
| 1 | മാർച്ച്-2014 | 625 രൂപ | സി.ബി.വി.നം.41/3/14-15<br>31/3/15 | അനുവദിച്ച തുക - 3,145 രൂപ<br>അനുവദിക്കാവുന്നത്- 1,890 രൂപ<br>അധിക തുക - 1,255 രൂപ |
| 2 | ഏപ്രിൽ- 2014 | 1260 രൂപ | സി.ബി.വി.നം.41/3/14-15<br>31/3/15 | |
| 3 | മെയ്- 2014 | 1260 രൂപ | സി.ബി.വി.നം.41/3/14-15<br>31/3/15 | |
| 4 | ജൂൺ - 2014 | 1260 രൂപ | സി.ബി.വി.നം.41/3/14-15<br>31/3/15 | അനുവദിച്ച തുക -3,780 രൂപ<br>അനുവദിക്കാവുന്നത്- 1,890 രൂപ<br>അധിക തുക - 1,070 രൂപ |
| 5 | ജൂലൈ- 2014 | 1260 രൂപ | സി.ബി.വി.നം.41/3/14-15<br>31/3/15 | |
| 6 | ഓഗസ്റ്റ്- 2014 | 1260 രൂപ | സി.ബി.വി.നം.41/3/14-15<br>31/3/15 | |
| 7 | സെപ്റ്റംബർ- 2014 | 1260 രൂപ | സി.ബി.വി.നം.41/3/14-15<br>31/3/15 | അനുവദിച്ച തുക -2,520 രൂപ<br>അനുവദിക്കാവുന്നത്- 1,260 രൂപ<br>അധിക തുക - 1,260 രൂപ |
| 8 | ഒക്ടോബർ-2014 | 1260 രൂപ | സി.ബി.വി.നം.41/3/14-15<br>31/3/15 | |
| | ആകെ അനുവദിച്ച അധികം തുക | | | 4,405 രൂപ |

**ആകെ (1 മുതൽ 4 വരെ) - 34,325/- ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.**

**(ii) കോളേജ് ഓഫ് വെറ്ററിനറി & ആനിമൽ സയൻസസ്, മണ്ണുത്തി**

2014-15 വർഷത്തെ നോൺ-പ്ലാൻ ചെലവുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന ജീവനക്കാർക്ക് അനുവദനീയമായ സീമയിലും അധികരിച്ച് യാത്രാബത്ത അനുവദിച്ചു.

**1) ശ്രീ.പി.ബി. അനിൽ കുമാർ, ബസ് അറ്റണ്ടന്റ്**

അനുവദിച്ച തുക - 12,400 (സി.ബി.വി നം. 135/4/14-15/ തീയ്യതി 8/4/2014
(5 മാസത്തേക്ക്)
അനുവദിക്കാവുന്ന തുക – 2,450
(980x5=4900x50/100)
അധികം നൽകിയ തുക- **9,950/-രൂപ**

ടിയാന് 2013 സെപ്റ്റംബർ , ഒക്ടോബർ , നവംബർ, ഡിസംബർ , 2014 ജനുവരി മാസങ്ങളിൽ കോളേജ് ബസിൽ (നം. KL12G7753) L-H-M-H കൊക്കാലെയ് മുതൽ ചെമ്പുക്കാവ് വരെ നടത്തിയ യാത്രക്കാണ് ബത്ത അനുവദിച്ചിട്ടുള്ളത്. (ടിയാന്റെ അടിസ്ഥാന ശമ്പളം എത്രയെന്ന് ടി.എ.ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ടിയാൻ ഗ്രേഡ്-2 (ബി)യിൽ ഉൾപ്പെട്ട ജീവനക്കാരൻ എന്ന നിലയിലാണ് ടി.എ അനുവദിച്ചതെന്ന് ബില്ലിൽ വ്യക്തമാക്കിയതിന്റെ അടിസ്ഥാനത്തിലാണ് നഷ്ടം നിർണ്ണയിച്ചിട്ടുള്ളത്.)

**2).ശ്രീ.ജയൻ കെ.എസ്., എച്ച്.ഡി.വി ഡ്രൈവർ**

അനുവദിച്ച തുക - 15,400/-രൂപ (സി.ബി.വി നം. 136/4/14-15/ തീയ്യതി 8/4/2014)
(8 മാസത്തേക്ക്)
അനുവദിക്കാവുന്ന തുക - 7,840/- രൂപ
(980x8)
അധികം അനുവദിച്ച തുക **7,560/-രൂപ**

2013 ജൂലൈ, ആഗസ്റ്റ് , സെപ്റ്റംബർ , ഒക്ടോബർ, നവംബർ, ഡിസംബർ 2014 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ KL12G7753 നം കോളേജ് ബസിൽ L.H.M.H കൊക്കാലെയ് മുതൽ ചെമ്പുകാവ് വരെ നടത്തിയ യാത്രക്കാണ് തുക അനുവദിച്ചിട്ടുള്ളത്. (ടിയാൻ ഗ്രേഡ്.2(ബി) യിൽ ഉൾപ്പെട്ട ജീവനക്കാരൻ എന്ന നിലയിലാണ് ടി.എ അനുവദിച്ചിട്ടുള്ളതും നഷ്ടം നിർണ്ണയിച്ചിട്ടുള്ളതും. അടിസ്ഥാന ശമ്പളം ടി.എ ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ല)

**3) ഡോ.ജയവർദ്ധനൻ കെ.കെ. , അസോസിയേറ്റ് പ്രൊഫസർ**

2013 ആഗസ്റ്റ് മാസത്തിൽ മണ്ണുത്തി മുതൽ പൂക്കോട് വരെയും തിരിച്ചും നടത്തിയ യാത്രാകൾക്കാണ് താഴെ പറയും പ്രകാരം തുക അനുവദിച്ചിട്ടുള്ളത്.

| ക്രമ നം. | സി.ബി.വി നം. /തീയ്യതി | തുക |
|---|---|---|
| 1 | 188/5/14-15<br>16/5/14 | 1,878/-രൂപ |
| 2 | 189/5/14-15<br>16/5/14 | 2,003/-രൂപ |
| 3 | 190/5/14-15<br>16/5/14 | 1,878/- |
| | **ആകെ** | **5,759/-രൂപ** |

ഗ്രേഡ് 1 കാറ്റഗറിയിൽ ഉൾപ്പെട്ട ജീവനക്കാരന് രണ്ടിലധികം ജില്ലയിലേക്ക് നടത്തിയ യാത്രക്ക് 2520

രൂപയാണ് പ്രതിമാസം അനുവദിക്കാവുന്നത്. എന്നതിനാൽ
അധികം അനുവദിച്ച തുക – **3,239/-രൂപ** (5,759-2,520)

കൂടാതെ, ഒരു മാസത്തിൽ നടത്തിയ യാത്രകൾക്ക് ഒന്നിച്ച് ഒരു ബില്ലിൽ തുക അനുവദിക്കേണ്ടതാണെന്ന നിബന്ധന മറികടന്ന് മൂന്ന് ബില്ലിലായി തുക അനുവദിച്ചിട്ടുള്ളതും ക്രമ പ്രകാരമല്ല.

സർക്കാർ വാഹനത്തിലെ യാത്രയ്ക്ക് സീലിംഗിൽ അധികരിച്ച് നൽകിയ യാത്രാബത്ത **55,074/-രൂപ** ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-49. പദ്ധതി ധനം- മിച്ച തുകകളുടെ തിരിച്ചടവ് സംബന്ധിച്ച്

സർവകലാശാലയുടെ വിവിധ സ്റ്റേഷനുകളിൽ നിന്നും പദ്ധതി കാലയളവിനു ശേഷം മിച്ചം നിൽക്കുന്ന പ്ലാൻ ഫണ്ട് തുകകൾ ഫിനാൻസ് ഓഫീസറുടെ പ്ലാൻ ഫണ്ട് അക്കൗണ്ടിൽ തിരിച്ചടച്ചിട്ടുള്ളതിൽ അപാകതകളുള്ളതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

### (i)ക്യാറ്റിൽ ബ്രീഡിംഗ് ഫാം, തുമ്പൂർമുഴി

24/09/2016-ൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് വിംഗിൽ നിന്നും ലഭിച്ച താഴെപ്പറയുന്ന പ്രവൃത്തികളുടെ ഫണ്ട് വിനിയോഗ വിവരങ്ങളിൽ നിന്നും 32,268/-രൂപ തിരികെ ലഭിച്ചിട്ടുണ്ട്. ഇതിൽ 8,113/- രൂപ മാത്രം സർവ്വകലാശാല ഫിനാൻസ് ഓഫീസറുടെ പ്ലാൻ അക്കൗണ്ടിൽ തിരിച്ചടച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നം | പ്രവൃത്തിയുടെ പേര് | മിച്ചം | റിമാർക്സ് |
|---|---|---|---|
| 1 | റെനവേഷൻ ഓഫ് കാന്റീൻ കം സെയിൽസ് കൗണ്ടർ | 8,113 | ഫിനാൻസ് ഓഫീസറുടെ പ്ലാൻ അക്കൗണ്ടിൽ തിരിച്ചയച്ചു. |
| 2 | ഡീപ്പെനിംഗ് ദി ഓപ്പൺ വെൽ & പ്രൊട്ടക്ഷൻ വിത്ത് ആർ.സി.സി | 5,440 | |
| 3 | പ്രൊവൈഡിംഗ് ഗേറ്റ്, എൻട്രൻസ് ആന്റ് പാർക്കിംഗ് പ്ലെയ്സ് ടു ദ കാന്റീൻ കം സെയിൽസ് കൗണ്ടർ | 5,830 | |
| 4 | കൺസർവേഷൻ ഓഫ് ലോക്കൽ ക്യാറ്റിൽ ഓഫ് കേരള | 12,885 | |
| | | 32,268 | |

24,155/- രൂപയുടെ തിരിച്ചടവ് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. മാത്രമല്ല, 2015-16 വർഷത്തെ മൊത്തം പദ്ധതി ചെലവുകളിൽ ശേഷിച്ച 7,48,543/- രൂപ 26-10-2016-ൽ ഫിനാൻസ് ഓഫീസറുടെ പ്ലാൻ അക്കൗണ്ടിൽ തിരിച്ചടച്ചിട്ടുണ്ട്. ഇത് ഏതൊക്കെ പദ്ധതികളിൽ ബാക്കി നിൽക്കുന്ന തുകയാണെന്നതിന്റെ ഇനം തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

**അതു പോലെ തന്നെ "Strategies for Improving the fodder production of Kerala" എന്ന പ്രോജക്ടുമായി** ബന്ധപ്പെട്ട് ബാക്കി നിൽക്കുന്ന 1,30,206/-രൂപ ഫിനാൻസ് ഓഫീസറുടെ പ്ലാൻ ഹെഡിലേക്ക് തിരികെ അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

**(ii) കോളേജ് ഓഫ് വെറ്ററിനറി & ആനിമൽ സയൻസസ്, പൂക്കോട്**

1. സ്ഥാപനത്തിന് ആദ്യ അലോട്ട്മെന്റായി 31/12/15-ൽ ലഭിച്ച 274.55 ലക്ഷം രൂപയിൽ ,ഫിനാൻസ് ഓഫീസറുടെ അക്കൗണ്ടിൽ സ്കോളർഷിപ്പ് നൽകുന്നതിനായി നിലനിർത്തിയ 17.28 ലക്ഷം രൂപ കൂടി ഉൾപ്പെടുന്നു. എന്നാൽ ഈ തുകയിൽ, വിനിയോഗ ശേഷം ബാലൻസ് നിൽക്കുന്ന തുകയുണ്ടെങ്കിൽ, ആയതിനെ സംബന്ധിച്ച കണക്ക് റീ ഫണ്ട് ചെയ്യേണ്ട തുകയുടെ വിവരങ്ങൾ അടങ്ങിയ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തേണ്ടതാണ്. ഉൾപ്പെടുത്താത്ത പക്ഷം, റീട്ടെയ്ൻ ചെയ്ത തുകയിൽ ബാലൻസ് നിൽക്കുന്ന തുക മാത്രമേ അടുത്ത വർഷത്തെ അലോട്ട്മെന്റിൽ ഉൾപ്പെടുത്തി പിന്നീടുള്ള വർഷത്തെ സ്കോളർഷിപ്പ് നൽകുന്നതിനായി റീട്ടെയ്ൻ ചെയ്യാവൂ. എന്നാൽ ഇത് സംബന്ധിച്ച വിവരങ്ങൾ ഒന്നും ശേഖരിക്കാതെയാണ് റീ ഫണ്ട് സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടുള്ളത്.

2. റീ ഫണ്ട് സംബന്ധിച്ച സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 111-89-0003-6144 ഹെഡ് ഓഫ് അക്കൗണ്ടിൽ 64.33 ലക്ഷം രൂപയാണ് ആകെ അലോട്ട് ചെയ്തിരിക്കുന്നത്. ഈ അക്കൗണ്ട് ഹെഡ്ഡിലെ ചെലവ് 53,11,253/- രൂപയാണ്. ശേഷിക്കുന്ന 11,21,747/-രൂപയ്ക്ക് പകരം 10,93,747/- രൂപ മാത്രമാണ് റീ ഫണ്ട് ചെയ്തിട്ടുള്ളത്. റീ ഫണ്ട് ചെയ്യാൻ ശേഷിക്കുന്ന **28,000/-** രൂപ ഫിനാൻസ് ഓഫീസറുടെ പ്ലാൻ അക്കൗണ്ടിൽ തിരിച്ചടയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

3. കോളേജ് ഓഫ് വെറ്ററിനറി ആന്റ് ആനിമൽ സയൻസ് , പൂക്കോടിന്റെ വാർഷിക കണക്ക് പ്രകാരം 2014-15 വർഷത്തെ മുൻബാക്കി (-) 11,64,494/-രൂപയാണ്. നെഗറ്റീവ് സംഖ്യ വരാനുള്ള കാരണം വ്യക്തമല്ല. കൂടാതെ ഡീൻ, കോളേജ് ഓഫ് വെറ്ററിനറി ആന്റ് ആനിമൽ സയൻസ്, പൂക്കോടിന്റെ എസ്.ബി.റ്റി, കൽപ്പറ്റയിലുള്ള അക്കൗണ്ടിൽ 30/4/14 നുള്ള ബാലൻസ് 22,68,586/- രൂപയാണ്. എന്നാൽ മേൽ തീയ്യതിയിൽ കാശാക്കാത്ത ചെക്ക് തുക 29,33,131/- രൂപയാണ്. അക്കൗണ്ടിൽ മതിയായ പണമില്ലാതെ അധികമായി 6,64,545 രൂപയുള്ള ചെക്ക് നൽകിയതിന് കാരണം വ്യക്തമല്ല. തുടർ വർഷങ്ങളിൽ പണം വരാമെന്നുള്ള പ്രതീക്ഷയിൽ അക്കൗണ്ടിലുള്ളതിലും കൂടുതൽ തുക ചെലവഴിക്കാൻ കഴിയില്ല. ശരിയായ രീതിയിൽ അക്കൗണ്ട് സംബന്ധമായ രജിസ്റ്ററുകൾ സൂക്ഷിക്കാത്തതും ബാങ്ക് അക്കൗണ്ട് റീക്കൺസിലിയേഷൻ നടത്താത്തതും ഗൗരവമായി കാണേണ്ടതാണ്. ഭരണസമിതി, ഫിനാൻസ് ഓഫീസർ എന്നിവരുടെ ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

**(iii) ഇൻസ്ട്രക്ഷണൽ ലൈവ്സ്റ്റോക്ക് ഫാം കോംപ്ലക്സ്**

ഹാച്ചറി യൂണിറ്റ് പ്രവർത്തന സജ്ജമാക്കുന്നതിനുവേണ്ടി വൗച്ചർ നം. 2/തീയ്യതി. 15/03/15 പ്രകാരം 75,000/- രൂപയുടെ എസ്റ്റിമേറ്റ് ഐ.ഡി വിംഗ് എഞ്ചീനിയർ തയ്യാറാക്കിയിരുന്നു. എന്നാൽ പ്രവൃത്തി സംബന്ധിച്ച് ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. ഓഡിറ്റിനായി ഹാജരാക്കിയ ഫയലുകൾ പ്രകാരം ആകെ 73,580/- രൂപയുടെ രേഖകളും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കിയിട്ടുണ്ട്. ബാക്കി തുക 1420/- രൂപ പ്ലാൻ ഫണ്ടിലേയ്ക്ക് തിരിച്ചടച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**(iv) കോളേജ് ഓഫ് വെറ്ററിനറി & ആനിമൽ സയൻസസ്, മണ്ണുത്തി.**

**(എ)പൊതു അപാകതകൾ**

(1) 30/9/2015 ന് അവസാനിച്ച 2014-15 വർഷത്തെ പ്ലാൻ ഫണ്ട് വിനിയോഗത്തിൽ റീ അപ്രോപ്രിയേഷൻ 2015 നവംബറിനു ശേഷമാണ് നടത്തിയത്.

(2) വിവിധ ഡിപ്പാർട്ട്മെന്റുകളിൽ നിന്നും റീ അപ്രോപ്രിയേഷന്റെ ഭാഗമായും ചെലവഴിക്കാനവശേഷിച്ച തുകയുടെ തിരിച്ചടവായും വന്ന തുകയുടെയും ആയത് ഫിനാൻസ് ഓഫീസറുടെ അക്കൗണ്ടിലേക്ക് തിരിച്ചടച്ചതിന്റെയും വിവരങ്ങൾ ലഭ്യമല്ല.

(3) നോൺ പ്ലാൻ അക്കൗണ്ട് കറന്റ് അക്കൗണ്ടായി തുടരുന്നു.

(4) ഫിനാൻസ് ഓഫീസറുടെ 30/9/15 തീയ്യതിയിലെ കെ.വി.എ.എസ്.യു/എഫ്.ഡബ്യൂ/എ.എഫ്.ഒ-III/6084/2014(vii) നമ്പർ ഉത്തരവ് പ്രകാരം 2014-15 വർഷത്തെ പ്ലാൻ ഫണ്ട് റീ അലോട്ട്മെന്റ് പ്രകാരം 3.40 ലക്ഷം രൂപ നിർവഹണ ഉദ്യോഗസ്ഥനായ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ, സി.ഐ.എൽ.സി.എസ് -ന്റെ 67216631843 നമ്പർ അക്കൗണ്ടിലേക്ക് നേരിട്ട് നൽകി. ആയത് സ്റ്റേഷന്റെ വാർഷിക വരവു ചെലവു കണക്കിൽ പ്രതിഫലിച്ചതായി കാണുന്നില്ല.

**(ബി)പദ്ധതി കാലയളവിന് ശേഷം തുക അക്കൗണ്ടിൽ സൂക്ഷിച്ച് വിനിയോഗിച്ചു:-**

ഡിപ്പാർട്ട്മെന്റ് ഓഫ് ഡയറി സയൻസിന്റെ 2015-16 വർഷത്തെ പദ്ധതി ചെലവുകൾ പ്രകാരം മൈക്രോബിയൻ ഫെർമെന്റർ, എയർ കംപ്രസ്സർ, സ്റ്റീം ജനറേറ്റർ എന്നീ ഉപകരണങ്ങൾ "സീ ജെനിക്സ് (ഇൻഡ്യ) പ്രൈവറ്റ് ലിമിറ്റഡ് "എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ഈ വാങ്ങലുകൾ നടത്തിയിട്ടുള്ളത് 30/12/2016-ലാണ് . 2015-16 വർഷത്തെ പദ്ധതി ചെലവുകൾക്ക് സർക്കാർ അനുവദിച്ച ദീർഘീകരണ കാലാവധി 30/09/2016 വരെ മാത്രമാണ്. പദ്ധതി അവസാനിച്ച് 3 മാസത്തിന് ശേഷം ചെലവ് നടത്തിയത് സംബന്ധിച്ച് ലഭ്യമാക്കിയ വിശദീകരണത്തിൽ, ചുരുക്കം നിർമ്മാതാക്കൾ മാത്രം വിതരണം ചെയ്യുന്ന ഹെവി ഉപകരണം ആയതിനാൽ പ്രവർത്തന ക്ഷമത ഉറപ്പ് വരുത്തേണ്ടതുണ്ടെന്നും അന്യ സംസ്ഥാനത്തുനിന്ന് എത്തിക്കേണ്ടതിന് കാലതാമസം വന്നതിനാലാണെന്നും അറിയിച്ചിട്ടുണ്ട്. ഈ മറുപടി അംഗീകരിക്കത്തക്കതല്ല. സീ ജെനിക്സ് (ഇൻഡ്യ) പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം ചെന്നൈയിലാണ് പ്രവർത്തിക്കുന്നത്. സ്ഥാപനവുമായി ബന്ധപ്പെട്ട് കത്തിടപാടുകൾ ആദ്യം നടത്തിയിട്ടുള്ളത് 5/11/2016-ലും സീ ജെനിക്സിൽ നിന്നും 7/11/2016-ൽ

മാത്രമാണ് ഒരു മാസത്തിനകം എക്യൂപ്മെന്റ് എത്തിച്ചുതരാമെന്ന് മറുപടി ലഭിച്ചിട്ടുള്ളതെന്നും കാണുന്നു. സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്ലാൻ കാലാവധി അവസാനിച്ച് 3 മാസങ്ങൾക്കുടി അക്കൗണ്ടിൽ 5,99,980/- രൂപ സൂക്ഷിച്ചത് ശരിയായ നടപടിയല്ല. <u>**ചെലവ് തുക 5,99,980/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.**</u>

**<u>(3) വിനിയോഗിക്കാത്ത തുക തിരിച്ചടയ്ക്കുന്നതിൽ കാലതാമസം:-</u>**

ഡിപ്പാർട്ട്മെന്റ് ഓഫ് വെറ്ററിനറി അനാട്ടമി & ഹിസ്റ്റോളജിയുടെ 2014-15 വർഷത്തെ പ്ലാൻ പ്രോജക്ടുകൾ പരിശോധിച്ചതിൽ 114-89-0003-6129 എന്ന ഹെഡിൽ സ്ട്രങ്ത്തനിംഗ് ഓഫ് ഡിപ്പാർട്ട്മെന്റ് എന്ന പ്രവൃത്തിക്കായി ഒരു ലക്ഷം രൂപ ലഭ്യമാക്കുകയും 2014-15 വർഷത്തിൽ യാതൊരു പ്രവൃത്തിയും നിർവ്വഹിക്കാതെ 2015-16 വർഷത്തിൽ (5/5/16) തിരിച്ചടച്ചതായും കാണുന്നു. ചെലവഴിക്കാത്ത പ്ലാൻ ഫണ്ട് തുകകൾ അതാത് സാമ്പത്തിക വർഷം കഴിഞ്ഞ് 30 ദിവസത്തിനകം തിരിച്ചടയ്ക്കേണ്ടതാണ്. വകുപ്പ് തലവൻ

5/1/18 ന് നൽകിയ മറുപടിയിൽ 13/11/15-ന് മുൻ ഡിപ്പാർട്ട്മെന്റ് തലവനിൽ നിന്നും ചാർജ്ജെടുത്ത് പിന്നീടാണ് പ്രസ്തുത കാര്യം മനസ്സിലാക്കിയതെന്നും ഉടൻ തന്നെ തുക തിരിച്ചടയ്ക്കുകയുണ്ടായതെന്നും ഹെഡ് ഓഫ് ഡിപ്പാർട്ട്മെന്റ് അറിയിച്ചു. തുടർ വർഷങ്ങളിൽ ഇത്തരം വീഴ്ചകൾ വരാതെ ശ്രദ്ധിക്കേണ്ടതാണ്.

**<u>(4)പ്ലാൻ ഫണ്ട് വൈകി ക്രമീകരിച്ചു</u>**

ബി.ആർ നം. 5/16-17, സി.ബി.വി നം. 18/9/16-17 തുക 35,500/- 'വെറ്ററിനറി പബ്ലിക് ഹെൽത്ത് ഡിപ്പാർട്ട്മെന്റിന്റെ സ്റ്റെങ്ത്തെനിംഗ് ഓഫ് ബയോടെക്നോളജി റിസർച്ച്' എന്ന പ്രോജക്ടിന്റെ ഭാഗമായി 'പി.സി.ആർ വർക്ക് സ്റ്റേഷൻ' വാങ്ങുന്നതിനുവേണ്ട നടപടിക്രമങ്ങൾ സ്വീകരിച്ചിരുന്നു. M/s.ഗ്ലോബൽ വിംഗ്സ് ടെകനോളജീസ്, കൊച്ചി എന്ന സ്ഥാപനം മാത്രം ക്വൊട്ടേഷനിൽ പങ്കെടുക്കുകയും, 35,500/-രൂപ സ്ഥാപനത്തിന് കൈമാറുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചെങ്കിലും ടി സ്ഥാപനം വളരെ വൈകി 'പി.സി.ആർ വർക്ക് സ്റ്റേഷൻ' നൽകാനാവില്ല എന്ന് അറിയിക്കുകയും ചെയ്തു. 31/10/2016-നകം ചെലവഴിക്കാത്ത പ്ലാൻഫണ്ട് , മണ്ണുത്തി കോളേജിന്റെ പ്ലാൻ അക്കൗണ്ടിലേക്ക് തിരിച്ചടക്കണമെന്ന നിർദ്ദേശമുണ്ടായിരുന്നെങ്കിലും ആയത് ഇവിടെ പാലിക്കപ്പെട്ടിട്ടില്ല. ചെലവഴിക്കാത്ത 35,500/-രൂപ 23/1/2018-ന് മാത്രമാണ് തിരിച്ചടച്ചത്. അതായത് ഒരു വർഷം കഴിഞ്ഞതിനുശേഷമാണ് തുക തിരിച്ചടവാക്കിയിട്ടുള്ളത്. തുക ക്രമീകരിക്കുന്നതിന് വന്ന കാലതാമസത്തിന് 12% പിഴപ്പലിശ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**(V) കോളേജ് ഓഫ് ഡയറി സയൻസ് & ടെക്നോളജി, മണ്ണുത്തി**

2015-16 വർഷം ആകെ ലഭിച്ച അലോട്ട്മെന്റ് 153.16 ലക്ഷം രൂപയാണ്. ഇതിൽ 3.36 ലക്ഷം രൂപ എം.ടെക് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി ഫിനാൻസ് ഓഫീസറുടെ

അക്കൗണ്ടിൽ നിലനിർത്തിയിട്ടുണ്ട്. എന്നാൽ പദ്ധതി വർഷം അവസാനിക്കുമ്പോൾ പ്ലാൻഫണ്ട് മിച്ചം നിൽക്കുന്ന തുക ഫിനാൻസ് ഓഫീസറുടെ പ്ലാൻ അക്കൗണ്ടിലേയ്ക്ക് റീ ഫണ്ട് ചെയ്യുമ്പോൾ ഫിനാൻസ് ഓഫീസിൽ മേൽ പറഞ്ഞ പ്രകാരം റീട്ടെയ്ൻ ചെയ്ത തുകയുടെ ബാലൻസ് വിവരങ്ങൾ

ഉൾക്കൊള്ളിക്കുന്നില്ല. റീട്ടെയ്ൻ ചെയ്ത തുകയിൽ സാമ്പത്തിക വർഷാവസാനം ശേഷിക്കുന്ന തുകയുടെ കണക്ക് ഫിനാൻസ് ഓഫീസറുടെ ഓഫീസിൽ നിന്നും ലഭ്യമാകുന്നുണ്ടോ? തുടർ വർഷങ്ങളിൽ സ്കോളർഷിപ്പ് നൽകുന്നതിനായി റിട്ടെയ്ൻ ചെയ്യുന്ന തുകയിൽ പ്രസ്തുത ബാലൻസ് കൂടി ഉൾപ്പെടുത്തി തൻവർഷത്തെ അലോട്ട്മെന്റിൽ കുറവ് ചെയ്ത് കണക്ക് തയ്യാറാക്കിയിട്ടുണ്ടോ ? എന്നീ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. റിട്ടെയ്ൻ ചെയ്ത തുകയെ സംബന്ധിച്ച വിവരങ്ങൾ ഫിനാൻസ് ഓഫീസിൽ നിന്നും ശേഖരിച്ച് റീഫണ്ട് സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടതാണ്.

## 3-50. പ്ലാൻ ഫണ്ട് ബാലൻസ് - നോൺ പ്ലാൻ ഹെഡിൽ തിരിച്ചടച്ചു.

സി.ബി.വി നം. 59/09-16 പ്രകാരം 5,50,000/-രൂപ നിർമ്മാണ പ്രവൃത്തികൾക്കായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് വിംഗിന് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് വിംഗിൽ നിന്നും ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്ര പ്രകാരം ടി തുകയിൽ 60,470/- രൂപ ബാലൻസ് വന്നത് ഡയറക്ടർ, സെന്റർ ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസിന്റെ പേരിൽ നൽകിയിട്ടുണ്ട്. 23/06/2017-ലെ സി.എസ്.എ.ജി.ബി/ 49/2015-ാം നമ്പർ ഓഫീസ് നടപടികൾ പ്രകാരം ഫിനാൻസ് ഓഫീസറുടെ പേരിലുള്ള നോൺ പ്ലാൻ അക്കൗണ്ടായ 67255285884-ലേയ്ക്ക് ടി തുക തിരിച്ചടച്ചതായി കാണുന്നു. പ്ലാനിൽ മിച്ചം വരുന്ന തുക നോൺ പ്ലാൻ അക്കൗണ്ടിലേയ്ക്ക് മാറ്റിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/25.10.17) ലഭ്യമാക്കിയ മറുപടിയിൽ ഫിനാൻസ് ഓഫീസറുടെ നോൺ പ്ലാൻ അക്കൗണ്ടായ 67255285884 ലേയ്ക്കാണ് തുക ട്രാൻസ്ഫർ ചെയ്തിട്ടുള്ളതെന്നും 30/10/2017-ലെ സി.എസ്.എ.ജി.ബി 49/2016-ാം നമ്പർ കത്ത് പ്രകാരം ഫിനാൻസ് ഓഫീസറുടെ പ്ലാൻ അക്കൗണ്ടിലേയ്ക്ക് തുക മാറ്റണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും അറിയിച്ചു. മേൽ വിഷയം പരിശോധിച്ച് അക്കൗണ്ടുകളിൽ ആവശ്യമായ ക്രമീകരണം നടത്തുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഇൻഡ്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ച് ഗ്രാന്റ്:**

ഇൻഡ്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ച് ഗ്രാന്റിനത്തിൽ ലഭിക്കുന്ന തുകകൾ സ്റ്റേറ്റ് പ്ലാൻ ഫണ്ട് അക്കൗണ്ട് എന്ന ഒറ്റ അക്കൗണ്ടിലൂടെയാണ് ട്രാൻസാക്ഷൻ ചെയ്തുവരുന്നത്. ഗ്രാന്റിനത്തിൽ 2015-16 വർഷം മിച്ചം വന്ന തുകകൾ ഫിനാൻസ് ഓഫീസറുടെ സെൻട്രൽ ഫണ്ട് അക്കൗണ്ടിൽ തിരിച്ചടയ്ക്കേണ്ടതിന് പകരം പ്ലാൻ ഫണ്ട് അക്കൗണ്ടിലാണ് തിരിച്ചടച്ചിട്ടുള്ളത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| എം.ബി.നം. 149/15-16 | 46,000/- | ചെക്ക് നം. 485242/ 19-12-2015 |
| എം.ബി.നം. 137/15-16 | 75,715/- | ചെക്ക് നം. 485239/ 7-12-2015 |
| ആകെ - | **1,21,715/-** | |

ഐ.സി.എ.ആർ മാനദണ്ഡങ്ങൾ പ്രകാരം തൻ വർഷം മിച്ചം നിൽക്കുന്ന തുകകൾ ഫിനാൻസ് ഓഫീസറുടെ സെൻട്രൽ ഫണ്ട് അക്കൗണ്ടിൽ തിരിച്ചടയ്ക്കേണ്ടതാണ്.

## 3-51. എസ്.എൽ.ഐ. / ജി.ഐ.എസ്. അംഗത്വമെടുക്കാത്തത്

കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ട് അദ്ധ്യായം VI സെക്ഷൻ 185 പ്രകാരം യൂണിവേഴ്സിറ്റി ജീവനക്കാർക്ക് കെ.എസ്.ആർ ബാധകമാണ്. കെ.എസ്.ആർ പാർട്ട് 1 റൂൾ 22 A പ്രകാരം സർവ്വീസിൽ പ്രവേശിച്ച് ഒരു വർഷത്തിനുള്ളിൽ ജീവനക്കാർ എസ്. എൽ. ഐ അംഗത്വമെടുക്കേണ്ടതും എസ്.എൽ.ഐ അംഗത്വമുള്ളവർക്കുമാത്രമേ ഇൻക്രിമെന്റ് അനുവദിക്കേണ്ടതുമുള്ളൂ. റൂൾ 22 b പ്രകാരം 10.09.1984 ലോ അതിനുശേഷമോ സർവ്വീസിൽ പ്രവേശിച്ച മുഴുവൻ ജീവനക്കാരും ജി.ഐ.എസ്. അംഗത്വമെടുക്കേണ്ടതാണ്. 12-01-2004 ലെ ജി.ഒ.(പി) 25/04/ഫിൻ ഉത്തരവ് പ്രകാരം യൂണിവേഴ്സിറ്റി ജീവനക്കാരും മേൽ പദ്ധതികളിൽ അംഗത്വമെടുക്കേണ്ടതാണ്. എന്നാൽ കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയിലെ ജീവനക്കാർ ആരും തന്നെ ഗ്രൂപ്പ് ഇൻഷ്വറൻസ്/ സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് എന്നിവയിൽ അംഗത്വമെടുത്തിട്ടില്ല. ആയതിനാൽ ബാദ്ധ്യസ്ഥരായ മുഴുവൻ ജീവനക്കാരെയും മേൽ ഇൻഷ്വറൻസ് പരിധിക്കുള്ളിൽ അംഗത്വമെടുപ്പിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-52. മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് - ചട്ടങ്ങൾ പാലിക്കുന്നില്ല.

സർവ്വകലാശാല മെഡിക്കൽ റിഇംപേഴ്സ്മെന്റുമായി ബന്ധപ്പെട്ടുള്ള ചട്ടങ്ങൾ പാലിക്കുന്നില്ല. ആവശ്യമായ സാഹചര്യങ്ങളിൽ ബന്ധപ്പെട്ട ഡി.എം.ഒ, ഡി.എച്ച്.എസ്, എന്നിവരിൽ നിന്നും റീ ഇമ്പേഴ്സ്മെന്റിനുള്ള അർഹത പരിശോധന നടത്തി അംഗീകരിച്ചുവാങ്ങുന്നില്ല.

ഉദാഹരണം താഴെ ചേർക്കുന്നു.

1. BR No.48/14-15. CBV No. 24/15-14

ചെക്ക് നം. 726516 - 16239/-
14/5/14

2. BR No. 49/14-15. CBV No. 25/5-14

ചെക്ക് നം. 726516 - 4912
14/5/14

മേൽ വൗച്ചറുകൾ പ്രകാരം ശ്രീമതി. ഗീത.എം.ഒ, സൂപ്രണ്ടിന് മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് അനുവദിച്ചതായി കാണുന്നു.

1. പ്രസ്തുത റീ ഇമ്പേഴ്സ്മെന്റ് അപേക്ഷയിന്മേൽ ചികിത്സ നടത്തിയ ആശുപത്രികൾ യഥാക്രമം സായി ഹോസ്പിറ്റൽ, ഒലവക്കോട് , ദിയ ഡയബറ്റിക് സെന്റർ , മണ്ണാർക്കാട് എന്നിവയാണ്. ജിഒ(പി)നം.144/2013/എച്ച് & എഫ്. ഡബ്ല്യൂ.ഡി തീയ്യതി 22/04/13 പ്രകാരം (ഹെൽത്ത് ആന്റ് ഫാമിലി വെൽഫെയർ (ജി) ഡിപ്പാർട്ട്മെന്റിന്റെ ഉത്തരവ്) പ്രകാരം മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റിനായി ഗവൺമെന്റ് അംഗീകരിച്ച പ്രൈവറ്റ് ഹോസ്പിറ്റലുകളിൽ മേൽ ആശുപത്രികൾ ഉൾപ്പെട്ടതായി കാണുന്നില്ല.

2. മേൽ അപേക്ഷയോടൊപ്പം സമർപ്പിച്ച എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റിൽ ജില്ലാ മെഡിക്കൽ

ഓഫീസർ സാക്ഷ്യപ്പെടുത്തണമെന്നുണ്ട് . എന്നാൽ ടി സർട്ടിഫിക്കറ്റിൽ മെഡിക്കൽ അറ്റൻഡന്റാണ് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്.

3.ചികിത്സ നടത്തിയ സ്വകാര്യ ആശുപത്രികളിലേക്ക് രോഗികളെ റഫർ ചെയ്തുകൊണ്ടുള്ള ശുപാർശ കത്ത് (ഒ.പി.ടിക്കറ്റിൽ ജില്ലാ മെഡിക്കൽ ഓഫീസർ കൗണ്ടർസൈൻ ചെയ്തത്) ഹാജരാക്കിയിട്ടില്ല.

സർവകലാശാലകൾക്ക് മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റുമായി ബന്ധപ്പെട്ട് ഏകീകൃത ചട്ടങ്ങൾ നിലവിലുണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം സർക്കാർ നിർദ്ദേശപ്രകാരമുള്ള മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് ചട്ടങ്ങൾ അനുവർത്തിക്കേണ്ടതാണ്.

## 3-53. രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

സർവകലാശാലയുടെ വിവിധ സ്റ്റേഷനുകളിൽ നടത്തിയ പരിശോധനയിൽ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് സംബന്ധിച്ച് താഴെ പറയും പ്രകാരം ധാരാളം ന്യൂനതകൾ കാണുന്നു.

**(i) വെറ്ററിനറി ക്ലിനിക്സ് പൂക്കോട്**

സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്റർ, ഇ.എം.ഡി രജിസ്റ്റർ, ടെണ്ടർ രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല.

**(ii) ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് വിംഗ്**

വെറ്ററിനറി സർവ്വകലാശാലയുടെ സ്റ്റാറ്റ്യൂട്ട് (ജി.ഒ.(പി)നം. 108/14 /എ.ഡി/തീയ്യതി 14/05/2014) ക്ലോസ് 70(ജെ) പ്രകാരം സർവ്വകലാശാലയുടെ മുഴുവൻ സ്ഥാവര ജംഗമ ആസ്തികളുടെ വിവരവും രേഖപ്പെടുത്തിയ (പുതിയതായി ആർജ്ജിച്ചവ ഉൾപ്പെടെ) **ആസ്തി രജിസ്റ്റർ** സൂക്ഷിക്കേണ്ടത് ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് വിംഗിന്റെ ചുമതലയാണ്. എന്നാൽ നിലവിൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് വിംഗിൽ അപ്രകാരമൊരു ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

വിവിധ മരാമത്ത് വർക്കുകളിൽ നിന്നും ആദായ നികുതി, മൂല്യവർദ്ധിത നികുതി, കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നീ ഇനങ്ങളിൽ പിടിക്കുന്ന തുകയുടെ വിവരങ്ങൾ അടങ്ങിയ ഒരു **ഗവൺമെന്റ് ഡ്യൂസ് രജിസ്റ്റർ** പരിപാലിക്കുന്നില്ല. 2014-15, 2015-16 വർഷങ്ങളിൽ ആദായ നികുതി ഇനത്തിൽ എത്ര തുക ഈടാക്കിയിട്ടുണ്ടെന്നോ, എത്ര തുക ഒടുക്കു വരുത്തിയിട്ടുണ്ടെന്നോ പരിശോധിക്കുവാൻ കഴിയാതെ വരുന്നു. അതാത് ഫയലുകളിൽ ഗവൺമെന്റ് ഡ്യൂസ് അടച്ച് ചലാൻ സൂക്ഷിക്കുന്ന പതിവും ഇല്ല. ഗവൺമെന്റ് ഡ്യൂസ് ഇനങ്ങളിൽ ഓരോ വർഷവും എത്ര തുക ഈടാക്കി അടവ് വരുത്തിയിട്ടുണ്ടെന്ന് (വർക്കുകൾ പ്രത്യേകം കാണിച്ച്) ഉറപ്പ് വരുത്തുന്നതിന് കഴിയുന്ന വിധത്തിൽ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും ഡ്യൂസ് അടവ് രേഖകൾ ഫയൽ ചെയ്ത് സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

സ്ഥാപനത്തിന്റെ വരവ്-ചെലവ് വിവരം വ്യക്തമായി രേഖപ്പെടുത്തികൊണ്ടുള്ള **ക്യാഷ് ബുക്ക്** എഴുതി സൂക്ഷിക്കേണ്ടതാണ്. ആയത് നിലവിൽ സൂക്ഷിക്കുന്നില്ല. തന്മൂലം സ്ഥിര നിക്ഷേപമടക്കമുള്ള പല ഇടപാടുകളുടെയും കൃത്യമായ വിവരം ഓഡിറ്റിന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

**(iii) സെന്റർ ഫോർ വൺ ഹെൽത്ത് എഡ്യൂക്കേഷൻ അഡ്വക്കസി, റിസർച്ച് ആന്റ് ട്രെയിനിംഗ് സെന്റർ (കോഹർട്ട്)**

അഡ്വാൻസുകൾ യഥാസമയം ക്രമീകരിക്കുന്നതിനായുള്ള **മുൻകൂർ രജിസ്റ്റർ** തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

**(iv) ഫിനാൻസ് ഓഫീസ്**

1. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ , രജിസ്റ്റർ ഫോർ അൺ ഡിസ്ബേഴ്സ്ഡ് പേ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല.

2. അഡ്വാൻസ് രജിസ്റ്റർ പൂർണ്ണമല്ല.

4. സ്റ്റോക്ക് രജിസ്റ്ററുകൾ - വിതരണം, നീക്കിയിരിപ്പ് എന്നിവ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

5. മാസ്റ്റർ ഇൻകുമ്പൻസി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

6. എല്ലാ വരവു ചെലവുകളും (ബാങ്കിംഗ് സംബന്ധിച്ച ചെക്ക്/ ഡി.ഡി.ഇടപാടുകൾ ഉൾപ്പെടെ) ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല. ജി.ഒ.(പി) 319/2013/ ഫിൻ / 12-06-2003 പ്രകാരമുള്ള നിർദ്ദേശങ്ങൾക്കനുസൃതമായി ടി.ആർ 7A ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ്.

**(v) ലൈവ് സ്റ്റോക്ക് ഫാം & ഫോഡർ റിസർച്ച് ഡെവലപ്മെന്റ് സ്കീം, മണ്ണുത്തി.**

1. യു.ഡി.എഫ് & എഫ്.ആർ.ഡി.എസ്-ൽ 19-01-2011-ന ശേഷം മരങ്ങളുടെ എണ്ണമെടുത്തിട്ടില്ല. കൂടാതെ ഹാർഡ് വുഡ് മരങ്ങളുടെ പരിശോധന 10/06 -ന ശേഷവും തെങ്ങുകളുടെ കണക്കെടുപ്പ് 24-9-1997 ന ശേഷവും നടത്തിയിട്ടില്ല. ആയതിനാൽ ഓരോ ഇനത്തിലും നിലവിൽ എത്ര മരങ്ങളുണ്ടെന്നതിന്റെ കണക്ക് (ഭൗതിക പരിശോധന നടത്തിയതിനു ശേഷം ) **ട്രീ രജിസ്റ്ററി**ൽ ലഭ്യമല്ല.

2. ഫാമിന്റെ അധീനതയിലുള്ള ഭൂമി, കെട്ടിടം, ഫർണിച്ചർ, കമ്പ്യൂട്ടർ തുടങ്ങിയ ആസ്തികളുടെ വിവരങ്ങൾ ഇനം തിരിച്ച് എഴുതിയ **ആസ്തി രജിസ്റ്റർ** എഴുതി സൂക്ഷിക്കുന്നതായി കാണുന്നില്ല.

**(vi) പൗൾട്രി & ഡക്ക് ഫാം , മണ്ണുത്തി**

1.ലൈവ് സ്റ്റോക്ക് രജിസ്റ്റർ , മുട്ട ഉൽപ്പാദനം, ശേഖരണം എന്നിവ സംബന്ധിച്ച രജിസ്റ്റർ നിശ്ചിത മാതൃകയിലും ഉത്തരവാദപ്പെട്ടവരുടെ അംഗീകാരത്തോട് കൂടിയും എഴുതി സൂക്ഷിക്കേണ്ടതാണ്.

2.ഫീഡ് കൺസംപ്ഷൻ രജിസ്റ്റർ പൂർണ്ണമല്ല.

3.വാക്സിനേഷൻ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

**എഗ് ഡെയ്ലി കലക്ഷൻ രജിസ്റ്റർ-സൂക്ഷിപ്പിലെ വീഴ്ചകൾ**

ഫാമിലെ വിവിധ കൂടുകളിൽ നിന്നും ദിവസേന ലഭിക്കുന്ന മുട്ടയുടെ എണ്ണം രേഖപ്പെടുത്തുന്ന ഓഡിറ്റിന് ഹാജരാക്കിയ അനൗദ്യോഗിക "എഗ് ഡെയ്ലി കലക്ഷൻ" രജിസ്റ്ററിൽ വ്യാപകമായ വെട്ടും തിരുത്തും നടത്തിയതായും ഈ രജിസ്റ്റർ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ ആരും തന്നെ സാക്ഷ്യപ്പെടുത്തിയതായും കാണുന്നില്ല. 20-9-2014 -ലെ രജിസ്റ്റർ വിവരങ്ങൾ പരിശോധിച്ചതിൽ വിവിധ കൂടുകളിൽ നിന്നും 2666 മുട്ട ലഭിച്ചതായി കാണുന്നുവെങ്കിലും ആകെ 2626 മുട്ട കിട്ടിയെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അതായത് മുട്ട ശേഖരണം സംബന്ധിച്ച് ആരും തന്നെ ഒരു മേൽനോട്ടം വഹിക്കുന്നില്ല എന്നും ഒരു ആധികാരികതയും ആ രജിസ്റ്ററിനില്ല എന്നും മനസ്സിലാകുന്നു. മേൽ വിഷയവുമായി ബന്ധപ്പെട്ട ഓഡിറ്റ് എൻക്വയറി നം. 3-ന് ഇതുവരെ മറുപടിയൊന്നും ലഭിച്ചിട്ടില്ല.

ഫാമിലെ 2014-15 വർഷത്തെ ആകെ വരുമാനമായ 1,26,19,041/- രൂപയിൽ 21,76,885/- രൂപ മുട്ട വില്പനയിൽ നിന്നാണ് ലഭ്യമായിട്ടുള്ളത്. മേൽ പറഞ്ഞ വിവധം മുട്ട ശേഖരത്തിന്റെ ശരിയായ വിവരം പ്രതിഫലിക്കുന്ന രേഖകൾ സൂക്ഷിക്കാത്തത് മൂലം വരുമാനച്ചോർച്ച ഉണ്ടാകാൻ സാധ്യതയുണ്ടെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

**(vii)ഓഫീസ് ഓഫ് ദി രജിസ്ട്രാർ**

അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, രജിസ്റ്റർ ഫോർ അൺ ഡിസ്ബേഴ്സ്ഡ് പേ, ഇൻകുമ്പൻസി രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല. ബിൽ രജിസ്റ്ററുകൾ, ക്യാഷ് ബുക്ക് എന്നിവഉത്തരവാദപ്പെട്ട ഉയർന്ന ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല. സ്റ്റോക്ക് രജിസ്റ്ററുകൾ സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ ഭൗതിക പരിശോധന നടത്തുന്നില്ല.

**(viii) കോളേജ് ഓഫ് വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് , പൂക്കോട്.**

ഇൻകുമ്പൻസി രജിസ്റ്റർ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, സെക്യൂരിറ്റി രജിസ്റ്റർ, ഇ.എം.ഡി/ടെണ്ടർ രജിസ്റ്റർ, പ്രോജക്ട് രജിസ്റ്റർ, എന്നിവ എഴുതി സൂക്ഷിക്കുന്നില്ല.

**(ix) കോളേജ് ഓഫ് വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് , മണ്ണുത്തി**

**(1)ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല:-**

വിവിധയിനം പർച്ചേസുകളുമായി ബന്ധപ്പെട്ട് ലഭിക്കുന്ന ഇ.എം.ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നീ നിക്ഷേപങ്ങൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. മുൻ വർഷങ്ങളിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ ലഭിച്ചതും എന്നാൽ റീ-ഫണ്ട് ചെയ്യപ്പെടാതെ അവശേഷിക്കുന്നതുമായ നിക്ഷേപങ്ങളുടെ വർഷം തിരിച്ചുള്ള കണക്ക് ലഭിക്കുന്ന രീതിയിൽ നിക്ഷേപ രജിസ്റ്റർ എഴുതി തയ്യാറാക്കേണ്ടതും ആയത് മേലുദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. മേൽ സൂചിപ്പിച്ച വിധം രജിസ്റ്റർ തയ്യാറാക്കുമ്പോൾ മൂന്ന് വർഷം മുൻപുള്ള റീ ഫണ്ട് ചെയ്യപ്പെടാത്ത നിക്ഷേപങ്ങൾ മുതൽ കൂട്ടുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ് (അവലംബം കേരള ഫിനാൻഷ്യൽ കോഡ് നം. 1 ആർട്ടിക്കിൾ 282). കൂടാതെ, സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ ലഭിക്കുന്ന തുകകൾ റീ - ഫണ്ട് ചെയ്യുമ്പോൾ, ഒറിജിനൽ രസീത് വാങ്ങി ക്യാൻസൽ ചെയ്ത് ഫയലിൽ സൂക്ഷിക്കുകയോ /ഒറിജിനൽ രസീത് ബന്ധപ്പെട്ടവരിൽ നിന്നും നഷ്ടമാകുന്ന സാഹചര്യത്തിൽ ഇൻഡെമ്നിറ്റി ബോണ്ട് എഴുതി വാങ്ങി സൂക്ഷിക്കുകയോ ചെയ്യാതെ തുക റീ ഫണ്ട് ചെയ്തു വരുന്നതും ശരിയായ നടപടിയല്ല.

**(2)സ്റ്റോക്ക് രജിസ്റ്ററുകളുടെ സൂക്ഷിപ്പ്**

**കമ്പ്യൂട്ടർ ഹാർഡ് വെയർ / സോഫ്റ്റ് വെയർ -പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല:-**

ഗവൺമെന്റ് സർക്കുലർ നം. 86/2010/ഫിൻ തീയ്യതി 24/9/10 പ്രകാരം കമ്പ്യൂട്ടറുകൾ ഉപയോഗിക്കുന്ന ഓഫീസുകളിൽ കമ്പ്യൂട്ടറുകളുടെ ഹാർഡ് വെയറിനും , സോഫ്റ്റ് വെയറിനും പ്രത്യേക സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കണം എന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ നിലവിൽ ഒരു വകുപ്പിലും, കോളേജ് ഓഫീസിലും ആയത് പാലിക്കുന്നില്ല.

**പ്ലാൻ പ്രോജക്ടുകളിലെ സ്റ്റോക്ക് രജിസ്റ്ററുകളുടെ സൂക്ഷിപ്പ് സംബന്ധിച്ച്:-**

പ്ലാൻ ഫണ്ട് ഉപയോഗിച്ച് വിവിധ പ്രോജക്ടുകൾക്കായി കമ്പ്യൂട്ടർ ഉൾപ്പെടെ വർഷംതോറും നിരവധി സാമഗ്രികൾ വാങ്ങിയ്ക്കുന്നുണ്ട്. തുടർച്ചയായി നടപ്പിലാക്കുന്ന പ്രോജക്ടുകളാണെങ്കിൽ പോലും അതാത്

വർഷത്തേക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുയാണ് ചെയ്തു വരുന്നത്. സ്റ്റോക്ക് സംബന്ധിച്ച മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ ഒരു വകുപ്പിലും സൂക്ഷിക്കുന്നില്ല. തൻമൂലം നിർവ്വഹണ ഉദ്യോഗസ്ഥർ സ്ഥലംമാറുന്ന മുറക്ക് ശരിയായ മുഴുവൻ സ്റ്റോക്ക് വിവരങ്ങളും ലഭ്യമല്ലാതെ വരികയും അതേ സാധനം വീണ്ടും വാങ്ങിക്കേണ്ട അവസ്ഥയിലേക്കും, സ്റ്റോക്കുകൾ നഷ്ടപ്പെട്ടാൽ കണ്ടുപിടിയ്ക്കാനാകാത്ത അവസ്ഥയിലേക്കും നയിക്കുന്നതാണ്. ആയതിനാൽ വിവിധ വർഷങ്ങളിൽ പ്ലാൻ പ്രോജക്ടുകൾക്കായി വിവിധ വകുപ്പുകളിൽ വാങ്ങിയിട്ടുള്ള സാമഗ്രികൾ മുഴുവൻ ഉൾപ്പെടുത്തി ഇനം തിരിച്ച് പൊതുവായ സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും പുതിയതായി വാങ്ങുന്ന സ്റ്റോക്കുകളുടെ വിവരം പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

## 3-54. സ്റ്റോക്കിൽ ചേർത്തിട്ടില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു.

**(i) സി.ഡി.എസ്.ടി. മണ്ണുത്തി.**

Research on fermented & functional Dairy products, എന്ന പ്രോജക്ടുമായി ബന്ധപ്പെട്ട് സിബിവി.നം. 03/06/15-16 (ചെക്ക് നം.819632/4-6-16) പ്രകാരം M/s. പെലിക്കൺ എന്ന സ്ഥാപനത്തിൽ നിന്നും **5496/- രൂപയ്ക്ക്** കെമിക്കൽസ് വാങ്ങിയിരുന്നു. കെമിക്കൽസിന്റെ **സ്റ്റോക്ക് രജിസ്റ്റർ ,** സ്ഥാപനം തുക കൈപ്പറ്റിയ വിവരം എന്നിവ ഹാജരാക്കിയില്ല. ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

കൂടാതെ, 2015-16 വർഷത്തെ പദ്ധതി ചെലവുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന വാങ്ങലുകളുമായി ബന്ധപ്പെട്ട ക്വട്ടേഷൻ/ടെണ്ടർ ഫയലുകൾ, സ്റ്റോക്ക് രജിസ്റ്റർ , സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ ലഭ്യമായ തുകയുടെ വിവരം , സ്ഥാപനവുമായി ചമച്ചിട്ടുള്ള എഗ്രിമെന്റുകൾ എന്നിവ ഓഡിറ്റിന് നൽകിയിട്ടില്ല.

| ക്രമ നം | സി.ബി.വി.നം | തുക | ചെക്ക് നം/തീയ്യതി | ഇനം |
|---|---|---|---|---|
| 1 | 19/9-15 | 1,52,400 | 557744<br>25.09.15 | ബൈനോക്കുലർ മൈക്രോസ്കോപ്പ് |
| 2 | 22/9-15 | 1,38,438 | 557747<br>29.09.15 | കംപ്യൂട്ടർ പ്രിന്റേഴ്സ് .യു.പി.എസ് |
| 3 | 63/9-15 | 1,20,950 | 557776<br>30.09.15 | ഫർണിച്ചർ |
| 4 | 40/9-15 | 63,348 | 557760<br>30.09.15 | ഡെസ്ക് ടോപ്പ് കംപ്യൂട്ടേഴ്സ് |
| 5 | 81/9-15-16 | 2,47,290 | -- | ഡിപ്പാർട്ട്മെന്റ് ഓഫ് ഡയറി എഞ്ചിനീയറിംഗിലേയ്ക്ക് ആവശ്യമായ സാധനങ്ങൾ |
| 6 | 79/9-15-16 | 82,618 | 943680<br>30.09.15 | ഇലക്ട്രോണിക് വെയിംഗ് ബാലൻസ് |
| 7 | 18/4-15-16 | 99,264 | 716036<br>21.04.16 | കട്ട്മോഡൽസ് |

| | | | | |
|---|---|---|---|---|
| 8 | 19/9-15-16 | 73,000 | 716037<br>09.15 | എൽസി.ഡി പ്രൊജക്ടർ |
| | **ആകെ** | **9,77,308** | | |

**ആകെ 982804/- (5496+977308)**

**(ii) Instructional Livestock Farm Complex 2015-16**

താഴെ പറയുന്ന വാങ്ങലുകളുമായി ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| **ക്രമ നം** | **വൗച്ചർ നം. തീയ്യതിയും** | **തുക** | **ഇനം** | **റിമാർക്സ്** |
|---|---|---|---|---|
| 1 | 24/30.9.15 | 28,250 | 5000 ലിറ്റർ വാട്ടർ ടാങ്ക് വാങ്ങിയത് | |
| 2 | 8/30.9.15 | 42,900 | ഡെസ്ക് ടോപ് കംപ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങിയത് | |
| 3 | 9/30.9.15 | 1,18,033 | ലാബോറട്ടറി എക്വുപ്മെന്റ്സ് | |
| 4 | 13/30.9.15 | 25,000 | യു.പി.എസ് & പി.സി.ഇ മെഷീൻ വാങ്ങിയത് | |
| 5 | 21/30.9.15 | 26,103 | ലാബോറട്ടറി എക്വുപ്മെന്റ്സ് | |
| 6 | 14/30.9.15 | 58,119 | ലാബോറട്ടറി എക്വുപ്മെന്റ്സ് | |
| 7 | 15/30.9.15 | 51,504 | കെമിക്കൽസ് | |
| 8 | | 40,542 | ലാബോറട്ടറി എക്വുപ്മെന്റ്സ് | |
| 9 | 9/22.7.15 | 98,838 | സ്പ്റിംഗിൾ വിത്ത് അക്സസറീസ് | |
| | ആകെ | 4,89,289 | | |

മേൽ പറഞ്ഞ രേഖകളുടെ അഭാവത്തിൽ ചെലവു **തുക 14,72,093/- (5496 + 9,77,308 + 4,89,289) രൂപ തടസ്സത്തിൽ വയ്ക്കുന്നു.**

## 3-55. സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിന് വിരുദ്ധമായി ചീഫ് എഞ്ചിനീയർ നിയമനം.

കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് സർവ്വകലാശാലയുടെ ഒന്നാം സ്റ്റാറ്റ്യൂട്ടിലെ അദ്ധ്യായം 2 ഖണ്ഡിക 64 പ്രകാരം സർവ്വകലാശാലയുടെ വികസനാസൂത്രണവും വകുപ്പുകൾ തമ്മിലുള്ള നയരൂപീകരണവും നിർവ്വഹിക്കേണ്ടത് 'ഡയറക്ടർ, ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ആണ്. കെട്ടിട നിർമ്മാണവും ഉപകരണങ്ങളുടെ മേൽനോട്ടവുമെല്ലാം അദ്ദേഹത്തിന്റെ ചുമതലയിൽപ്പെടുന്നു.

എന്നാൽ ഇതിന് വിരുദ്ധമായി 2014-15 വർഷത്തിൽ, ഈ വിഭാഗത്തിന്റെ മേധാവിയ്ക്ക് "ചീഫ് എഞ്ചിനീയർ" എന്നാണ് പേര് നൽകിയിരിക്കുന്നത്. (കേരള ജല അതോറിറ്റിയിൽ സൂപ്രണ്ടിംഗ് എഞ്ചിനീയറായിരിക്കെ, സർവ്വകലാശാലയിൽ കൺസൾട്ടിംഗ് എഞ്ചിനീയറായി മാതൃവകുപ്പിന്റെ അനുമതിയില്ലാതെ 01.11.20103 മുതൽ നിയമിക്കപ്പെട്ട ശ്രീ. സണ്ണിതോമസ് എന്നയാളെ ചീഫ് എഞ്ചിനീയറായി നാമകരണം ചെയ്യുകയാണുണ്ടായത്.)

ഈ വിഷയത്തിൽ 09.06.2015-ന് ബി/226/15 നമ്പറായി നൽകിയ അന്വേഷണത്തിന് 02.12.2015 ലെ. കെ.വി.എ.എസ്.യു /ഐ.ഡി.ഡബ്ല്യൂ/119/2012 നമ്പറായി നൽകിയ മറുപടിയിൽ സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് 20.05.2014-ന് മാത്രമാണ് നിലവിൽ വന്നത് എന്നും അതിനു മുമ്പ് കൺസൽട്ടന്റ് എഞ്ചിനീയർ എന്നോ ചീഫ് എഞ്ചിനീയർ എന്നോ ആയിരുന്നു നാമകരണം എന്നും പറയുന്നു. സർവ്വകലാശാല നിയമം 78(2) വകുപ്പ് പ്രകാരം പ്രാരംഭ പ്രവർത്തനങ്ങൾക്ക് വൈസ് ചാൻസലർക്ക് അനുയോജ്യമെന്ന് കരുതുന്ന തസ്തികകളിൽ നിയമനം നടത്താവുന്നത് പരമാവധി ഒരു വർഷത്തേയ്ക്ക് (സർവ്വകലാശാലാരംഭം മുതൽ ) മാത്രമാണ്. എന്നാൽ രണ്ട് വർഷം പിന്നിട്ട ശേഷം നടത്തിയ നിയമനത്തിന് മേൽ വകുപ്പിന്റെ പിൻബലമില്ല. ആയതിനാൽ മറുപടി തൃപ്തികരമല്ല. ഇത് അംഗികരിച്ചാൽ പോലും 20/05/2014-ന് ശേഷം പ്രസ്തുത തസ്തികയിൽ സർവ്വകലാശാലയിൽ ഉദ്യോഗസ്ഥർ ഭരണ നിർവ്വഹണം നടത്തുന്നത് നിയമത്തിനെതിരാണ്. ഭാവിയിൽ ഇത്തരം അപാകതകളുണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

## 3-56. മരാമത്ത് പ്രവൃത്തികൾ മറ്റ് ഏജൻസികൾ മുഖേന നടപ്പാക്കുന്നത്.

വെറ്ററിനറി ഹോസ്പിറ്റൽ, കൊക്കാലയിൽ, Strengthening of four Hospitals- എന്ന പ്രോജക്ടിൽ 1,77,917/- രൂപയുടെ അറ്റകുറ്റപ്പണികൾ, മറ്റു പ്രവൃത്തികൾ എന്നിവ നടത്തിയിട്ടുണ്ട്. ഇതിൽ 25,000/- രൂപയുടെ പ്രവൃത്തി മാത്രമേ ഐ.ഡി.വിംഗ് , മണ്ണുത്തിക്ക് നൽകിയിട്ടുള്ളു. ബാക്കി തുക 26 തവണകളായി സ്ഥാപനത്തിലെ അറ്റകുറ്റപ്പണികൾക്കായി വിനിയോഗിച്ചിട്ടുണ്ട്. ഈ പ്രവൃത്തികളെല്ലാം ക്വട്ടേഷൻ

നടപടികളൊന്നും ഇല്ലാതെ കരാറുകാരെ നേരിട്ട് ഏൽപ്പിക്കുകയാണ് ചെയ്തത്. സർവ്വകലാശാലയുടെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിനായാണ് എഞ്ചിനീയറിംഗ് വിഭാഗം രൂപീകരിച്ചിട്ടുള്ളത്. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ/ ക്വട്ടേഷൻ നടപടികളിലൂടെ ഐ.ഡി.വിംഗിലെ എഞ്ചിനീയർമാരുടെ മേൽ നോട്ടത്തോടെയാണ് ഓരോ സ്ഥാപനത്തിലും മരാമത്ത് പണികൾ പൂർത്തിയാക്കേണ്ടത്.

## 3-57. VAT ഇനത്തിൽ നഷ്ടം

വാണിജ്യ നികുതി കമ്മീഷണറുടെ സർക്കുലർ നം. 15179/DPI/LSGD തീയ്യതി 30/10/2007 പ്രകാരം കരാറുകാരിൽ നിന്ന് ഈടാക്കേണ്ട വാറ്റ് 4% ആണെന്നിരിക്കെ താഴെ പറയുന്ന പ്രവൃത്തികളിൽ നിന്ന് 3% മാത്രമാണ് വാറ്റ് ഈടാക്കിയിരിക്കുന്നത്.

| ക്രമ നം | പ്രവൃത്തി/വൗച്ചർ നം./തീയ്യതി | മൂല്യം | ഈടാക്കിയ നികുതി (വാറ്റ്) | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|
| 1 | ഓഡിറ്റോറിയത്തിലേക്ക് വഴി 7/09/-14-15 | 14,36,815 | 43,104 | 57,472 | 14,368 |
| 2 | പോളി കാർബണേറ്റ് ഷീറ്റ് കാന്റീൻ 6/04-14-15 | 6,99,201 | 20,976 | 27,968 | 6,992 |
| 3 | കാന്റീൻ റിനോവേഷൻ 1/06 14-15 | 14,50,846 | 58,032 | 72,540 | 14,508 |
| 4 | പെയിന്റിംഗ് ഗസ്റ്റ് ഹൗസ്, ഭരണ വിഭാഗം 1/05-14-15 | 6,56,940 | 19,078 | 26,277 | 6,569 |
| 5 | ഓഡിറ്റോറിയത്തിന് മുമ്പിൽ പോളി കാർബണേറ്റ് ഷീറ്റ് 5/06 14-15 | 9,80,393 | 29,412 | 39,216 | 9,804 |
| 6 | വീഡിയോ കോൺഫറൻസ് സൗകര്യമൊരുക്കൽ 7/02 14-15 | 3,38,355 | 13,535 | 16,918 | 3,384 |
| | **ആകെ** | | | | **55,625/-** |

മേൽ പ്രവൃത്തികൾക്ക് 3% വാറ്റ് ഈടാക്കിയത് സർക്കാർ ഉത്തരവ് ശ്രദ്ധയിൽപ്പെടാത്തതിനെ തുടർന്നാണെന്ന മറുപടി തൃപ്തികരമല്ല. 55,625/- രൂപ സർക്കാരിലേക്ക് അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-58. ലെയ്സൺ ജോലിയ്ക്കായി അനധികൃത നിയമനം

കേരള വെറ്ററിനറി സർവ്വകലാശാല ചീഫ് എഞ്ചിനീയറുടെ 28/01/2014-ലെ നം.എ.ഇ.ഇ./പി.കെ.ടി / 441/13 ഉത്തരവ് പ്രകാരം കെ.സുലൈമാൻ, ഷിംന മൻസിൽ ,കൽപ്പറ്റ എന്നയാളെ വിവിധ ഓഫീസുകളിൽ മാസ്റ്റർ പ്ലാനുമായി ബന്ധപ്പെട്ട് ലെയ്സൺ ജോലി ചെയ്യുന്നതിനും ബാറ്ററി കാർ പ്രവർത്തിപ്പിക്കുന്നതിനും ദിവസം 469/- രൂപ നിരക്കിൽ നിയമിച്ചിരിക്കുന്നു. വെറ്ററിനറി സർവ്വകലാശാല നിയമം 78(2) പ്രകാരം അനിവാര്യ ചുമതല നിർവ്വഹണത്തിന് വൈസ് ചാൻസലർക്ക് സർവ്വകലാശാലാരംഭത്തിൽ 6 മാസം മുതൽ ഒരു വർഷത്തേയ്ക്ക് തസ്തികകൾ സൃഷ്ടിക്കാൻ വ്യവസ്ഥയുണ്ട്. എന്നാൽ 3 വർഷത്തിന് ശേഷം, സ്റ്റാറ്റ്യൂട്ടിൽ ഇല്ലാത്ത തസ്തിക സൃഷ്ടിച്ചത് ഈ വ്യവസ്ഥയുടെ പരിധിയിൽ വരികയില്ല. ഈ നിയമനത്തിന് പൊതു സ്ഥാപനത്തിൽ പാലിക്കേണ്ട ഒരു മാനദണ്ഡവും പാലിച്ചിട്ടില്ല. വ്യക്തിതാൽപര്യ പ്രകാരം നിയമിച്ചതായി കാണുന്നു.

മാസ്റ്റർ പ്ലാൻ നിർമ്മിതിയുടെ ആർകിടെക്ട് കൺസൾട്ടന്റ് ആയി നിയമിച്ച 'ക്ലിം ആർട്ട് ' ബാംഗ്ലൂർ എന്ന സ്ഥാപനവുമായി വച്ച കരാർ പ്രകാരം എല്ലാ വിധ അംഗീകാരങ്ങളും രേഖകളും അനുമതികളും വാങ്ങേണ്ടത്

അവരുടെ ജോലിയാണ്. അക്കാര്യത്തിന് സർവ്വകലാശാല മറ്റൊരു നിയമനം നടത്തേണ്ടതില്ല. മാത്രവുമല്ല സർവ്വകലാശാലയ്ക്ക് നിയമാനുസൃതമായി ലഭിക്കേണ്ട കാര്യങ്ങൾക്ക് ലെയ്സൺ പ്രവൃത്തിയുടെ ആവശ്യമില്ല.

താഴെ കാണിച്ച പ്രകാരം നൽകിയ ചെലവ് **83,951/- രൂപ** ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

| | | |
|---|---|---|
| ഏപ്രിൽ 2014 | 21 ദിവസം | Rs. 9,849 |
| മെയ് 2014 | 25 ദിവസം | Rs.11,725 |
| ജൂൺ2014 | 24 ദിവസം | Rs.11,256 |
| ജൂലൈ 2014 | 24 ദിവസം | Rs.11,256 |
| ആഗസ്റ്റ് 2014 | 21 ദിവസം | Rs.9,849 |
| സെപ്റ്റംബർ 2014 | 21 ദിവസം | Rs.9,849 |
| ഒക്ടോബർ 2014 | 22 ദിവസം | Rs.10,318 |
| നവംബർ 2014 | 21 ദിവസം | Rs.9,849 |
| | **ആകെ** | **Rs.83,951/-** |

## 3-59. ഇന്റേണീസ് ഹോസ്റ്റൽ നിർമ്മാണം

ഫയൽ നം.- കെ.എ.യു-എ 10/3403/04-15
കെ.വി.എ.എസ്.യു/ഐ.ഡി.ഡബ്ല്യൂ/11/200/2011
വൗച്ചർ നം. 120/14-15 തീയ്യതി 18/10/2014 Rs. 3,04,262/-

ഇന്റേണീസ് ഹോസ്റ്റൽ നിർമ്മാണത്തിൽ കേരള കാർഷിക സർവ്വകലാശാലയിൽ നിന്ന് കരാർ സമ്പാദിച്ച് പ്രവൃത്തി ആരംഭിച്ച കോൺട്രാക്ടർക്ക് പ്രസ്തുത കാലത്തെ ശേഷിക്കുന്ന തുകയാണ് മേൽ പ്രകാരം വെറ്ററിനറി സർവകലാശാല നൽകിയിരിക്കുന്നത്.

82/04-05 നമ്പറായി ഡയറക്ടർ , ഫിസിക്കൽ പ്ലാന്റുമായി 9 മാസം കൊണ്ട് പൂർത്തിയാക്കാൻ കരാർ ചമച്ച ശ്രീ. അനൂപ് അശോക് , കോൺട്രാക്ടർ 2010 ലും പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ കാർഷിക സർവ്വകലാശാലയുടെ 17/03/2010-ലെ എ 10/13403/ 04-05 ഉത്തരവ് പ്രകാരം കരാർ റദ്ദാക്കുകയുണ്ടായി. ശേഷിക്കുന്ന ജോലികൾ തിട്ടപ്പെടുത്തി പുതിയ കരാറിന് ശ്രമമാരംഭിക്കുകയും ചെയ്തു. സർവകലാശാല വിഭജനശേഷം സപ്ലിമെന്ററി കരാർ 2011-ൽ പുതുക്കി നൽകി. നിരവധി സമയ ലംഘനങ്ങളുണ്ടായിട്ടും കരാറുകാരനെതിരെ നടപടി ഒന്നും ഉണ്ടായിട്ടില്ല.

യഥാർത്ഥത്തിൽ കാർഷിക സർവ്വകലാശാലയിൽ നിന്ന് നൽകേണ്ട പ്രവൃത്തിമൂല്യം അവർ കണക്കാക്കിയതിൽ നിന്ന് വ്യതിചലിച്ച് ഫൈനൽ ബിൽ നൽകിയതുമൂലം താഴെ പറയും പ്രകാരം അധിക തുക നൽകാനിടയായി.

| | |
|---|---|
| കരാറുകാരന്റെ കൈവശമുള്ള സ്റ്റീൽ 2003 കി.ഗ്രാം @ Rs. 54.5 | 1,09,163 |
| 5892.6 കി.ഗ്രാം സിമന്റ് വില @ Rs. 3.6/കി.ഗ്രാം | 21,213 |
| 69.05 ഘന മീറ്റർ റബിൾ (അളവു പുസ്തകം 4131 പേജ് 7) | 21,232 |
| 3450 ഇഷ്ടിക (അളവു പുസ്തകം 4131 പേജ് 9) | 12,110 |
| പിഴ 30.09.2007- 30.12.2009 വരെ<br>31.12.2009 -17.03.2010 വരെ | 2,55,000<br>25,333 |
| പുനരാരംഭിച്ച ശേഷം വരുത്തിയ വീഴ്ചയ്ക്ക് പിഴ | 15,000 |
| അംഗീകൃത മാതൃകയിൽ നിന്ന് വ്യതിചലിച്ചതിന് പിടിച്ചു വയ്ക്കാൻ ആവശ്യപ്പെട്ട തുക (സബ് കമ്മിറ്റി റിപ്പോർട്ട് പ്രകാരം) | 1,00,000 |
| **ആകെ** | **5,59,051** |

ചീഫ് എഞ്ചിനീയറുടെ 15.12.2015 ലെ കെ.വി.എ.എസ്.യു /11/200/2011 നടപടിക്രമത്തിൽ 200 കി.ഗ്രാം സ്റ്റീലിന്റെ വിലയായി 1,09,000/- രൂപ ഈടാക്കാനുള്ളതായി അംഗീകരിക്കുകയും ക്ഷേമനിധി വിഹിതം 12,619/- സർക്കാരിലേക്ക് ഒടുക്കിയതായും അറിയിച്ചിട്ടുണ്ട്. എന്നാൽ ഇതിനു പുറമെ, മേൽ പറഞ്ഞിരിക്കുന്ന 69.05 ഘന മീറ്റർ റബിൾ, 3450 ഇഷ്ടിക, പിഴ, തുടങ്ങിയ മറ്റ് റിക്കവറികളെ സംബന്ധിച്ച മറുപടി ലഭ്യമാക്കിയിട്ടില്ല. ബന്ധപ്പെട്ട ഫയൽ പരിശോധിച്ച് സ്വീകരിച്ച തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 3-60. മരാമത്ത് പ്രവൃത്തികളിൽ എക്സ്ട്രാ/എക്സസ്സ് ഐറ്റം അനുവദിക്കലും , കാലാവധി ദീർഘിപ്പിച്ച് നൽകലും

വെറ്ററിനറി സർവ്വകലാശാലയുടെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ 2015-16 വർഷത്തെ മരാമത്തു പണികളുമായി ബന്ധപ്പെട്ട് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ-I, പൂക്കോട്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ-II, മണ്ണുത്തി എന്നിവർ നടപ്പിലാക്കിയ പ്രവൃത്തികളുടെ രേഖകൾ പരിശോധിച്ചതിൽ 90% ജോലികളിലും നിലവിലുള്ള എസ്റ്റിമേറ്റിലെ ഇനങ്ങൾ കൂടുതലായി ചെയ്യുന്നതിനായി എക്സസ് ഐറ്റം ചേർക്കുകയും നിലവിലുള്ള ഇനങ്ങൾക്കു പുറമേ ധാരാളം ഇനങ്ങൾ എക്സ്ട്രാ ഐറ്റമായി ചേർക്കുകയും ചെയ്തതായി കാണുന്നു. സാങ്കേതികജ്ഞാനമുള്ള എഞ്ചിനീയറിംഗ് വിഭാഗം ഓരോ പ്രവൃത്തിയും പഠിച്ച് ആവശ്യകത വിലയിരുത്തി എസ്റ്റിമേറ്റുകൾ തയ്യാറാക്കാത്തതാണ് ഇതിനു കാരണം എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. എസ്റ്റിമേറ്റുകൾ റീകാസ്റ്റു ചെയ്യുകയോ റിവൈസ് ചെയ്യുകയോ ചെയ്യുന്നില്ല. ഡിപ്പാർട്ട്മെന്റ് തലവൻമാരുടേയും കരാറുകാരുടേയും അഭിപ്രായത്തിനനുസൃതമായി എസ്റ്റിമേറ്റിലും പ്രവൃത്തിയിലും മാറ്റങ്ങൾ വരുത്തുന്നത് അഭികാമ്യമല്ല. ഇതുകൂടാതെ മിക്കവാറും എല്ലാ പ്രവൃത്തികളിലും ഫൈൻ ഈടാക്കാതെയും നാമമാത്രമായ ഫൈൻ ഈടാക്കിക്കൊണ്ടും പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി കരാറുകാർക്ക് ദീർഘിപ്പിച്ചു നൽകുന്നതായി കാണുന്നു. ഇത് സർവ്വകലാശാലയുടെ പ്രവൃത്തികൾ കൃത്യസമയത്ത് പൂർത്തീകരിക്കാതെ നീണ്ടുപോകുന്നതിനും ഫൈൻ ഈടാക്കാത്തതിലൂടെ പിഴയിനത്തിൽ സർവ്വകലാശാലയ്ക്ക് ലഭിക്കേണ്ട തുക ഇല്ലാതാകുന്നതിനും കാരണമാകുന്നു. ഓരോ പ്രവർത്തിയുടേയും ആവശ്യകതകൾ ശരിയായി വിശകലനം ചെയ്ത് എസ്റ്റിമേറ്റുകൾ തയ്യാറാക്കി പ്രവർത്തികൾ കാലാവധിക്കുള്ളിൽതന്നെ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-61. Modification of Experimental Animal Shed- അപാകതകൾ

| | |
|---|---|
| ഫയൽ നം. | കെ.വി.എ.എസ്.യു/ഐ.ഡി.ഡബ്ല്യൂ/438/തീയ്യതി 20/06/2014 |
| എസ്റ്റിമേറ്റ് തുക | 16,00,000 (എഗ്രിമെന്റ് പ്രകാരം) |
| എഗ്രിമെന്റ് പി.എ.സി | 13,98,645 |
| എഗ്രിമെന്റ് നം. തീയ്യതി | 7/CE-2014-15, dated 20/06/2014 |
| നിർവ്വഹണം | ചീഫ് എഞ്ചിനീയർ |
| അനുവദിച്ച തുക | 14,37,359 ( സി.ബി.വി നം. 43/15-16 തീയ്യതി 25/06/15 ചെക്ക് നം. 924892/ 25-06-15) |

16 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ പാതോളജി വകുപ്പ്, മണ്ണുത്തിയുടെ " Modification of experimental animal shed for Veterinary Anatomy & Histology" എന്ന പ്രവൃത്തിയ്ക്കായി 20/06/14-ന് ,പൂർത്തീകരണ കാലയളവ് 60 ദിവസമായി കണക്കാക്കി കരാറുകാരന് സ്ഥലം കൈമാറി. (അതായത് 19/08/14-വരെ). അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം 10/05/2015 നാണ് കരാറുകാരൻ പ്രവൃത്തി സമയം ദീർഘിപ്പിച്ചു നൽകുവാൻ അപേക്ഷ നൽകുന്നത്. കരാറുകാരൻ പ്രവൃത്തി പൂർത്തീകരിക്കുന്നത് 12/05/2015 നാണ്. (എം.ബുക്ക് പേജ് നം. 42 എം.ബുക്ക് നം. 160/14-15 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയത്). മുഴുവൻ പ്രവൃത്തിയും പൂർത്തീകരിച്ച ശേഷം മാത്രമാണ് കരാറുകാരൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖേന കാലാവധി ദീർഘിപ്പിച്ചു നൽകുവാൻ അപേക്ഷിക്കുന്നത് . പ്രവൃത്തി നടക്കുന്ന വേളയിൽ 3,85,010/-രൂപയുടെ എക്സ്ട്രാ ഐറ്റം കൂട്ടിച്ചേർത്തു. ആയതിലൂടെ ആകെ PAC യുടെ 11.21% വർദ്ധനയുണ്ടായെങ്കിലും എസ്റ്റിമേറ്റ് റിവൈസ് ചെയ്തതായി കാണുന്നില്ല. അതുപോലെ ഭരണാനുമതി/സാങ്കേതികാനുമതി എന്നിവ റിവൈസ് ചെയ്തില്ല.

19/08/14 മുതൽ 4/5/15 വരെ 8.1/2 മാസത്തെ ദീർഘീകരണം ഉണ്ടാകുകയും 3% ഫൈൻ ഈടാക്കാമെന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശുപാർശ ചെയ്തെങ്കിലും , ദീർഘീകരണ കാലയളവ് ആകെ 3 മാസം മാത്രമായി കണക്കാക്കി എക്സിക്യൂട്ടീവ് എഞ്ചിനീയർ 1% ഫൈൻ ഈടാക്കാൻ ഉത്തരവിട്ടത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. (Accepted PAC-13,98,645. പിഴ 3%=41,959.00. ഈടാക്കിയത് 1% =14,000 ബാക്കി=27,959.00). പിഴയിനത്തിൽ ബാക്കി വരുന്ന **27,959/-രൂപ** ഈടാക്കാൻ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി യൂണിവേഴ്സിറ്റി ഫണ്ടിൽ ചേർക്കേണ്ടതാണ്. കൂടാതെ മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 3-62. സെയിൽസ് കൗണ്ടർ/കഫെറ്റീരിയ/എ.ടി.എം കൗണ്ടർ നിർമ്മാണം, മണ്ണുത്തി - ഉദ്ദേശ ലക്ഷ്യം കൈവരിച്ചില്ല.

മണ്ണുത്തി ക്യാംപസ്സിൽ 55 ലക്ഷം രൂപ വകയിരുത്തി പൂർത്തീകരണ കാലയളവ് 4 മാസം നിജപ്പെടുത്തി കരാറുകാരനായ ശ്രീ.കെ.എസ്. സതീഷുമായി 07/04/15 തീയ്യതിയിൽ 01/സി.ഇ/15-16 നമ്പറായി

ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കരാറിലേർപ്പെട്ടു. എന്നാൽ 7 മാസത്തെ കാലതാമസം കഴിഞ്ഞ് 12/11/2015 നാണ് കരാറുകാരന് സ്ഥലം കൈമാറി നൽകിയത്. സർവ്വകലാശാലയുടെ ഭാഗത്തുനിന്നുണ്ടായ ഈ വീഴ്ചയ്ക്ക് കാരണമെന്താണെന്നും കാരണക്കാർ ആരെന്നും വ്യക്തമല്ല. സ്ഥലം കൈമാറിയ തീയ്യതിയനുസരിച്ച് പൂർത്തീകരണ തീയ്യതി 11/03/16 ആയിരുന്നു. പ്രസ്തുത തീയ്യതിയിൽ നിന്നും വീണ്ടും 4 മാസത്തേക്ക് കാലാവധി ദീർഘിപ്പിച്ചു നൽകി. കേരളാ പി.ഡബ്ല്യൂ.ഡി മാന്വൽ 2012 (റിവൈസ്ഡ്) പാർട്ട് . 11 സെക്ഷൻ 2112-1( സ.ഉ.(പി)13/12/പി.ഡബ്ല്യൂ.ഡി/1-2-12 ) പ്രകാരം ഒരു പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘീകരണം ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% അധികരിക്കാൻ പാടില്ല എന്നു പറയുന്നു. എന്നാൽ ഈ പ്രവൃത്തി 100% സമയവും ക്രമവിരുദ്ധമായി ദീർഘിപ്പിച്ചു നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്. കൂടാതെ ആദ്യത്തെ മൂന്ന് മാസം വരെയുള്ള ദീർഘീകരണത്തിന് പി.എ.സി.യുടെ 1% ഫൈൻ ഈടാക്കുന്നതിന് പകരം (പി.എ.സി. -49,95,189. ഫൈൻ 1%= 49,952/-) വെറും 18,000/- രൂപ മാത്രമാണ് ഈടാക്കി കാണുന്നത്.

മേൽ പ്രവൃത്തിയുടെ 14/01/16 -ലെ ഒന്നാമത്തെ പാർട്ട് ബിൽ നൽകിയതിനുശേഷം ഫ്ലോർ പ്ലാനിൽ മാറ്റം വരുത്തി. എന്നാൽ അതിനനുസൃതമായി എസ്ററിമേറ്റ് റിവൈസ് ചെയ്യുകയോ റിവൈസ്ഡ് ഭരണാനുമതി/സാങ്കേതികാനുമതി വാങ്ങുകയോ ചെയ്തില്ല. കാരണം വ്യക്തമാക്കേണ്ടതാണ്.

ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട് കൺസൽട്ടൻസി ചാർജ്ജിനത്തിൽ "M/s. ഡിസൈൻ ഫാക്ടറി സിവിൽ ഡ്രോയിംഗ്സ്, തൃശ്ശൂർ " എന്ന സ്ഥാപനത്തിന് 14,856/രൂപ നൽകി. കൺസൽട്ടൻസിയെ ഏർപ്പെടുത്തിയതിനുള്ള കാരണം, അവർക്ക് നൽകിയ പ്രവൃത്തികൾ, ചെയ്ത ജോലി, കാലതാമസം തുടങ്ങിയ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. സർവ്വകലാശാലയുടെ വിവിധ ക്യാമ്പസുകളിലെ വിവിധ നിർമ്മാണ പ്രവർത്തനങ്ങളുടെ ആർക്കിടെക്റ്റ് കൺസൽട്ടന്റായി "M/s. ക്ലിം ആർട്ട്, ബാംഗ്ലൂരിനെ" നിയമിക്കുകയും തുക നൽകി വരുന്നതുമാണ് (ഫയൽ കെ.വി.എ.എസ്.യു/ ഐ.ഡി ഡബ്ല്യൂ /ജനറൽ /14/2012). മേൽ പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ച് ഉദ്ദേശിച്ച രീതിയിൽ പൂർണ്ണതോതിൽ പ്രവർത്തന ക്ഷമമാക്കുകയോ എ.റ്റി.എം കൗണ്ടർ സേവനം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്കുള്ള മറുപടിയിൽ പ്രസ്തുത ജോലി 'M/s ക്ലിം ആർട്ട് '' മുഖേന നിർവഹിക്കാത്തതിനാലാണ് 'M/s. സപ്ത ആർക്കിടെക്ട് ' നെ ഏൽപ്പിച്ചതെന്ന് അറിയിച്ചു. 'M/s ക്ലിം ആർട്ട് '' എന്തുകൊണ്ട് പ്രവൃത്തി നിർവഹിച്ചില്ല എന്നതിന് കാരണം വ്യക്തമാക്കിയിട്ടില്ല. കൂടാതെ തുടക്കത്തിൽ ബിൽഡിംഗ് പെർമിറ്റ് ലഭിക്കുന്നതിനുള്ള കാലതാമസം കൂടി പരിഗണിച്ചാണ് പിഴ ഈടാക്കിയതിൽ ഇളവ് അനുവദിച്ചിട്ടുള്ളതെന്ന അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ മറുപടി അംഗീകരിക്കത്തക്കതല്ല. പ്രസ്തുത കാലതാമസം ഒഴിവാക്കി സ്ഥലം കൈമാറിയ തീയ്യതി മുതലുള്ള കാലയളവ് മാത്രമാണ് പിഴ നിശ്ചിയിക്കുന്നതിനായി ഓഡിറ്റ് പരിഗണിച്ചിട്ടുള്ളത് . ആയതിനാൽ പിഴയിനത്തിൽ ബാക്കി വരുന്ന **31,952/- രൂപയുടേയും** കൺസൽട്ടൻസി ചാർജ്ജിനത്തിൽ മറ്റൊരു ഏജൻസിക്ക് നൽകിയ **14,856/- രൂപ**യുടേയും **(ആകെ 46,808/-)ചെലവ് ഓഡിറ്റ് നിരാകരിക്കുന്നു.** ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-63. കോളേജ് ഓഫ് വെറ്ററിനറി ആന്റ് ആനിമൽ സയൻസ് ,മണ്ണൂത്തിയിലെ പെയിന്റിംഗും അനുബന്ധ ജോലികളും – അപാകതകൾ

| | | |
|---|---|---|
| പ്രവൃത്തിയുടെ പേര് | - | Painting and connected works to the Veterinary college building and exterior walls of Animal Science block |
| എസ്റ്റിമേറ്റ് തുക | - | 42.565 ലക്ഷം |
| ടെണ്ടർ തീയ്യതി | - | 30/4/14 |
| കരാറുകാരൻ | - | ശ്രീ.എ.മുഹമ്മദ് |
| സ്വീകരിച്ച PAC | - | 39,26,003.00 |
| കരാർ ഉടമ്പടി നം | - | 01/CE/2014-15/16-5-14 |
| AS & TS നം. | - | No.KVASU/DAR/R1/1930/2013- 21/12/13 |

മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുത്തിരിക്കുന്നു.

ഇൻഡ്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ച് ഫണ്ടിനത്തിൽ 2012-13 വർഷം 15 ലക്ഷം രൂപയും 2013-14 വർഷം 90.78 ലക്ഷം രൂപയും മേൽ പ്രവൃത്തിക്കൾപ്പടെ സ്റ്റേഷന് ലഭിച്ചിട്ടുണ്ട്. ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭ്യമാക്കിയ ഡയറക്ടർ ഓഫ് അക്കാഡമിക് ആന്റ് റിസർച്ചിന്റെ 21/12/13 ഉത്തരവിലെ ഐറ്റം നമ്പർ 5(i),5(ii),5(iii) എന്നീ നിബന്ധനകൾ പാലിച്ചിട്ടില്ല. 5(i) പ്രകാരം വിഭാവനം ചെയ്ത ഇനങ്ങളിൽ മാത്രം തുക ചെലവഴിക്കേണ്ടതും 5(ii) പ്രകാരം പ്രസ്തുത പ്രവൃത്തിയുടെ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ ഇൻഡ്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ച് അംഗീകരിച്ചിരിക്കേണ്ടതും 5(iii) പ്രകാരം 2013-14-ൽ തന്നെ തുക വിനിയോഗിച്ചിരിക്കേണ്ടതുമാണ്. പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കരണം ഇൻഡ്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ച് -നെ അറിയിച്ചിട്ടില്ല. മൂലധന നിക്ഷേപം ഉണ്ടെങ്കിൽ ചെയ്ത ജോലി വിവരം ഇൻഡ്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ച് -നെ അറിയിച്ചിരിക്കണം എന്ന നിബന്ധനയും പാലിക്കപ്പെട്ടിട്ടില്ല.

പെയ്ന്റിംഗ് പ്രവൃത്തിയിൽ, സീലിംഗിന് 2 കോട്ട് പോരയെന്നും ജനലുകൾക്കും വാതിലുകൾക്കും സ്ക്രാപ്പിംഗും ഒരു അധിക കോട്ടും വേണമെന്നും വൈറ്റ് വാഷ് ചെയ്ത ഉപരിതലത്തിന് സ്ക്രാപ്പിംഗും 2 കോട്ട് പെയിന്റിംഗും ആവശ്യമാണെന്നുമുള്ള കരാറുകാരന്റെ 10/10/2014 -ലെ നിർദ്ദേശം മാനിച്ച് എക്സ്ട്രാ ഐറ്റമായി പ്രസ്തുത ഇനം ഉൾപ്പെടുത്തി. കരാറുകാരന്റെ കത്തിന്റെ അടിസ്ഥാനത്തിൽ സാങ്കേതിക പരിജ്ഞാനമുള്ള ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് വിംഗ് എസ്റ്റിമേറ്റിൽ മാറ്റം വരുത്തിയത് അഭികാമ്യമല്ല. ഫൈനൽ ബില്ലിൽ 8 എക്സ്ട്രാ ഐറ്റം ഉൾപ്പെടുത്തി തുക നൽകിയെങ്കിലും എസ്റ്റിമേറ്റ് റിവൈസ് ചെയ്തില്ല.

## 3-64. വാർഷിക കണക്ക് തയ്യാറാക്കുന്നതിലെ അപാകതകൾ

ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് വിംഗിന്റെ 2015-16 വർഷത്തെ വാർഷിക കണക്കുകളുടെ പരിശോധനയിൽ

കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ചീഫ് എഞ്ചിനീയറുടെ കീഴിലുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൂക്കോട് ; അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ -I, II മണ്ണുത്തി എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പ്ലാൻ, നോൺ-പ്ലാൻ ഫണ്ടുകൾ ചീഫ് എഞ്ചിനീയർ മുഖേന നൽകുകയാണ് ചെയ്തുവരുന്നത്. എന്നാൽ ഇവർക്ക് സർവ്വകലാശാലയുടെ വിവിധ സ്റ്റേഷനുകളിൽ നിന്നും, വകുപ്പുകളിൽ നിന്നും ചീഫ് എഞ്ചിനീയർ മുഖേനയല്ലാതെ നേരിട്ടും വിവിധ പ്രവൃത്തികൾക്കായി തുക ലഭ്യമാകുന്നുണ്ട്. ആയത് ചീഫ് എഞ്ചിനീയറുടെ ഓഫീസ് തയ്യാറാക്കുന്ന ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് വിംഗിന്റെ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ വാർഷിക വരവ്-ചെലവ് പത്രികയിൽ പ്ലാൻ /നോൺ പ്ലാൻ വിവരങ്ങൾ കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല. തന്മൂലം ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ തയ്യാറാക്കിയിട്ടുള്ള വരവ്-ചെലവ് കണക്ക് പൂർണ്ണമല്ല. ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് വിംഗ് മുഖേന നടത്തുന്ന പ്രവൃത്തികൾക്ക് സർവ്വകലാശാലയിലെ മുഴുവൻ സ്റ്റേഷനുകളും വകുപ്പുകളും നൽകുന്ന തുക ചീഫ് എഞ്ചനീയർ മുഖേനയാക്കിയാൽ ഈ പോരായ്മ പരിഹരിക്കാവുന്നതാണ്.

ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് വിംഗിലേക്ക്, സ്റ്റേറ്റ് പ്ലാൻ, നോൺ പ്ലാൻ ഫണ്ടുകൾക്ക് പുറമെ , EFC, RIDF (NABARD), RKVY, ICAR ഗ്രാന്റ്, ഫിനാൻസ് ഓഫീസറുടെ സ്പെഷ്യൽ ഗ്രാന്റ്, സർവ്വകലാശാലയുടെ വിവിധ വകുപ്പുകളിൽ നിന്നും, സ്റ്റേഷനുകളിൽ നിന്നും വിവിധ പ്രവൃത്തികൾക്കായി ലഭ്യമായിട്ടുള്ള വരവുകൾ, ഡി.എ.ആർ, രജിസ്ട്രാർ എന്നിവർ നൽകുന്ന തുക എന്നിങ്ങനെ വിവിധ ഇനങ്ങളിലായി വർഷാവർഷം തുക വരവുണ്ടെങ്കിലും നാളിതുവരെയും ലഭ്യമാകുന്ന ഫണ്ടുകളുടെ ഇനം തിരിച്ചുള്ള വരവ് ,ചെലവ് ,നീക്കിയിരിപ്പ് തുകകളുടെ കണക്ക് സൂക്ഷിക്കുന്ന പതിവില്ല. വിവിധ പ്രവൃത്തികൾക്കായി ഏതിനത്തിൽ എത്ര തുകയാണ് ലഭ്യമായിട്ടുള്ളതെന്ന വിവരം ഫയലിലും കൃത്യമായി ലഭ്യമല്ല. തന്മൂലം മിച്ച തുക അതാത് ഹെഡിലേക്ക്/ വകുപ്പുകളിലേക്ക്/ സ്റ്റേഷനുകളിലേക്ക് തിരിച്ചടവാക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കുവാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

വിവിധ ഇനങ്ങൾ തിരിച്ച് ഓരോ വർഷവും ലഭ്യമാകുന്ന തുകകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിവരം രേഖപ്പെടുത്തികൊണ്ട്, 'അപ്രോപ്രിയേഷൻ കൺട്രോൾ' രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതും വിവിധ പ്രവൃത്തികൾക്കായി തുക ലഭ്യമായതിന്റെയും വ്യയം ചെയ്യുന്നതിന്റെയും പ്രവൃത്തി പൂർത്തീകരിച്ചതിന്റെയും വിവരം ലഭ്യമാക്കുന്നതിനായി 'പ്രോജക്റ്റ് രജിസ്റ്ററുകൾ 'തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്.

ഐ.ഡി.വിംഗ്, ചീഫ് എഞ്ചിനീയർക്ക് ലഭ്യമായിട്ടുള്ള വിവിധ പ്ലാൻ, നോൺ-പ്ലാൻ ഫണ്ടുകളുടെയും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് സർവ്വകലാശാലയുടെ വിവിധ സ്റ്റേഷനുകളിൽ നിന്നും, വകുപ്പുകൾ മുഖേനയും, നേരിട്ടും ലഭ്യമായിട്ടുള്ള 2015-16 വർഷത്തെ വരവ് ചെലവുകൾ ഉൾപ്പെടുത്തി കൃത്യമായ വാർഷിക കണക്ക് തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

**3-65. ഹോഴ്സ്-റൈഡിംഗ് സ്കൂൾ ഗ്രൗണ്ട് - ഭരണാനുമതിയിൽ അധികരിച്ച് പ്രവൃത്തി നടപ്പാക്കി.**

02/08/2014 -ലെ 32-ാമത് ബോർഡ് ഓഫ് മാനേജ്മെന്റിന്റെ യോഗതീരുമാനമനുസരിച്ച്, ആർ.ഐ.ഡി.എഫ് ഫണ്ട്, ഇ.എഫ്.സി ഗ്രാന്റ് എന്നിവ ഉപയോഗിച്ച് നടപ്പിലാക്കിയ ഹോഴ്സ് റൈഡിംഗ് സ്കൂൾ ഗ്രൗണ്ട് നിർമ്മാണം എന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളത് 8,00,000/- രൂപയ്ക്കാണ്. എന്നാൽ ഈ പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി, ചെലവ് എന്നിവ യഥാക്രമം 9,70,000/-രൂപയും 9,21,486/-രൂപയും ആണ് . ഭരണാനുമതി തുകയിൽ അധികരിച്ച് സാങ്കേതികാനുമതിയും ചെലവും നടത്തിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (4/22.02.2018) നൽകിയ മറുപടിയിൽ, ബഹു വൈസ് ചാൻസലറുടേയും ഹോഴ്സ് റൈഡിംഗ് ക്ലബിനുവേണ്ടി രൂപീകരിച്ച ഹൈലെവൽ കമ്മറ്റി അംഗങ്ങളുടേയും ചീഫ് എഞ്ചിനീയറുടേയും നിർദ്ദേശങ്ങൾ പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റാണ് 9,70,000/- രൂപയെന്ന് അറിയിച്ചു. മറുപടിയിൽ ഭരണാനുമതി 8,00,000/- രൂപ തന്നെയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റനുസരിച്ച് പുതുക്കിയ ഭരണാനുമതി വാങ്ങിയിട്ടില്ല. ആകയാൽ ടി മറുപടി അംഗീകരിക്കത്തക്കതല്ല. പുതുക്കിയ ഭരണാനുമതി വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

**3-66. കോളേജ് ഓഫീസ് പൂക്കോടിന്റെ 4-ാം നിലയിലെ ക്ലാസ്സ് റൂം നിർമ്മാണം - അപാകതകൾ**

**(a).കരാറുകാരനിൽ നിന്ന് ഫൈൻ ഈടാക്കിയതിൽ കുറവ്**

“Construction of class room in the Fourth floor of Academic Block 1 at Kerala Veterinary and Animal Sciences University” എന്ന പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ വർക്കിന്റെ സമയം ദീർഘിപ്പിച്ചു നൽകിയതിന് കരാറുകാരനിൽ നിന്നും മതിയായ പിഴ ഈടാക്കിയിട്ടില്ലെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എസ്റ്റിമേറ്റ് റേറ്റിൽ നിന്നും 14% above ക്വോട്ട് ചെയ്ത ശ്രീ. അബ്ദുൾ മുത്തലിബിന്റെ ടെണ്ടർ അംഗീകരിച്ച് 16/05/2014-ൽ ടിയാന് സെലക്ഷൻ നോട്ടീസ് നൽകി. 60 ദിവസത്തെ പൂർത്തീകരണ കാലാവധി അനുവദിച്ചിട്ടുള്ള (26/05/14 മുതൽ 26/7/14 വരെ ) ഈ വർക്കിന് കരാർ വെച്ചിട്ടുള്ളതും സൈറ്റ് ഹാൻഡ് ഓവർ ചെയ്തിട്ടുള്ളതും 26/05/2014-ൽ തന്നെയാണ്. (എഗ്രി.നം.03/CE/14-15 തീയ്യതി 26/05/2014). കരാർ വെച്ച് 6 മാസം കഴിഞ്ഞിട്ടും പണി പൂർത്തീകരിച്ചിട്ടില്ലെന്നും നാളിതുവരെയായും പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിന് അപേക്ഷ നൽകിയിട്ടില്ലെന്നും 15/02/2015 നുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത പക്ഷം കരാർ റദ്ദ് ചെയ്യുന്നതാണെന്നും 21/01/2015-ലെ കെ.വി.എ.എസ്.യു/ഐ.ഡി.ഡബ്ല്യൂ/374/2014-10 നം. കത്ത് പ്രകാരം ചീഫ് എഞ്ചിനീയർ കരാറുകാരനെ അറിയിച്ചിട്ടുണ്ട്. എന്നാൽ 18/07/2014 ലേയും 27/10/2014 ലേയും കരാറുകാരന്റെ വർക്ക് ദീർഘിപ്പിച്ചു നൽകുന്നതിനുള്ള അപേക്ഷ ഫയലിൽ ചേർത്തിട്ടുമുണ്ട്. മേൽ സാഹചര്യത്തിൽ കരാറുകാരന്റെ അപേക്ഷയുടെ നിജസ്ഥിതി ഓഡിറ്റിൽ വ്യക്തമാകുന്നില്ല. രണ്ട് പ്രാവശ്യമായി വർക്ക് ദീർഘിപ്പിച്ചതിന് ഫൈൻ ഈടാക്കിയിട്ടുണ്ടെങ്കിൽ 2-ാം തവണ ഫൈൻ ഈടാക്കുമ്പോൾ കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2112-പ്രകാരം എഗ്രീഡ് പി.എ.സിയുടെ (39,30,003/-രൂപ) 2% പിഴ ചുമത്തേണ്ടിയിരുന്നു. എന്നാൽ പിഴ ഇനത്തിൽ

രണ്ടാം തവണയും 25000/- രൂപ മാത്രമേ ഈടാക്കിയിട്ടുള്ളൂ.

**(b).അംഗീകരിച്ച ഡാറ്റാഷീറ്റിൽ വ്യത്യാസം വരുത്തി ടെണ്ടർ ഷെഡ്യൂൾ, എസ്റ്റിമേറ്റ് ഇവ തയ്യാറാക്കി യതുമൂലം അധിക ചെലവ്**

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പരിശോധിച്ച് അംഗീകരിച്ച നൽകിയ ഡാറ്റാഷീറ്റ് പ്രകാരം താഴെപ്പറയുന്ന ഐറ്റങ്ങളുടെ റേറ്റിൽ വ്യത്യാസപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ഷെഡ്യൂളിനൊപ്പം നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | ഐറ്റം നം. | വിവരണം | അംഗീകരിച്ച ഡാറ്റാഷീറ്റ് പ്രകാരം നിരക്ക് | ടെണ്ടർ ഷെഡ്യൂൾ പ്രകാരം നിരക്ക് | എം.ബുക്ക് പ്രകാരം നിരക്ക് |
|---|---|---|---|---|---|
| 1 | 6 | Vibrated RCC 1:1:5:3 using 20 mm broken stone including all form work, watering curing etc complete but excluding cost of reinforcement for lintels, beams, sunshade,etc complete in the fourth floor | 194/10dm3 | 200/10dm3 | 200/10dm3 |
| 2 | 7 | Vibrated RCC 1:1:5:3 using 20mm broken stone including all form work, watering curing etc complete but excluding cost of reinforcement for lintels, beams, sunshade,etc complete in the fifth floor | 200/10dm3 | 205/10dm3 | 205/10dm3 |
| 3 | 8 | Vibrated RCC 1:1:5:3 using 20mm nominal size broken stone to proper gradients lines and levels machine mixed, including all form work watering curing etc complete including cost, conveyance load lift of all material labour etc but excluding cost & labour for steel reinforcement for column in fourth floor. | 228/10dm3 | 236/10dm3 | 236/10dm3 |
| 4 | 9 | Vibrated RCC 1:1:5:3 using 20mm nominal size broken stone to proper gradients lines and levels machine mixed, including all form work watering curing etc complete including cost, conveyance load lift of all material labour etc but excluding cost & labour for steel reinforcement | 236/10dm3 | 245/10dm3 | 245/10dm3 |

| | | | | | |
|---|---|---|---|---|---|
| | | for column in fifth floor. | | | |
| 5 | 60 | Providing platform with 18mm thick best quality checkered marine plywood fixed on existing structural support using bolts and nuts with washes as per the direction of department officers | 3225/m2 | 3784/m2 | 3784/m2 |

മേൽ അപാകതകളിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നം.7/24.02.2018) ന് നൽകിയ മറുപടിയിൽ മേൽ ഐറ്റങ്ങളിൽ അധിക ചെലവ് വന്നിട്ടില്ലായെന്നും പ്രവൃത്തി എത്രയും പെട്ടെന്ന് പൂർത്തീകരിക്കുവാൻ ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നും കൊടുത്തിട്ടുള്ള നോട്ടീസ് മാത്രമാണ് അസിസ്റ്റന്റ് എഞ്ചിനീയറുടെ കത്ത് എന്നും വ്യക്തമാക്കിയിട്ടുണ്ട്. ടി മറുപടി അംഗീകരിക്കത്തക്കതല്ല. ആകയാൽ മേൽ പ്രവൃത്തിയുടെ അംഗീകരിച്ച എസ്റ്റിമേറ്റ് ഡാറ്റാ ഷീറ്റിൽ നിന്നും വ്യതിയാനം വരുത്തിയതുമൂലമുള്ള അധിക ചെലവ് കണക്കാക്കി ഉത്തരവാദിയായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

**3-67. അപ്രോച്ച് റോഡ് നിർമ്മാണം, തിരുവാഴാംകുന്ന് - പ്രവൃത്തി നടത്തിപ്പിലെ അപാകതകൾ**

ബഹു. കേരളാ ഗവർണറുടെ സന്ദർശനവുമായി ബന്ധപ്പെട്ട് അടിയന്തര സ്വഭാവത്തോടെ നടത്താൻ ഉദ്ദേശിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ വിളിച്ച് നൽകിയതാണ് തിരുവാഴാംകുന്നിലെ അക്കാഡമിക് ബ്ലോക്കിലേക്കുള്ള അപ്രോച്ച് റോഡ് നിർമ്മാണം. 875 മീറ്റർ റോഡും 200 മീറ്റർ എർത്തൺ ഡ്രെയിനും ഉൾപ്പെട്ട 15,30,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ പ്രസ്തുത പ്രവൃത്തി 15/10/14 ന് ടെണ്ടർ വിളിച്ച് 15% ഉയർന്ന നിരക്കിൽ 27/11/14 ന് 16/സി.ഇ/14-15 നമ്പർ ഉടമ്പടി പ്രകാരം കരാറുകാരന് നൽകി. 27/11/14 ന് ഉടമ്പടി ഒപ്പുവച്ചുവെങ്കിലും 2 മാസം കഴിഞ്ഞ് 27/1/15 നാണ് സ്ഥലം കൈമാറിയത്. സ്ഥലം കൈമാറുന്നതിനുള്ള കാലതാമസത്തിന് കാരണം വ്യക്തമല്ല. സ്ഥലം കൈമാറികിട്ടുന്നതിനായി കരാറുകാരൻ 2 തവണ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മണ്ണുത്തിയെ സമീപിച്ചതായി രേഖകളിൽ വ്യക്തമാണ്.

യഥാർത്ഥത്തിൽ 26/1/15 ന് പൂർത്തീകരിക്കേണ്ടതായ പ്രസ്തുത പ്രവൃത്തി ആദ്യഘട്ടത്തിൽ 30/05/15 വരെയും പിന്നീട് 30/9/15, 31/1/16 എന്നീ തീയ്യതികൾ വരെയും ദീർഘിപ്പിച്ച നൽകി. ആദ്യ ഘട്ട ദീർഘീകരണത്തിൽ ഫൈൻ ഈടാക്കിയതായി കാണുന്നില്ല. ബഹു.കേരള ഗവർണറുടെ സന്ദർശനത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് അടിയന്തര സ്വഭാവത്തോടെ ജോലി ഏറ്റെടുത്തെങ്കിലും 2 മാസം കാലാവധി നിശ്ചയിച്ച ജോലിക്ക് സ്ഥലം കൈമാറ്റം ചെയ്യുന്നതിന് തന്നെ യൂണിവേഴ്സിറ്റിയുടെ ഭാഗത്തു നിന്നും 2 മാസത്തെ അകാരണമായ അനാസ്ഥ ഉൾപ്പെടെ ആകെ 15 മാസത്തിനുശേഷമാണ് പൂർത്തീകരിച്ചത്. നവംബർ 19 -ൽ ബഹു. ഗവർണറുടെ സന്ദർശന വേളയിൽ പ്രവൃത്തി അപൂർണ്ണമായി തുടർന്നു. കാലതാമസത്തിന് മുഖ്യകാരണങ്ങളായി പറഞ്ഞിരിക്കുന്ന കാലവർഷം, മരങ്ങൾ മുറിക്കൽ എന്നിവ മുൻകൂട്ടി കാണുന്നതിൽ വീഴ്ച സംഭവിച്ചു. കൂടാതെ അടിയന്തര പ്രാധാന്യമില്ലാത്ത മറ്റൊരു പ്രവൃത്തി

( 317 മീറ്റർ റോഡ്ടാറിംഗ്) എക്സ്ട്രാ ഐറ്റമായി ഉൾപ്പെടുത്തി.

മേൽ പ്രവൃത്തിയുടെ ലെവലിംഗ് ഫീൽഡ് ബുക്ക്, പേജ് നമ്പർ 40 പ്രകാരം ഫൈനൽ ലെവൽസ് ചീഫ് ടെക്നിക്കൽ എക്സാമിനർ അല്ലെങ്കിൽ ചീഫ് എഞ്ചിനീയർ അംഗീകരിച്ചതായി കാണുന്നില്ല.

മേൽ വിഷയത്തിൽ വ്യക്തമായ വിശദീകരണം ഹാജരാക്കേണ്ടതും ഫൈൻ ഈടാക്കേണ്ട കാര്യത്തിൽ ആയത് ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 3-68. ടീച്ചിംഗ് വെറ്ററിനറി ക്ലിനിക്കൽ കോംപ്ലക്സ്, മണ്ണുത്തിയുടെ നിർമ്മാണം- അപാകതകൾ

12,24,96,326/- രൂപയുടെ ഭരണാനുമതി നമ്പർ DAR/R2/3379/2014(ii)/27/4/12 പ്രകാരം ലഭ്യമാക്കിയ മേൽ പ്രവൃത്തി ഡെപ്പോസിറ്റ് വർക്കായി ബി.എസ്.എൻ.എൽ -നെ ഏൽപിച്ചു. (എഗ്രിമെന്റ് നമ്പർ.33/EE/BSNL/CD/TSR/2014-15). മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ് പ്രകാരം 33.1/3% തുക ആദ്യം തന്നെ ഡെപ്പോസിറ്റ് ആയി നൽകേണ്ടതും തുടർന്ന് ബാക്കി തുക രണ്ടോ മൂന്നോ ഇൻസ്റ്റാൾ-മെന്റുകളായി ആവശ്യപ്പെടുന്നതിനനുസരിച്ചും നൽകിയ തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ബി.എസ്.എൻ.എൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ ലഭ്യമാക്കുന്നതിനനുസരിച്ചും നൽകാവുന്നതാണ്. മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് വിവിധ ഘട്ടങ്ങളിൽ കരാറുകാർക്ക് നൽകിയ തുകകൾ, നിയമപ്രകാരം വരുത്തിയ കിഴിവുകൾ, പ്രോജക്ട് ഉപദേശക സമിതി മിനിട്സ്, റിവ്യൂ മീറ്റിംഗുകളുടെ മിനിട്സ്, പൂർത്തീകരണ വിവരങ്ങൾ എന്നിവ ഓഡിറ്റിന് ലഭ്യാക്കിയിട്ടില്ല. ബി.എസ്.എൻ.എൽ ന്റെ 6/12/14 തീയ്യതിയിലെ 22(20)(A)EEBSNL/CD/TCR/2014-15 1294 കത്ത് പ്രകാരം പ്രവൃത്തി പുരോഗതിയില്ല (0%) എന്ന് അറിയിച്ചിട്ടും തൊട്ടടുത്ത ദിവസം തന്നെ 585 ലക്ഷത്തിന്റെ രണ്ടാം ഗഡു തുക നൽകി. ഇത് മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗിന്റെ ലംഘനവും സർവ്വകലാശാലയുടെ താല്പര്യങ്ങൾക്ക് നിരക്കാത്തതുമാണ്. പദ്ധതി ദീർഘീകരണം, പൂർത്തീകരണം തുടങ്ങിയ വിവരങ്ങളും ആവശ്യമായ വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

## 3-69. മരാമത്ത് പ്രവൃത്തിയുടെ കാലാവധി ദീർഘീകരണം- പൊതുമരാമത്ത് മാന്വൽ മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നില്ല.

കേരള പൊതുമരാമത്ത് മാന്വൽ 2012, ഖണ്ഡിക-2112-ൽ മരാമത്ത് പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ പരാമർശിക്കുന്നു. പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടിവരുമ്പോൾ, കോൺട്രാക്ടർ മുൻകൂട്ടി അപേക്ഷ സമർപ്പിക്കേണ്ടതും, ദീർഘീകരണ കാരണം എഞ്ചിനീയർ വിശദമായി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. കരാറുകാരന്റെ പിഴവിനാൽ കാലാവധി ദീർഘീകരണം വന്നിട്ടുണ്ടെങ്കിൽ ആയതിന് നിശ്ചിത പിഴ ചുമത്തേണ്ടതാണ്. ഇത്തരത്തിലുള്ള ദീർഘീകരണം ആവശ്യമായി വരുമ്പോൾ ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25%-ൽ കൂടുതൽ ദീർഘീകരണം നൽകാവുന്നതല്ല. കൂടാതെ പരമാവധി ദീർഘീകരണം ആകെ സമയത്തിന്റെ 50%-ൽ അധികരിക്കാവുന്നതുമല്ല. ഒറിജിനൽ സമയത്തിന്റെ പൂർത്തീകരണത്തിനുമുൻപ് കോൺട്രാക്ടർ ദീർഘീകരണത്തിന് അപേക്ഷ സമർപ്പിക്കാത്തപക്ഷം തുടർന്നു നടത്തുന്ന പ്രവൃത്തികൾ അനധികൃതമായി കണക്കാക്കേണ്ടതും, ആയതിന് തുക നൽകാൻ പാടില്ലാത്തതുമാണ്. എന്നാൽ ഈ മാനദണ്ഡങ്ങൾ ഐ.ഡി.വിംഗ്, പൂക്കോട്, ഐ.ഡി.വിംഗ്, മണ്ണുത്തി

എന്നിവിടങ്ങളിൽ കൃത്യമായി പാലിക്കപ്പെടുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1) പ്രവൃത്തിः- Renovation of Meat Technology lab at Mannuthy.

പ്രവൃത്തി നടത്തിയ ഓഫീസ്- ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് വിംഗ്, പൂക്കോട്

BR No: 27/04/15-16, CBV No: 27/4/15-16, CB No: 23/15-16

Cheque No. 606788 / 29/4/15 , ചെലവഴിച്ച തുക – 25,07,923

30/9/14-ന് ചമച്ച എഗ്രിമെന്റ് പ്രകാരം പ്രവൃത്തി 29/12/14 ന് 90 ദിവസം കൊണ്ട് പൂർത്തിയാക്കേണ്ടിയിരുന്നു. എന്നാൽ 28/2/15 നാണ് പ്രവൃത്തി പൂർത്തീകരിച്ചത് . കാലാവധി ദീർഘിപ്പിക്കുന്നതിന് കോൺട്രാക്ടർ അപേക്ഷ നൽകിയത് 9/1/15 ന് മാത്രമാണ്. 25/1/15 വരെ കാലാവധി ദീർഘിപ്പിക്കണമെന്ന അപേക്ഷയിൽ 28/2/15 വരെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ -II കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. ഇത് ഒറിജിനൽ സമയത്തിന്റെ 50%-ൽ കൂടുതലാണ്.

2) പ്രവൃത്തിः- Construction of an additional toilet block & repairs to the existing toilets at ULF, College of Veterinary and Animal Science, Mannuthy.

പ്രവൃത്തി നടത്തിയ ഓഫീസ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ-2, ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് വിംഗ്, മണ്ണുത്തി.

സി.ബി.വി നം. 3/4-15, ചെക്ക് നം. 447420 / 16/4/15, ചെലവഴിച്ച തുക-2,96,195/-

1/8/14-ലെ എഗ്രിമെന്റ് പ്രകാരം പ്രവൃത്തി രണ്ട് മാസം കൊണ്ട് പൂർത്തീകരിക്കേണ്ടിയിരുന്നു. എന്നാൽ 13/3/15-നാണ് പ്രവൃത്തി പൂർത്തീകരിച്ചത്. 5 മാസത്തിൽ അധികം കാലാവധി ദീർഘിപ്പിച്ചു കൊടുത്തിട്ടുണ്ട്. കാലാവധി ദീർഘീകരണം നൽകണമെന്ന് യഥാസമയം അപേക്ഷിച്ചിട്ടില്ലായെന്ന് ഫയലിൽ കാണുന്നു. രേഖകൾ പ്രകാരം കോൺട്രാക്ടർ കാലാവധി ദീർഘീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ തീയ്യതി വയ്ക്കാത്ത അപേക്ഷയിൽ, പ്രവൃത്തി പൂർത്തീകരിക്കാത്തതിനുള്ള കാരണം എഞ്ചിനീയർ എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. 3% പിഴ ചുമത്തി പ്രവൃത്തി പൂർത്തിയാക്കാൻ കാലാവധി ദീർഘിപ്പിച്ചു നൽകുക മാത്രമാണ് ചെയ്തിരിക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.2/ 23/03/2018 ന് നൽകിയ മറുപടിയിൽ സർവ്വകലാശാലക്കുവേണ്ടി നടത്തുന്ന എല്ലാ പൊതുമരാമത്ത് പ്രവൃത്തികളുടെയും കാലദൈർഘ്യം നിശ്ചയിക്കുന്നതിൽ പലപ്പോഴും ഫണ്ട് ഉപയോഗപ്പെടുത്തുന്നതിലെ സമയപരിധിയും, അടിയന്തര സാഹചര്യങ്ങളുമാണ് പരിഗണിക്കേണ്ടി വരുന്നതെന്ന് മറുപടി നൽകിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ കേരള പൊതുമരാമത്ത് മാന്വൽ 2012, ഖണ്ഡിക 2112-ലെ മാനദണ്ഡങ്ങൾ പാലിച്ച് മരാമത്ത് പ്രവൃത്തികൾ പൂർത്തിയാക്കുവാൻ ആവശ്യമായ നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതും ഭാവിയിൽ ഇക്കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-70. പ്രവൃത്തിയുടെ കാലാവധി ദീർഘീകരണം- പിഴ കൃത്യമായി ഈടാക്കിയില്ല.

ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് വിംഗ്, പൂക്കോടിന്റെ 2015-16 വർഷത്തെ Renovation of Meat Technology lab at Mannuthy എന്ന പ്രവൃത്തിയുടെ ഓഡിറ്റിൽ കണ്ട അപാകത ചുവടെ ചേർക്കുന്നു.

BR No. 27/4/15-16, CBV No. 27/4/15-16, CB No. 23/15-16, Cheque No. 606788 29/4/15 മേൽ പ്രവൃത്തിക്കുവേണ്ടി 25,07,923/- രൂപ ആകെ ചെലവഴിച്ചു. 30/9/14-ന് ചമച്ച എഗ്രിമെന്റ് പ്രകാരം 29/12/14-ന് പൂർത്തിയാക്കേണ്ടിയിരുന്ന പ്രവൃത്തി, 28/2/15-വരെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ -2 ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. ഇതിന് 15,000/-രൂപ പിഴയും ചുമത്തിയിട്ടുണ്ട്. മേൽ പ്രവൃത്തി ഭാഗികമായി കരാറുകാരന്റെ പിഴവുമൂലമാണ് ദീർഘിപ്പിക്കുന്നതെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കേരള പൊതുമരാമത്ത് മാന്വൽ 2012, ഖണ്ഡിക 2112-1 പ്രകാരം ആദ്യ കാലാവധി ദീർഘീകരണം നൽകുമ്പോൾ ആയതിനുള്ള പിഴ എഗ്രീഡ് PAC യുടെ 1%, മിനിമം 1000- മാക്സിമം 50,000/- രൂപ ഈടാക്കേണ്ടതാണ്.

എന്നാൽ മേൽ പ്രവത്തിയുടെ എഗ്രീഡ് PAC യുടെ 1% പിഴ ഈടാക്കിയിട്ടില്ല.

| | |
|---|---|
| പ്രവൃത്തിയുടെ എഗ്രീഡ് PAC | - 29,51,808 |
| ഈടാക്കേണ്ടിയിരുന്ന പിഴ | - 29,518.08 |
| (1% of agreed PAC) | - 15000 |
| ഈടാക്കിയ പിഴ കുറവ് | - 14518/- |

പിഴ ഈടാക്കിയതിലുള്ള കുറവായ **14518/-രൂപ** കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-71.എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ഘടന പരിഷ്കരണത്തിന്റെ ആവശ്യകത

വെറ്ററിനറി സർവ്വകലാശാലയുടെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പ്രവർത്തനം പരിശോധിച്ച് വിലയിരുത്തിയതിൽ നിലവിലുള്ള ഘടനയും സ്റ്റാഫ് പാറ്റേണും പഠനവിധേയമാക്കി പരിഷ്കരണം നടത്തേണ്ടതാണെന്ന് കാണുന്നു. നിലവിൽ സർവ്വകലാശാലയുടെ ആസ്ഥാനമായ പൂക്കോട് , ഡയറക്ടർ ഓഫ് ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് വിംഗ് (എക്സിക്യൂട്ടീവ് എഞ്ചിനീയർ) -ന്റെ കീഴിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ-1, അസിസ്റ്റന്റ് എഞ്ചിനീയർ - 2 (ദിവസവേതനം), 1 ടെക്നിക്കൽ അസിസ്റ്റന്റ് , (ദിവസവേതനം) , 2 ഓവർസീയർ (ദിവസ വേതനം) , 1 ഓഫീസ് അറ്റന്റന്റ് (ദിവസ വേതനം) എന്നിങ്ങനെയും മണ്ണുത്തി ക്യാംപസിൽ 2 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,2 എക്സിക്യൂട്ടീവ് എഞ്ചിനീയർ (ദിവസ വേതനം), 2 ഓഫീസ് അറ്റന്റന്റ് (ദിവസ വേതനം) എന്നിങ്ങനെയുമാണ് സ്റ്റാഫ് ഉള്ളത്. ധനവിനിയോഗം സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ 2012-13 മുതൽ 2015-16 വരെ 61.51 കോടി രൂപ മരാമത്ത് ജോലികൾക്കായി സർവകലാശാലയുടെ എഞ്ചിനീയറിംഗ് വിഭാഗം മുഖേന ചെലവഴിച്ചിട്ടുണ്ട്. കൂടാതെ മറ്റ് ബൃഹത് പദ്ധതികൾക്കായി സി.പി.ഡബ്ല്യൂ.ഡി, ബി.എസ്.എൻ.എൽ, കെ.എസ്.സി.സി. തുടങ്ങിയ നിർവ്വഹണ ഏജൻസികൾക്ക് ഏൽപ്പിച്ചു കൊടുക്കുന്ന അവസരത്തിൽ ആയതിന്റെ മേൽനോട്ടം, പുരോഗതി എന്നിവ വിലയിരുത്തുന്നതും ഈ വിഭാഗമാണ്. സ്റ്റേഷനുകൾ തമ്മിലുള്ള അകലം, ജോലിയുടെ വ്യാപ്തി, സമയബന്ധിതമായി എഞ്ചിനീയറിംഗ് പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിയാത്തത്, സാങ്കേതിക വിഭാഗം ജീവനക്കാരുടെ അപര്യാപ്തത എന്നിവ പരിഗണിച്ച് സർവ്വകലാശാലയിലെ 38 സ്റ്റേഷനുകളിലുമുള്ള വിവിധ സിവിൽ, ഇലക്ട്രിക്കൽ ജോലികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ്

വിംഗിന്റെ ഘടന, സ്റ്റാഫ് പാറ്റേൺ എന്നിവ പരിഷ്കരിക്കേണ്ടത് അനിവാര്യമാണ്. പ്രസ്തുത വിഷയം ബഹു.വൈസ് ചാൻസലർ, ബോർഡ് ഓഫ് മാനേജ്മെന്റ് എന്നിവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

**3-72. മൊബിലൈസേഷൻ അഡ്വാൻസ് നൽകി - പ്രവൃത്തി ആരംഭിച്ചിട്ടില്ല.**

സർവ്വകലാശാലക്ക് കീഴിൽ "Development of Integrated Business Centre at Mannuthy and Development of University Veterinary Hospital Complex at Kokkala" എന്ന പ്രവൃത്തിക്കായി 15,00,000/-രൂപ കൺസൾട്ടിംഗ് ഫീസായി 14/03/2015-ലെ 38-ാമത് ബോർഡ് ഓഫ് മാനേജ്മെന്റ് മീറ്റിംഗിൽ അംഗീകരിച്ചു. ഇതിൻ പ്രകാരം 01/04/2015-ന് കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് സർവ്വകലാശാലയും നിർവ്വഹണ ഏജൻസിയായ M/s. Inkel ltd., കൊച്ചിനും തമ്മിലുണ്ടാക്കിയ 'മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ്' പ്രകാരം മൊബിലൈസേഷൻ അഡ്വാൻസായി സി.ബി.വി. നം. 22/15-16 തീയ്യതി 28/04/15 പ്രകാരം (ചെക്ക് നം. 606787/28.04.15 ) 1,51,686 നൽകി. എന്നാൽ നാളിതുവരെയും പ്രവൃത്തി ആരംഭിച്ചിട്ടില്ല. പ്രവൃത്തിയുടെ നിലവിലെ സ്ഥിതിവിവരം ലഭ്യമല്ല. മൊബിലൈസേഷൻ അഡ്വാൻസ് നൽകി മൂന്നുവർഷം പിന്നിട്ടിട്ടും പ്രവൃത്തി ആരംഭിക്കാത്തതിന് കാരണം വ്യക്തമല്ല. ഓഡിറ്റ് കാലയളവിലും പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്തതിനാൽ മൊബിലൈസേഷൻ അഡ്വാൻസായി നൽകിയ 1,56,686/- രൂപ 18% പലിശയോടുകൂടി തിരികെ ഈടാക്കേണ്ടതാണ്.

**3-73. "Construction of class room in the second level of clinical complex at kerala veterinary and animal sciences university" എന്ന വർക്കുമായി ബന്ധപ്പെട്ട അപാകതകൾ**

16/05/2014-ൽ കരാർ ചമച്ച പ്രവൃത്തി 60 ദിവസത്തിനകം (16/07/2014)-ൽ പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ വർക്ക് പൂർത്തീകരിച്ച് ചെക്ക് മെഷർ ചെയ്തിരിക്കുന്നത് 26/06/2015-ൽ മാത്രമാണ്. 16/12/2015-ലെ കെ.വി.എ.എസ്.യു/ഐ.ഡി.ബ്ല്യൂ/375/2014-ാം നമ്പർ ഓഫീസ് നടപടി ക്രമങ്ങൾ പ്രകാരം 16/07/2014-ൽ പൂർത്തീകരിക്കേണ്ട പ്രവൃത്തി 4 പ്രാവശ്യമായി 30/06/15 വരെ ദീർഘിപ്പിച്ച് നൽകിയതായി വ്യക്തമാക്കിയിട്ടുണ്ട്. ഏകദേശം 1 വർഷത്തോളം ദീർഘീകരണം അനുവദിച്ചത് ക്രമപ്രകാരമല്ല. കേരള പൊതുമരാമത്ത് മാന്വൽ ജി.ഒ.പി 13/2012, പി.ഡബ്ല്യൂ.ഡി /തീയ്യതി 1/2/2012 സെക്ഷൻ 2112 പ്രകാരം പൂർത്തീകരണത്തിനുള്ള സമയ ദീർഘീകരണം ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% അല്ലെങ്കിൽ 6 മാസം ഏതാണോ കുറവ് അതിൽ അധികരിക്കാൻ പാടില്ലായെന്നും പരമാവധി ദീർഘീകരണം ഒറിജിനൽ പൂർത്തീകരണ സമയത്തിന്റെ 50%ത്തിൽ അധികരിക്കാൻ പാടില്ലായെന്നും പൂർത്തീകരണ കാലാവധി കരാറുകാരന്റെ പിഴവുമൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാമെന്നും വ്യവസ്ഥ ചെയ്യുന്നു. കൂടാതെ, 16/07/2014-ൽ കരാർ വെച്ച പ്രവൃത്തിയുടെ സൈറ്റ് 16/05/2015-ലാണ് ഹാൻഡ് ഓവർ ചെയ്തു നൽകിയിട്ടുള്ളതെന്ന് ചീഫ് എഞ്ചിനീയർ ഓഫീസ് നടപടിക്രമങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച യാതൊരു രേഖകളും ഫയലിൽ ഉൾക്കൊള്ളിച്ചിട്ടില്ല. മാത്രമല്ല, എക്സ്റ്റൻഷനുള്ള അപേക്ഷ കരാറുകാരൻ നൽകാത്തതിനാൽ കരാർ റദ്ദാക്കാനുള്ള നടപടി സ്വീകരിക്കുമെന്ന് അറിയിച്ച് 4/7/2014-ലും 15/01/2015-ലും കരാറുകാരന് കെ.വി.എ.എസ്.യു/ഐ.ഡി.ഡബ്ല്യൂ /375/2014 പ്രകാരം കത്ത് നൽകിയിട്ടുണ്ട്.

ഓഫീസ് നടപടിക്രമങ്ങളും ഫയലിലെ രേഖകളും വ്യത്യസ്തമായിരിക്കുന്നതിൽ നിന്നും യഥാർത്ഥത്തിൽ കരാറുകാരൻ കാലാവധി ദീർഘീകരണത്തിനായി അപേക്ഷ നൽകിയിട്ടില്ലായെന്ന് വ്യക്തമാണ്.

### 3-74. അക്കാദമിക്ക് ബ്ലോക്ക് ഉദ്ഘാടനവുമായി ബന്ധപ്പെട്ട പ്രവൃത്തിയിലെ ന്യൂനതകൾ

**ലൈവ് സ്റ്റോക്ക് റിസർച്ച് സ്റ്റേഷൻ , തിരുവാഴാംകുന്ന്.**

പ്രവൃത്തിയുടെ പേര് - പശുതൊഴുത്ത്, പെയിന്റിംഗ്; ക്യാന്റീൻ, പമ്പ് ഹൗസ് എന്നിവയുടെ അറ്റകുറ്റപ്പണി.
കരാറുകാരൻ - ശ്രീ.എം.ജമാൽ, പി.ഡബ്ല്യു.ഡി കോൺട്രാക്ടർ.
പ്രവൃത്തിമൂല്യം - 6,92,500/-

| | |
|---|---|
| (-) IT | 6925/- |
| KCWWF | 6925/- |
| VAT | 20775/- |
| | 34,625/ |

കരാറുകാരന് അനുവദിച്ച തുക - 6,57,875/- (6,92,500-34,625/-)

പൗൾട്രി സയൻസ് കോളേജിന്റെ അക്കാദമിക്ക് ബ്ലോക്ക് ഉദ്ഘാടനം ചെയ്യുന്നതിനായി 19.02.2015 ന് ബഹു.മുഖ്യമന്ത്രിയുടെ സന്ദർശനത്തിന്റെ ഭാഗമായി നടത്തിയ മേൽ പ്രവൃത്തിയിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 29.01.2015 ന് തിരുവാഴാംകുന്ന് സ്റ്റേഷനിൽ വെച്ച് നടന്ന വൈസ് ചാൻസലറുടെ മീറ്റിംഗിൽ വെച്ച് പ്രസ്തുത പ്രവൃത്തി ചെലവ് RIDF/EFC ഗ്രാന്റിൽ നിന്നും ചെലവഴിക്കാനാണ് തീരുമാനിച്ചിരുന്നത്. എന്നാൽ നോൺപ്ലാനിൽ നിന്നുമാണ് തുക ചെലവഴിച്ചത്.

2. ഓരോ പ്രവൃത്തിക്കും പ്രത്യേകം ക്വൊട്ടേഷൻ ക്ഷണിച്ചു. എല്ലാ പ്രവൃത്തിയും ഏറ്റെടുത്തത് ഒരു കോൺട്രാക്ടറാണ്.

3. പ്രവൃത്തിക്ക് എം ബുക്കോ, ഫൈനൽ ബില്ലോ തയ്യാറാക്കാതെ കോൺട്രാക്ടർ ക്വോട്ട് ചെയ്ത മുഴുവൻ തുകയും നൽകുകയാണ് ഉണ്ടായത്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യമാണ്. **6,57,875/- രൂപ തടസ്സം ചെയ്യുന്നു.**

### 3-75. ദിവസ വേതനത്തിൽ നിയമനം - അധിക തുക നൽകി

സർവ്വകലാശാലയുടെ തിരുവനന്തപുരത്തുള്ള ലെയ്സൺ ഓഫീസിൽ ദിവസവേതനാടിസ്ഥാനത്തിൽ ഓഫീസ് അറ്റന്റന്റ് ആയി നിയമിതയായ ശ്രീമതി സി. രത്നമ്മയ്ക്ക് പ്രതിമാസം 3900/- രൂപ നിരക്കിൽ വേതനം നൽകിയതായി കാണുന്നു. ജി.ഒ(എം.എസ്) നമ്പർ 1208/2013 ജി.എ.ഡി. തീയ്യതി 03/05/2013 ക്രമ നമ്പർ 2-ലെ

കോളം 4,5 ന് വിധേയമായി പരമാവധി 3900/-രൂപ വിനിയോഗിക്കാവുന്നതാണ്. എന്നാൽ ക്രമ നമ്പർ 3(i) പ്രകാരം പ്രതിമാസം, ഒ.എയ്ക്ക് നൽകാവുന്ന ഏറ്റവും കൂടിയ പ്രതിമാസവേതനം 3000/- രൂപയാണ്. ക്രമ നമ്പർ 3 ന്റെ (i),(ii),(iii) എന്നീ 3 ഇനങ്ങളിലും കൂടി പരമാവധി 3900/- വിനിയോഗിക്കാൻ കഴിയൂ. ആയതിനാൽ ഇക്കാര്യത്തിൽ 2014-15 , 2015-16 വർഷങ്ങളിൽ താഴെ പറയും പ്രകാരം വേതന ഇനത്തിൽ അധികം നൽകിയ **18,900/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.** ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി യൂണിവേഴ്സിറ്റി ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

ചെലവ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | മാസം | വൗച്ചർ നം. | തീയ്യതി | തുക | അധികം നൽകിയത് |
|---|---|---|---|---|---|
| 1 | 4/14 | CBV .14-5/17 | 9/05/14 | 3900 | 900 |
| 2 | 5/14 | CBV .16-6/14 | 17/06/14 | 3900 | 900 |
| 3 | 6/14 | CBV .20-7/14 | 31/07/14 | 3900 | 900 |
| 4 | 7/14 | CBV .18-8/14 | 13/08/14 | 3900 | 900 |
| 5 | 8/14 | CBV .6-10/14 | 01/10/14 | 3900 | 900 |
| 6 | 9/14 | CBV .12-11/14 | 13/11/14 | 3900 | 900 |
| 7 | 10/14 | CBV .14-11/14 | 14/01/15 | 3900 | 900 |
| 8 | 11/14 | CBV .16-1/17 | | 7800 | 1800 |
| 9 | 12/14 | | | | |
| 10 | 1/15 | CBV .66-2/15 | 13/02/15 | 3900 | 900 |
| 11 | 2/15 | CBV .21-3/15 | 28/03/15 | 3900 | 900 |
| 12 | 3/15 | CBV .10-4/17 | 20/04/15 | 3900 | 900 |
| 13 | 4/15 | CBV .12-6/15 | 11/06/15 | 7800 | 1800 |
| 14 | 5/15 | | | | |
| 15 | 6/15 | CBV .15-7/15 | 16/07/15 | 3900 | 900 |
| 16 | 7/15 | CBV .16-8/15 | 11/08/15 | 3900 | 900 |
| 17 | 8/15 | CBV .4-9/15 | 9/09/15 | 3900 | 900 |
| 18 | 9/15 | CBV .6-11/15 | 11/11/15 | 3900 | 900 |
| 19 | 10/15 | CBV .17-11/15 | 11/11/15 | 3900 | 900 |
| 20 | 11/15 | CBV .26-12/15 | 11/12/15 | 3900 | 900 |
| 21 | 12/15 | CBV .21-1/16 | 19/01/15 | 3900 | 900 |
| | | | | 81,900 | 18,900 |

## 3-76. ഇൻകം ടാക്സ് പിടിച്ചില്ല - 15,571/- രൂപയുടെ നഷ്ടം

**വൈസ് ചാൻസലറുടെ ഓഫീസ്**

ഇൻകം ടാക്സ് ആക്ട് , 1961, സെക്ഷൻ 194 സി പ്രകാരം കോൺട്രാക്ട് അടിസ്ഥാനത്തിൽ സേവനം നൽകുന്ന സ്ഥാപനത്തിലേയ്ക്ക് വേതനം നല്കുന്ന വേളയിൽ ഉറവിടത്തിൽ നിന്നും 2% ടാക്സ് ഈടാക്കേണ്ടതുണ്ട്. എന്നാൽ സെക്യൂരിറ്റി ജീവനക്കാർക്കുള്ള വേതനമിനത്തിൽ കേരള എക്സ് സർവ്വീസ് ലീഗിനു നൽകിയ താഴെ പറയുന്ന ചെലവുകളിൽ നിന്നും ഇൻകം ടാക്സ് ഈടാക്കിയില്ല.

| വൗച്ചർ നം. | തുക | ഈടാക്കേണ്ട ഇൻകം ടാക്സ് 2% നിരക്കിൽ |
|---|---|---|
| 2/3-4-14 | 65100 | 1302 |
| 6/6-5-14 | 63000 | 1260 |
| 8/9-6-14 | 65100 | 1302 |
| 9/2-7-14 | 63000 | 1260 |
| 15/5-8-14 | 65100 | 1302 |
| 6/2-9-14 | 59850 | 1197 |
| 18/7-10-14 | 63000 | 1260 |
| 17/13-11-14 | 65100 | 1302 |
| 8/3-12-14 | 63000 | 1260 |
| 10/1-1-15 | 65100 | 1302 |
| 2/9-2-15 | 74000 | 1480 |
| 7/3-3-15 | 67200 | 1344 |
| ആകെ | | **15,571** |

മേൽ തുക 15,571/- രൂപ ഈടാക്കി കേന്ദ്ര സർക്കാരിലേയ്ക്ക് അടവാക്കേണ്ടതാണ്.

## 3-77. ആദായനികുതി - സർവ്വകലാശാല ഫണ്ടിൽ നിന്നും പിഴയൊടുക്കി.

2014-15 വർഷത്തെ ആദ്യ പാദത്തിലെ ആദായനികുതി ഫയൽ ചെയ്യാൻ വൈകിയതിന് സർവ്വകലാശാല ഫണ്ടിൽ നിന്നും സി.ബി.വി 54/8-14 പ്രകാരം 2,800 /- രൂപ പിഴ അടച്ചിട്ടുണ്ട്. ആദായനികുതി റിട്ടേൺ കൃത്യമായി ഫയൽ ചെയ്യേണ്ടത് ഓഫീസ് തലവന്റെ വ്യക്തിപരമായ ഉത്തരവാദിത്തമാകയാൽ ടി തുക ചെലവിനുത്തരവാദിയായ ഉദ്യോഗസ്ഥൻ ശ്രീ.കെ.പി.ശ്രീകുമാർ, രജിസ്ട്രാറിൽ നിന്നും ഈടാക്കി സർവ്വകലാശാലഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 3-78. ജീവനക്കാർക്ക് മിൽക്കേഴ്സ് അലവൻസ് നൽകുന്നത്

യൂണിവേഴ്സിറ്റി ബഫല്ലോ ഫാം, യു.എൽ.എഫ് & എഫ്.ആർ.ഡി.എസ്.,മണ്ണുത്തി എന്നിവിടങ്ങളിൽ കറവക്കാരായ ഫാം ജീവനക്കാർക്ക് 2014-15 സാമ്പത്തിക വർഷം ഓരോ മാസവും മിൽക്കേഴ്സ് അലവൻസായി വ്യത്യസ്ത അളവിൽ പാൽ നൽകിയിട്ടുണ്ട്. യൂണിവേഴ്സിറ്റി ബഫല്ലോ ഫാമിൽ 442 ലിറ്ററും ലൈവ് സ്റ്റോക്ക് ഫാമിൽ 966.5 ലിറ്ററും ആണ് നൽകിയതായി കാണുന്നത്.

മിൽക്കേഴ്സ് അലവൻസ് അനുവദിച്ചതിന് ആധാരമായ ഉത്തരവൊന്നും തന്നെ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഉത്തരവിന്റെ പിൻബലമില്ലാതെ മിൽക്കേഴ്സ് അലവൻസ് അനുവദിച്ചത് സംബന്ധിച്ച് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### ജീവനക്കാർക്ക് സ്പെഷ്യൽ അലവൻസ് /ഔട്ട് സ്റ്റേഷൻ അലവൻസ്

ലൈവ് സ്റ്റോക്ക് റിസർച്ച് സ്റ്റേഷൻ, തിരുവാഴാംകുന്നിലെ ജീവനക്കാർക്ക് ശമ്പളത്തോടൊപ്പം ഔട്ട് സ്റ്റേഷൻ അലവൻസ് , സ്പെഷ്യൽ അലവൻസ് എന്നിവ അനുവദിച്ചതായി കാണുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു. ഔട്ട് സ്റ്റേഷൻ അലവൻസിനത്തിൽ 31,423/- രൂപയും സ്പെഷ്യൽ അലവൻസിനത്തിൽ 10,831/- രൂപയും നൽകിയിട്ടുണ്ട്. പ്രസ്തുത അലവൻസുകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സർവ്വകലാശാലാ തലത്തിൽ തീരുമാനങ്ങൾ ഉണ്ടെങ്കിൽ അറിയിക്കേണ്ടതാണ്.

## 3-79. Packages of Practice പ്രകാരമുള്ള നിർദ്ദേശങ്ങൾ, പ്രവർത്തനം ഇവ ഫലപ്രാപ്തികൈവരിക്കുന്നില്ല.

**കന്നുകുട്ടികൾക്ക് പാൽ നൽകുന്നത് 'പാക്കേജ് ഓഫ് പ്രാക്ടീസ് പ്രകാരമല്ല**

1). യൂണിവേഴ്സിറ്റി ലൈവ് സ്റ്റോക്ക് ഫാമിൽ 4 ദിവസം മുതൽ 3 മാസ വരെ പ്രയമുള്ള കന്നുകുട്ടികൾക്ക് പാൽ കൊടുത്തിരിക്കുന്നത് പാക്കേജ് ഓഫ് പ്രാക്ടീസസ് പ്രകാരമല്ല. ഒരു ദിവസം കന്നു കുട്ടികൾക്ക് അനുവദിച്ച പാലിന്റെ അളവ് ഉദാഹരണമായി ചുവടെ ചേർക്കുന്ന (01-05-2014 -ൽ കൊടുത്ത പാലിന്റെ അളവ്)

| ക്രമ നം | കന്നുകുട്ടികളുടെ പ്രായം | എണ്ണം | പാക്കേജ് ഓഫ് പ്രാക്ടീസസ് പ്രകാരം കൊടുക്കേണ്ട പാലിന്റെ അളവ് | കൊടുത്ത പാലിന്റെ അളവ് മിൽക്ക് ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ പ്രകാരം |
|---|---|---|---|---|
| 1 | 4 ദിവസം മുതൽ 2 ആഴ്ച | 4 | 12 കി.ഗ്രാം (4x3) | 47.5 കി.ഗ്രാം |
| 2 | 2 ആഴ്ച മുതൽ 4 ആഴ്ച | 7 | 24.5 @ 3.5 കി.ഗ്രാം | |
| 3 | 4 ആഴ്ച മുതൽ 6 ആഴ്ച | 12 | 48 @ 4/കി.ഗ്രാം | |
| 4 | 6 ആഴ്ച മുതൽ 8 ആഴ്ച | 5 | 17.25 @ 3.25 കി.ഗ്രാം | |
| 5 | 8 ആഴ്ച മുതൽ 10 ആഴ്ച | 5 | 13.75 @ 2.75 കി.ഗ്രാം | |
| 6 | 10 ആഴ്ച മുതൽ 12 ആഴ്ച | 3 | 9.75 @ 3.25 കി.ഗ്രാം | |
| | | | 125.25 ഗ്രാം | 47.5 കി.ഗ്രാം |

ഇക്കാര്യം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം. 11/14-15 ന് മറുപടിയിൽ ഫാമിന്റെ 23-01-2012-ലെ ജി./48/12 ഉത്തരവിന്റെ അടിസ്ഥാനത്തിൽ കന്നുകുട്ടികളുടെ ശരീരഭാരത്തിനും പ്രായത്തിനും അടിസ്ഥാനമാക്കിയാണ് പാൽ നൽകുന്നതെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ മിൽക്ക് ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ പരിശോധിച്ചതിൽ കന്നുകുട്ടികളുടെ പ്രായമോ ശരീര ഭാരമോ രേഖപ്പെടുത്തിയിട്ടില്ല.

**2) പ്രൊഡക്ഷൻ റേഷൻ കണക്കാക്കുന്നതിലെ വൈരുദ്ധ്യം.**

യൂണിവേഴ്സിറ്റി ലൈവ് സ്റ്റോക്ക് ഫാമിലും ബഫല്ലോ ഫാമിലും രണ്ട് രീതിയിലാണ് പ്രൊഡക്ഷൻ റേഷൻ കണക്കാക്കുന്നത്. യൂണിവേഴ്സിറ്റി ലൈവ് സ്റ്റോക്ക് ഫാമിൽ മുൻ മാസത്തെ ആകെ പാലുല്പാദനം കണക്കാക്കി 3 കി.ഗ്രാം പാലിന് 1 കി.ഗ്രാം കാലിത്തീറ്റ എന്ന കണക്കിലും ബഫല്ലോ ഫാമിൽ 4 കി.ഗ്രാം പാലിന് 1 കി.ഗ്രാം കാലിത്തീറ്റ എന്ന കണക്കിലുമാണ് പ്രൊഡക്ഷൻ റേഷനായി നൽകുന്നത്.

ബഫല്ലോ ഫാമിൽ ഏപ്രിൽ മാസം പ്രൊഡക്ഷൻ റേഷൻ കണക്കാക്കിയതിൽ തെറ്റുപറ്റിയതാണെന്നും ലൈവ് സ്റ്റോക്ക് ഫാമിൽ നല്ല ഗുണമേന്മയുള്ള പച്ചപ്പുല്ലും ചെറുപ്രായത്തിൽ നല്ല അളവിൽ തീറ്റയും കൊടുത്തതു കാരണം പശുവിന്റെ വളർച്ച അതിന്റെ ജനസിസ്സിനൊത്ത വലുപ്പം ആയതു കൊണ്ടാണ് 3 കി.ഗ്രാം പാലിന് 1.കി.ഗ്രാം എന്ന കണക്കിൽ കുറച്ച് പ്രൊഡക്ഷൻ റേഷൻ നൽകിയതന്നും അറിയിച്ചിരിക്കുന്നു. എന്നാൽ ഫാമിലെ പാലുല്പാദനം , പ്രത്യുത്പാദനം എന്നിവയുടെ വൻ കുറവും ഫാമിലെ 3 മുതൽ 6 മാസത്തിൽപ്പെട്ട 6 കന്നുകുട്ടികൾ ക്ഷീണിതരും തീറ്റ കഴിക്കൽ കുറവുള്ളവരുമാണെന്നുള്ള വസ്തുതയും ഫാം ഉദ്യോഗസ്ഥരുടെ വാദത്തെ ഖണ്ഡിക്കുന്നതാണ്.

പാക്കേജ് ഓഫ് പ്രാക്ടീസസ് പ്രകാരം ഓരോ കറവപ്പശുവിനും അത് ഉൽപ്പാദിപ്പിക്കുന്ന 205 കി.ഗ്രാം പാലിന് 1 കി.ഗ്രാം തീറ്റ എന്ന കണക്കിൽ പ്രൊഡക്ഷൻ റേഷൻ നൽകേണ്ടതാണ്. എന്നാൽ ലൈവ് സ്റ്റോക്ക് ഫാമിലും, ബഫല്ലോ ഫാമിലും തൊട്ടു മുൻമാസത്തെ മൊത്തം പാലുല്പാദനത്തിന്റെ (കറവപ്പശുവിന്റെയും, കറവ വറ്റിയ പശുവിന്റെയും പാൽ) അടിസ്ഥാനത്തിൽ യഥാക്രമം 2.5 കി.ഗ്രാം പാലിന് 1 കി.ഗ്രാം 3 കി.ഗ്രാം പാലിന് 1 കി.ഗ്രാം കാലിത്തീറ്റയാണ് അടുത്ത മാസം പ്രൊഡക്ഷൻ റേഷനായി നൽകുന്നത്. ഓരോ കന്നുകാലിക്കും അതിന്റെ അർഹതപ്പെട്ട അടുത്ത മാസം പ്രൊഡക്ഷൻ റേഷൻ ലഭിക്കണമെങ്കിൽ ഓരോ കന്നുകാലിയുടെയും ഓരോ ദിവസത്തെയും പാലുൽപ്പാദനം പ്രത്യേകം രേഖപ്പെടുത്തി ആയതിനനുസരിച്ച് അന്നത്തെ തീറ്റ കണക്കാക്കി നൽകുകയാണ് ശാസ്ത്രീയവും യുക്തവുമായത്.

**3) ഡയറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ**

യൂണിവേഴ്സിറ്റി ലൈവ് സ്റ്റോക്ക് ഫാമിന്റെ ഡയറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ കന്നുകാലികളെ വിവിധ ഗ്രൂപ്പുകളാക്കി തിരിച്ചതിൽ വ്യത്യാസം കാണുന്നു. ഉദാ:- ലൈവ് സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 01/04/2014-ന് ആകെയുള്ള 287 കന്നുകാലികളിൽ മൂന്ന് മാസത്തിനും 6 മാസത്തിനും ഇടയിൽ പ്രായമുള്ളവ 16 എണ്ണമാണ്. എന്നാൽ അന്നത്തെ ഡയറ്റ് രജിസ്റ്റർ പ്രകാരം ആയത് 10 എണ്ണമെന്ന് കണക്കാക്കി 1.5 കിഗ്രാം വീതം തീറ്റയാണ് (കാഫ് സ്റ്റാർട്ടർ) നൽകിയിട്ടുള്ളത്. ബാക്കിയുള്ള 6 കന്നുകുട്ടികളെ "മൂന്നു മാസത്തിൽ താഴെ" എന്ന ഗ്രൂപ്പിൽപ്പെടുത്തി 1/2 കി.ഗ്രാം വീതം തീറ്റയാണ് നൽകിയത്. ഈ 6 കുട്ടികൾ അൽപം ക്ഷീണിതരും തീറ്റ

കഴിക്കൽ കുറവുള്ളവയുമായതുകൊണ്ട് അതേ ഗ്രൂപ്പിൽ തന്നെ നിർത്തി ആവശ്യത്തിന് തീറ്റ കൊടുത്തു എന്നാണ് അധികൃതരുടെ മറുപടി. എന്നാൽ ഈ 6 കുട്ടികളുടെ ആരോഗ്യസ്ഥിതിയെ സംബന്ധിച്ച് യാതൊരു വിവരവും ഡയറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. എന്നതിൽ നിന്നും കന്നുകാലികളുടെ ആരോഗ്യ സ്ഥിതി യഥാസമയം പരിശോധിക്കുന്നില്ല എന്ന് ഓഡിറ്റ് അനുമാനിക്കുന്നു.

**4) കന്നുകാലികൾക്ക് തീറ്റ നൽകുന്നത് പാക്കേജ് ഓഫ് പ്രാക്ടീസസ് പ്രകാരമല്ല.**

യൂണിവേഴ്സിറ്റി ലൈവ് സ്റ്റോക്ക് ഫാമിൽ കന്നുകാലികൾക്ക് കാലിത്തീറ്റ നൽകുന്നത് പാക്കേജ് ഓഫ് പ്രാക്ടീസ് പ്രകാരമല്ല. ഉദാഃ- 01/04/2014-ൽ ഫാമിലുണ്ടായിരുന്ന 287 കന്നുകാലികൾക്ക് നൽകിയ തീറ്റയുടെ വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പി.ഒ.പി പ്രകാരം പരമാവധി നൽകേണ്ടത് | | ഡയറ്റ് രജിസ്റ്റർ പ്രകാരം നൽകിയത് |
|---|---|---|---|
| | ഇനം | അളവ് കി.ഗ്രാം | കി.ഗ്രാം |
| 1 | കറവപ്പശു | 1) 86 @ 1.25 കി.ഗ്രാം<br>2) പ്രൊഡക്ഷൻ റേഷൻ (കി.ഗ്രാം/2.5 കി.ഗ്രാം പാൽ<br>3) പ്രഗ്നന്റ് അലവൻസ് (1 കി.ഗ്രാം കാലിത്തീറ്റ +1/2 കി.ഗ്രാം ഊർജ്ജദായക തീറ്റ | 1) 86x2=172 കി.ഗ്രാം<br>2) പ്രൊഡക്ഷൻ റേഷൻ *22940.7/31x3=2246.6 കിഗ്രാം<br>3) മാർച്ച് 15-ന് ശേഷം പ്രസവിച്ചത്- 12 എണ്ണം അവയ്ക്ക് @ 2 കി.ഗ്രാം= 24 കി.ഗ്രാം പ്രഗ്നൻസ് അലവൻസ്- 6 മാസമോ അതിൽ കൂടുതലോ ഗർഭിണിയായവയ്ക്ക് 20x2kg= 40kg |
| 2 | കറവ വറ്റിയ പശു | 49x@1.25 കി.ഗ്രാം= 65 കി.ഗ്രാം (മെയിന്റനൻസ് തീറ്റ) | 46x1=49 കി.ഗ്രാം |
| 3 | 20 മാസത്തിന് മുകളിൽ പ്രായമുള്ളവ | 46@2.5=115 | 46x3.5=161 |
| 4 | 15-20 മാസം പ്രായമായവ | 40@2.5=90 | 40x3.5=140 |
| 5 | 9-15 മാസം പ്രായമായവ | 21@2.1=44.1 | 21x3=63 |
| 6 | 6-9 മാസം പ്രായമായവ | 13@2-26 | 13x2.5=32.5 |
| 7(a) | 20-24 ആഴ്ച | @1.5kg to 2 kg | 10x1.5=15 |
| b | 12-20 ആഴ്ച | @ 1.25 to 1.5kg | കാഫ് സ്റ്റാർട്ടർ |
| c | 12-16 ആഴ്ച | @ 1 to 1.25 kg | |
| d | 10-12 ആഴ്ച | 600 gm to 800 gm | |
| e | 8-10 ആഴ്ച | 500-600gm | |
| f | 6-8 ആഴ്ച | 400-500 gm | 22x0.5=11 |

| | | | |
|---|---|---|---|
| g | 4-6 ആഴ്ച | 250 gm-400 gm | കാഫ് സ്റ്റാർട്ടർ |
| h | 2-4 ആഴ്ച | 100 gm-250 gm | |

* പ്രൊഡക്ഷൻ റേഷൻ - തൊട്ടു മുൻമാസത്തെ 3 കി.ഗ്രാം പാലിന് 1 കിലോ ഗ്രാം കാലിത്തീറ്റ എന്ന കണക്കിൽ പി.ഒ.പി പ്രകാരം 4 വർഷത്തിൽ താഴെയുള്ള കന്നുകാലികൾക്ക് ആദ്യ പ്രസവത്തിന് 1 കി.ഗ്രാമും രണ്ടാമത്തെ പ്രസവത്തിന് 1/2 കി.ഗ്രാമും കാലിത്തീറ്റ വളർച്ച അലവൻസായും നൽകേണ്ടതാണ് പാക്കേജ് ഓഫ് പ്രാക്ടീസസ് പ്രകാരം 250 കി.ഗ്രാമിൽ കൂടുതൽ ഭാരമുള്ള ക്രമ നമ്പർ 1 മുതൽ 4 വരെ ഗണത്തിൽപ്പെടുന്ന കന്നുകാലികൾക്ക് ഓരോ 50 കി.ഗ്രാം അധിക തൂക്കത്തിനും 500 ഗ്രാം അധിക കാലിത്തീറ്റ നൽകേണ്ടതാണ്. കന്നുകാലികളുടെ പ്രായത്തിന്റെയും അതാതു സമയത്തെ അവസ്ഥയും വെറ്ററിനറി ഡോക്ടർമാർ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വേണം യഥാർത്ഥത്തിൽ നൽകേണ്ട തീറ്റ കണക്കാക്കേണ്ടതാണ്.

എന്നാൽ ലൈവ് സ്റ്റോക്ക് ഫാമിലെ കന്നുകാലികൾക്ക് തീറ്റ നൽകുന്നതിൽ ഓഡിറ്റിന് ബോധ്യപ്പെട്ട കാര്യങ്ങൾ ഇപ്രകാരമാണ്.

മണ്ണുത്തി ലൈവ് സ്റ്റോക്ക് ഫാമിലെ ലൈവ് സ്റ്റോക്ക് രജിസ്റ്ററിലോ ഡയറ്റ് രജിസ്റ്ററിലോ കന്നുകാലികളുടെ അതതു സമയത്തെ ഭാരമോ ആരോഗ്യ സ്ഥിതിയോ രേഖപ്പെടുത്തുകയോ ഈ വിവരങ്ങൾ രേഖപ്പെടുത്തിയ ഏതെങ്കിലും രജിസ്റ്റർ ഓഡിററിന് ഹാജരാക്കുകയോ ചെയ്തിട്ടില്ല. 20 മാസത്തിൽ താഴെയുള്ള കന്നു കുട്ടികൾക്ക് പി.ഒ.പി പ്രകാരം 11 പ്രായ ഗ്രൂപ്പുകളാക്കി തിരിച്ച് വിവിധ അളവിലുള്ള തീറ്റയാണ് നൽകേണ്ടത്. എന്നാൽ ഫാമിൽ ഈ കന്നുകുട്ടികളുടെ 4 ഗ്രൂപ്പാക്കി തിരിച്ചാണ് തീറ്റ നൽകിയിട്ടുള്ളത്. ഓരോ വിഭാഗത്തിലുംപെട്ട കന്നുകാലികളുടെ വിവരങ്ങൾ പ്രത്യേകം രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചാൽ മാത്രമേ അവയ്ക്ക് അർഹതപ്പെട്ടതും നൽകേണ്ടതുമായ തീറ്റ എത്രയാണെന്നും ആയത് നൽകുന്നുവെന്നും ഉറപ്പു വരുത്താൻ കഴിയൂ. എന്നാൽ അത്തരത്തിലൊരു രജിസറ്റർ ഓഡിറ്റിന് പരിശോധനയക്ക് ഹാജരാക്കിയിട്ടില്ല.

**<u>5) ലൈവ് സ്റ്റോക്ക് ഫാമിലേയും ബഫല്ലോ ഫാമിലേയും പാലുൽപ്പാദനം, പ്രത്യുൽപ്പാദന-ക്ഷമത വളരെ കുറവ്</u>**

ലൈവ് സ്റ്റോക്ക് ഫാമിൽ 2014-15 വർഷം ശരാശരി ഉം ബഫല്ലോ ഫാമിൽ ശരാശരി 100 ഉം കന്നുകാലികളെയാണ് പരിപാലിച്ചിട്ടുള്ളത്. പി.ഒ.പി പ്രകാരം ഫാമിലെ കന്നുകാലികളിൽ 80% കന്നുകാലികൾ ഒരു വർഷം പ്രസവിക്കേണ്ടതും അവയുടെ പാലുൽപ്പാദനം ഒരു കറവക്കാലത്തേക്ക് (305 ദിവസം) 2500 കി.ഗ്രാം ആവേണ്ടതുമാണ്. എന്നാൽ 2014-15 വർഷം ഫാമിൽ 240 പ്രസവങ്ങൾ (300-ന്റെ 80%) വേണ്ടിടത്ത് 110 പ്രസവങ്ങൾ മാത്രമേ നടന്നിട്ടുള്ളൂ. ബഫല്ലോ ഫാമിന്റെ കാര്യത്തിൽ 80 പ്രസവങ്ങൾ നടക്കേണ്ടിടത്ത് ( 100-ന്റെ 80%) 32 പ്രസവങ്ങളെ നടന്നിട്ടുള്ളൂ. പാലുൽപ്പാദനത്തിന്റെ കാര്യത്തിൽ പി.ഒ.പി പ്രകാരം ലൈവ് സ്റ്റോക്ക് ഫാമിൽ 6 ലക്ഷം പാൽ (240x2500) ലഭിക്കേണ്ടിടത്ത് 274056. 3 കി.ഗ്രാം പാൽ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ബഫല്ലോ ഫാമിൽ രണ്ട് ലക്ഷം കി.ഗ്രാം പാൽ (80x 2500 ലഭിക്കേണ്ടിടത്ത് 38278.7 കി.ഗ്രാം പാൽ മാത്രമേ ലഭിച്ചിട്ടുള്ളൂ.

## 3-80. താൽക്കാലിക തൊഴിലാളികൾക്ക് H.T.A അനുവദനീയമല്ല.

ഫാമിലെ കാഷ്വൽ തൊഴിലാളികൾക്ക് സ.ഉ.(പി)156/2012/കൃഷി തീയ്യതി 17/06/2012 (2009 ശമ്പള പരിവർത്തന ഉത്തരവ്) പ്രകാരം എച്ച്.ടി.എ അനുവദനീയമല്ലെങ്കിലും താഴെപ്പറയുന്ന തുകകൾ എച്ച്.ടി.എ ആയി അനുവദിച്ചിട്ടുണ്ട്.

| മാസം | പുരുഷതൊഴിലാളികൾ | സ്ത്രീതൊഴിലാളികൾ | |
|---|---|---|---|
| 4/14 | 2621/- | 2503/- | 13924 |
| 5/14 | 1858/- | 2155/- | |
| 6/14 | 2487/- | 2300/- | |
| 7/14 | 2852/- | 1955/- | 15430 |
| 8/14 | 2870/- | 2000/- | |
| 9/14 | 3212/- | 2541/- | |
| 10/14 | 3000/- | 2315/- | 5315 |
| | 18960 | 15769 | |

ആയതിനാൽ **34669/-** രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി യൂണിവേഴ്സിറ്റി ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

## 3-81. പദ്ധതി ലക്ഷ്യങ്ങൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചു

### സെന്റർ ഫോർ ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് & പോളിസി റിസർച്ച് സ്റ്റേഷൻ ,തിരുവനന്തപുരം.

"Capacity Building Programme for various stakeholders of livestock sector" എന്ന പദ്ധതിയുടെ ചെലവ് രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയും പ്രകാരം ന്യൂനതകൾ സംഭവിച്ചിട്ടുണ്ട്. 2015-16 വർഷം നടപ്പിലാക്കിയ ഈ പദ്ധതി , CLDPR ന്റെ ഭാഗമായി പ്രവർത്തിക്കുന്ന റീജിണൽ റിസർച്ച് & ട്രെയിനിംഗ് സെന്റർ മുഖാന്തിരം നടപ്പിലാക്കിയതാണ്.

1. ബിൽ നം. 770517 പ്രകാരം 1,19,600/-രൂപ (ഡി.ഡി നം. 069180/ 29.09.2016) പിൻവലിച്ച് ഡയറക്ടർ ജനറൽ , ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവേണൻസിന്റെ പേരിൽ, യൂണിവേഴ്സിറ്റി ടീച്ചിംഗ് ഫാക്കൽറ്റികൾക്ക് ഭരണ തലത്തിൽ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും ഓഫീസ് നടപടിക്രമങ്ങൾ , പഠന രീതികൾ എന്നിവ മെച്ചപ്പെടുത്തുന്നതിനുമുള്ള ട്രെയിനിംഗ് നടത്തുന്നതിനായി നൽകിയിട്ടുണ്ട്.

2. ബിൽ നം. 770466 പ്രകാരം ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാർക്ക് കംപ്യൂട്ടർ പ്രോഗ്രാമിംഗിൽ ട്രെയിനിംഗ് നൽകുന്നതിനായി 68,700 /-രൂപ കൂടി ഡയറക്ടർ ജനറൽ , ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവേണൻസിന്റെ പേരിൽ, ഡി.ഡി. ആക്കി നൽകിയിട്ടുണ്ട്.

റീജിണൽ റിസർച്ച് & ട്രെയിനിംഗ് സെന്ററിന്റെ ഉദ്ദേശലക്ഷ്യം വിവിധ സ്റ്റേക്ക് ഹോൾഡേഴ്സിന്, ലൈവ്

സ്റ്റോക്ക് സംബന്ധിച്ച ട്രെയിനിംഗ് , വർക്ക് ഷോപ്പുകൾ, കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമുകൾ എന്നിവ നടത്തുകയാണെന്നിരിക്കെ, മേൽ ചെലവുകൾ ക്രമപ്രകാരമല്ലാത്തവയെന്ന് ഓഡിറ്റ് വീക്ഷിക്കുന്നു.

ക്രമ നം. 1 പ്രകാരമുള്ള ചെലവ് , ടീച്ചിംഗ് ഫാക്കൽറ്റികൾക്ക് പഠന രീതി മെച്ചപ്പെടുത്തുന്നതിനും ഓഫീസ് നടപടിക്രമങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഭരണപരമായ കഴിവുകൾ വർദ്ധിപ്പിക്കാനും മാത്രം ഉദ്ദേശിച്ചിട്ടുള്ളതാണ്. ലൈവ് സ്റ്റോക്ക് സംബന്ധിച്ച ട്രെയിനിംഗിന്റെ ഗണത്തിൽ ഇത് ഉൾപ്പെടുന്നില്ല.

ക്രമ നം.2 പ്രകാരമുള്ള ചെലവ് , ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാർക്ക് കംപ്യൂട്ടർ പ്രോഗ്രാമിൽ ട്രെയിനിംഗ് കൊടുക്കുന്നതിനുദ്ദേശിച്ചാണ്. മേൽപ്പറഞ്ഞ ഉദ്യോഗസ്ഥർ മൃഗസംരക്ഷണ വകുപ്പിന്റ കീഴിൽ ജോലി ചെയ്തു വരുന്നതിനാൽ ,പ്രസ്തുത വകുപ്പിൽ നിന്നാണ് ഇവർക്ക് ട്രെയിനിംഗ് നൽകേണ്ടത്.

മേൽ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.2/13/04/2018) ലഭ്യമാക്കിയ മറുപടിയിൽ, ക്ഷീര കർഷകർ, പൗൾട്രി കർഷകർ, സംരഭകർ, ഉൽപ്പാദന – വിതരണ മേഖലയിൽ പ്രവർത്തിക്കുന്നവർ, മൃഗസംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ, വെറ്ററിനറി സർവ്വകലാശാല അദ്ധ്യാപക-അനദ്ധ്യാപകവിഭാഗം ജീവനക്കാർ തുടങ്ങിയവരെല്ലാംതന്നെ സ്റ്റേക്ക്-ഹോൾഡർ എന്ന പദത്തിൽ ഉൾപ്പെടുന്നതിനാൽ ചെലവ് സാധൂകരിക്കാവുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഫാക്കൽറ്റി ട്രെയിനിംഗ് നടത്തേണ്ടത് യൂണിവേഴ്സിറ്റി ഭരണവിഭാഗത്തിന്റെ ചുമതലയാണ്. എന്നാൽ മേൽ ട്രയിനിംഗ് സംബന്ധിച്ച നിർദ്ദേശങ്ങൾ സർവ്വകലാശാലക്ക് സമർപ്പിക്കുകയോ, ഭരണാനുമതി ലഭ്യമാക്കുകയോ ചെയ്യാതെയാണ് ചെലവ് നടത്തിയിരിക്കുന്നത്. യൂണിവേഴ്സിറ്റി ഫാക്കൽറ്റികൾക്ക് പഠനരീതി ,ഭരണപരമായ കഴിവ് എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള ട്രെയിനിംഗ് യൂണിവേഴ്സിറ്റി ഭരണ

വിഭാഗത്തിന്റെ ചുമതലയിൽ മാത്രം പെട്ടതിനാലും, ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാർ സർവ്വകലാശാല വിഭാഗത്തിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാലും, ഈ മറുപടി അംഗീകരിക്കത്തക്കതല്ല.

ആകയാൽ, മേൽ ചെലവുകൾക്ക് സർവ്വകലാശാലാ തലത്തിൽ സാധൂകരണം വാങ്ങാത്തപക്ഷം ചെലവഴിച്ച തുക (1,88,300/-) ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തി ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-82. ഇപ്സാക്കോൺ 2015

ഏവിയൻ സയൻസ് , തിരുവാഴാംകുന്നിന്റെ 2015-16 വർഷത്തെ ഓപ്പറേഷണൽ എക്സ്പെൻസ് എന്ന പദ്ധതിയുടെ ഭാഗമായി 19/11/2015 ന് ഇപ്സാക്കോൺ 2015 എന്ന പ്രോഗ്രാം നടത്തുകയും താഴെ പറയുന്ന രീതിയിൽ 105082/- രൂപ ചെലവഴിക്കുകയും ചെയ്തു.

| | | |
|---|---|---|
| ബി.ആർ.നമ്പർ 19/15-16 | 59110.00 | ചെക്ക് നമ്പർ.188806/9.3.2016 |
| ബി.ആർ.നമ്പർ 18/15-16 | 45972.00 | ചെക്ക് നമ്പർ.188806/9.3.2016 |
| ആകെ | 105082.00 | |

ഫിനാൻസ് ഓഫീസറുടെ നടപടിക്രമങ്ങൾ പ്രകാരം പദ്ധതിയുമായി ബന്ധപ്പെട്ട ചെലവുകൾ 104-99-0001-6506 എന്ന ഹെഡിൽ നിന്നും ചെലവഴിക്കുന്നതിനായി ഡയരക്ടർ ഓഫ് അക്കാഡമിക് ആന്റ് റിസർച്ച് സ്റ്റേഷനിലേക്ക് (അക്കൗണ്ട് നമ്പർ 67235902551) 100000/- രൂപ ട്രാൻസ്ഫർ ചെയ്തു. ആയത് ഡി.എ.ആർ 1/12/2015 ന് ഇപ്പാക്കോണിന്റെ ഓർഗനൈസിംഗ് സെക്രട്ടറിയുടെ SBT ഒല്ലൂക്കരയിലെ അക്കൗണ്ട് നമ്പർ 67324350687 ലേക്ക് 18/12/2015 ന് ട്രാൻസ്ഫർ ചെയ്തു (ചെക്ക് നമ്പർ 910498/1.12.2015). എന്നാൽ മേൽ പദ്ധതി ചെലവ് സ്റ്റേഷന്റെ പ്ലാൻ ഫണ്ട് ചെലവിൽ നിന്നാണ് ചെലവഴിച്ചതായി കാണുന്നത്. പ്രസ്തുത ട്രാൻസ്ഫർ ചെയ്ത തുക മേൽ ചെലവിലേക്ക് ക്രമീകരിച്ചിട്ടുണ്ടെങ്കിൽ വിവരം അറിയിക്കേണ്ടതും ഇല്ലെങ്കിൽ ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. **105082/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

## 3-83. എഴുത്തുകാർക്ക് ഹൊണറേറിയം /റോയൽറ്റി നൽകിയത് സർവ്വകലാശാല ഉത്തരവിന് വിരുദ്ധം

സർവ്വകലാശാലയുടെ 14/08/2014-ലെ കെ.വി.എ.എസ്.യു/ ഡി.ഇ/ 165/2011 ഉത്തരവ് പ്രകാരം 1,07,175/- രൂപ സർവ്വകലാശാല പ്രസിദ്ധീകരണങ്ങളിൽ പ്രസിദ്ധപ്പെടുത്തിയ ലേഖനങ്ങൾക്ക് റോയൽറ്റി ആയി നൽകിയിരിക്കുന്നു.

10.03.2014-ലെ ജി.എ/ഡി - 257/2014 ഉത്തരവിൽ ഫെബ്രുവരി 26-ലെ ബോർഡ് ഓഫ് മാനേജ്മെന്റ് തീരുമാന പ്രകാരം പ്രസിദ്ധീകരണങ്ങളിൽ നിന്നുള്ള വരുമാനം / ലാഭത്തിൽ നിന്ന് മാത്രമേ ഹൊണറേറിയം നൽകാവൂ എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

സർവ്വകലാശാലയിലെ പ്രസിദ്ധീകരണങ്ങളുടെ വിറ്റുവരവ് സംബന്ധിച്ച കണക്കുകൾ, പ്രസിദ്ധീകരണങ്ങളുടെ വരവ് - ചെലവുകൾ സംബന്ധിച്ച വാർഷിക കണക്ക് എന്നിവ പ്രസ്തുത വിഭാഗം നിർബന്ധമായും തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-84. ആസ്ഥാനത്തിന് വെളിയിൽ അനുമതിയില്ലാത്ത പ്രവർത്തന വിഭാഗം തുടരുന്നു.

സർവ്വകലാശാലകളുടെ പ്രവർത്തന രൂപരേഖ പ്രകാരം ഡയറക്ടർ എന്റർപ്രണർഷിപ്പ് വിഭാഗത്തിന് ആസ്ഥാനത്തിന് പുറത്ത് പ്രവർത്തന വിഭാഗങ്ങളില്ല. എന്നാൽ മണ്ണുത്തിയിൽ പ്രസിദ്ധീകരണ വിഭാഗം, ഡിസ്റ്റൻസ് ലേണിംഗ് വിഭാഗം എന്നിവയുടെ പ്രവർത്തനത്തിനായി ഓഫീസും ജീവനക്കാരും തുടർന്നു വരുന്നു. ധനകാര്യ വകുപ്പിന്റെ പരിശോധനാവിഭാഗം തിരുവനന്തപുരത്ത് ലെയ്സൺ ഓഫീസുമായി ബന്ധപ്പെട്ട് നടത്തിയ നിരീക്ഷണം ഇവിടെയും ബാധകമാണ്. (നം. 52313/പി.യു ബി-1 /2012 /ധന . തീയ്യതി 07/05/2013. കാണുക)

ഇതിനായി താഴെപറയുന്ന ഇനങ്ങളിലായി 2014-15 വർഷത്തിൽ ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| 1 | വേതനം | 335250 |
| 2 | വൈദ്യുതി | 34264 |
| 3 | ടെലഫോൺ | 19783 |
| 4 | പത്രം | 4556 |
| 5 | കേബിൾ | 3960 |
| ആകെ | | **3,97,813** |

ഡയറക്ടർ ഓഫ് എന്റർപ്രണർഷിപ്പ് വിഭാഗത്തിന് ഹെഡ്ക്വാർട്ടേഴ്സിനു പുറത്തു പ്രവർത്തിക്കുന്ന പ്രവർത്തന വിഭാഗങ്ങളായ പ്രസിദ്ധീകരണ വിഭാഗം, ഡിസ്റ്റൻസ് ലേണിംഗ് വിഭാഗം എന്നിവ സർവ്വകലാശാല നിയമം, സ്റ്റാറ്റ്യൂട്ട് എന്നിവയിൽ നിഷ്കർഷിച്ചിട്ടില്ലാത്തതിനാലും അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുന്നതിനാലും, സർവ്വകലാശാല ആസ്ഥാനത്തേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-85. ഓർഗനൈസേഷണൽ സപ്പോർട്ട് ഫോർ കൺവീനിംഗ് സെമിനാർസ് , കോൺഫറൻസസ് ആന്റ് സച്ച് പ്രൊഫഷണൽ മീറ്റിംഗ്സ്- പദ്ധതിയിലെ പാളിച്ചകൾ

**ഡയറക്ടർ ഓഫ് എന്റർപ്രണർഷിപ്പ് 2014-15-**

പദ്ധതിയുടെ ഭാഗമായി സി.ബി.വി.നമ്പർ 5/14 പ്രകാരം 4,25,000/- രൂപ ഡോ.പി.ഐ. ഗീവർഗ്ഗീസ് 3/5/14-ന് മുൻകൂർ എടുക്കുകയും ആയതിൽ 3,86,374/- രൂപ ചെലവഴിച്ച് 8/5/14, 9/5/14 എന്നീ തീയ്യതികളിൽ ജോബ് ഫെയർ നടത്തുകയുമുണ്ടായി. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 4/14-15 (സീരിയൽ നം.3) ന് മറുപടിയായി 93 വിദ്യാർത്ഥികൾക്ക് ജോലി ലഭിച്ചുവെന്നും അതിൽ എം.എസ്. വിദ്യാർത്ഥികളും ഉൾപ്പെടുന്നുവെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ തങ്ങൾക്ക് യാതൊരു പ്രയോജനവും ഉണ്ടായില്ല എന്നുള്ള മണ്ണൂത്തി വെറ്ററിനറി കോളേജിലെ 31 എം.എസ് ആന്റ് എം.എസി.സി വിദ്യാർത്ഥികളുടെ 24/05/20104-ലെ പരാതിയും തമ്മിലുള്ള വൈരുദ്ധ്യം വ്യക്തമാക്കേണ്ടതാണ്. ആയതിനാൽ ജോലി ലഭിച്ച വിദ്യാർത്ഥികളുടെ വിവരം ഉൾപ്പെട്ട പ്രസ്തുത പദ്ധതിയുടെ മുഴുവൻ രേഖകളും ഓഡിറ്റിന് നൽകേണ്ടതാണ്.

## 3-86.യൂണിവേഴ്സിറ്റി യൂണിയൻ ഫണ്ട്- ഹോണററി ട്രഷറർ അക്കൗണ്ട്- സംബന്ധിച്ച്.

2014-2015 ലെ കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് സർവ്വകലാശാല യൂണിയന്റെ വിവിധ പ്രവർത്തനങ്ങൾക്ക് ലക്ഷകണക്കിന് രൂപ നോൺപ്ലാൻ / പ്ലാൻ അക്കൗണ്ടുകളിൽ നിന്നും ചെലവഴിച്ചതായി കാണുന്നു. യൂണിവേഴ്സിറ്റി യൂണിയൻ ഫീയുടെ സൂക്ഷിപ്പ് സംബന്ധിച്ച എൻക്വയറിക്ക് , യൂണിവേഴ്സിറ്റി യൂണിയൻ ഫീയുടെ സ്റ്റാറ്റ്യൂട്ടറി കസ്റ്റോഡിയൻ ഡയറക്ടർ ഓഫ് എന്റർപ്രണർഷിപ്പ് ആണെന്നും വിദാർത്ഥികളിൽ നിന്നും വിവിധ കോളേജുകൾ അഡ്മിഷൻ സമയത്ത് ഇടാക്കുന്ന യൂണിവേഴ്സിറ്റി യൂണിയൻ ഫണ്ട്, കോളേജുകൾ യഥാസമയം ഫിനാൻസ് ഓഫീസറുടെയും തുടർന്ന് ഹോണററി ട്രഷററുടെയും അക്കൗണ്ടിലേക്ക് അയക്കുന്നതിനുള്ള കാലതാമസം മൂലമാണ് യൂണിയന്റെ വിവിധ പ്രവർത്തനങ്ങൾക്ക് പ്രസ്തുത അക്കൗണ്ടിൽ (67183330373) പണമില്ലാത്തതെന്നും തന്മൂലം നോൺപ്ലാൻ / പ്ലാൻ അക്കൗണ്ടുകളിൽ നിന്നും

ചെലവഴിച്ചതെന്നമാണ് മറുപടി നൽകിയത്. 2014-2015 കാലയളവിലെ യൂണിവേഴ്സിറ്റി യൂണിയൻ ഫണ്ടിന്റെ ഡി.സി.ബി കണക്ക് ആവശ്യപ്പെട്ടെങ്കിലും ലഭിച്ചില്ല. 2014-15, 15-16 കാലയളവിലെ യൂണിവേഴ്സിറ്റി യൂണിയൻ ഫണ്ട് അക്കൗണ്ടിൽ വന്നതിന്റെയും യൂണിവേഴ്സിറ്റി യൂണിയൻ ആവശ്യത്തിനായി ചെലവഴിച്ച പ്ലാൻ / നോൺ പ്ലാൻ തുകകൾ റീ ഇമ്പേഴ്സ് ചെയ്തതിന്റെയും വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-87. സ്ഥിരം തൊഴിലാളികൾക്ക് നൽകിയ അധിക ശമ്പളം തിരിച്ച് പിടിക്കേണ്ടത്.

"ശമ്പളമില്ലാതെയുള്ള അവധിയിൽ" പ്രവേശിച്ച സ്ഥിരം തൊഴിലാളികൾക്ക് ,സി.ബി.വി. 3/5/15-16 തീയ്യതി പ്രകാരം ഏപ്രിൽ മാസത്തിൽ അധിക ശമ്പളം നൽകിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| തൊഴിലാളിയുടെ പേര് | അടിസ്ഥാന ശമ്പളം | 80% ഡി.എ | എച്ച്. ആർ.എ | എച്ച് .ടി.എ | തൊഴിൽ ദിനങ്ങള് | LOP യിൽ ആയ ദിവസങ്ങളുടെ എണ്ണം | കൊടുത്ത ശമ്പളം | കൊടുക്കേണ്ടിയിരുന്ന ശമ്പളം | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|---|
| ശ്രീമതി. ബിന്ദു.സി | 9440 | 7552 | 250 | 200 | 30 | 10 | 17442 | 11628 | **5814** |
| ശ്രീ. ബാബു. ഒ | 9496 | 7597 | 250 | 200 | 31 | 3 | 17543 | 15844 | **1699** |
| ആകെ | | | | | | | | | **7513** |

മേൽ പ്രകാരം അധികമായി നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

## 3-88. ഡീനിന് മൊബൈൽ ഫോൺ വാങ്ങിയത്

**കോളേജ് ഓഫ് ഡയറി സയൻസ് & ടെക്നോളജി, മണ്ണുത്തി**

സി.ബി.വി. നം. 80/09/14-15
ചെക്ക് നം. 223060 / 30/09/2014 / 15660/-രൂപ

മേൽ വൗച്ചർ പ്രകാരമുള്ള ചെലവിൽ മൊബൈൽ ഫോൺ വാങ്ങുന്നതിനായി 14,900/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഡീനിന്റെ ഓഫീസ് ആവശ്യത്തിനായി മൊബൈൽ ഫോൺ വാങ്ങുന്നതിന് സർവ്വകലാശാലയുടെ അനുമതി വിവരം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി (1/14- 15,11/4/15) നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. വിശദവിവരം രേഖകൾ സഹിതം ഓഡിറ്റിന് നൽകേണ്ടതാണ്. അല്ലാത്തപക്ഷം 14,900/-രൂപ പ്രസ്തുത ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-89. എം.എസ് കോഴ്സിന്റെ (വൈൽഡ് ലൈഫ് സ്റ്റഡീസ്) ക്ലാസുകൾ പീച്ചി ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ വെച്ച് നടത്തുന്നു.

യൂണിവേഴ്സിറ്റിക്ക് കീഴിൽ ടാക്സോണമി, ഇക്കോളജി തുടങ്ങിയ വിഷയങ്ങൾ കൈകാര്യം ചെയ്യാൻ യോഗ്യതയുള്ള അദ്ധ്യാപകരുണ്ടായിരിക്കെ, പൂക്കോട് വെറ്ററിനറി യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള വൈൽഡ് ലൈഫ് സ്റ്റഡീസ് കേന്ദ്രത്തിന്റെ എം.എസ്.ഇൻ വൈൽഡ് ലൈഫ് സ്റ്റഡീസ് എന്ന കോഴ്സിലെ വിദ്ധ്യാർത്ഥികൾക്ക് മാസങ്ങൾ നീളുന്ന ക്ലാസുകൾ തൃശ്ശൂർ ജില്ലയിലെ പീച്ചിയിലെ കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ വെച്ചാണ് നടത്തുന്നത്. ഇതിലേക്ക് ഭീമമായ സംഖ്യ ഹോണറേറിയം,

ഹാൾ, താമസം, ഭക്ഷണം തുടങ്ങിയ ആവശ്യങ്ങൾക്കായി കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് നൽകി വരുന്നു. ഈ സെന്ററിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തികൊണ്ടും മതിയായ രീതിയിൽ അദ്ധ്യാപകരെ നിയമിച്ചുകൊണ്ടും കാര്യക്ഷമമായി ഈ സെന്റർ പ്രവർത്തിക്കുകയാണെങ്കിൽ ഇത്തരം പാഴ്ചെലവ് ഒഴിവാക്കാനാവുകയും യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള മികച്ച സ്ഥാപനമായി ഉയർത്താനും സാധിക്കും. പ്രസ്തുത കോഴ്സ് ആരംഭിച്ചതിന്റെയും ICAR/UGC മാനദണ്ഡങ്ങൾ പാലിച്ചതിന്റെയും അംഗീകാരം ലഭ്യമായതിന്റെയും വിവരങ്ങൾ ലഭ്യമല്ല. പ്രസ്തുത കോഴ്സ് യൂണിവേഴ്സിറ്റിയുടെ പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തിയിട്ടുള്ളതും കോഴ്സ് പാസ്സായവരെ ICAR ന്റെയും UGC യുടെയും തുടർ പരീക്ഷകളിൽ (NET, Ph.D യിലെ) പങ്കെടുക്കുന്നതിന് യോഗ്യരായി കണക്കാക്കുകയും ചെയ്തിട്ടുണ്ട്.

ഡയറക്ടർ ഓഫ് അക്കാഡമിക്സ് & റിസർച്ചിന്റെ 02/08/2011-ലെ KVASU/DAR/R2/127/2011 നമ്പർ ഉത്തരവു പ്രകാരമാണ് സെന്റർ ഫോർ വൈൽഡ് ലൈഫ് സ്റ്റഡീസ്, പൂക്കോട് നിലവിൽ വന്നത്. MS(WLS)ന്റെ ആദ്യ ബാച്ച് 2011-ൽ ഒക്ടോബർ 10 ന് ആരംഭിക്കുകയും മികച്ച പഠനത്തിനായി കേരള ഫോറസ്റ്റ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പീച്ചി, തൃശ്ശൂരുമായി 2012 October 30 ന് ഒരു മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗിൽ ഏർപ്പെടുകയും ചെയ്തു. തുടർന്ന് 2014 വർഷത്തിൽ യൂണിവേഴ്സിറ്റി ഓഫ് എഡിൻബർഗ്, U.K.യുമായി Academic Collaboration ന് മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗിൽ ഏർപ്പെട്ടു. സംസ്ഥാനതല ട്രെയിനിംഗ് പ്രോജക്ടുകളും സെമിനാറുകളുടെ സംഘടിപ്പിക്കുകയും "ഏഷ്യൻ എലിഫന്റ് സപ്പോർട്ടുമായി" ചേർന്ന് ഇന്റർനാഷണൽ ട്രെയിനിംഗ് പ്രോജക്ടുകളും സംഘടിപ്പിക്കുന്നതിന് സാധിച്ചു. ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ്, നാഷണൽ / ഇന്റർ നാഷണൽ സംരംഭങ്ങളുമായി ചേർന്ന് പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ കഴിയുകയും യൂണിവേഴ്സിറ്റി ഓഫ് കാൾഗറി, കാനഡ പോലുള്ള സ്ഥാപനത്തിൽ വിദ്യാർത്ഥികൾക്ക് റിസർച്ച് ചെയ്യുന്നതിന് അവസരം ലഭിക്കുകയും ചെയ്തു.

ഈ സ്ഥാപനത്തിൽ മുഴുവൻ സമയ ജോലിയ്ക്കായി ഉദ്യോഗസ്ഥരില്ല. കരാറടിസ്ഥാനത്തിൽ രണ്ട് സീനിയർ റിസർച്ച് ഓഫീസർമാരും മൂന്ന് അസിസ്റ്റന്റ് പ്രോഫസർമാരും ഓഫീസ് ജോലികൾക്കായി ദിവസ വേതനത്തിൽ ജോലിചെയ്യുന്ന ഒരു അസിസ്റ്റന്റുമാണുള്ളത്. മുഴുവൻ സമയം ജോലി ചെയ്യാനുള്ള കൂടുതൽ സ്റ്റാഫിനെ നിയോഗിച്ച് സ്റ്റേഷനെ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ ഊർജിതമാക്കേണ്ടതാണ്.

ഈ സ്റ്റേഷന്റെ പ്രവർത്തന മികവിന്റെ ഭാഗമായി താഴെ പറയുന്ന ഔന്നത്യം കൈവരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. 4 വിദ്യാർത്ഥികൾ GATE പരീക്ഷയും ഒരു വിദ്യാർത്ഥി CSIR NET പരീക്ഷയും വിജയിച്ചു. 25 പേർക്ക് Ph.D പോലുള്ള ഔന്നത്യങ്ങളിൽ എത്താൻ കഴിഞ്ഞിട്ടുണ്ട്. സ്റ്റേഷനിൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി അദ്ധ്യാപക- അനദ്ധ്യാപക തസ്തികകൾ സർക്കാർ അനുമതിയോടെ സൃഷ്ടിച്ച് മികവിന്റെ കേന്ദ്രമാക്കി മാറ്റേണ്ടതും അതുവഴി കേരള ഫോറസ്റ്റ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പോലുള്ള സ്ഥാപനങ്ങൾക്ക് നൽകി വരുന്ന ഭീമമായ ചെലവുകൾ നിയന്ത്രിക്കേണ്ടതുമാണ്.

## 3-90. തീറ്റ സാധനങ്ങളുടെ വാങ്ങലും വിതരണവും അപാകതകൾ

**ഇൻസ്ട്രക്ഷണൽ ലൈവ് സ്റ്റോക്ക് ഫാം കോംപ്ലക്സ്, പൂക്കോട്**

**(i) വാർഷിക ആവശ്യകത നിർണ്ണയിക്കുന്നത് ശരിയല്ല:-**

ഫാമുകളിലെ വിവിധ ഇനം ജീവികൾക്ക് ഒരു വർഷത്തിൽ ആവശ്യമായി വരുന്ന തീറ്റ സാധനങ്ങൾ കണക്കാക്കി വാങ്ങുകയാണെങ്കിൽ മികച്ച സാധനങ്ങൾ മിതമായ വിലയ്ക്ക് ലഭിക്കും. എന്നാൽ ഈ സാധ്യത പ്രയോജനപ്പെടുത്തുന്നില്ല. വാർഷിക ആവശ്യകത തിട്ടപ്പെടുത്തുന്നുണ്ടെങ്കിലും കൃത്യതയില്ല. 60 ടൺ വൈക്കോൽ തിട്ടപ്പെടുത്തിയപ്പോൾ വാങ്ങിയത് 135 ടൺ, മുതിര 2000 കിലോഗ്രാമിന് പകരം 5200 കി.ഗ്രാം , പൗൾട്രി ഫീഡ് 39300 കി.ഗ്രാം വാങ്ങിയപ്പോൾ ആയതിന് ആവശ്യകത തിട്ടപ്പെടുത്തിയില്ല. ബഡ്ജറ്റിൽ വകയിരുത്തിയതിലും ഏറെ തുക ഈ ഇനത്തിൽ ചെലവഴിച്ചതായി കാണുന്നു. വിവിധ പദ്ധതികളിൽ ചെലവഴിക്കുന്നതാണെങ്കിൽ പോലും ബജറ്റിൽ പ്രത്യേകം വകയിരുത്താതിരിക്കുന്നത് ബജറ്റിംഗ് എന്ന സാമ്പത്തിക നിർണ്ണയ സംവിധാനത്തെ തന്നെ അപ്രസക്തമാക്കുന്നു.

**(ii) ടെണ്ടർ നടപടികൾ സ്വീകരിക്കുന്നില്ല.**

പൂക്കോട് ഫാമിലേക്ക് മാത്രമായി വർഷത്തിൽ ഒരു കോടി രൂപയിലേറെ തുക തീറ്റ സാധനങ്ങൾ വാങ്ങുന്നതിനായി ചെലവഴിക്കുന്നതായി കാണുന്നു. പർച്ചേയ്സ് മാന്വൽ ഖണ്ഡിക 7.7 പ്രകാരം ഒരു ലക്ഷത്തിൽ അധികരിച്ച തുകയുള്ള വാങ്ങലുകൾക്ക് ടെൻഡർ വിളിക്കണം. 10 ലക്ഷത്തിലധികരിക്കുയാണെങ്കിൽ വിപുലമായ പത്രപ്പരസ്യം നൽകി വേണം ടെൻഡർ ക്ഷണിക്കുവാൻ. പത്രപരസ്യം നൽകിയതിന്റെ പകർപ്പുകൾ ഹാജരാക്കുകയും ചെയ്തില്ല.

നിലവിലെ വില പ്രകാരം കണക്കാക്കിയ തുകയ്ക്കനുസൃതമായി ടെൻഡർ ഫോമിന്റെ വില നിശ്ചയിക്കുവാൻ മാന്വൽ ഖണ്ഡിക 7-24 -ൽ പറയുന്നു (പരമാവധി 1500/- , കുറഞ്ഞത് 400) എന്നാൽ ടെൻഡർ ഫോം വിറ്റതിന്റെയോ , തുക ഈടാക്കിയതിന്റെയോ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കുകയുണ്ടായില്ല.

ടെൻഡർ തുകയുടെ 1% നിരതദ്രവ്യമായി നൽകണം. ഇത് ടെൻഡറിനോടൊപ്പം സമർപ്പിക്കാത്ത ടെൻഡറുകൾ നിയമപരമല്ലാത്തതിനാൽ തള്ളിക്കളയേണ്ടതാണ്. എന്നാൽ ടെൻഡർ സമർപ്പിച്ചശേഷം , രേഖപ്പെടുത്തിയ നിരക്കിനാനുപാതികമായി നിരതദ്രവ്യം വാങ്ങിയതായി കാണുന്നു. ഇത് അനുവദനീയമല്ല. സ്വീകരിക്കാത്ത ടെൻഡറുകളിലെ നിരതദ്രവ്യം 45 ദിവസത്തിനകം തിരിച്ച് നൽകണം.

**(iii) സ്റ്റോക്കും വിതരണവും**

വ്യത്യസ്ത ഇനം ജീവികൾക്ക് നൽകേണ്ട വിവിധ ഇനം തീറ്റ സാധനങ്ങളെല്ലാം ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി ദിവസേന ഓരോ വിഭാഗത്തിനും നൽകുകയോ , ഒരു നിശ്ചിത കാലയളവിലേക്ക് ഒന്നിച്ച് നൽകുകയോ ചെയ്യുന്നതായാണ് കണ്ടു വരുന്നത്. ഇപ്രകാരം നൽകുന്നതിന് വളർത്തു മൃഗങ്ങളുടെ ശാരീരിക ആവശ്യം, എണ്ണം തുടങ്ങിയവ കണക്കാക്കുന്നില്ല. ഒരു നിശ്ചിത അളവ് തീറ്റ തുടർച്ചയായി നൽകുന്നതായിട്ടാണ് കാണുന്നത്. യഥാർത്ഥത്തിൽ ജീവികൾക്ക് നൽകുന്ന തീറ്റയുടെ വിവരങ്ങളല്ല രജിസ്റ്ററിൽ രേഖപ്പെടുത്തുന്നത് എന്ന് കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു 11-4-2014-ന് കേരള ഫീഡ്സ് കാലിത്തീറ്റ 542

കി.ഗ്രാം നൽകിയതായി രേഖപ്പെടുത്തിയിരിക്കുന്നു. ഇന്നേ ദിവസം ലൈവ്സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള കന്നുകാലികളുടെ വിവരം ചുവടെ ചേർക്കുന്നു. അവയ്ക്കു നേരെ പാക്കേജ് ഓഫ് പ്രാക്ടീസസ് ശുപാർശ ചെയ്യുന്ന തീറ്റയുടെ കണക്കും നൽകിയിരിക്കുന്നു.

| | കന്നുകാലികളുടെ വിവരം | എണ്ണം | പാക്കേജ് ഓഫ് പ്രാക്ടീസസ് പ്രകാരം നൽകേണ്ടിയിരുന്ന തീറ്റയുടെ അളവ് |
|---|---|---|---|
| 1 | 6 മാസത്തിൽ താഴെ പ്രായമുള്ളവ | 14 | ഇവയ്ക്ക് കാഫ് സ്റ്റാർട്ടറാണ് നൽകുന്നത് |
| 2(i) | 6 മാസത്തിനു മുകളിൽ 20 മാസം വരെ പ്രായമായ സങ്കര ഇനം കന്നുകാലികൾ | 38 | ഇവയ്ക്ക് കാഫ് സ്റ്റാർട്ടറാണ് നൽകുന്നത് |
| (ii) | വെച്ചൂർ | 13 | 38 X2.1 = 80 കിഗ്രാം |
| (iii) | ബഫലോ | 2 | 2X2.1=4.2 കിഗ്രാം |
| | | | 97.2 കിഗ്രാം |
| 3 | 20 മാസത്തിനു മുകളിൽ പ്രായമുള്ളവ | | |
| (i) | ഗർഭിണികൾ | 24 | 24 X2.25=54 കിഗ്രാം |
| (ii) | കറവയുള്ളവ | 38 | 38X 1.25+232.5/2.5-140.5 |
| (iii) | കറവ വറ്റിയത് | 54 | 54 X 1.25=67.5 |
| | | | 262 കിഗ്രാം |
| 2.5 ലിറ്റർ പാലിന് 1 കി.ഗ്രാം തീറ്റ അധികം എന്ന കണക്കിൽ പാൽ അളവിന് കണക്കാക്കിയ തീറ്റ<br>ആകെ 359.2- 360 കി.ഗ്രാം | | | |

ഇപ്രകാരം 360 കി.ഗ്രാം മാത്രം തീറ്റ നൽകേണ്ടതിന് പകരം 542 കി.ഗ്രാം തീറ്റ നൽകിയതിന്റെ കാരണം അന്വേഷിച്ചതിന് മൃഗങ്ങളുടെ ശരീരഭാരം കണക്കാക്കിയാണ് തീറ്റ നൽകുന്നതെന്നും , പച്ചപ്പുല്ലിന്റെ അഭാവം കാരണം അധികം തീറ്റ നൽകാൻ മേലധികാരി വാക്കാൽ നിർദ്ദേശിച്ചു എന്നും വിശദീകരണം നൽകിയിരിക്കുന്നു. കൂടാതെ "സ്റ്റഡി ഓൺ കാഫ് റിയറിംഗ് ഇൻ വയനാട്" എന്ന പദ്ധതിക്കു കീഴിൽ 20 മൃഗങ്ങൾക്കുള്ള തീറ്റയും ഇതിലുൾപ്പെടുമെന്ന് വ്യക്തമാക്കിയിരിക്കുന്നു.

മൃഗങ്ങളുടെ ശരീരഭാരം 20 മാസം വരെ വർദ്ധിക്കുന്നതിനാനുപാതികമായാണ് പാക്കേജ് ഓഫ് പ്രാക്ടീസസിൽ തീറ്റ ക്രമപ്പെടുത്തിയിട്ടുള്ളത്. സർവ്വകലാശാലയിലെ പഠന പ്രവർത്തനങ്ങൾക്കുള്ള ഫാം എന്ന നിലയിൽ പാക്കേജ് ഓഫ് പ്രാക്ടീസസ് കാലികമായി പരിഷ്കരിക്കേണ്ടതിനാവശ്യമായ അടിസ്ഥാന വിവരങ്ങൾ ശേഖരിക്കേണ്ട ഫാം എന്ന നിലയ്ക്കും പരിശോധിച്ചതിൽ മറുപടിയിൽ സൂചിപ്പിച്ച പോലെ മൃഗങ്ങളുടെ ശരീരഭാരം രേഖപ്പെടുത്തിയതായി ഒരു രേഖയും ഓഡിറ്റിന് ലഭിക്കുകയുണ്ടായില്ല. ഫാമിൽ ഓരോ കന്നുകാലിക്കു നേരെയും വിവരങ്ങൾ രേഖപ്പെടുത്തുവാൻ സൗകര്യപ്പെടുത്തിയിട്ടുണ്ടെങ്കിലും രേഖപ്പെടുത്തിയതായി കണ്ടില്ല. പച്ചപ്പുല്ലിന്റെ കുറവ് നികത്താൻ എപ്രകാരമാണ് തീറ്റ വർദ്ധനവ് നിർദ്ദേശിച്ചത് എന്ന് വ്യക്തമല്ല. പ്രത്യേക പദ്ധതികൾക്ക് കീഴിൽ നൽകുന്ന തീറ്റ, ഫാമിലെ പൊതു തീറ്റയുമായി ബന്ധിപ്പിക്കുന്നതും അവസാനിപ്പിക്കേണ്ടതാണ്.

അനുവദിക്കാവുന്ന വ്യതിയാനങ്ങൾ കുറച്ചാൽ പോലും 150 കി.ഗ്രാം തീറ്റ ദിനം പ്രതി അധികം നൽകി വരുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു.

ഇപ്രകാരം 2015 ജൂലൈ, 2015 മാർച്ച് മാസങ്ങളിൽ പന്നികൾക്ക് നൽകിയ തീറ്റകളുടെ വിവരം പരിശോധിച്ചതിലും പൊരുത്തക്കേടുകൾ കാണുന്നു.

| | | ജൂലൈ | മാർച്ച് 2015 | |
|---|---|---|---|---|
| 1 | മഞ്ഞച്ചോളം | 2600 കി.ഗ്രാം | 2340 കി.ഗ്രാം | @ 26/കി.ഗ്രാം |
| 2 | ഗോതമ്പ് തവിട് | 780 കി.ഗ്രാം | 765 കി.ഗ്രാം | @ 25.5/കി.ഗ്രാം |
| 3 | സോയാബീൻ | 420 കി.ഗ്രാം | 360 കി.ഗ്രാം | @ 59/കി.ഗ്രാം |
| 4 | നിലക്കടല പിണ്ണാക്ക് | 110 കി.ഗ്രാം | 495 കി.ഗ്രാം | @52/കി.ഗ്രാം |
| 5 | ഉണക്കമീൻ | 100 കി.ഗ്രാം | 450 കി.ഗ്രാം | @ 52/കി.ഗ്രാം |
| 6 | ഉപ്പ് | 20 കി.ഗ്രാം | 22 | @ 9/കി.ഗ്രാം |
| | ആകെ | 4030 | 4432 | |

തീറ്റ തയ്യാറാക്കുന്നതിനായി സാമഗ്രികൾ വിതരണം ചെയ്തതിന് അനുപാതമൊന്നും കാണുന്നില്ല. ഇക്കാലയളവിലെ പന്നികളുടെ വിവരങ്ങൾ താഴെ പറയും പ്രകാരമാണ്.

| | ജൂലൈ 2014 | മാർച്ച് 2015 |
|---|---|---|
| മുതിർന്ന പെൺ | 29 | 32 |
| ആൺ | 5 | 5 |
| കുട്ടികൾ | 7 | 71 |

പി.ഒ.പി 2010 പ്രകാരം മുതിർന്നവർക്ക് 2 മുതൽ 3 കി.ഗ്രാം വരെയും കുട്ടികൾക്ക് 0.5 കി.ഗ്രാം തീറ്റയുമാണ് ശുപാർശ ചെയ്തിട്ടുള്ളത്.എങ്കിൽ 2014 ജൂലൈ മാസത്തിൽ ദിനം പ്രതി 100 കി.ഗ്രാം വെച്ച് 3000 കി.ഗ്രാമും മാർച്ചിൽ 120 കി.ഗ്രാം പ്രകാരം 3600 കി.ഗ്രാമും മതിയാകും ഇതിൽ അധികരിച്ച നൽകിയതിന് (1030 കി.ഗ്രാം +832 കി.ഗ്രാം) മറുപടി ഒന്നും നൽകുകയുണ്ടായില്ല . ഘടകങ്ങൾ ചേർത്ത് മിശ്രിതമായാണ് തീറ്റ നൽകുന്നതെങ്കിൽ ഘടകങ്ങൾ ഉൽപ്പാദിപ്പിച്ച മിശ്രിതം സ്റ്റോക്കിലെടുത്ത് വിതരണം കാണിക്കേണ്ടതാണ്. മിശ്രിതത്തിന്റെ നിരക്ക് യഥാക്രമം 31/-ഉം 34/ ഉം എന്ന് കാണുന്നു.

## 3-91. ഫീഡ് വാങ്ങിയ ഇനത്തിൽ- അധിക ചെലവ് 26,580/- രൂപഃ-

**AICRP on Poultryf for eggs, മണ്ണുത്തിയിൽ** സി.ബി.വി നം. 35/6-15 പ്രകാരം 3,80,516/-രൂപ ഫീഡ് വാങ്ങിയതിന്റെ വിലയായി റിവോൾവിംഗ് ഫണ്ട് പൗൾട്രി പ്രോജക്റ്റിന് നൽകിയിട്ടുണ്ട്. (ചെക്ക് നം. 502735/ 12-06-2015) ടി തുക 31-03-2015-ലെ താഴെപ്പറയുന്ന വിവിധ ഇൻവോയ്സുകൾ പ്രകാരം ചിക്കൻ ഗ്രോവർ വാങ്ങിയതിന് വിലയായിട്ടാണ് നൽകിയിട്ടുള്ളത്.

| ഇൻവോയ്സ് നം/തീയ്യതി | വാങ്ങിയ സാധനം / ഇക്കം | ഇൻവോയ്സ് പ്രകാരമുള്ള റേറ്റ് | തുക |
|---|---|---|---|
| 5714/31-03-15 | ചിക്കൻ ഗ്രോവർ/3700 kg | 24 kg | 88,800 |
| 5715/31-03-15 | ചിക്കൻ ഗ്രോവർ/7200 kg | 23 kg | 1,65,600 |
| 5716/31-03-15 | ചിക്കൻ ഗ്രോവർ/1350 kg | 22 kg | 29,700 |
| 5713/31-03-15 | ചിക്കൻ ഗ്രോവർ/ 2400 kg | 25 kg | 60,000 |
| 5717/31-03-15 | ചിക്കൻ ഗ്രോവർ/466 kg | 26 kg | 12,116 |
| 108/31-03-15 | ചിക്കൻ ഗ്രോവർ/972 kg | 25 kg | 24,300 |
| **ആകെ** | | | **3,80,516** |

ഒരേ തീയ്യതിയിൽ ഒരേ സാധനം വാങ്ങിയതിന് വ്യത്യസ്ത നിരക്കുകൾ ചുമത്തി ഇൻവോയ്സ് ലഭ്യമാക്കുകയും ആയതനുസരിച്ച് തുക 3,80,516/-രൂപ നൽകുകയും ചെയ്തത് ശ്രദ്ധയിൽപ്പെടുത്തി വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 4/14-03-18), ഓരോ ഇൻവോയ്സിലും പ്രത്യേക ഗുണനിലവാരത്തിലുള്ള ഫീഡ് വാങ്ങിയതിനാലാണ് റേറ്റ് വ്യത്യാസപ്പെട്ടിരിക്കുന്നതെന്ന മറുപടി നൽകിയിട്ടുണ്ട്. ഒരേ ദിവസത്തെ ഒരേ ഐറ്റം സാധനങ്ങൾക്കായുള്ള ഇൻവോയ്സ് ആകയാൽ ഈ അധിക ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. കുറഞ്ഞ റേറ്റ് ക്വോട്ട് ചെയ്ത ഇൻവോയ്സ് അനുസരിച്ച് (കിലോയ്ക്ക് 22/-രൂപ നിരക്ക്) **26,580/-**രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. ടി തുക ചെലവിനുത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി പ്ലാൻ ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

## 3-92 . കുഴൽ കിണർ നിർമ്മാണം- ധനനഷ്ടം

### ഗോട്ട് &ഷീപ്പ് ഫാം

ഫാമിലെ ജലദൗർലഭ്യതയ്ക്ക് പരിഹാരം കാണുന്നതിനായി കേരള ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട് 2013-14 വർഷത്തിൽ 1,750/- രൂപ സർവേയ്ക്കും 21,740/- രൂപ കുഴൽ കിണർ നിർമ്മാണത്തിനുമായി വിനിയോഗിച്ചു. പൂർത്തീകരണ റിപ്പോർട്ടിൽ 400 LPH വെള്ളം ഉറപ്പ് നൽകിയിരുന്നെങ്കിലും ഈ കുഴൽ കിണർ വറ്റിവരളുകയും ഈ പ്രദേശത്തിന് ' Shallow well' ആണ് ഉചിതമെന്ന് ഉപദേശം നൽകി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് രണ്ടാമത്തെ കിണർ കൂടി കുഴിച്ചു. ആയതിന് 6,104/- രൂപ ചെലവഴിച്ചു. 3000 LPH വെള്ളം ഉറപ്പ് നൽകിയ ടി കിണറും വർഷം മുഴുവനും ജല ലഭ്യത ഉറപ്പുവരുത്തുന്നതിന് ഉതകിയില്ല. ഈ സാഹചര്യത്തിൽ

യൂണിവേഴ്സിറ്റിയിലെ മറ്റ് സാദ്ധ്യതകൾ പരിശോധിക്കാതെ ഗ്രൗണ്ട് വാട്ടർ

ഡിപ്പാർട്ടമെന്റിനോട് വീണ്ടും പുതിയ കിണർ കുഴിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ആവശ്യപ്പെട്ടു വരുത്തുകയും 14/11/2016 ന് ഡി.ഡി. നമ്പർ 478213 പ്രകാരം 3,20,000/രൂപ നൽകുകയും ചെയ്തു. 14/11/16 ന് തുക നൽകിയെങ്കിലും നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല. ലൈവ്സ്റ്റോക്ക് ഫാമിലുള്ള ജല ലഭ്യത

കുറവായ ഒരു കിണറിൽ നിന്നും വെള്ളം പമ്പ് ചെയ്ത് നിർമ്മിക്കാനുദ്ദേശിക്കുന്ന ടാങ്ക്, പൈപ്പ് ലൈൻ എന്നിവ വഴി ഫാമിൽ മുഴുവനായും ജല ലഭ്യത ഉറപ്പുവരുത്തുകയാണ് ലക്ഷ്യം എന്ന് ഫാം തലവൻ അഭിപ്രായപ്പെട്ടു. ഈ സാഹചര്യത്തിൽ നിലവിലെ കിണർ ആഴം വർദ്ധിപ്പിച്ച് ജല

ലഭ്യത ഉറപ്പ് വരുത്തി ഇപ്രകാരം വിതരണയോഗ്യമാക്കുന്നതിന് യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് വിംഗിനെ ഏൽപ്പിക്കുന്ന കാര്യം പരിഗണിക്കേണ്ടതാണ്. ഓഡിറ്റ് കുറിപ്പിന് നൽകിയ മറുപടിയിൽ 11/7/2017 ന് കേരള ഭൂജല വകുപ്പിൽ നിന്നും 320000/- രൂപ തിരികെ വാങ്ങിയതായും പ്രസ്തുത തുക ഉപയോഗിച്ച് ഫാമിന് സമീപത്തുള്ള നാല് മുറി സമുച്ചയത്തിലെ കിണറിൽ നിന്നും ജലം ലഭ്യമാക്കുന്നതിനുള്ള അറ്റകുറ്റ പണികൾക്കും ബാക്കി തുക ഫാമിലെ കൂടുകളുടെ നവീകരണത്തിനും ഉപയോഗിച്ചതായും അറിയിച്ചു. 320000/- തിരികെ ലഭിച്ചതിന്റെ വിവരങ്ങൾ, തുടർന്ന് ഈ തുക ചെലവഴിച്ചതിന്റെ വിവരങ്ങൾ എന്നിവ രേഖകൾ സഹിതം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**3-93. ഡി.ആർ.ഡി. ഒ. പ്രോജക്ട്:- " Development of Affordable Bio degradable dermal substitutes and further utilisation of these as scaffolds in creating tissue engineered skin"-നടത്തിപ്പിലെ അപാകതകൾ:-**

ഡി.ആർ.ഡി.ഒ. യുടെ " Development of Affordable Bio - degradable dermal substitutes and further utilisation of these as scaffolds in creating tissue engineered skin" എന്ന റിസർച്ച് പ്രോജക്ടിനായി 27/2/2012-ലെ ERIP /ER/1004532/M/01/ 1410/DRDO നമ്പർ ഉത്തരവ് പ്രകാരം ഡയറക്ടർ, ER&IPR **151.73** ലക്ഷം രൂപയുടെ ഗ്രാന്റ് അനുവദിച്ചുത്തരവായി. ഡോ. പി കുട്ടിനാരായണൻ, പ്രൊഫസർ & ഹെഡ് , ഡിപ്പാർട്ട്മെന്റ് ഓഫ് ലൈവ് സ്റ്റോക്ക് പ്രൊഡക്ഷൻ ടെക്നോളജി , കോളേജ് ഓഫ് വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് , മണ്ണുത്തിയുടെ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർഷിപ്പിൽ, ജെ.എം.എം.സി, തൃശ്ശൂരിലെ ഡോ.പ്രശാന്ത് വർക്കി, ഡോ.വി.എൻ. വാസുദേവൻ, അസിസ്റ്റന്റ് പ്രൊഫസർ , ഡിപ്പാർട്ട്മെന്റ് ഓഫ് ലൈവ് സ്റ്റോക്ക് പ്രൊഡക്ഷൻ ടെക്നോളജി, മണ്ണുത്തി എന്നിവർ കോ-ഇൻവെസ്റ്റിഗേറ്റർമാരായിട്ടുള്ള 3 വർഷപ്രോജക്ടിൽ മൊത്തം തുക കോളേജ് ഓഫ് വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് , മണ്ണുത്തിയുടെ പേരിലും ജെ.എം.എം.സി ക്ക് വകയിരുത്തിയ തുക കോളേജ് ഓഫ് വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് , മണ്ണുത്തി മുഖാന്തിരവും നൽകാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. മൊത്തം ചെലവ് തുകയുടെ ചെലവ് സ്റ്റേറ്റ്മെന്റ്, വിനിയോഗ സാക്ഷ്യപത്രം, ഫണ്ട് വിനിയോഗ പുരോഗതി, ഫൈനൽ ക്ലോഷർ റിപ്പോർട്ട്, ഓഡിറ്റ് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് എന്നിവ ലൈവ് സ്റ്റോക്ക് പ്രൊഡക്ഷൻടെക്നോളജി, തൃശ്ശൂരിന്റെ ഉത്തരവാദിത്തമാണെന്ന് പ്രസ്തുത കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. വിവിധ ഇനങ്ങളിലായി ജെ.എം.എം.സി യ്ക്ക് 50 ലക്ഷം രൂപയാണ് നീക്കി വച്ചിട്ടുള്ളത്. 29/3/15-ന് അവസാനിക്കുന്ന പ്രസ്തുത പ്രോജക്ടിന് 29/3/15 തീയ്യതിയിലെ ERIP/ER/1004532/M/01/1410 നം ഉത്തരവ് പ്രകാരം 29/3/16 വരെ നിലവിലെ ഫണ്ട് ഉപയോഗിച്ച് എക്സ്റ്റെൻഷനും നൽകിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ടിന്റെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ച് താഴെ പറയുന്ന അപാകതകൾ / നിർദ്ദേശങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

i. ജെ.എം.എം.സി.സി, തൃശ്ശൂരിന് , കോളേജ് ഓഫ് വെറ്ററിനറി ആന്റ് ആനിമൽ സയൻസസ്, മണ്ണുത്തി മുഖാന്തിരം നൽകിയ 50 ലക്ഷം രൂപയുടെ വിനിയോഗ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

ഡി.ആർ.ഡി.ഒ ഡയറക്ടറുടെ 13/6/16 തീയ്യതിയിലെ കത്ത് പ്രകാരം കോ-ഇൻവെസ്റ്റിഗേറ്റർ , ജെ.എം.എം.സി യോട് 2,13,569/- രൂപയുടെ ചെലവിന് കാരണം കാണിക്കുന്നതിനും അതിൽ തന്നെ ഓവർ ഹെഡ് ചാർജ്ജിനത്തിൽ അധികമായി ചെലവഴിച്ച 34,569/- രൂപ തിരിച്ചടയ്ക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്.

ii. സീനിയർ റിസർച്ച് ഫെല്ലോകളുടെ 1/10/14 മുതൽ 29/3/15 വരെയുള്ള സാലറി റിവിഷൻ അരിയർ തുകയായ 1,19,678/- രൂപ 12/4/16 തീയ്യതിയിലെ നമ്പർ ERIP/ER/1004532/M/01/1410 കത്ത് പ്രകാരം ഉത്തരവാകുകയും 28/3/16 ന് തുക റിലീസ് ചെയ്യുകയും ചെയ്തു. 22/9/15 തീയ്യതിയിലെ മേൽ നമ്പർ ഉത്തരവിൽ 1/10/14-മുതൽ 29/3/15 വരെയുള്ള ശമ്പള കുടിശ്ശിക (റിവൈസ്ഡ് സ്കെയിൽ) മാത്രമേ ഡി.ആർ.ഡി.ഒ ഫണ്ടിൽ നിന്നും ചെലവഴിക്കാൻ പാടുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പക്ഷേ 28/3/16 തീയ്യതിയിലെ ബി.ആർ നം. 124/15-16 പ്രകാരം 1,10,000/- രൂപയും 126/15-16 പ്രകാരം 1,05,172/- രൂപയും ഏപ്രിൽ 2015 മുതൽ ഫെബ്രുവരി 2016 വരെയുള്ള സാലറി റിവിഷൻ കുടിശ്ശികയിനത്തിൽ 2 സീനിയർ റിസർച്ച് ഫെല്ലോകൾക്ക് നൽകിയിട്ടുണ്ട്. ഇത് ഡി.ആർ.ഡി.ഒ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. പ്രസ്തുത ചെലവിന് ഡി.ആർ.ഡി.ഒ യിൽ നിന്നും അനുവാദത്തിനായി പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ 7/9/15 ന് MPM/LPT/55(a)/12 നമ്പർ ആയി ഡി.ആർ.ഡി.ആർ ഡയറക്ടർക്ക് കത്ത് നൽകിയതായി കാണുന്നുണ്ടെങ്കിലും നാളിതുവരെ അനുമതി ലഭിച്ചതായി കാണുന്നില്ല. ഡി.ആർ.ഡി.ഒ യിൽ നിന്നും പ്രസ്തുത ചെലവിനുള്ള അനുമതി എത്രയും വേഗത്തിൽ ലഭ്യമാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. അല്ലാത്തപക്ഷം ആയത് നിർവഹണ ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്തമായി കണക്കാക്കി നിരാകരിക്കുന്നതാണ്.

iii. കേരള വെറ്ററിനറി & ആനിമൽ സയൻസസ് സർവ്വകലാശാല ആക്ട്, 2010 സെക്ഷൻ 44,45 എന്നിവ പ്രകാരം സർവ്വകലാശാല ഫണ്ടിന്റെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് ചെയ്യേണ്ടത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (മുമ്പ് കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്) ആണ്. എന്നാൽ വെറ്ററിനറി സർവ്വകലാശാല അധികാരികളുടെയോ ഡി.ആർ.ഡി.ഓയുടേയോ, രേഖാമൂലമുള്ള അനുമതിയില്ലാതെ മേൽ പ്രോജക്ടിന്റെ 'Account preparation and Audit ' നായി 'Abraham & Jose' എന്ന ചാർട്ടേഡ് അക്കൗണ്ടന്റിനെ നിയമിക്കുകയും താഴെ പറയുന്ന രീതിയിൽ തുക ചെലവഴിക്കുകയും ചെയ്തു.

| വൗച്ചർ നം | തീയ്യതി | തുക | ചെലവിനം | ചെക്ക് നം. /തീയ്യതി |
|---|---|---|---|---|
| ബി.ആർ. നം. 3/13-14 | 6/7/13 | 3360 | ഓഡിറ്റ് ഫീ | 186057<br>6/7/13 |
| ബി.ആർ. നം. 6/15-16 | 5/5/15 | 5610 | ഓഡിറ്റ് ഫീ | -- |
| ബി.ആർ. നം. 92/15-16 | 22/12/15 | 2280 | ഓഡിറ്റ് ഫീ | -- |
| ബി.ആർ. നം. 5/16-17 | 24/6/16 | 2860 | ഓഡിറ്റ് ഫീ | -- |
| ആകെ | | **14,110** | | |

അനുമതിയില്ലാതെയും അധികാരമില്ലാതെയും ചെലവഴിച്ച **14,110/-** രൂപയുടെ ചെലവ് നിരാകരിക്കുന്നു. പ്രസ്തുത തുക ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും തിരിച്ചു പിടിക്കേണ്ടതാണ്. സർവ്വകലാശാല ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-94.<u>നബാർഡ്</u>

04-03-2011 ലെ എൽ.ബി./ എസ്.പി.ഡി./9118/ആർ.ഐ.ഡി.എഫ്.-1/ആ ർ.ഐ.ഡി.എഫ് XVI കേരള/115/പി.എസ്.സി/2010-11 നം കത്ത് പ്രകാരം സർവ്വകലാശാലക്ക് 4,225.60 ലക്ഷം രൂപ നബാർഡിൽ നിന്നും ലോൺ അനുവദിച്ചിട്ടുണ്ട്. കൂടാതെ 29-03-2012 ലെ ഗവ.ഉത്തരവ് ജി.ഒ.(ആർ.റ്റി.)നം.749/12 എ.ഡി./ പ്രകാരം 222.40 ലക്ഷം രൂപ ഗവ.ൽ നിന്നുള്ള ധനസഹായവും ലഭിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ ഫണ്ടുകൾ ഉപയോഗപ്പെടുത്തി സർവ്വകലാശാലയുടെ മണ്ണുത്തി,തിരുവിഴാംകുന്ന്,പൂക്കോട് ക്യാമ്പസുകളിലായി 14 പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് 21-02-2012 ലെ ഡി.എ.ആർ ന്റെ കെ.വി.എ.എസ്.യു. /ഡി.എ.ആർ /ആർ 2/98/2012(1) ഓഫീസ് നടപടിക്രമങ്ങൾ പ്രകാരം ഭരണാനുമതി,സാങ്കേതികാനുമതി ഇവ നൽകിയിട്ടുണ്ട്. നബാർഡിന്റ ലോൺ അനുവദിച്ചുകൊണ്ടുള്ള 01-04-2010 ലെ കത്ത് പ്രകാരം പ്രസ്തുത വർക്കുകൾ ആരംഭിച്ച് 31-03-2014 നുള്ളിൽ പൂർത്തീകരിക്കണമെന്നും തുക പിൻവലിച്ച് 2 വർഷത്തെ ഗ്രേസ് പിരിയഡ് ഉൾപ്പടെ 7 വർഷമാണ് ലോണിന്റെ കാലാവധിയെന്നും അറിയിച്ചിട്ടുണ്ട്.

സർവ്വകലാശാലയുടെ ആർ ഐ .ഡി.എഫ് അക്കൗണ്ടായ 67141128274 പരിശോധിച്ചതിൽ ,ലോൺ അനുവദിച്ചതും തുക ചെലവഴിച്ചതും സംബന്ധിച്ച വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| ഗഡുക്കൾ | തുക | ഉത്തരവ് നമ്പർ |
|---|---|---|
| I | 4,25,00,000/- | ജി.ഒ.ആർ.റ്റി.നം 749/12/എ.ഡി. തീ.29-03-2012 |
| II | 12,18,38,000/- | ജി.ഒ.ആർ.റ്റി.നം 749/12/എ.ഡി. തീ.04-05-2013 |
| III | 9,58,67,000/- | ജി.ഒ.ആർ.റ്റി.നം 987/14/എ.ഡി. തീ.07-06-2014 |
| IV | 7,43,56,000/- | ജി.ഒ.ആർ.റ്റി.നം 1629/14/എ.ഡി. തീ.03-09-2014 |
| V | 4 ,39,99,500/- | ജി.ഒ.ആർ.റ്റി.നം 749/12/എ.ഡി. തീ22-01-2016 |
| **ആകെ** | **37,85,60,500** | |

**<u>ചെലവ്</u>**

2012-13 9,45,92,333/-
2013-14 9,85,70,069/-
2014-15 5,27,48,150/-
2015-16 9,77,00,000/-

ആകെ ചെലവ് **34,36,10,552/-**

നീക്കിയിരിപ്പ് 3,49,49,948/-( പലിശ ഉൾപ്പടെ പാസ്സ് ബുക്ക് പ്രകാരം 3,51,29,285/- രൂപ)

31-03-2019 ൽ ലോൺ കാലാവധി അവസാനിക്കുന്നതിനാൽ സർവ്വകലാശാലക്ക് ലോൺ തിരിച്ചടവ് ഭാവിയിൽ ബാധ്യതയാകാത്തവിധം പ്രോജക്ടുകൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഭരണവിഭാഗത്തിന്റെ അടിയന്തിര ശ്രദ്ധപതിയേണ്ടതാണ്.

## ഭാഗം 4

## ധനകാര്യ വിശകലനവും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 (എ) വാർഷിക കണക്കുകൾ പ്രകാരമുള്ള സാമ്പത്തിക സ്ഥിതി . 2014-15

| | | |
|---|---|---|
| മുൻബാക്കി | | **51,32,59,993*** |
| | **വരവ്** | |
| പ്ലാൻ | 11,00,00,000 | |
| നോൺ പ്ലാൻ | 49,18,10,000 | |
| കെ.എസ്.സി.എസ്.റ്റി.ഇ | 45,27,111 | |
| എ.എച്ച്.ഡി | 12,87,000 | |
| ആർ.ഐ.ഡി.എഫ് | 17,02,23,000 | |
| | | |
| ഐ.സി.എ.ആർ | 1,37,47,000 | |
| മറ്റ് ഇ.എ.പി. പ്രോജക്ടുകൾ | 30,45,743 | |
| ഡി.ആർ.ഡി.ഒ | 23,17,828 | |
| ഇ.എഫ്.സി | 83,74,000 | |
| എ.ഐ.എൻ.പി | 10,83,000 | |
| ആർ.കെ.വി.വൈ | 1,00,00,000 | |
| ജെ.ആർ.എഫ് / എസ്.ആർ.എഫ് | 14,73,702 | |
| ഇന്റേണൽ റസീപ്റ്റ് | 15,19,79,165 | |
| അബേറ്റ്മെന്റ് | 1,33,55,457 | |
| ട്രാൻസ്ഫർ ക്രെഡിറ്റ് ടു എഫ്.ഒ | 15,51,98,862 | |
| മറ്റ് വരവുകൾ | 2,14,27,918 | |

| | | |
|---|---|---|
| ബാങ്ക് പലിശ | 3,27,39,209 | |
| എൻ.ടി.എസ്. | 7,22,301 | **1,19,33,11,296** |
| | **ആകെ വരവ്** | **1,70,65,71,289** |
| | **ചെലവ്** | |
| പ്ലാൻ+ നോൺ പ്ലാൻ | 1,05,41,73,210 | |
| മറ്റ് വിത്ത്ഡ്രാവൽസ് | 64,41,398 | |
| മറ്റ് സ്റ്റേഷനുകളിലേക്ക് റ്റി.ഡി. ചെയ്ത തുക | 25,27,99,120 | |
| ഫിക്സഡ് ഡെപ്പോസിറ്റ് (ഇ.എ.പി &ആർ.ഐ.ഡി.എഫ്) | 12,91,92,842 | |
| പെൻഷൻ &ഡി.സി.ആർ.ജി | 7,52,44,412 | |
| | **ആകെ ചെലവ്** | **1,53,05,44,846** |
| | **നീക്കിയിരിപ്പ്** | **17,60,26,443** |

*2013-14 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള മുൻബാക്കിയാണ് ആധാരമാക്കിയിട്ടുള്ളത്. ഇതിന് വാർഷിക കണക്കുമായുള്ള വ്യത്യാസം ഖണ്ഡിക 3-22 ൽ പ്രതിപാദിച്ചിരിക്കുന്നു.

**4-1 (ബി) വാർഷിക കണക്കുകൾ പ്രകാരമുള്ള സാമ്പത്തിക സ്ഥിതി . 2015-16**

| | | |
|---|---|---|
| മുൻബാക്കി | | **17,60,26,443*** |
| | **വരവ്** | |
| പ്ലാൻ | 28,00,00,000 | |
| നോൺ പ്ലാൻ | 65,41,51,000 | |
| കെ.എസ്.സി.എസ്.റ്റി.ഇ | 26,86,106 | |
| എ.എച്ച്.ഡി | 7,51,000 | |
| ഐ.സി.എ.ആർ. | 2,25,33,536 | |
| ജെ.ആർ.എഫ് / എസ്.ആർ.എഫ് | 78,000 | |
| ഡി.ആർ.ഡി.ഒ | 1,19,678 | |

| | | |
|---|---|---|
| ആർ.ഐ.ഡി.എഫ് | 4,39,99,500 | |
| ആർ.കെ.വി.വൈ | 4,00,00,000 | |
| മറ്റ് ഇ.എ.പി. പ്രോജക്ടുകൾ | 40,06,280 | |
| ഇന്റേണൽ റസീപ്റ്റ് | 17,23,67,505 | |
| അബേറ്റ്മെന്റ് | 87,78,394 | |
| ട്രാൻസ്ഫർ ക്രെഡിറ്റ് ടു എഫ്.ഒ | 28,42,05,299 | |
| മറ്റ് വരവുകൾ | 5,57,32,824 | |
| ബാങ്ക് പലിശ | 3,80,45,538 | 1,60,74,54,660 |
| | **ആകെ വരവ്** | **1,78,34,81,103** |
| | **ചെലവ്** | |
| പ്ലാൻ+ നോൺ പ്ലാൻ | 1,19,13,21,043 | |
| ഐ.സി.എ.ആർ. | 1,89,28,482 | |
| മറ്റ് സ്റ്റേഷനുകളിലേക്ക് റ്റി.ഡി.ചെയ്ത തുക | 19,20,36,131 | |
| ഇ.എ.പി | 22,43,756 | |
| ബാങ്ക് ചാർജ്ജ് | 47,623 | |
| ഫിക്സഡ് ഡെപ്പോസിറ്റ് ( ആർ.ഐ.ഡി.എഫ് & പെൻഷൻ, ഐ.ആർ ) | 3,29,10,739 | |
| പെൻഷൻ &ഡി.സി.ആർ.ജി | 8,02,57,521 | |
| | **ആകെ ചെലവ്** | 1,51,77,45,295 |
| | **നീക്കിയിരിപ്പ്** | **26,57,35,808** |

*2014-15 വർഷത്തെ മേൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള മുൻബാക്കിയാണ് ആധാരമാക്കിയിട്ടുള്ളത്. ഇതിന് വാർഷിക കണക്കുമായുള്ള വ്യത്യാസം ഖണ്ഡിക 3-22 ൽ പ്രതിപാദിച്ചിരിക്കുന്നു.

4-2 (എ) സ്ഥിര നിക്ഷേപങ്ങൾ 2014-15

| | |
|---|---|
| മുൻബാക്കി | 26,90,90,909 |
| നിക്ഷേപം | 58,99,146 |
| ആകെ | 26,31,91,769 |
| പിൻവലിച്ച തുക | 9,88,06,232 |
| നീക്കിയിരുപ്പ് തുക | 16,43,85,531 |

നീക്കിയിരിപ്പിന്റെ വിശദാംശം

| ക്രമ നംപർ | സ്ഥിരനിക്ഷേപം നടത്തിയിരിക്കുന്ന ബാങ്ക് അക്കൗണ്ട് നംപർ | ഡെപ്പോസിറ്റ് തീയതി | കാലയളവ് | തുക | പലിശ | കാലാവധി |
|---|---|---|---|---|---|---|
| 1. | 67192091138 | 07/08/2012 | 2 വർഷം,11 മാസം | 1,80,656 | 9% | 07/07/2015 |
| 2. | 67192097684 | 07/08/2012 | 2 വർഷം,11 മാസം | 1,82,479 | 9% | 07/07/2015 |
| 3 | 67197176517 | 25/09/2012 | | 52,45,342 | | |
| 4 | 67202902718 | 29/11/2012 | | 90,00,000 | | |
| 5 | 67202902821 | 29/11/2012 | | 20,00,000 | | |
| 6 | 67202898564 | 29/11/2012 | | 90,00,000 | | |
| 7 | 67240511322 | 24/08/2013 | | 51,68,342 | | |
| 8 | 67283189187 | 04/07/2014 | | 90,00,000 | | |
| 9 | 67283187883 | 04/07/2014 | | 90,00,000 | | |
| 10 | 67283189290 | 04/07/2014 | | 90,00,000 | | |
| 11 | 67283189427 | 04/07/2014 | | 90,00,000 | | |
| 12 | 67283190352 | 04/07/2014 | | 58,67,000 | | 02.10.2014 |
| 13 | 67296960544 | 08/10/2014 | | 60,00,000 | | 08.10.2015 |
| 14 | 67296959878 | 08/10/2014 | | 90,00,000 | | 08.10.2015 |
| 15 | 67296960373 | 08/10/2014 | | 90,00,000 | | 08.10.2015 |
| 16 | 67299492049 | 29/10/2014 | | 6,00,00,000 | | 29.10.2015 |
| 17 | 67303683474 | 03/12/2014 | | 60,00,000 | | 03.12.2015 |

| | | | | | | |
|---|---|---|---|---|---|---|
| 18 | 67262328876 | 29/01/2014 | | 7,56,374 | | |
| 19 | 67270626871 | 27/03/2014 | | 9,85,338 | | |
| ആകെ | | | | 16,43,85,531 | | |

**4-2 (ബി) സ്ഥിര നിക്ഷേപങ്ങൾ 2015-16**

| | |
|---|---|
| മുൻബാക്കി | 16,43,85,531 |
| നിക്ഷേപം | 23,72,93,310 |
| ആകെ | 40,16,78,841 |
| പിൻവലിച്ച തുക | 26,70,53,515 |
| നീക്കിയിരുപ്പ് തുക | 13,46,25,326 |

**നീക്കിയിരിപ്പിന്റെ വിശദാംശം**

| ക്രമ നംപർ | സ്ഥിരനിക്ഷേപം നടത്തിയിരിക്കുന്ന ബാങ്ക് അക്കൗണ്ട് നംപർ | ഡെപ്പോസിറ്റ് തീയതി | കാലയളവ് | തുക | പലിശ | കാലാവധി |
|---|---|---|---|---|---|---|
| 1. | 67192091138 | 07/08/2012 | 2 വർഷം, 11 മാസം | 1,80,656 | 9% | 07/07/2015 |
| 2. | 67192097684 | 07/08/2012 | 2 വർഷം, 11 മാസം | 1,82,479 | 9% | 07/07/2015 |
| 3 | 67197176517 | 25/09/2012 | | 52,45,342 | | |
| 4 | 67240511322 | 24/08/2013 | | 51,68,342 | | |
| 5 | 67262328876 | 29/01/2014 | | 7,56,374 | | |
| 6 | 67270626871 | 27/03/2014 | | 9,85,338 | | |
| 7 | 67283190352 | 04/07/2014 | | 58,67,000 | | |
| 8 | 67296960544 | 08/10/2014 | | 60,00,000 | | |
| 9 | 67296959878 | 08/10/2014 | | 90,00,000 | | |
| 10 | 67296960373 | 08/10/2014 | | 90,00,000 | | |
| 11 | 67303683474 | 03/12/2014 | | 60,00,000 | | |
| 12 | 67305345342 | 15/12/2014 | | 11,69,226 | | |
| 13 | 67322609522 | 13/05/2015 | | 50,00,000 | | 12/07/2015 |

| | | | | | | |
|---|---|---|---|---|---|---|
| 14 | 67322609588 | 13/05/2015 | 60 ദിവസം | 50,00,000 | | 12/07/2015 |
| 15 | 67339241093 | 09/10/2015 | | 50,00,000 | | |
| 16 | 67339241355 | 09/10/2015 | | 50,00,000 | | |
| 17 | 67339241424 | 09/10/2015 | | 50,00,000 | | |
| 18 | 67339241526 | 09/10/2015 | | 50,00,000 | | |
| 19 | 67339241593 | 09/10/2015 | | 51,59,830 | | |
| 20 | 67348118193 | 01/01/2016 | | 99,00,000 | | |
| 21 | 67348119174 | 01/01/2016 | | 99,00,000 | | |
| 22 | 67350701339 | 25/01/2016 | | 31,10,739 | | |
| 23 | 67350439188 | 21/01/2016 | | 90,00,000 | | |
| 24 | 67350612803 | 22/01/2016 | | 90,00,000 | | |
| 25 | 67350340075 | 20/01/2016 | | 90,00,000 | | |
| ആകെ | | | | 13,46,25,326 | | |

**4-3. (എ) <u>ഓഡിറ്റ് ചാർജ്ജ് 2014-15</u>**

| | | |
|---|---|---|
| വാർഷിക കണക്ക് പ്രകാരം ആകെ വരവ് | | **1,19,33,11,296** |
| **കുറയ്ക്കുക** | | |
| നോൺ പ്ലാൻ ഗ്രാന്റ് വരവ് | 49,18,10,000 | |
| പ്ലാൻ ഫണ്ട് | 11,00,00,000 | |
| മറ്റ് ഡിപ്പാർട്ട്മെന്റുകളിൽ നിന്നുള്ള വരവ് | 1287000 | |
| ഐ.സി.എ.ആർ ഗ്രാന്റ് | 13747000 | |
| ഡി.ആർ.ഡി.ഒ | 2317828 | |
| ആർ.ഐ.ഡി.എഫ്(NABARD) | 17,02,23,000 | |
| ഇ.എഫ്.സി | 83,74,000 | |
| കെ.എസ്.സി.എസ്.റ്റി.ഇ | 45,27,111 | |
| എൻ.ടി.എസ്. | 7,22,301 | |
| ഡി.ആർ.ഡി.ഒ | 23,17,828 | |
| എ.ഐ.എൻ.പി | 10,83,000 | |
| ആർ.കെ.വി.വൈ | 1,00,00,000 | |

| | | |
|---|---|---|
| ജെ.ആർ.എഫ് / എസ്.ആർ.എഫ് | 14,73,702 | |
| മറ്റ് ഇ.എ.പി. പ്രോജക്ടുകൾ | 30,45,743 | |
| അബേറ്റ്മെന്റ് | 1,33,55,457 | |
| ട്രാൻസ്ഫർ ക്രെഡിറ്റ് ടു എഫ്.ഒ | 15,51,98,862 | |
| മറ്റ് വരവുകൾ | 2,14,27,918 | |
| ആകെ | **1008592922** | |
| ഓഡിറ്റ് ചാർജ്ജ് കണക്കാക്കുന്നതിന് പരിഗണിക്കാവുന്ന വരവ് | | **18,47,18,374** |
| 2014-15 വർഷത്തെ ഓഡിറ്റ് ചാർജ്ജ് 1% | | **18,47,184*** |
| 2013-14 വർഷം ഒടുക്കിയ ഓഡിറ്റ് ചാർജ്ജ് | | **ഇല്ല** |
| 31-03-2014 ന് ഒടുക്കുവാനവശേഷിക്കുന്ന ഓഡിററ് ചാർജ്ജ് | | **95,33,720** |
| 31-03-2015 ന് ഒടുക്കുവാനവശേഷിക്കുന്ന ഓഡിറ്റ് ചാർജ്ജ് | | **1,13,80,904** |

* റിവോൾവിംഗ് ഫണ്ടിൽ നിന്നുള്ള വരുമാനം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത വരുമാനം ഓഡിറ്റ് ചാർജ്ജ് കണക്കാക്കുന്നതിനായി പരിഗണിച്ചിട്ടില്ല.

**4-3. (ബി) ഓഡിറ്റ് ചാർജ്ജ് 2015-16**

| | | |
|---|---|---|
| വാർഷിക കണക്ക് പ്രകാരം ആകെ വരവ് | | **1,60,74,54,660** |
| കുറയ്ക്കുക | | |
| പ്ലാൻ | 28,00,00,000 | |
| നോൺ പ്ലാൻ | 65,41,51,000 | |
| കെ.എസ്.സി.എസ്.റ്റി.ഇ | 26,86,106 | |
| എ.എച്ച്.ഡി | 7,51,000 | |
| ഐ.സി.എ.ആർ. | 2,25,33,536 | |

| | | |
|---|---|---|
| ജെ.ആർ.എഫ് / എസ്.ആർ.എഫ് | 78,000 | |
| ഡി.ആർ.ഡി.ഒ | 1,19,678 | |
| ആർ.ഐ.ഡി.എഫ് | 4,39,99,500 | |
| ആർ.കെ.വി.വൈ | 4,00,00,000 | |
| മറ്റ് ഇ.എ.പി. പ്രോജക്റ്റുകൾ | 40,06,280 | |
| അബേറ്റ്മെന്റ് | 87,78,394 | |
| ട്രാൻസ്ഫർ ക്രെഡിറ്റ് ടു എഫ്.ഒ | 28,42,05,299 | |
| മറ്റ് വരവുകൾ | 5,57,32,824 | |
| ആകെ | **1,81,78,67,703** | |
| ഓഡിറ്റ് ചാർജ്ജ് കണക്കാക്കുന്നതിന് പരിഗണിക്കാവുന്ന വരവ് | | **21,04,13,043** |
| 2015-16 വർഷത്തെ ഓഡിറ്റ് ചാർജ്ജ് 1% | | **21,04,130*** |
| 2014-15 വർഷം ഒടുക്കിയ ഓഡിറ്റ്  ചാർജ്ജ് | | **ഇല്ല** |
| 31-03-2015 ന് ഒടുക്കുവാനവശേഷിക്കുന്ന ഓഡിററ് ചാർജ്ജ് | | **1,13,80,904** |
| 31-03-2016 ന് ഒടുക്കുവാനവശേഷിക്കുന്ന ഓഡിറ്റ് ചാർജ്ജ് | | **1,34,85,034** |

* റിവോൾവിംഗ് ഫണ്ടിൽ നിന്നുള്ള വരുമാനം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ലാ-ത്തതിനാൽ പ്രസ്തുത വരുമാനം ഓഡിറ്റ് ചാർജ്ജ് കണക്കാക്കുന്നതിനായി പരിഗണിച്ചിട്ടില്ല.

ആകെ കുടിശ്ശികയായ ഓഡിറ്റ് ചാർജ്ജ് **1,34,85,034**/- രൂപ "0070-60-110-99" ഓഡിറ്റ് ചാർജ്ജസ് എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കി അസൽ ചെലാൻ ഡയറക്ടർ ,കേരള സംസ്ഥാന ഓഡിറ്റ് ,തിരുവനന്തപുരം-695033 എന്ന വിലാസത്തിൽ അയച്ചുകൊടുക്കേണ്ടതാണ്.

## 4-4.ഓഡിറ്റ് പ്രത്യവലോകനം.

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| 1 | തടസ്സപ്പെടുത്തിയ ചെലവു തുക | **7,97,58,360** |

| | | |
|---|---|---|
| 2 | വരവിനങ്ങളുടെ നഷ്ടം | **ഇല്ല** |
| 3 | നിരാകരിച്ച ചെലവു തുക | **16,89,438** |
| 4 | കേന്ദ്ര സർക്കാരിനുണ്ടായ നഷ്ടം | **26,151** |
| 5 | സംസ്ഥാന സർക്കാരിനുണ്ടായ നഷ്ടം | **55,625** |
| 6 | മറ്റു ഫണ്ടുകൾ / ബോർഡുകൾ എന്നിവയ്ക്കുണ്ടായ നഷ്ടം | **ഇല്ല** |

**എ) യൂണിവേഴ്സിറ്റി ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം.**

| **ഖണ്ഡിക നമ്പർ** | **വരവു നഷ്ടം** | **നിരാകരിച്ച തുക** | **നഷ്ടോത്തരവാദിയുടെ പേരും ഉദ്യോഗപ്പേരും** | **സ്ഥിരം മേൽവിലാസം** |
|---|---|---|---|---|
| **13** | | 4,35,194 | ഡോ. സിസിലാമ്മ ജോർജ്ജ്, ഡീൻ, കോളേജ് ഓഫ് വെറ്ററിനറി & ആനിമൽ സയൻസസ്, മണ്ണുത്തി. | |
| **18** | | 85,584 | ശ്രീമതി. ടീസാമോൾ, പ്രൊഫസർ & ഹെഡ്, വെറ്ററിനറി എപ്പിഡമോളജി & പ്രിവന്റീവ് മെഡിസിൻ | |
| **29** | | 280 | ഡോ. കെ.വിജയകുമാർ, ഡീൻ, കോവാസ്, പൂക്കോട്. | |
| | | 63551 | ഡോ. കെ.വിജയകുമാർ, ഡീൻ, കോവാസ്, പൂക്കോട്. | |
| **32 (i)** | | 27,363 | ഡോ. ഗംഗാദേവി. പി. പ്രൊഫ & ഹെഡ്, ഐ.എൽ.എഫ്.സി, പൂക്കോട് | |
| **33** | | 2,577 | ഡോ. പി. രാംനാഥ്, കൺട്രോളർ ഓഫ് എക്സാമിനേഷൻസ് | |
| **40 (ബി)** | | 1755 | രാജലക്ഷ്മി ആർ. അസിസ്റ്റന്റ് പ്രൊഫസ്സർ | |
| | | 55634 | ഡോ.ദിലീപ്. അസിസ്റ്റന്റ് പ്രൊഫസ്സർ | |
| | | 1755 | ഡോ.ബബിത, അസിസ്റ്റന്റ് പ്രൊഫസ്സർ | |
| | | 480 | ഡോ.സുമോദ് . അസിസ്റ്റന്റ് പ്രൊഫസ്സർ | |
| | | 64096 | ഡോ.ദിവാകരൻ നായർ, | |

| | | | | |
|---|---|---|---|---|
| | | | പ്രൊഫസർ | |
| | | 1,872 | ഡോ.പി.വിദ്യ.,<br>അസിസ്റ്റന്റ് പ്രോഫസർ | |
| | | 26,383 | ഡോ.കെ.അനിൽകുമാർ | |
| | | 26,383 | ഡോ.ജോർജ്ജ് ചാണ്ടി | |
| | | 12,058 | യദുകൃഷ്ണ എസ്, ജനറൽ സെക്രട്ടറി ,യൂണിവേഴ്സിറ്റി യൂണിയൻ | |
| | | 3832 | ഡോ.സി.ബാലുസാമി | |
| | | 2737 | ഡോ.മഞ്ജു ശശിധരൻ | |
| | | 1055 | ഡോ.പി. കുട്ടിനാരായണൻ | |
| | | 3097 | ഡോ.അബ്ദുൾ മുനീർ | |
| | | 52 | സാമിക്കുട്ടി, ഫാം സൂപ്പർവൈസർ ഗ്രേഡ്-2 | |
| | | 286 | ഡോ.സുബിൻ കെ.മോഹൻ | |
| | | 5481 | ഡോ.ജോൺ എബ്രഹാം | |
| **41 (vi) 5** | | 18,991 | ബയോകെമിസ്ട്രി ഡിപ്പാർട്ട്മെന്റ്, പൂക്കോട് | |
| **41 (vii)** | | 37,000 | ഡോ. ടി.വി. അരവിന്ദാക്ഷൻ, ഡയറക്ടർ , CASAGB, മണ്ണുത്തി. | |
| **45** | | 7980 | ശ്രീ.പി.വി. ജയേഷ്, ക്ലാസ്സ് IV | |
| | | 5993 | ശ്രീ.ടി.പി.സേതുമാധവൻ, സംരഭകത്വ വിജ്ഞാന വ്യാപന കേന്ദ്രം ഡയറക്ടർ | |
| | | 740 | താൽക്കാലിക ഡ്രൈവർമാർ, സംരഭകത്വ വിജ്ഞാന വ്യാപന കേന്ദ്രം | |
| | | 6257 | ഡോ. ബിന്ദ്യ എലിസബത്ത് , അസിസ്റ്റന്റ് പ്രൊഫസർ | |
| | | 15440 | ശ്രീ.നൗഷാദ് ടി.പി എൽ.ഡി.വി ഡ്രൈവർ | |
| | | 7160 | ശ്രീ. സുന്ദരൻ എൻ.എൽ.ഡി.വി ഡ്രൈവർ | |
| | | 4043 | ശ്രീ. ഇക്ബാൽ സി.പി. ക്ലാസ്<br>IV | |
| **46** | | 20000+ 18% പലിശ | ശ്രീ.സുരേഷ്കുമാർ ജെ, ടീച്ചിംഗ് അസിസ്റ്റന്റ്, ദിവസ വേതനം | |

| | | | | |
|---|---|---|---|---|
| | | 35000+ 18% പലിശ | ശ്രീ.സന്ദീപ്.ബി.,ടീച്ചിംഗ് അസിസ്റ്റന്റ്, ദിവസ വേതനം | |
| **47** | | 37,250 + പലിശ | ഡോ.ദിവ്യ. എം.പി | |
| **48 (i)** | | 17720 | ശ്രീ.വി.വി.ജയൻ ., ക്ലാസ് IV. | |
| | | 6870 | ശ്രീ. പി.ബി. അനിൽകുമാർ, ബസ് അറ്റണ്ടന്റ്, | |
| | | 5330 | ശ്രീ. ശങ്കര നാരായണൻ നായർ , ഡ്രൈവർ | |
| | | 4405 | ഡോ. അഞ്ജു ഏലിയാസ്ബെൻ, അസിസ്റ്റന്റ് പ്രൊഫസർ | |
| **58** | | 83,951 | ശ്രീ. സണ്ണി. കെ. തോമസ് ചീഫ് എഞ്ചിനീയർ | |
| **61** | | 27,959 | ശ്രീ. സണ്ണി. കെ. തോമസ് ചീഫ് എഞ്ചിനീയർ | |
| **62** | | 46,808 | ശ്രീ. സണ്ണി. കെ. തോമസ് ചീഫ് എഞ്ചിനീയർ | |
| **70** | | 14,518 | ശ്രീ. സണ്ണി. കെ. തോമസ് ചീഫ് എഞ്ചിനീയർ | |
| **72** | | 1,56,686 + 18% പലിശ | ശ്രീ. സണ്ണി. കെ. തോമസ് ചീഫ് എഞ്ചിനീയർ | |
| **75** | | 18,900 + പലിശ | ഡോ. ബി.അശോക്, ഐ.എ.എസ്, വൈസ് ചാൻസലർ | |
| **77** | | 2,800 | ശ്രീ.കെ.പി.ശ്രീകുമാർ, രജിസ്ട്രാർ | |
| **80** | | 13924 | ഡോ. എ. കണ്ണൻ | |
| | | 15430 | ഡോ. കെ.എ.ബിന്ദു. | |
| | | 5315 | ഡോ. ഗംഗാദേവി. പി. | |
| **81** | | 1,88,300 | ഡോ. അന്ന ജോർജ്ജ്, കോ-ഓർഡിനേറ്റർ , CLDPR, TVM | |
| **87** | | **5814** | ശ്രീമതി. ബിന്ദു.സി, സ്ഥിരം തൊഴിലാളി | |
| | | **1699** | ശ്രീ. ബാബു. ഒ, സ്ഥിരം തൊഴിലാളി | |
| **88** | | 14,900 | ഡോ. ഗിരീഷ് വർമ്മ, ഡീൻ, സി.ഡി.എസ്.ടി., മണ്ണുത്തി | |

| | | | | |
|---|---|---|---|---|
| **91** | | 26,580 | ഡോ. അനിത.പി., സീനിയർ സയന്റിസ്റ്റ് | |
| **93** | | 14,110 | ഡോ. പി കുട്ടിനാരായണൻ, പ്രൊഫസർ & ഹെഡ് , ഡിപ്പാർട്ട്മെന്റ് ഓഫ് ലൈവ് സ്റ്റോക്ക് പ്രൊഡക്ഷൻ ടെക്നോളജി, മണ്ണുത്തി. | |
| **ആകെ** | ഇല്ല | 16,89,438 | | |

## ബി) തടസ്സപ്പെടുത്തിയ തുക

| **ഖണ്ഡിക നമ്പർ** | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായവരുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 6 | 10,00,000 | ഡോ. ജോർജ്ജ് ചാണ്ടി, അസി.പ്രൊഫസർ |
| 25 | 61,22,813 | സ്റ്റേഷൻ മേധാവികൾ (ഖണ്ഡിക ശ്രദ്ധിക്കുക) |
| 26 | 6,57,95,062 | ശ്രീ. സണ്ണി. കെ. തോമസ് ചീഫ് എഞ്ചിനീയർ |
| 40 (എ) | 39,05,229 | ഖണ്ഡികയിൽ പരാമർശിച്ച ഉദ്യോഗസ്ഥർ |
| 41 (iii) | 77,286 | ഡോ. ഗിരീഷ് വർമ്മ, ഡീൻ , സെന്റർ ഫോർ ഡയറി സയൻസ് & ടെക്നോളജി, മണ്ണുത്തി. |
| 41 (vi) 4, 5 | 18,991 | ഡോ. കെ. വിജയകുമാർ, ഡീൻ, കോവാസ്, പൂക്കോട്. |
| 41 (vii) | 3949 | ഡോ. ടി.വി.. അരവിന്ദാക്ഷൻ, ഡയറക്ടർ , CASAGB, മണ്ണുത്തി. |
| 49 (iv) (ബി) | 5,99,980 | പ്രൊഫസർ & ഹെഡ്, ഡിപ്പാർട്ടുമെന്റ് ഓഫ് ഡയറി സയൻസ്, കോവാസ് മണ്ണുത്തി. |
| 54 (i) | 982804 | ഡോ. ഗിരീഷ് വർമ്മ, ഡീൻ , സെന്റർ ഫോർ ഡയറി സയൻസ് & ടെക്നോളജി, മണ്ണുത്തി. |
| 54 (ii) | 489289 | ഡോ. വി.ദിലീപ്, പ്രൊഫസർ & ഹെഡ്, ILFC, പൂക്കോട് |
| 74 | 6,57,875 | സ്റ്റേഷൻ ഹെഡ് , ലൈവ് സ്റ്റോക്ക് റിസർച്ച് സ്റ്റേഷൻ, തിരുവാഴാംകുന്ന് |
| 82 | 1,05,082 | ഡോ. എ. ജലാലുദ്ദീൻ, സ്പെഷ്യൽ ഓഫീസർ, ഏവിയൻ സയൻസ്, തിരുവാഴാംകുന്ന് |
| **ആകെ** | **7,97,58,360** | |

**സി) കേന്ദ്രസർക്കാരിനുണ്ടായ നഷ്ടം.**

| ഖണ്ഡിക നമ്പർ | നഷ്ടം |
|---|---|
| 34(i) | 10,580 |
| 76 | 15,571 |
| ആകെ | 26,151 |

**ഡി) സംസ്ഥാന സർക്കാരിനുണ്ടായ നഷ്ടം.**

| ഖണ്ഡിക നമ്പർ | നഷ്ടം |
|---|---|
| 57 | 55,625 |
| ആകെ | **55,625** |

**ഇ) മറ്റ് ഫണ്ടുകൾ / ബോർഡുകൾ എന്നിവയ്ക്കുണ്ടായ നഷ്ടം.**

**ഇല്ല.**

**എഫ്) കൂടുതൽ അന്വേഷണം ആവശ്യമായവ.**

| ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശം | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 3 | ലൈവ് സ്റ്റോക്ക് റിസർച്ച് സ്റ്റേഷൻ, തിരുവാഴാംകുന്ന് - വരവ് ചെലവ് രേഖകളിൽ 35,84,720/-രൂപയുടെ ക്രമക്കേട് | ഡോ.എ.കണ്ണൻ. അസോസിയേറ്റ് പ്രൊഫസർ & സ്റ്റേഷൻ ഹെഡ് , തിരുവാഴാംകുന്ന്. |
| 10 | ഹാച്ചറി വേസ്റ്റ് ഡിസ്പോസൽ പ്ലാന്റ് പ്രവർത്തന സജ്ജമല്ല | ഡോ.എസ്. ഹരികൃഷ്ണൻ, അസി.പ്രൊഫസർ & പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ, സെന്റർ ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ പൗൾട്രി സയൻസ്, മണ്ണുത്തി. |

**ജോയിന്റ് ഡയറക്ടർ**